www.malankaralibrary.com

ചാക്രിക ലേഖനം

# കർത്താവും ജീവദാതാവും



## പരിശുദ്ധാത്മാവ്
### സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ

പോപ്പ് ജോൺ പോൾ II

www.malankaralibrary.com

# കർത്താവും ജീവദാതാവും

## ചാക്രികലേഖനം

## പരിശുദ്ധാത്മാവ്:
## സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ

വിവർത്തനം: റവ. ഡോ. ജോർജ് കുരുക്കൂർ

ദി കിംഗ്ഡം പബ്ലിക്കേഷൻസ്

www.malankaralibrary.com

# Karthavum Jeevadhathavum

Malayalam

Translation of the Encyclical letter "Dominum et Vivificantem" by the Supreme Pontiff John Paul II

Translated by: Rev. Dr. George Kurukkoor

Published by: The Kingdom Publications

Cover Design: Kitho

Printed at: Viani Printings

Price Rs. 20.00

First Impression: 1998

www.malankaralibrary.com

# ഉള്ളടക്കം

അവതാരിക 7

ആമുഖം 9

I

സഭയ്ക്കു നല്കപ്പെട്ടിരിക്കുന്ന

പിതാവിന്റെയും പുത്രന്റെയും ആത്മാവ്

1. അന്തിമഅത്താഴവേളയിൽ യേശു നടത്തിയ
വാഗ്ദാനവും വെളിപ്പെടുത്തലും 13

2. പിതാവും പുത്രനും പരിശുദ്ധാത്മാവും 17

3. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ രക്ഷാകരമായ ആത്മദാനം 19

4. മിശിഹാ – പരിശുദ്ധാത്മാവിനാൽ അഭിഷിക്തൻ 22

5. നസ്രസിലെ യേശു: പരിശുദ്ധാത്മാവിൽ "മഹത്ത്വീകൃതൻ" 26

6. ഉത്ഥിതനായ ക്രിസ്തു പറയുന്നു:
"പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" 29

7. പരിശുദ്ധാത്മാവും സഭയുടെ യുഗവും 33

II

പാപത്തെക്കുറിച്ച്

ലോകത്തെ ബോധ്യപ്പെടുത്തുന്ന ആത്മാവ്

1. പാപം, നീതി, ന്യായവിധി 37

2. പന്തക്കുസ്താദിനത്തിലെ സാക്ഷ്യം 41

3. ആരംഭത്തെക്കുറിച്ചുള്ള സാക്ഷ്യം: പാപത്തിന്റെ ആദിമയാഥാർത്ഥ്യം 45

4. സഹനത്തെ രക്ഷാകരസ്നേഹമാക്കി മാറ്റുന്ന ആത്മാവ് 52

5. മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്ന രക്തം 57

6. പരിശുദ്ധാത്മാവിന് എതിരായ പാപം 64

www.malankaralibrary.com

## III

## ജീവൻ നല്കുന്ന ആത്മാവ്

1. രണ്ടായിരാം വർഷത്തെ ജൂബിലിക്കുള്ള കാരണം:
പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനാക്കപ്പെട്ട ക്രിസ്തു 69

2. ജൂബിലിയാഘോഷത്തിനുള്ള കാരണം:
കൃപാവരം വെളിവാക്കപ്പെട്ടു 73

3. പരിശുദ്ധാത്മാവ് മനുഷ്യന്റെ ആന്തരികസംഘർഷത്തിൽ:
"എന്തെന്നാൽ ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്;
ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്" 78

4. പരിശുദ്ധാത്മാവ് "ആന്തരികമനുഷ്യനെ" ശക്തിപ്പെടുത്തുന്നു 84

5. സഭ: ദൈവവുമായുള്ള ഉറ്റഐക്യത്തിന്റെ
കൂദാശ എന്ന നിലയിൽ 90

6. ആത്മാവും മണവാട്ടിയും പറയുന്നു: "വരുക" 96

ഉപസംഹാരം 101

www.malankaralibrary.com

# അവതാരിക

"അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ.2:42).

നമുക്കു കൂട്ടായ്മയുണ്ട്. അപ്പം മുറിക്കലും പ്രാർത്ഥനകളുമുണ്ട്. എന്നാൽ നാം സ്വീകരിക്കുന്ന പ്രബോധനങ്ങൾ പലപ്പോഴും അപ്പസ്തോലികമല്ല. അതുകൊണ്ടു നമ്മൾ തെറ്റായ ബോദ്ധ്യങ്ങളിലേക്ക് താണുപോകുന്നു; നമ്മുടെ വിശ്വാസവും വിശുദ്ധിയും കുറയുന്നു. സഭ ദൈവജനമാകുന്നു. ദൈവജനത്തെ കാലാകാലങ്ങളിൽ പരിശുദ്ധാത്മാവ് നയിക്കുന്നത് അപ്പസ്തോലിക പ്രബോധനങ്ങളിലൂടെയാകുന്നു. ദൈവജനം അതനുസരിച്ചു ജീവിക്കാൻ കടപ്പെട്ടവരാണ് എന്നതിലുപരി അതവരുടെ അവകാശമാണ് എന്നതാണ് സത്യം. "ഇവയിലേക്ക് എത്തിനോക്കാൻ ദൈവദൂതന്മാർപോലും കൊതിക്കുന്നു" (1 പത്രോ.1:12) എന്നാണ് ആദ്യത്തെ മാർപ്പാപ്പയായ വി. പത്രോസ് അപ്പസ്തോലൻ പറയുന്നത്. അപ്പസ്തോലിക പ്രബോധനങ്ങൾ - ചാക്രികലേഖനങ്ങൾ, പ്രമാണരേഖകൾ ദൈവജനത്തിന്റെ അന്തരാത്മാവിലേക്കു കടന്നുചെല്ലേണ്ടതിനുവേണ്ടി പരിശുദ്ധാത്മാവ് പരിശുദ്ധപിതാവിലൂടെ നല്കുന്നവയാണ്. ഈ പ്രബോധനങ്ങൾ വളരെ വിലയേറിയവയാണെന്നു മനസ്സിലാക്കാൻ നമ്മൾ വൈകിയിരിക്കുന്നു. പലരും ഇവയെ ഒരു രേഖ മാത്രമായി സൂക്ഷിച്ചുവച്ചിരിക്കുന്നു. അതു പോരാ, വിശ്വാസികൾ എല്ലാവരും സ്വന്തം ജീവിതത്തിൽ ഇവയെ സ്വീകരിച്ച് അതനുസരിച്ചു നവീകരിക്കപ്പെട്ടാൽ മാത്രമേ സഭ വളരുകയുള്ളു. മാത്രമല്ല, സഭയിൽ മുഴുവനും ഒരേ പ്രബോധനം നിലനിൽക്കും.

പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ "കർത്താവും ജീവദാതാവും" എന്ന ചാക്രികലേഖനത്തിലൂടെ ആത്മാവ് നമുക്കു വലിയ ദൈവികരഹസ്യങ്ങൾ ലളിതമായി വെളിപ്പെടുത്തി തരുന്നു. കരിസ്മാറ്റിക് നവീകരണവുമായി ബന്ധപ്പെട്ടവർ ഇതുവായിക്കുകയും ധ്യാനിക്കുകയും ആഴമായി പഠിക്കുകയും ചെയ്യേണ്ട ഒന്നാണ്. ഇന്നു നവീകരണപ്രസ്ഥാനത്തിന് ആവശ്യമായ പുനഃനവീക

www.malankaralibrary.com

രണം ഇതിലൂടെ ലഭിക്കുന്നു. ആത്മാവിന്റെ വരങ്ങളെക്കുറിച്ച് ഈ ലേഖനത്തിൽ പരിശുദ്ധപിതാവ് ഒന്നും തന്നെ പറഞ്ഞിട്ടില്ല എന്നതുകൊണ്ട് നവീകരണരംഗത്തുള്ളവർ ഇത് അവഗണിക്കരുതെന്നുമാത്രമല്ല വരങ്ങളെക്കാൾ മുൻതൂക്കം ദാനങ്ങൾക്കും പരിശുദ്ധാത്മാവിലൂടെയുള്ള വിശുദ്ധീകരണപ്രക്രിയകൾക്കും നല്കണമെന്നും വ്യക്തമായി മനസ്സിലാക്കണം.

"പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങളുടെ ശക്തിയാൽ എല്ലാ തിന്മകളും നശിപ്പിക്കപ്പെടുകയും എല്ലാ നന്മകളും ഉത്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു" (42). മനസ്സാക്ഷിയെ വിശുദ്ധീകരിക്കുന്ന ആത്മാവിന്റെ പ്രവർത്തനം വളരെ വിശദമായി പഠിപ്പിക്കുന്നതു തന്നെ ആധുനികമനുഷ്യന് ഏറ്റവും ആവശ്യമായ ഒന്നാണ്. പാപബോധം ഇല്ലാത്തതാണ് ഏറ്റവും വലിയ പാപമെന്ന് എല്ലാവരും പറയുന്നു.എന്നാൽ അതിന് എന്താണു പ്രതിവിധി എന്ന് ഇവിടെ ചൂണ്ടിക്കാണിക്കുന്നു. എന്നും സംശയമുള്ള ഒന്നാണ് പരിശുദ്ധാത്മാവിനെതിരെയുള്ള പാപം. അതു വളരെ കൃത്യമായി, എന്നാൽ ലളിതമായി ഇതിലൂടെ മനസ്സിലാക്കിത്തരുന്നു. ആന്തരികമായി ഓരോ മനുഷ്യനും നവീകരിക്കപ്പെടേണ്ടതുണ്ട്. എങ്ങനെയാണ് അതു സംഭവിക്കേണ്ടത്? ജഡത്തെ ആത്മാവിനാൽ നിഹനിക്കുന്നതിലൂടെയാണത്.

ലേഖനം ഉപസംഹരിച്ചുകൊണ്ട് പരിശുദ്ധ പിതാവ് പറയുന്നതിതാണ്. "ഈ പരിചിന്തനങ്ങളെ സഭയുടെ ഹൃദയത്തിലും മനുഷ്യന്റെ ഹൃദയത്തിലും വച്ചു ഉപസംഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു". ദൈവസ്നേഹം കവിഞ്ഞൊഴുകുന്ന, "നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന നീരുറവ"തന്നെയാണ് ഈ ചാക്രികലേഖനം എന്ന് ഇതു പഠിക്കുന്നവർക്ക് നിസ്സംശയം മനസ്സിലാകും.

ഈ ചാക്രികലേഖനം മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ ഞങ്ങൾക്ക് അവസരം തന്ന ബഹുമാനപ്പെട്ട ജോസഫ് കരിയിൽ അച്ചനും (ഡയറക്ടർ പി.ഒ.സി.) ഇതു തർജ്ജമ ചെയ്ത ബഹുമാനപ്പെട്ട ഡോ. ജോർജ്ജ് കുരുക്കൂർ അച്ചനും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

സസ്നേഹം

**തോമസ്പോൾ**

www.malankaralibrary.com

# കർത്താവും ജീവദാതാവും

## പരിശുദ്ധാത്മാവ്: സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ

*വന്ദ്യസഹോദരരേ, പ്രിയപുത്രീപുത്രന്മാരേ,*
*സ്വസ്ഥതയും ശ്ലൈഹികാശിർവാദവും!*

### ആമുഖം

1. പരിശുദ്ധാത്മാവിനെ "ജീവദാതാവായ കർത്താവായി" സഭ വിശ്വസിച്ച് ഏറ്റു പറയുന്നു. നിഖ്യാകോൺസ്റ്റാന്റിനോപ്പിൾ എന്നു വിളിക്കപ്പെടുന്ന വിശ്വാസപ്രമാണത്തിൽ അവൾ അപ്രകാരം ഏറ്റു പറയുന്നു. നിഖ്യാ(എ.ഡി. 325), കോൺസ്റ്റാന്റിനോപ്പിൾ എന്നിവിടങ്ങളിൽ വച്ചു നടന്ന രണ്ടു സുനഹദോസുകളിൽ നിന്നാണ് നിഖ്യാകോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്ന പേരുണ്ടായത്. ആ സുനഹദോസുകളിൽ വച്ചാണ് ആ വിശ്വാസപ്രമാണം ക്രോഡീകരിച്ചത് അഥവാ വിളംബരപ്പെടുത്തിയത്. പരിശുദ്ധാത്മാവ് "പ്രവാചകരിലൂടെ സംസാരിച്ചു" എന്ന പ്രസ്താവനയും ആ വിശ്വാസപ്രമാണത്തിലുണ്ട്.

"കർത്താവും ജീവദാതാവും" എന്നീ വാക്കുകൾ സഭ തന്റെ വിശ്വാസത്തിന്റെ ഉറവിടത്തിൽനിന്നുതന്നെ- യേശുക്രിസ്തുവിൽനിന്നുതന്നെ- സ്വീകരിച്ചതാണ്. യഥാർത്ഥത്തിൽ യോഹന്നാൻ എഴുതിയ സുവിശേഷപ്രകാരം നവജീവനോടൊപ്പം പരിശുദ്ധാത്മാവ് നമുക്കു നല്കപ്പെടുന്നു. കൂടാരത്തിരുനാൾ ദിവസം യേശു മുൻകൂട്ടി പറയുകയും വാഗ്ദാനം നടത്തുകയും ചെയ്തതനുസരിച്ചുതന്നെ. അവിടുന്നു പറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെയടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ.7:37 f). സുവിശേഷകൻ ഇത് ഇങ്ങനെ വിശദീകരിക്കുന്നു: "അവൻ പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവൻ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്" (യോഹ.7:39). ജലത്തിന്റെ ഈ ഉപമതന്നെയാണ് സമരിയാക്കാരിസ്ത്രീയോട്

www.malankaralibrary.com

സംസാരിച്ചപ്പോൾ യേശു ഉപയോഗിച്ചത്. "നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവി" (യോഹ.4:14; cf. Second Vatican Council, Dogmatic Constitution on the Church *Lumen Gentium,* 4.) എന്ന് അവിടുന്ന് അവളോടു പറഞ്ഞു. ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്നതിനു ജലത്താലും പരിശുദ്ധാത്മാവിനാലുമുള്ള പുതിയൊരു ജനനം ആവശ്യമാണ്" (cf. യോഹ.3:5) എന്ന് നിക്കോദേമുസുമായുള്ള സംഭാഷണത്തിൽ പറയുമ്പോഴും അവിടുന്ന് ഈ ഉപമ ഉപയോഗിച്ചു.

അതുകൊണ്ട് സഭ ആദിമനൂറ്റാണ്ടുമുതൽ ജീവദാതാവായ പരിശുദ്ധാത്മാവിലുള്ള വിശ്വാസം ഉദ്ഘോഷിച്ചു. മനുഷ്യജീവികളിൽ നിത്യജീവന്റെ ഉറവിടം സൃഷ്ടിച്ചുകൊണ്ട്, അഗ്രാഹ്യനായ ത്രിതൈ്വകദൈവം ഏതു വ്യക്തിയിൽ അവരോടു സംസാരിക്കുന്നുവോ ആ വ്യക്തിയായി അവിടുത്തെ ഉദ്ഘോഷിച്ചു. ക്രിസ്തുവിന്റെ ഉപദേശവും പന്തക്കുസ്തയുടെ അനുഭവവും ശ്ലൈഹികമായ ചരിത്രവുമനുസരിച്ചാണ് സഭ അങ്ങനെ ചെയ്യുന്നത്.

2. സഭ അവിരാമം ഏറ്റുപറയുന്ന ഈ വിശ്വാസം ദൈവജനത്തിന്റെ ബോധമനസ്സിൽ സ്ഥിരം പുനരുജ്ജീവിപ്പിക്കപ്പെടുകയും ആഴത്തിൽ പതിക്കപ്പെടുകയും വേണം. കഴിഞ്ഞ നൂറുവർഷത്തിനുള്ളിൽ പലപ്പോഴും അങ്ങനെ ചെയ്തിട്ടുണ്ട്. ലെയോ 13-ാമൻ മാർപ്പാപ്പ 'ദിവീനും ഇല്ലൂദ് മുണൂസ്' ('ആ ദൈവികകടമ',1897) എന്ന ചാക്രികലേഖനം പുറപ്പെടുവിച്ചു. അതു മുഴുവനും പരിശുദ്ധാത്മാവിനെപ്പറ്റിയുള്ളതാണ്. പീയൂസ് 12-ാമൻ മാർപ്പാപ്പ എഴുതിയ 'മിസ്തിച്ചി കോർപൊരിസ്' ("മൗതികശരീരത്തിന്റെ", 1943) എന്ന ചാക്രികലേഖനത്തിൽ പരിശുദ്ധാത്മാവിനെ സഭയുടെ ജീവദായകതത്ത്വമായി പരിഗണിച്ചു. അവിടുന്നു സഭയിൽ മൗതികശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവിനോടൊത്തു പ്രവർത്തിക്കുന്നതായി അദ്ദേഹം വിവരിച്ചിട്ടുണ്ട്. (cf. Leo XIII, Encyclical *Divinum Illud Munus* (9 May 1897): *Acta Leonis*, 17 (1898), pp. 125-148; Pius XII, Encyclical *Mystici Corporis* (29 June 1943): AAS 35 (1943), pp. 193-248). രണ്ടാം വത്തിക്കാൻ സാർവ്വത്രികസൂനഹദോസ് പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള സിദ്ധാന്തം വീണ്ടും പഠിക്കുക ആവശ്യമാണെന്നു വ്യക്തമാക്കിയിരുന്നു. പോൾ ആറാമൻ മാർപ്പാപ്പയും ഇത് ഊന്നിപ്പറഞ്ഞു: "കൗൺസിലിന്റെ ക്രിസ്തുവിജ്ഞാനീയത്തെ, പ്രത്യേകിച്ച് സഭാവിജ്ഞാനീയത്തെ, പിന്തുടർന്ന് പരിശുദ്ധാത്മാവിനെ സംബന്ധിച്ച പുതിയ പഠനവും അവിടുത്തോടു ഭക്തിയും ഉണ്ടാകണം. കൗൺസിലിന്റെ പ്രബോധനത്തിന് അനുപേക്ഷണീയമായ അനുബന്ധം എന്ന നിലയിൽത്തന്നെ അവ ഉണ്ടാകണം." (General Audience of 6 June 1973; *Insegnamenti di Paolo* VI, XI (1973), 477)

അങ്ങനെ, നമ്മുടെ ഈ കാലഘട്ടത്തിൽ, ജീവദാതാവ് എന്ന നിലയിലുള്ള പരിശുദ്ധാത്മാവിലേക്ക് അടുക്കുവാൻ, സഭയുടെ നിത്യപുരാതനവും നിത്യനൂതനവുമായ വിശ്വാസത്താൽ നാം വീണ്ടും വിളിക്കപ്പെടുകയാണ്. നമ്മൾ പങ്കുപറ്റുന്ന പൗരസ്ത്യസഭകളുടെ പൈതൃകവും ഇതിന് നമ്മെ സഹാ

www.malankaralibrary.com

യിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആ സഭകൾ പരിശുദ്ധാത്മാവിനെ സംബന്ധിച്ച സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെ അസാധാരണ സമ്പന്നത അത്യുത്സാഹത്തോടെ സംരക്ഷിച്ചിട്ടുണ്ട്. ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിന്റെ 16-ാം ശതാബ്ദിയാഘോഷം ആധുനികകാലത്തെ സഭാപരമായ സംഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നുവെന്ന് ഇക്കാരണത്താലും നമുക്കു പറയാം. ഒരേസമയത്ത് കോൺസ്റ്റാൻറിനോപ്പിളിലും റോമിലും, 1981-ലെ പന്തക്കുസ്താ മഹോത്സവദിവസം ആ ശതാബ്ദി ആഘോഷിക്കപ്പെട്ടു. അപ്പോൾ സഭാരഹസ്യത്തെക്കുറിച്ചുള്ള ധ്യാനത്തിലൂടെ പരിശുദ്ധാത്മാവിനെ കൂടുതൽ നന്നായി കാണാൻ കഴിഞ്ഞു. ക്രിസ്ത്യാനികളുടെ ഐക്യത്തിലേക്കു നയിക്കുന്ന വഴികൾ ചൂണ്ടിക്കാണിക്കുന്നവനായി, പ്രസ്തുത ഐക്യത്തിന് ദൈവത്തിൽനിന്നു വരുന്ന പരമമായ ഉറവിടമായി അവിടുത്തെ കാണാൻ കഴിഞ്ഞു. കുർബ്ബാനയുടെ തുടക്കത്തിൽ നാം കൂടെക്കൂടെ ഉപയോഗിക്കുന്ന ഒരു പ്രത്യേകശൈലിയിൽ പൗലോസ്ശ്ലീഹ അതു വെളിവാക്കിയിട്ടുണ്ട്. ഇതാണാ ശൈലി: "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ."(Roman Missal; cf 2കോറി.13:13)

ഞാൻ മുമ്പ് എഴുതിയിട്ടുള്ള 'റെദെംപ്തോർ ഹോമിനിസ്' ("മനുഷ്യരക്ഷകൻ"), 'ദീവെസ് ഇൻ മിസെരിക്കോർദിയ' ("കാരുണ്യത്തിൽ സമ്പന്നൻ") എന്നീ ചാക്രികലേഖനങ്ങളുടെ ഉറവിടവും പ്രചോദനവും ഒരർത്ഥത്തിൽ ഈ ആഹ്വാനമാണ്. പിതാവിനാൽ ലോകത്തിലേക്ക് അയക്കപ്പെട്ട പുത്രനിൽ പൂർത്തിയായ നമ്മുടെ രക്ഷയെ അവ പ്രകീർത്തിക്കുന്നു. പുത്രൻ ലോകത്തിലേക്ക് അയക്കപ്പെട്ടത് "ലോകം അവനാൽ രക്ഷിക്കപ്പെടുവാനും" (യോഹ.3:17) "യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുവാനും" (ഫിലിപ്പി.2:11) വേണ്ടിയാണ്. ഈ ആഹ്വാനത്തിൽനിന്ന് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഈ ചാക്രികലേഖനം ഇപ്പോൾ പുറപ്പെടുന്നു. പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു. പിതാവിനോടും പുത്രനോടും കൂടെ വാഴ്ത്തപ്പെടുന്നു: ദൈവികവ്യക്തിയായ അവിടുന്ന് ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രത്തിൽ നിലകൊള്ളുന്നു. സഭയുടെ നവീകരണത്തിന്റെ സ്രോതസ്സും ചാലകശക്തിയുമാണ് അവിടുന്ന് (cf. Second Vatican Council, Dogmatic Constitution on the Church *Lumen Gentium*, 4; John Paul II, *Address to those taking part in the International Congress on Pneumatology* (26 March 1982), I: *Insegnamenti* V/1 (1982), p. 1004). കൗൺസിൽപൈതൃകത്തിന്റെ കേന്ദ്രത്തിൽനിന്നാണ് ഈ ചാക്രികലേഖനം ഉത്ഭവിച്ചിട്ടുള്ളത്. എന്തെന്നാൽ കൗൺസിലിന്റെ പ്രമാണരേഖകൾ, സഭയെ സംബന്ധിച്ച്- അതിന്റെ സത്തയിലും ബാഹ്യലോകസാഹചര്യത്തിലും പരിഗണിച്ചുകൊണ്ട്- നടത്തുന്ന പ്രബോധനങ്ങളുടെ സഹായത്താൽ, ദൈവത്തിന്റെ ത്രിത്വാത്മകരഹസ്യത്തെ കൂടുതൽ ആഴ

www.malankaralibrary.com

ത്തിൽ ഇറങ്ങിച്ചെന്നു പഠിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. സുവിശേഷങ്ങളിലൂടെയും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലൂടെയും ലിറ്റർജിയിലൂടെയും അപ്രകാരം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നു: പിതാവിലേക്ക് ക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ.

ജനഹൃദയങ്ങളിൽ ഇന്നു തനിക്കു കണ്ടെത്താൻ കഴിയുമെന്നു സഭ വിശ്വസിക്കുന്ന അഗാധമായ ചില ആഗ്രഹങ്ങൾക്കു പ്രത്യുത്തരം നല്കുവാനും സഭയ്ക്ക് ഇതുവഴി സാധിക്കുന്നു: അനന്തമായ ആത്മാവ് എന്ന നിലയിൽ സർവാതിശായിയായ വസ്തുതയായി ദൈവത്തെ പുതുതായി കണ്ടെത്തുകയെന്നതാണ് ആ ആഗ്രഹം. യേശു സമരിയാക്കാരിയുടെ മുമ്പിൽ അവിടുത്തെ അവതരിപ്പിച്ചതുപോലെ അവിടുത്തെ "ആത്മാവിലും സത്യത്തിലും" (യോഹ.4:24) ആരാധിക്കുക എന്ന ആവശ്യമാണത്. സ്നേഹത്തിന്റെ രഹസ്യത്തെയും "നവസൃഷ്ടിയുടെ" (cf. റോമ.8:22; ഗലാ.6:15) ശക്തിയെയും, ചുരുക്കിപ്പറഞ്ഞാൽ ജീവന്റെ ദാതാവിനെ അവിടുന്നിൽ കണ്ടെത്താമെന്ന പ്രതീക്ഷയാണത്.

ക്രിസ്തുവിനുശേഷമുള്ള രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തെ മനുഷ്യകുടുംബത്തോടൊപ്പം സമീപിക്കുന്ന സഭ പരിശുദ്ധാത്മാവിനെ പ്രഘോഷിക്കുകയെന്ന ദൗത്യത്തിലേക്കു താൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നു വിചാരിക്കുന്നു. "കടന്നുപോകുന്ന" ആകാശത്തിന്റെയും ഭൂമിയുടെയും പശ്ചാത്തലത്തിൽ "കടന്നു പോകാത്ത വാക്കുകൾ" (cf. മത്താ.24:35) സവിശേഷശക്തി നേടുന്നതായി അവൾ അറിയുന്നു. പരിശുദ്ധാത്മാവിനെപ്പറ്റി, "നിത്യജീവനിലേക്കു നിർഗളിക്കുന്ന ജലത്തെപ്പറ്റി" (യോഹ.4:14), സത്യവും രക്ഷാകരകൃപയുമെന്ന നിലയിൽ ക്രിസ്തു പറഞ്ഞ വാക്കുകളാണവ. രണ്ടാം ക്രൈസ്തവ സഹസ്രാബ്ദത്തിൽനിന്നു മൂന്നാം ക്രൈസ്തവ സഹസ്രാബ്ദത്തിലേക്കു കടക്കുന്ന ജൂബിലി ആഘോഷിക്കാൻ തയ്യാറെടുക്കുമ്പോൾ ഈ വാക്കുകളെപ്പറ്റി ചിന്തിക്കാനും ഈ വാക്കുകളെ ശ്രദ്ധിക്കാൻ വിശ്വാസികളെയും സകല ജനങ്ങളെയും ആഹ്വാനം ചെയ്യാനും അവൾ ആഗ്രഹിക്കുന്നു. (പ്രസ്തുത ജൂബിലിയാഘോഷത്തെപ്പറ്റി പിന്നീടു പ്രതിപാദിക്കുന്നതാണ്).

പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള അങ്ങേയറ്റം സമ്പന്നമായ സിദ്ധാന്തത്തെ പൂർണ്ണമായി വിശദീകരിക്കുവാൻ താഴെ വരുന്ന പരിചിന്തനങ്ങൾകൊണ്ട് സ്വാഭാവികമായി ഉദ്ദേശിക്കുന്നില്ല. ഇന്നും സ്വതന്ത്രമായ വാദപ്രതിവാദത്തിനു വിഷയമാകാവുന്ന ചോദ്യങ്ങൾക്ക് പ്രത്യേകമായ ഒരു ഉത്തരം നല്കുന്നുമില്ല. എന്നാൽ ഈ പരിചിന്തനങ്ങൾക്ക് ഒരു പ്രധാനലക്ഷ്യമുണ്ട്. "ലോകം മുഴുവന്റെയും രക്ഷയുടെ ഉറവിടമായി ക്രിസ്തുവിനെ പ്രതിഷ്ഠിച്ച ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായി സാക്ഷാത്കരിക്കാൻ വേണ്ടതെല്ലാം ചെയ്യുന്നതിന് സഭ പരിശുദ്ധാത്മാവിനാൽ നിർബന്ധിക്കപ്പെടുന്നു" (Second Vatican council, Dogmatic Constitution on the Church *Lumen Gentium*, 17) എന്ന ബോധം സഭയിൽ വളർത്തുകയെന്നതാണ് ആ ലക്ഷ്യം.

www.malankaralibrary.com

# I

# സഭയ്ക്കു നല്കപ്പെട്ടിരിക്കുന്ന പിതാവിന്റേയും പുത്രന്റേയും ആത്മാവ്

## 1. അന്തിമ അത്താഴവേളയിൽ യേശു നടത്തിയ വാഗ്ദാനവും വെളിപ്പെടുത്തലും

3. താൻ ഈ ലോകം വിട്ടു പോകാനുള്ള സമയം മിക്കവാറും സമാഗതമായപ്പോൾ യേശു അപ്പസ്തോലന്മാരോടു മറ്റൊരു സഹായകനെക്കുറിച്ചു പറഞ്ഞു (യോഹ.14:16). തന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും തലേദിവസം അന്തിമ അത്താഴവേളയിൽ യേശു അപ്പസ്തോലന്മാരോട് ഇപ്രകാരം പറഞ്ഞതായി അവിടെ സന്നിഹിതനായിരുന്ന യോഹന്നാൻ സുവിശേഷകൻ എഴുതുന്നു: "എന്റെ നാമത്തിൽ നിങ്ങൾ എന്തു ചോദിച്ചാലും, പിതാവു പുത്രനിൽ മഹത്ത്വീകൃതനാകേണ്ടതിന്, ഞാനതു ചെയ്തു തരും...... ഞാൻ പിതാവിനോടു പ്രാർത്ഥിക്കും. നിങ്ങളോടുകൂടെ എന്നും ഉണ്ടായിരിക്കുവാൻ മറ്റൊരു സഹായകനെ – സത്യത്തിന്റെ ആത്മാവിനെത്തന്നെ – അവിടുന്നു നിങ്ങൾക്കു തരും" (യോഹ.14:13,16 f.)

ഈ സത്യാത്മാവിനെയാണ് "സഹായകൻ" ("പാരാക്ലേത്തോസ്") എന്ന് യേശു വിളിക്കുന്നത്. മധ്യസ്ഥൻ, അഡ്വക്കറ്റ് എന്നിങ്ങനെയും ഈ വാക്കിന് അർത്ഥമുണ്ട്. ഈ "സഹായകൻ" "മറ്റൊരു" സഹായകനാണെന്ന്, രണ്ടാമത്തെ സഹായകനാണെന്ന്, അവിടുന്നു പറയുന്നു. കാരണം, യേശു തന്നെയാണ് "ഒന്നാമത്തെ സഹായകൻ" (cf. 1യോഹ.2:1). അവിടുന്നാണല്ലോ ഒന്നാമത്തെ സുവിശേഷവാഹകനും സുവിശേഷദായകനും. പരിശുദ്ധാത്മാവ് യേശുവിനുശേഷവും യേശു മൂലവും വരുന്നു. രക്ഷാകരസദ്വാർത്തയുടെ ജോലി സഭയിലൂടെ തുടരുവാനാണ് അവിടുന്നു വരുന്നത്. തന്റെ ജോലി

www.malankaralibrary.com

യുടെ ഈ തുടർച്ച പരിശുദ്ധാത്മാവു നിർവഹിക്കുന്നതിനെപ്പറ്റി യേശു വിട വാങ്ങൽ സംഭാഷണത്തിൽ പലപ്രാവശ്യം പറഞ്ഞു. ഊട്ടുശാലയിൽക്കൂടി യിരുന്ന ശ്ലീഹന്മാരെ തന്റെ വേർപാടിനെ സംബന്ധിച്ച്, അതായത് തന്റെ പീഡാസഹനത്തെയും കുരിശുമരണത്തെയും സംബന്ധിച്ച്, സജ്ജീകൃതരാക്കിക്കൊണ്ടാണ് അങ്ങനെ പറഞ്ഞത്.

നാമിവിടെ പരാമർശിക്കുന്ന വാക്കുകൾ യോഹന്നാന്റെ സുവിശേഷത്തിലേതാണ്. അവയിൽ ഓരോ വാക്കും പ്രസ്തുത പ്രവചനത്തോടും വാഗ്ദാനത്തോടും ഓരോ പുതിയ ഘടകം കൂട്ടിച്ചേർക്കുന്നുണ്ട്. എന്നാൽ അവ പരസ്പരം ഗാഢമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. സംഭവങ്ങളെ സംബന്ധിച്ച വീക്ഷണപ്രകാരം മാത്രമല്ല പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരുടെ രഹസ്യത്തെ സംബന്ധിച്ചു വീക്ഷണപ്രകാരവും അവ ബന്ധപ്പെട്ടിരിക്കുന്നു. ആ രഹസ്യത്തിന്റെ ഇത്രമാത്രം ശക്തമായ പ്രകാശനം വിശുദ്ധഗ്രന്ഥത്തിൽ മറ്റൊരിടത്തുമുണ്ടെന്നു തോന്നുന്നില്ല.

4. ഇപ്പോൾ സൂചിപ്പിച്ച പ്രവചനത്തിനുശേഷം, അല്പംകഴിഞ്ഞ്, യേശു അതിനോടു കൂട്ടിച്ചേർത്തു പറയുന്നു: "എന്നാൽ, പിതാവ് എന്റെ നാമത്തിൽ അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് നിങ്ങളെ എല്ലാ കാര്യങ്ങളും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ.14:26). പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെയും സഭയുടെയും സഹായകനായിരിക്കും. ക്രിസ്തു പ്രഘോഷിച്ച അതേ സുവിശേഷത്തിന്റെ അധ്യാപകനായി അവരുടെയിടയിൽ, അദൃശ്യനായിട്ടാണെങ്കിലും, അവിടുന്ന് എപ്പോഴുമുണ്ടായിരിക്കും. "അവൻ പഠിപ്പിക്കും", "അനുസ്മരിപ്പിക്കുകയും ചെയ്യും" എന്നീ വാക്കുകൾകൊണ്ട്, രക്ഷാസുവിശേഷത്തിന്റെ പ്രചോദിപ്പിക്കലും വ്യാപിപ്പിക്കലും സ്വർഗ്ഗീയമായ രീതിയിൽ അവിടുന്നു തുടരുമെന്നു മാത്രമല്ല, ക്രിസ്തു നല്കിയ സന്ദേശത്തിന്റെ ഉള്ളടക്കത്തിനുള്ള കൃത്യമായ അർത്ഥം മനസ്സിലാക്കാൻ ജനങ്ങളെ സഹായിക്കുമെന്നും ഉദ്ദേശിക്കുന്നുണ്ട്. മാറിവരുന്ന അവസ്ഥകളിലും സാഹചര്യങ്ങളിലും ധാരണയുടെ തുടർച്ചയും ഏകത്വവും ഉറപ്പുവരുത്തുമെന്നാണ് ആ വാക്കുകളുടെ അർത്ഥം. അപ്പോൾ ശ്ലീഹന്മാർ തങ്ങളുടെ ഗുരുവിൽനിന്നുകേട്ട അതേ സത്യം സഭയിൽ എപ്പോഴും തുടരുമെന്നു പരിശുദ്ധാത്മാവ് ഉറപ്പു വരുത്തും.

5. സദ്വാർത്ത കൈമാറുന്നതിൽ ശ്ലീഹന്മാർ പരിശുദ്ധാത്മാവുമായി സവിശേഷമായ വിധത്തിൽ സഹകരിക്കും. യേശു ഇങ്ങനെ തുടർന്നു പറയുന്നു: "ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ - പിതാവിൽനിന്നും പുറപ്പെടുന്ന ആ സത്യാത്മാവ് - വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം നല്കും. ആരംഭം മുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും" (യോഹ.15:26 f.)

അപ്പസ്തോലന്മാർ നേരിട്ടുള്ള ദൃക്സാക്ഷികളായിരുന്നു. യോഹന്നാൻ സുവിശേഷകൻ പറയുന്നതുപോലെ അവർ ക്രിസ്തുവിനെ "കേൾക്കുകയും",

www.malankaralibrary.com

"സ്വന്തം കണ്ണുകൾകൊണ്ട് കാണുകയും", "നോക്കിക്കാണുകയും", "സ്വന്തം കൈകൾകൊണ്ട് സ്പർശിക്കുകയും" ചെയ്തിട്ടുണ്ട് (cf. യോഹ.1:1–3; 4:14). ക്രിസ്തുവിനെ സംബന്ധിച്ച മാനുഷികവും നേരിട്ടുള്ളതും ചരിത്രപരവുമായ ഈ സാക്ഷ്യം പരിശുദ്ധാത്മാവിന്റെ സാക്ഷ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു: "അവൻ എനിക്കു സാക്ഷ്യം നല്കും". സത്യാത്മാവിന്റെ സാക്ഷ്യത്തിൽ ശ്ലീഹന്മാരുടെ മാനുഷികസാക്ഷ്യം ഏറ്റവും ശക്തമായ പിൻബലം കണ്ടെത്തും. അതേത്തുടർന്ന് ആ സാക്ഷ്യത്തിന്റെ തുടർച്ചയുടെ നിഗൂഢമായ അടിസ്ഥാനവും അതിൽ കണ്ടെത്തും. നൂറ്റാണ്ടുകളിലൂടെയുള്ള ക്രിസ്തുശിഷ്യന്മാരുടെയും വിശ്വാസികളുടെയും തലമുറകളുടെ തുടർച്ചയാണിവിടെ ഉദ്ദേശിക്കുന്നത്.

മനുഷ്യവംശത്തിനുള്ള ദൈവത്തിന്റെ പരമവും പരിപൂർണ്ണവുമായ വെളിപ്പെടൽ യേശുക്രിസ്തു തന്നെയാണ്. പരിശുദ്ധാത്മാവിന്റെ സാക്ഷ്യം, അപ്പസ്തോലന്മാരുടെ പ്രസംഗത്തിലൂടെയും എഴുത്തിലുടെയും ഈ വെളിപ്പെടലിന്റെ വിശ്വസ്തതാപൂർവ്വകമായ കൈമാറലിന് പ്രചോദനം നല്കുകയും ഉറപ്പു വരുത്തുകയും സുസ്ഥാപിതമാക്കുകയും ചെയ്യുന്നു ("The divinely revealed truths, which are contained and expressed in the books of the Sacred Scripture, were written through the inspiration of the Holy Spirit", and thus the same Sacred Scripture must be "read and interpreted with the help of the same Spirit by means of whom it was written": Second Vatican Council, Dogmatic Constitution on Divine Revelation *Dei Verbum*, 11, 12.). അപ്പസ്തോലന്മാരുടെ സാക്ഷ്യമാകട്ടെ, സഭയിലും മനുഷ്യചരിത്രത്തിലും അതിനുള്ള മാനുഷിക പ്രകാശനം ഉറപ്പുവരുത്തുന്നു.

6. ഇവിടെ സൂചിപ്പിച്ച പ്രവചനത്തിന്റെയും വാഗ്ദാനത്തിന്റെയും ഉള്ളടക്കവും ലക്ഷ്യവും തമ്മിലുള്ള ദൃഢബന്ധത്തിൽനിന്ന് ഇതു വ്യക്തമാകുന്നുണ്ട്. യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യത്തെ വാക്യങ്ങളിൽ കാണുന്ന ബന്ധമാണത്: "ഇനിയും വളരെക്കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും. അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്നതുമാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും (യോഹ.16:12 f.)

യേശു നേരത്തെ പറഞ്ഞ വാക്കുകളിൽ, സത്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിനെ "പഠിപ്പിക്കുന്നവനും", "ഓർമ്മിപ്പിക്കുന്നവനും", തനിക്കു "സാക്ഷ്യം വഹിക്കുന്നവനും" ആയിട്ടാണ് അവതരിപ്പിക്കുന്നത്. ഇപ്പോൾ അവിടുന്നു പറയുന്നു, അവൻ "നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും". അപ്പസ്തോലന്മാർക്ക് "ഇപ്പോൾ മനസ്സിലാക്കാൻ കഴിയാത്തത്" എന്നു സൂചിപ്പിച്ചുകൊണ്ട് "സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും" എന്നു പറയുമ്പോൾ ക്രിസ്തുവിന്റെ സ്വയം ശൂന്യവത്കരണത്തെയാണു പരാമർശിക്കുന്നത്. പീഡാനുഭവത്തിലുടെയും കുരിശുമരണത്തിലൂടെയുമാണ്

www.malankaralibrary.com

ആ ശൂന്യവത്കരണം. യേശു ഈ വാക്കുകൾ പറയുമ്പോൾ അത് ആസന്നമായിരുന്നു താനും.

സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും എന്നത് കുരിശ് എന്ന ഉതപ്പിനോടു മാത്രമല്ല, ക്രിസ്തു "ചെയ്തതും പഠിപ്പിച്ചതുമായ'' (അപ്പ.1:1) എല്ലാറ്റിനോടും ബന്ധപ്പെട്ടിരിക്കുന്നു എന്ന് പിന്നീട് വ്യക്തമാകുന്നു. എന്തെന്നാൽ ക്രിസ്തു എന്ന രഹസ്യം പൂർണമായി മനസ്സിലാക്കുവാൻ വിശ്വാസം ആവശ്യമാണ്. കാരണം, മനുഷ്യനെ, വെളിവാക്കപ്പെട്ട രഹസ്യത്തിന്റെ യാഥാർത്ഥ്യത്തിലേക്കു പര്യാപ്തമാം വിധം നയിക്കുന്നത് വിശ്വാസമാണ്. അതുകൊണ്ട് 'സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും' എന്നത് സാക്ഷാത്കരിക്കപ്പെടുന്നതു വിശ്വാസത്തിലും വിശ്വാസത്തിലൂടെയുമാണ്. ഇതാകട്ടെ സത്യാത്മാവിന്റെ പ്രവർത്തനമാണ്. അവിടുന്നു മനുഷ്യനിൽ നടത്തുന്ന ആ പ്രവർത്തനത്തിന്റെ ഫലവുമാണ്. ഇവിടെ പരിശുദ്ധാത്മാവ് മനുഷ്യന്റെ പരമമാർഗ്ഗദർശിയും മാനുഷികചൈതന്യത്തിന്റെ പ്രകാശവുമാണ്. ദൃക്സാക്ഷികളായ ശ്ലീഹന്മാരെ സംബന്ധിച്ച് ഇതു പരമാർത്ഥമാണ്. ക്രിസ്തു ചെയ്തതും പഠിപ്പിച്ചതുമായ എല്ലാ കാര്യങ്ങളെയും സംബന്ധിച്ച പ്രഘോഷണം – പ്രത്യേകിച്ച് അവിടുത്തെ കുരിശിനെയും ഉത്ഥാനത്തെയും സംബന്ധിച്ച പ്രഘോഷണം– എല്ലാ ജനതകൾക്കും എത്തിച്ചു കൊടുക്കേണ്ടവരാണവർ. ദീർഘവീക്ഷണപ്രകാരം ഗുരുവിന്റെ ശിഷ്യന്മാരുടെയും പ്രഘോഷകരുടെയും സകല തലമുറകളിലുമുള്ളവരെ സംബന്ധിച്ചും ഇതു പരമാർത്ഥമാണ്. കാരണം, മനുഷ്യചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ രഹസ്യത്തെ – മനുഷ്യചരിത്രത്തിന്റെ കൃത്യമായ അർത്ഥം വ്യക്തമാക്കുന്ന ആ രഹസ്യത്തെ – വിശ്വാസത്തോടെ സ്വീകരിക്കുകയും നിഷ്കപടതയോടെ ഏറ്റുപറയുകയും ചെയ്യേണ്ടവരാണവർ.

7. പരിശുദ്ധാത്മാവും ക്രിസ്തുവും തമ്മിൽ രക്ഷാകരപദ്ധതിയിൽ അവഗാഢമായ ഒരു ബന്ധമുണ്ട്. അതു വഴി പരിശുദ്ധാത്മാവ് മനുഷ്യചരിത്രത്തിൽ "മറ്റൊരു സഹായകൻ" ആയി പ്രവർത്തിക്കുന്നു. നസ്രസിലെ യേശു വെളിപ്പെടുത്തിയ സദ്വാർത്തയുടെ കൈമാറലും വ്യാപിപ്പിക്കലും പരിശുദ്ധാത്മാവ് സ്ഥിരമായി ഉറപ്പു വരുത്തുന്നു. സഭയുടെ രഹസ്യത്തിലും പ്രവർത്തനത്തിലും രക്ഷകന്റെയും അവിടുത്തെ രക്ഷാകരപ്രവർത്തനത്തിന്റെയും ഭൗമികവും ചരിത്രപരവുമായ സാന്നിധ്യത്തെ നിരന്തരം നിലനിറുത്തിക്കൊണ്ടിരിക്കുന്ന സഹായകനായ പരിശുദ്ധാത്മാവിൽ ക്രിസ്തുവിന്റെ മഹത്വം അങ്ങനെ പ്രശോഭിക്കുന്നു. യോഹന്നാൻ സുവിശേഷകന്റെ താഴെപ്പറയുന്ന വാക്കുകൾ അതിനു സാക്ഷ്യം വഹിക്കുന്നു: "അവൻ (സത്യാത്മാവ്) എന്നെ മഹത്വപ്പെടുത്തും. കാരണം അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും" (യോഹ.16:14). ഈ വാക്കുകൾ വഴി മുൻപറഞ്ഞ എല്ലാ പ്രസ്താവനകളും വീണ്ടും സ്ഥിരീകരിക്കപ്പെടുകയാണ്: "അവൻ പഠിപ്പിക്കും....നിങ്ങളെ അനുസ്മരിപ്പിക്കും....... സാക്ഷ്യം വഹിക്കും". ദൈവത്തിന്റെ പരമവും പൂർണ്ണവുമായ സ്വയം വെളിപ്പെടുത്തൽ യേശുക്രിസ്തുവിൽ പൂർത്തിയാക്കപ്പെടുകയും ശ്ലീഹന്മാരുടെ പ്രഘോഷണം വഴി

www.malankaralibrary.com

സാക്ഷ്യം വഹിക്കപ്പെടുകയും ചെയ്തു. അത് അദൃശ്യനായ സഹായകന്റെ, സത്യാത്മാവിന്റെ ദൗത്യത്തിലൂടെ സഭയിൽ തുടർന്നും വെളിവാക്കപ്പെടുന്നു. ഈ ദൗത്യം ക്രിസ്തുവിന്റെ ദൗത്യവുമായി എത്രമാത്രം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതും അതു ക്രിസ്തുവിന്റെ ദൗത്യത്തിൽനിന്ന് - അതിന്റെ രക്ഷാകരഫലങ്ങളെ ചരിത്രത്തിൽ ഉറപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്തുകൊണ്ട് - എത്രപൂർണ്ണമായി സ്വീകരിക്കപ്പെടുന്നു എന്നതും "സ്വീകരിക്കുക" എന്ന ക്രിയയുടെ ഉപയോഗം വഴി വെളിവാക്കിയിരിക്കുന്നു: "അവൻ എനിക്കുള്ളവയിൽ നിന്നു സ്വീകരിച്ചു നിങ്ങളോടു പ്രഘോഷിക്കും". ഉറവിടത്തിന്റെ ദൈവികവും ത്രിത്വാത്മകവുമായ ഐക്യത്തെ സുവ്യക്തമാക്കിക്കൊണ്ട്, "അവൻ സ്വീകരിക്കും" എന്ന വാക്കുകൾ വിശദീകരിക്കാൻ എന്നപോലെ യേശു ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "പിതാവിനുള്ളതെല്ലാം എന്റേതാണ്. അതുകൊണ്ടാണ് എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞത് (യോഹ.16:15). എനിക്കുള്ളവയിൽനിന്നു സ്വീകരിക്കും എന്നതുകൊണ്ടുതന്നെ, അവൻ പിതാവിനുള്ളതിൽനിന്നും സ്വീകരിക്കുന്നു എന്നു വ്യക്തമാണ്.

"അവൻ സ്വീകരിക്കും" എന്ന വാക്കുകളുടെ വെളിച്ചത്തിൽ, പെസഹായ്ക്കുമുമ്പ് ഊട്ടുശാലയിൽവച്ച് പരിശുദ്ധാത്മാവിനെപ്പറ്റി യേശു പറഞ്ഞ ശ്രദ്ധേയങ്ങളായ മറ്റു വാക്കുകളും വിശദീകരിക്കാനാവും: "നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണു ഞാൻ പോകുന്നത്. കാരണം, ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളിലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെയടുക്കലേക്ക് ഞാൻ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും" (യോഹ.16:7 f) ഈ വാക്കുകളിലേക്ക് ഈ പരിചിന്തനത്തിന്റെ ഒരു പ്രത്യേകഭാഗത്ത് തിരിച്ചു വരേണ്ടതുണ്ട്.

## 2. പിതാവും പുത്രനും പരിശുദ്ധാത്മാവും

8. പിതാവും പുത്രനും വ്യത്യസ്ത വ്യക്തികളായി വ്യക്തതയോടെ വിളിക്കപ്പെടുന്നു എന്നത് യോഹന്നാന്റെ സുവിശേഷത്തിന്റെ ഒരു സവിശേഷതയാണ്. പിതാവ് പുത്രനിൽനിന്നും പരിശുദ്ധാത്മാവിൽനിന്നും വ്യത്യസ്തനാണ്; ഓരോ വ്യക്തിയും മറ്റു വ്യക്തികളിൽനിന്നു വ്യത്യസ്തനാണ്. ആത്മാവായ സഹായകനെപ്പറ്റി യേശു പല പ്രാവശ്യം "അവൻ" എന്ന സർവ്വനാമം ഉപയോഗിച്ചു സംസാരിക്കുന്നു. അതേസമയം, പിതാവ്, പുത്രൻ, സഹായകൻ എന്നിവരെ തമ്മിൽ ഐക്യപ്പെടുത്തുന്ന ബന്ധങ്ങളെ വിടപറയൽ സംഭാഷണത്തിൽ പല പ്രാവശ്യം വെളിപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, "പരിശുദ്ധാത്മാവ്.... പിതാവിൽനിന്നു പുറപ്പെടുന്നു" (യോഹ.15:26) പിതാവ് ആത്മാവിനെ "നല്കുന്നു" (യോഹ.14:16) പിതാവ് പുത്രന്റെ നാമത്തിൽ 'ആത്മാവിനെ അയയ്ക്കുന്നു' (യോഹ.14:26) ആത്മാവു പുത്രനു 'സാക്ഷ്യം വഹിക്കുന്നു' (യോഹ.15:26). സഹായകനായ ആത്മാവിനെ

www.malankaralibrary.com

അയ്ക്കാൻ പുത്രൻ പിതാവിനോട് അപേക്ഷിക്കുന്നു (യോഹ.14:16). എന്നാൽ കുരിശിലൂടെയുള്ള തന്റെ "വേർപാടിനോടു" ബന്ധപ്പെടുത്തി അവിടുന്ന് ഇങ്ങനെ ഉറപ്പിച്ചു പറയുകയും വാഗ്ദാനം നടത്തുകയും ചെയ്യുന്നു: "ഞാൻ പോയാൽ ഞാൻ അവനെ നിങ്ങളുടെയടുക്കലേക്ക് അയയ്ക്കും" (യോഹ.16:7) അങ്ങനെ, പിതാവ് പുത്രനെ എന്നപോലെതന്നെ പരിശുദ്ധാത്മാവിനെയും തന്റെ പിതൃത്വത്തിന്റെ ശക്തിയാൽ അയയ്ക്കുന്നു (cf. യോഹ.3:16 f.,34; 6:57; 17:3,18,23.) എന്നാൽ അതേസമയം ക്രിസ്തു പൂർത്തിയാക്കിയ രക്ഷയുടെ ശക്തിയിലാണ് അവിടുന്ന് ആത്മാവിനെ അയയ്ക്കുന്നത്. ഈ അർത്ഥത്തിൽ പരിശുദ്ധാത്മാവു പുത്രനാലും അയക്കപ്പെടുന്നു. "ഞാൻ അവനെ നിങ്ങളുടെയടുക്കലേക്ക് അയയ്ക്കും".

ഇവിടെ ഒരു വസ്തുത ശ്രദ്ധിക്കേണ്ടതുണ്ട്. ഊട്ടുശാലയിൽവച്ചു നടത്തിയ മറ്റെല്ലാ വാഗ്ദാനങ്ങളിലും ക്രിസ്തുവിന്റെ വേർപാടിനുശേഷം പരിശുദ്ധാത്മാവു വരുമെന്നാണ് മുൻകൂട്ടി പറയുന്നത്. എന്നാൽ യോഹ.16:7 തൊട്ടുള്ള ഭാഗത്തെ വാഗ്ദാനത്തിൽ പരസ്പരാശ്രയത്തിന്റെ ബന്ധത്തെ ഉൾപ്പെടുത്തുകയും വ്യക്തമായി ഊന്നിപ്പറയുകയും ചെയ്യുന്നു. രണ്ടുപേരുടെയും വെളിപ്പെടൽ തമ്മിലുള്ള ആ ബന്ധത്തെ കാരണപരമെന്നു വിളിക്കാം: "ഞാൻ പോയാൽ ഞാൻ അവനെ നിങ്ങളുടെയടുക്കലേക്ക് അയയ്ക്കും" എന്നാണു പറയുന്നത്. ക്രിസ്തു കുരിശിലൂടെ വേർപെട്ടാലാണ് പരിശുദ്ധാത്മാവു വരുന്നത്. ആ വേർപെടലിനു ശേഷമാണു വരുന്നത്. എന്നുമാത്രമല്ല, പിതാവിന്റെ ഇഷ്ടവും പ്രവൃത്തിയുമനുസരിച്ച് വീണ്ടെടുപ്പുകർമ്മം ക്രിസ്തു നിർവഹിച്ചു കഴിയുന്നതുകൊണ്ടാണ് വരുന്നത് എന്നു കൂടി വ്യക്തമാകുന്നു.

9. അങ്ങനെ, അന്തിമഅത്താഴവേളയിലെ വിടവാങ്ങൽ സംഭാഷണത്തിൽ ത്രിത്വത്തിന്റെ വെളിപ്പെടൽ അതിന്റെ പരമകോടിയിലെത്തിയെന്നു നമുക്കു പറയാം. അതേസമയം, സുനിശ്ചിത സംഭവങ്ങളുടെയും അന്തിമവാക്കുകളുടെയും പടിവാതുക്കലാണു നാം നിൽക്കുന്നത്. അവ അവസാനം അപ്പസ്തോലന്മാർക്കും അവരിലൂടെ സഭയ്ക്കും നല്കപ്പെടുന്ന മഹത്തായ പ്രേഷിതത്വ കല്പനയായി പരിണമിക്കും. ആ കല്പന ഇതാണ്: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ." ഒരർത്ഥത്തിൽ ഈ കല്പന മാമ്മോദീസായുടെ ത്രിത്വാത്മക സൂത്രവാക്യം ഉൾക്കൊള്ളുന്നു: "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ" (മത്താ.28:19). ഈ സൂത്രവാക്യം ദൈവത്തിന്റെ ആന്തരികരഹസ്യത്തെ പ്രതിഫലിപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവികജീവന്റെ രഹസ്യത്തെ, ത്രിത്വത്തിന്റെ ദൈവിക ഐക്യത്തെ, പ്രതിഫലിപ്പിക്കുന്നു. ഈ ത്രിത്വാത്മക സൂത്രവാക്യത്തിനായുള്ള ഒരു സവിശേഷതയ്യാറെടുപ്പായി വിടവാങ്ങൽ സംഭാഷണത്തെ മനസ്സിലാക്കാവുന്നതാണ്. അതിൽ കൂദാശയുടെ ജീവദായകശക്തി വെളിവാക്കപ്പെട്ടിരിക്കുന്നു. കൂദാശ ത്രിയേകദൈവത്തിന്റെ ജീവനിൽ പങ്കുനല്കുന്നുണ്ട്. കാരണം, അത് മനുഷ്യനുള്ള പ്രകൃത്യതീതദാനമെന്ന നില

www.malankaralibrary.com

യിൽ വിശുദ്ധീകരണ വരപ്രസാദം നല്കുന്നു. വരപ്രസാദത്തിലൂടെ മനുഷ്യൻ ദൈവത്തിന്റെ അഗ്രാഹ്യമായ ജീവിതത്തിൽ പങ്കുചേരാൻ "കഴിവുള്ളവൻ" ആക്കപ്പെടുന്നു. അവൻ അപ്രകാരം വിളിക്കപ്പെടുകയും ചെയ്യുന്നു.

10. തന്റെ ആന്തരികജീവിതത്തിൽ ദൈവം "സ്നേഹമാകുന്നു" cf. 1യോഹ.4:8,16) മൂന്നു ദൈവികവ്യക്തികളും പങ്കുവയ്ക്കുന്ന സത്താപരമായ സ്നേഹം തന്നെ: പിതാവിന്റെയും പുത്രന്റെയും ആത്മാവ് എന്ന നിലയിൽ പരിശുദ്ധാത്മാവാണ് വ്യക്തിപരമായ സ്നേഹം. അതുകൊണ്ട് സൃഷ്ടിക്കപ്പെടാത്ത സ്നേഹദാനം എന്ന നിലയിൽ അവിടുന്ന് "ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ പോലും അന്വേഷിച്ചു കണ്ടെത്തുന്നു" (cf. 1കോറി.2:10) ത്രിയേകദൈവത്തിന്റെ ആന്തരികജീവിതം പരിശുദ്ധാത്മാവിൽ പൂർണമായും ദാനമായിത്തീരുന്നു എന്നു പറയാവുന്നതാണ്; ദൈവികവ്യക്തികളുടെ പരസ്പരസ്നേഹത്തിന്റെ കൈമാറലായിത്തീരുന്നു എന്നു പറയാവുന്നതാണ്. പരിശുദ്ധാത്മാവിലൂടെ ദൈവം ഒരു ദാനത്തിന്റെ രൂപത്തിൽ നിലകൊള്ളുന്നു എന്നും പറയാം. ഈ ആത്മദാനത്തിന്റെ, സ്നേഹമായിരിക്കലിന്റെ വ്യക്തിപരമായ പ്രകാശനം പരിശുദ്ധാത്മാവാണ് (cf. St. Thomas Aquinas, *Summa Theol.* Ia, qq. 37-38.). അവിടുന്നു വ്യക്തിയാകുന്ന സ്നേഹമാണ് (Person- love). അവിടുന്ന് വ്യക്തിയാകുന്ന ദാനമാണ് (Person-gift). ഇവിടെ ദൈവത്തിലെ വ്യക്തി എന്ന യാഥാർത്ഥ്യത്തിന്റെ അക്ഷയനിധിയും ആ സങ്കല്പത്തിന്റെ അവാച്യമായ ആഴപ്പെടുത്തലുമുണ്ട്. ഇത് ദൈവികവെളിപാടുമൂലം മാത്രമാണ് നാം അറിയുന്നത്.

അതേസമയം പരിശുദ്ധാത്മാവ് ദൈവികത്വത്തിൽ പിതാവിനോടും പുത്രനോടും ഏകസത്തയായി നിലകൊള്ളുന്നതുകൊണ്ട് അവിടുന്നു സ്നേഹവും സൃഷ്ടിക്കപ്പെടാത്ത ദാനവുമാണ്. അതിൽനിന്ന് സൃഷ്ടികളിലേക്ക് – അതിന്റെ സജീവമായ ഉറവിടത്തിൽനിന്നെന്ന പോലെ സൃഷ്ടികളിലേക്ക് – സകല ദാനങ്ങളും പുറപ്പെടുന്നു (ആ ദാനങ്ങൾ സൃഷ്ടിക്കപ്പെട്ട ദാനങ്ങളാണ്): സൃഷ്ടികർമ്മത്തിലൂടെ എല്ലാ വസ്തുക്കൾക്കും അസ്തിത്വത്തിന്റെ ദാനവും മുഴുവൻ രക്ഷാപദ്ധതിയിലൂടെയും മനുഷ്യജീവികൾക്ക് കൃപാവരത്തിന്റെ ദാനവും. പൗലോസ്ശ്ലീഹ എഴുതുന്നതുപോലെ, "നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമ.5:5).

## 3. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ രക്ഷാകരമായ ആത്മദാനം

11. അന്തിമഅത്താഴവേളയിൽവച്ച് ക്രിസ്തു നടത്തിയ വിടവാങ്ങൽ പ്രഭാഷണം പരിശുദ്ധാത്മാവിന്റെ ഈ "ദാന"ത്തെയും "ആത്മദാന'ത്തെയും സവിശേഷമാംവിധം പരാമർശിക്കുന്നു. ദൈവത്തിന്റെ ശാശ്വതപദ്ധതിയിലുള്ള രക്ഷാകരരഹസ്യത്തിന്റെ അത്യഗാധമായ "യുക്തി"യുടെ വെളിപ്പെടു

www.malankaralibrary.com

ത്തൽ യോഹന്നാന്റെ സുവിശേഷത്തിലുണ്ടെന്നു പറയാം. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അവാച്യസംസർഗത്തിന്റെ വിപുലീകരണമെന്ന നിലയിലുള്ള പദ്ധതിയാണത്. ത്രിത്വത്തിന്റെ രഹസ്യത്തിൽ നിന്ന് യേശുക്രിസ്തുവിലുള്ള ലോകരക്ഷ എന്ന രഹസ്യത്തിലേക്കു നയിക്കുന്ന ദൈവിക''യുക്തി"യാണത്. അതേസമയം മനുഷ്യവംശത്തിന്റെ ഭൗമികചരിത്രത്തിന്റെ മാനങ്ങളിൽ പുത്രനാൽ പൂർത്തിയാക്കപ്പെട്ട വീണ്ടെടുപ്പ് (കുരിശിലൂടെയും ഉയിർപ്പിലൂടെയും ഉണ്ടായ അവിടുത്തെ "വേർപാടുവഴി" സാധിച്ച വീണ്ടെടുപ്പ്), അതിന്റെ മുഴുവൻ രക്ഷാകരശക്തിയോടും കൂടി, "എനിക്കുള്ളതെല്ലാം സ്വീകരിക്കുന്ന'' (യോഹ.16:14) പരിശുദ്ധാത്മാവിലേക്കു മാറ്റുന്നു. ദൈവികപദ്ധതിയനുസരിച്ച് ക്രിസ്തുവിന്റെ "വേർപാട്" പരിശുദ്ധാത്മാവിന്റെ "അയയ്ക്കപ്പെടലിനും" "വരവിനും" ഉള്ള അനുപേക്ഷണീയ വ്യവസ്ഥയാണെന്ന് യോഹന്നാന്റെ സുവിശേഷത്തിലെ വാക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ പുതിയ രക്ഷാകരമായ ആത്മദാനമാണ് ഇപ്പോൾ തുടങ്ങുന്നത് എന്നുകൂടി ഈ വാക്കുകൾ സൂചിപ്പിക്കുന്നുണ്ട്.

12. ഇതൊരു പുതിയ തുടക്കമാണ്. ദൈവം നടത്തിയ രക്ഷാകരമായ ആത്മദാനത്തിന്റെ ആദ്യത്തെ തുടക്കവുമായി ബന്ധിപ്പിക്കുമ്പോൾ ഇത് അങ്ങനെതന്നെയാണ്. ആദ്യത്തെ ആ തുടക്കം സൃഷ്ടിയുടെ രഹസ്യമാണ്. ഉത്പത്തി പുസ്തകത്തിന്റെ ആദ്യവാക്കുകൾ ഇങ്ങനെയാണ്: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു...... ദൈവത്തിന്റെ ചൈതന്യം (റൂആഹ് എലോഹിം) വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു" (ഉത്പ.1:1 f.). സൃഷ്ടികർമ്മത്തെ സംബന്ധിച്ച് ബൈബിളിൽ കാണുന്ന ഈ ആശയം പ്രപഞ്ചത്തിലെ സർവ്വവസ്തുക്കളെയും അസ്തിത്വത്തിലേക്കു വിളിച്ചു എന്നതു മാത്രമല്ല ഉൾക്കൊള്ളുന്നത്. അതായത് അസ്തിത്വം നല്കൽ മാത്രമല്ല ഉൾക്കൊള്ളുന്നത്. സൃഷ്ടിയിലുണ്ടായിരുന്ന ദൈവാത്മാവിന്റെ സാന്നിധ്യം കൂടി അത് ഉൾക്കൊള്ളുന്നു. അതായത് ദൈവം സൃഷ്ടിച്ച വസ്തുക്കൾക്ക് ദൈവം നല്കുന്ന രക്ഷാകരമായ ആത്മദാനത്തിന്റെ തുടക്കം കൂടി ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ ഛായയിലും സദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ സംബന്ധിച്ചാണ് ഇത് ഒന്നാമതായി യാഥാർത്ഥ്യമായിരിക്കുന്നത്: "നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം"(ഉത്പ.1:26). "നമുക്കു സൃഷ്ടിക്കാം". സ്രഷ്ടാവു തന്നെപ്പറ്റി ത്തന്നെ പറയുമ്പോൾ ഉപയോഗിക്കുന്ന ബഹുവചനം ഒരുവിധത്തിൽ ത്രിത്വത്തിന്റെ രഹസ്യത്തെ സൂചിപ്പിക്കുന്നു എന്നു പറയാനാകുമോ? മനുഷ്യനെ സൃഷ്ടിക്കുന്നതിൽ ത്രിത്വത്തിന്റെ സാന്നിധ്യമുണ്ടെന്നു പറയാനാകുമോ? ത്രിത്വമെന്ന രഹസ്യത്തിന്റെ വെളിപാട് അറിയുന്ന ക്രൈസ്തവവായനക്കാരന് ഈ വാക്കുകളിലും ആ രഹസ്യത്തിന്റെ ഒരു പ്രതിഫലനം കണ്ടെത്താൻ കഴിയും. ഏതായാലും ദൈവം മനുഷ്യനു നല്കിയ "ഛായയ്ക്കും സാദൃശ്യത്തിനും" ചേർന്ന വിധത്തിൽ അവനു നല്കുന്ന രക്ഷാകരമായ ആത്മദാനത്തിന്റെ ആദ്യത്തെ തുടക്കം സൃഷ്ടികർമ്മത്തിൽ കണ്ടെത്താം. ഉത്പ

www.malankaralibrary.com

ത്തിപുസ്തകത്തിലെ സാഹചര്യം അതിനു നമ്മെ സഹായിക്കുന്നു.

13. യേശു വിടവാങ്ങൽ പ്രഭാഷണത്തിൽ പറഞ്ഞ വാക്കുകൾ ഉത്പത്തിപുസ്തകത്തിൽനിന്നു നാം അറിയുന്ന ആ "തുടക്ക"ത്തിന്റെ വെളിച്ചത്തിൽ വീണ്ടും ഗ്രഹിക്കണമെന്നു തോന്നുന്നു. ആ തുടക്കം വളരെ മുമ്പുണ്ടായതാണ്. എന്നാലും അത് അടിസ്ഥാനപരമാണ്: "ഞാൻ പോകുന്നില്ലെങ്കിൽസഹായകൻ നിങ്ങളുടെയടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ ഞാൻ നിങ്ങളുടെയടുക്കലേക്ക് അയയ്ക്കും". സഹായകന്റെ വരവിനുള്ള ഒരു വ്യവസ്ഥയായി ക്രിസ്തു തന്റെ "വേർപാടിനെ" വിവരിക്കുന്നു. അങ്ങനെ ചെയ്തുകൊണ്ട് പരിശുദ്ധാത്മാവിൽ സംഭവിക്കുന്ന ദൈവത്തിന്റെ രക്ഷാകരമായ ആത്മദാനത്തിന്റെ പുതിയ തുടക്കത്തെ രക്ഷാകരരഹസ്യവുമായി കൂട്ടിച്ചേർക്കുന്നു. ഇത് ഒരു പുതിയ തുടക്കമാണ്. എന്തെന്നാൽ ഒന്നാമതായി ആദ്യത്തെ തുടക്കത്തിനും മനുഷ്യന്റെ സമഗ്രചരിത്രത്തിനും ഇടയിൽ (ആദിമപാപം മുതൽ) പാപം ഇടപെട്ടു. സൃഷ്ടിയിൽ ദൈവാത്മാവിന്റെ സാന്നിധ്യത്തിന് എതിരായിട്ടുള്ളതാണ് പാപം. സർവോപരി, അത് മനുഷ്യനു ദൈവം നല്കുന്ന രക്ഷാകരമായ ആത്മദാനത്തിന് എതിരാണ്. വി. പൗലോസ് ഇപ്രകാരം എഴുതുന്നു: "(പാപം മൂലം) സൃഷ്ടി വ്യർത്ഥതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു..... അത് ഇതുവരെയും ഒന്നുചേർന്ന് ഈറ്റുനോവ് അനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുകയായിരുന്നു....." "ദൈവമക്കളുടെ വെളിപ്പെടലിനായി ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നു"(റോമാ.8:19–22).

14. അതുകൊണ്ട് ക്രിസ്തു ഊട്ടുശാലയിൽവച്ച് ഇങ്ങനെ പറയുന്നു: "നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്.... ഞാൻ പോയാൽ അവനെ നിങ്ങളുടെയടുക്കലേക്കു ഞാൻ അയയ്ക്കും (യോഹ.16:7). കുരിശുവഴിയുള്ള ക്രിസ്തുവിന്റെ വേർപാടിന് വീണ്ടെടുപ്പിന്റെ ശക്തിയുണ്ട്. സൃഷ്ടിയിൽ ദൈവാത്മാവിന്റെ ഒരു പുതിയ സാന്നിധ്യം എന്നുകൂടി ഇതിനർത്ഥമുണ്ട്. പരിശുദ്ധാത്മാവിൽ മനുഷ്യനു നല്കപ്പെടുന്ന ദൈവത്തിന്റെ ആത്മദാനത്തിന്റെ ഒരു പുതിയ തുടക്കമാണത്. ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹ എഴുതുന്നതുപോലെ: "ആബാ(പിതാവേ) എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കു ദൈവം അയച്ചിരിക്കുന്നു എന്ന വസ്തുതയാൽ നിങ്ങൾ മക്കളാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു."(ഗലാ.4:6; cf. റോമാ.8:15) ഊട്ടുശാലയിലെ വിടവാങ്ങൽ പ്രഭാഷണത്തിലെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നതുപോലെ, പരിശുദ്ധാത്മാവ് പിതാവിന്റെ ആത്മാവാണ്. അതേസമയം അവിടുന്ന് പുത്രന്റെ ആത്മാവാണ്. അവിടുന്ന് യേശുക്രിസ്തുവിന്റെ ആത്മാവാണ്. അപ്പസ്തോലന്മാർ, പ്രത്യേകിച്ച് താർസുസിലെ പൗലോസ് അതു സാക്ഷ്യപ്പെടുത്തും (cf. ഗലാ. 4:6; ഫിലിപ്പി.1:19; റോമാ. 8:11). ഈ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് അയയ്ക്കുന്നതോടെ സൃഷ്ടി ആകാംക്ഷയോടെ ഏതിനെ കാത്തിരുന്നുവോ അതു നിവൃത്തിയാകുന്നു. പ്രസ്തുത കാത്തിരുപ്പിനെക്കുറിച്ചു നാം റോമാക്കാർക്കുള്ള ലേഖനത്തിൽ വായിക്കുന്നു.

www.malankaralibrary.com

ക്രിസ്തുവിന്റെ "വേർപാട്" ആകുന്ന വില നല്കുമ്പോഴാണ് പരിശുദ്ധാത്മാവ് വരുന്നത്. ഈ വേർപാട് അപ്പസ്തോലന്മാരിൽ ദുഃഖം ഉളവാക്കി (cf. യോഹ.16:6). ആ ദുഃഖം പീഡാസഹനത്തിലും ദുഃഖവെള്ളിയാഴ്ചയുണ്ടായ മരണത്തിലും അതിന്റെ അത്യുച്ച കോടിയിലെത്തി. എന്നാൽ "ഈ ദുഃഖം സന്തോഷമായിത്തീരും" (cf. യോഹ.16:20). എന്തെന്നാൽ, ക്രിസ്തു ഈ രക്ഷാകരവേർപാടിനോട് തന്റെ ഉത്ഥാനത്തിന്റെയും പിതാവിങ്കലേക്കുള്ള ആരോഹണത്തിന്റെയും മഹത്വത്തെക്കൂട്ടിച്ചേർക്കും. അങ്ങനെ സന്തോഷത്തെ ഉൾക്കൊള്ളുന്ന ഈ ദുഃഖം അപ്പസ്തോലന്മാർക്ക് തങ്ങളുടെ ഗുരുവിന്റെ വേർപാടിന്റെ സാഹചര്യത്തിൽ "ലാഭകരമായ" ഒരു വേർപാടാണ്. എന്തെന്നാൽ, അതിന്റെ സഹായത്താൽ മറ്റൊരു "സഹായകൻ" വരും. (cf. യോഹ.16:7) വീണ്ടെടുപ്പിനു കാരണമായ കുരിശാകുന്ന വില മൂലം യേശുക്രിസ്തുവിന്റെ മുഴുവൻ പെസഹാരഹസ്യത്തിന്റെയും ശക്തിയിൽ, പരിശുദ്ധാത്മാവു വരുന്നു. പന്തക്കുസ്തമുതൽ എന്നും അപ്പസ്തോലന്മാരോടുകൂടെ നിലനില്ക്കുന്നതിനും സഭയോടുകൂടെയും സഭയിലും അവളിലൂടെ ലോകത്തിലും നിലനില്ക്കുന്നതിനു വേണ്ടിയാണ് അവിടുന്നു വരുന്നത്.

ഇങ്ങനെ ത്രിത്വൈകദൈവത്തിന്റെ ആത്മദാനത്തിന്റെ പുതിയതുടക്കം സുനിശ്ചിതമായി സംഭവിപ്പിച്ചിരിക്കുന്നു. അത് പരിശുദ്ധാത്മാവിൽ മനുഷ്യന്റെയും ലോകത്തിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെ പ്രവൃത്തിയിലൂടെയാണ് സാധിച്ചത്.

## 4. മിശിഹാ- പരിശുദ്ധാത്മാവിനാൽ അഭിഷിക്തൻ

15. അങ്ങനെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനും മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള മിശിഹായുടെ ദൗത്യം – അതായത് പരിശുദ്ധാത്മാവിന്റെ പൂർണത സ്വീകരിച്ചവന്റെ ദൗത്യം – പൂർത്തിയാക്കപ്പെട്ടു. മിശിഹാ എന്നതിന്റെ വാച്യാർത്ഥം "ക്രിസ്തു" അതായത് "അഭിഷേകം ചെയ്യപ്പെട്ടവൻ" എന്നാണ്. ഇതായിരുന്നു പഴയനിയമത്തിന്റെ പ്രവാചകപരമായ പാരമ്പര്യം. ഈ പാരമ്പര്യമനുസരിച്ച് ശിമയോൻ പത്രോസ് കൊർണേലിയൂസിന്റെ വീട്ടിൽ വച്ച് ഇങ്ങനെ പറയുന്നു: "യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിനുശേഷം ഗലീലിയിൽ ആരംഭിച്ച് യൂദയാ മുഴുവനിലും സംഭവിച്ച കാര്യങ്ങൾ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നസറായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവവെന്നും......"(അപ്പ.10:37 f.)

പത്രോസിന്റെ ഈ വാക്കുകളിൽനിന്നും ഇതുപോലുള്ള മറ്റു പല വാക്കുകളിൽനിന്നും (cf. ലൂക്ക.4:16–21; 3:16; 4:14; മർക്കോ.1:10) ആദ്യമായി നമ്മൾ ഏശയ്യയുടെ പ്രവചനത്തിലേക്കു തിരിച്ചു പോകണം. ആ പ്രവചനത്തെ ചിലപ്പോൾ "അഞ്ചാം സുവിശേഷം", "പഴയനിയമത്തിലെ സുവിശേഷം" എന്നിങ്ങനെ വിളിക്കാറുണ്ട്. യേശു തന്നെയാണെന്ന് പുതിയനിയമത്തിലെ വെളിപാട് ഉറപ്പിച്ചു പറയുന്ന ഒരു രഹസ്യാത്മകവ്യക്തിയെ അദ്ദേഹം

www.malankaralibrary.com

സൂചിപ്പിക്കുന്നു. ആ വ്യക്തിയെയും അദ്ദേഹത്തിന്റെ ദൗത്യത്തെയും ദൈവാത്മാവിന്റെ, കർത്താവിന്റെ ആത്മാവിന്റെ, ഒരു സവിശേഷ പ്രവർത്തനവുമായി ബന്ധിപ്പിക്കുന്നു. താഴെക്കാണുന്നവയാണു പ്രവാചകന്റെ വാക്കുകൾ:

> "ജസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരും. അവന്റെ വേരിൽനിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും. കർത്താവിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും– ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്. ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ്. അവൻ ദൈവഭക്തിയിൽ ആനന്ദം കൊള്ളും" (ഏശ.11:1–3)

പഴയനിയമത്തിന്റെ മുഴുവൻ റൂഹാവിജ്ഞാനീയത്തെയും (പരിശുദ്ധാത്മവിജ്ഞാനീയം) സംബന്ധിച്ച് സുപ്രധാനമാണ് ഈ വാക്കുകൾ. എന്തെന്നാൽ അത് ചൈതന്യം (Spirit) എന്ന പൗരാണികമായ ബൈബിൾ സങ്കല്പത്തെയും വ്യക്തിയും ദാനവുമായിട്ടുള്ള, വ്യക്തിക്കു ദാനമായിട്ടുള്ള, ആത്മാവ് (Spirit) എന്ന ആശയത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നു. പൗരാണികസങ്കല്പം 'ദാനപരമായ ഒരു നിശ്വസനം' എന്ന നിലയിലാണ് പ്രധാനമായും മനസ്സിലാക്കപ്പെട്ടിരുന്നത്. ദാവീദിന്റെ വംശാവലിയിൽപ്പെട്ട (ജസ്സെയുടെ കുറ്റിയിൽനിന്നുള്ള) മിശിഹാ ആണ് കർത്താവിന്റെ ആത്മാവ് "ആവസിക്കാനുള്ള" ആ വ്യക്തി. ഇവിടെയും സഹായകന്റെ വെളിപ്പെടുത്തൽ ഉണ്ടെന്നു നമുക്കു പറയാനാവുകയില്ല. എന്നിരുന്നാലും ഭാവി മിശിഹായെക്കുറിച്ചുള്ള നിഗൂഢമായ ഈ പരാമർശത്തോടെ ത്രിത്വാത്മകരഹസ്യത്തിന്റെ ഐക്യത്തിലുള്ള പരിശുദ്ധാത്മാവിനെ സംബന്ധിച്ച പൂർണമായ വെളിപാടിലേക്കു നയിക്കുന്ന വഴി തുടങ്ങുന്നു എന്നു പറയാം. ത്രിത്വാത്മകരഹസ്യമാകട്ടെ പുതിയ ഉടമ്പടിയിൽ ആത്യന്തികമായി വെളിവാക്കപ്പെടുകയും ചെയ്യും.

16. മിശിഹാ തന്നെയാണ് ഈ വഴി. പഴയനിയമത്തിൽ അഭിഷേകം എന്ന കർമ്മം ആത്മാവിനെ ദാനം ചെയ്യുന്നതിന്റെ ബാഹ്യമായ അടയാളമായിത്തീർന്നിരുന്നു. പഴയനിയമത്തിലെ മറ്റ് ഏതൊരു വ്യക്തിയെയുംകാൾ കൂടുതലായി ദൈവത്താൽത്തന്നെ അഭിഷേകം ചെയ്യപ്പെട്ട ഏകമഹാവ്യക്തി മിശിഹാ ആണ്. ദൈവാത്മാവിന്റെ പൂർണ്ണതയുള്ളവൻ എന്ന അർത്ഥത്തിൽ അവിടുന്നാണ് അഭിഷിക്തൻ. എല്ലാ ജനത്തിനും ഈ ആത്മാവിനെ നല്കുന്നതിനുള്ള മധ്യസ്ഥനും അവിടുന്നായിരിക്കും. ഏശയ്യാ പ്രവാചകന്റെ മറ്റു വാക്കുകൾ താഴെക്കാണുന്നു:

> "ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. എന്തെന്നാൽ പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്കു മോചനവും ബന്ധിതർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കുവാനും കർത്താവിന്റെ

www.malankaralibrary.com

കൃപാവത്സരവും.... പ്രഖ്യാപിക്കാൻ എന്നെ അയച്ചിരിക്കുന്നു" (ഏശ.61:1 f.).

അഭിഷിക്തൻ കർത്താവിന്റെ ആത്മാവോടുകൂടി അയയ്ക്കപ്പെടുകയും ചെയ്യുന്നു. "ഇപ്പോൾ കർത്താവായ ദൈവം എന്നെയും തന്റെ ആത്മാവിനെയും അയച്ചിരിക്കുന്നു (ഏശ.48:16).

ഏശയ്യയുടെ പുസ്തകത്തിൽ പറയുന്നതനുസരിച്ച് , അഭിഷിക്തനും കർത്താവിന്റെ ആത്മാവോടുകൂടി അയയ്ക്കപ്പെട്ടവനും തിരഞ്ഞെടുക്കപ്പെട്ട കർത്താവിന്റെ ദാസൻകൂടിയാണ്. ദൈവത്തിന്റെ ആത്മാവ് ആ ദാസന്റെ മേൽ ഇറങ്ങിവരുന്നു:

"ഇതാ ഞാൻ ഉയർത്തിപ്പിടിക്കുന്ന എന്റെ ദാസൻ ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതിപാത്രം. ഞാൻ എന്റെ ആത്മാവിനെ അവനു നല്കി" (ഏശ.42:1).

ഏശയ്യയുടെ പുസ്തകം കർത്താവിന്റെ ദാസനെ വെളിപ്പെടുത്തുന്നത്, ദുഃഖങ്ങളുടെ യഥാർത്ഥ മനുഷ്യനായിട്ടാണ് എന്നു നമുക്കറിയാം. ലോകത്തിന്റെ പാപങ്ങൾ മൂലം സഹിക്കുന്ന മിശിഹാ ആയിട്ടാണ് വെളിപ്പെടുത്തുന്നത് (cf. ഏശ.53:5-6, 8). അതേസമയം രക്ഷയുടെ ഫലങ്ങൾ മനുഷ്യവംശത്തിനായി പുറപ്പെടുത്തുക എന്ന ദൗത്യമുള്ള വ്യക്തി ആ മിശിഹായാണ്.

"അവൻ ജനതകൾക്കു നീതി പ്രദാനം ചെയ്യും......" (ഏശ.42:1). "അവൻ 'ജനത്തിന് ഉടമ്പടിയും' 'ജനതകൾക്കു പ്രകാശവും' ആയിത്തീരും" (ഏശ.42:6). "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിനു വേണ്ടിയാണത്" (ഏശ.49:6).

എന്തെന്നാൽ: "നിന്റെമേലുള്ള എന്റെ ആത്മാവും നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും നിന്റെയോ നിന്റെ സന്താനങ്ങളുടെയോ അവരുടെ സന്താനങ്ങളുടെയോ അധരങ്ങളിൽനിന്ന് ഇനി ഒരിക്കലും അകന്നുപോവുകയില്ല" (ഏശ.59:21)

ഇവിടെ ഉദ്ധരിച്ച പ്രവാചകവചനങ്ങൾ സുവിശേഷത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കണം. അതുപോലെതന്നെ പഴയനിയമത്തിലെ ഈ വചനങ്ങളിലുള്ള വിസ്മയനീയ പ്രകാശത്തിൽനിന്ന് പുതിയനിയമം സവിശേഷമായ വ്യക്തത നേടുന്നുമുണ്ട്. പരിശുദ്ധാത്മാവിൽ വരുന്ന വ്യക്തിയായും ഈ പരിശുദ്ധാത്മാവിന്റെ പൂർണ്ണത തന്നിൽത്തന്നെയും. അതേസമയം മറ്റുള്ളവർക്കു വേണ്ടിയും - ഇസ്രായേലിനും സകലജനതകൾക്കും മനുഷ്യവംശം മുഴുവനും വേണ്ടിയും - ഉൾക്കൊള്ളുന്ന വ്യക്തിയായും മിശിഹായെ പ്രവാചകൻ അവതരിപ്പിക്കുന്നു. ദൈവാത്മാവിന്റെ പൂർണ്ണത വിവിധ ദാനങ്ങളോടു കൂടിയതാണ്. ദരിദ്രർക്കും സഹിക്കുന്നവർക്കും സവിശേഷമാം വിധം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള രക്ഷയുടെ നിധികൾ അതിൽ ഉൾക്കൊള്ളുന്നു. ഈ ദാനങ്ങൾക്കായി തങ്ങളുടെ ഹൃദയം തുറക്കുന്ന എല്ലാവർക്കും വേണ്ടി

www.malankaralibrary.com

യുള്ള നിധികളാണവ. (ചിലപ്പോൾ തങ്ങളുടെ അസ്തിത്വത്തിന്റെ വേദനാജനകമായ അനുഭവത്തിലൂടെയാണ് ഹൃദയം തുറക്കുന്നത്). എന്നാലും ഒന്നാമതായി വിശ്വാസത്തിൽനിന്നു വരുന്ന ആന്തരികലഭ്യതയിലൂടെയാണ് അവ ലഭിക്കുക. വൃദ്ധനായ ശിമയോൻ, 'നീതിമാനും ഭക്തനും' 'പരിശുദ്ധാത്മാവിനാൽ ആവസിക്കപ്പെട്ടവനുമായ' ശിമയോൻ, അതു തിരിച്ചറിഞ്ഞു. യേശുവിനെ ദേവാലയത്തിൽ കാഴ്ചവച്ച സമയത്ത് "എല്ലാ ജനതകളുടെയും മുമ്പിൽ സജ്ജീകരിക്കപ്പെട്ട രക്ഷ" കണ്ടപ്പോൾ അദ്ദേഹം തിരിച്ചറിഞ്ഞു. യേശു തന്റെ അമ്മയോടുകുടി സഹിക്കേണ്ടിയിരിക്കുന്ന വലിയ പീഡ-കുരിശ്- വിലയായി നല്കിയിട്ടുള്ള രക്ഷയാണത് (cf. ലൂക്ക.2:25-35) "പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ" (cf. ലൂക്ക.1:35) കന്യകാമറിയം അതു കൂടുതൽ വ്യക്തമായി മനസ്സിലാക്കി. താനുമായി ബന്ധപ്പെട്ട മിശിഹായുടെ "രഹസ്യങ്ങളെ" തന്റെ ഹൃദയത്തിൽ ധ്യാനിച്ചപ്പോൾ മറിയം അതു മനസ്സിലാക്കി (cf.ലൂക്ക.2:19,51).

17. ഇവിടെ ഒരു കാര്യം ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ഭാവിമിശിഹായിൽ ആവസിക്കുന്ന "കർത്താവിന്റെ ആത്മാവ്", സർവ്വോപരി, കർത്താവിന്റെ ആ ദാസൻ എന്ന വ്യക്തിക്കു നല്കപ്പെടുന്ന ദൈവത്തിന്റെ ദാനമാണ്. എന്നാൽ ആ ദാസൻ ഒറ്റപ്പെട്ട, സ്വതന്ത്രനായ, ഒരു വ്യക്തിയല്ല. എന്തെന്നാൽ അവിടുന്നു പ്രവർത്തിക്കുന്നത് കർത്താവിന്റെ ഇഷ്ടമനുസരിച്ചാണ്.; കർത്താവിന്റെ തീരുമാനം അഥവാ തിരഞ്ഞെടുപ്പ് അനുസരിച്ചാണ്. ഏശയ്യയുടെ വചനങ്ങളുടെ വെളിച്ചത്തിൽ കർത്താവിന്റെ ദാസനായ മിശിഹായുടെ രക്ഷാകരകർമ്മം, ആ മിശിഹായിലൂടെ നിർവഹിക്കപ്പെടുന്ന ആത്മാവിന്റെ പ്രവർത്തനത്തെ ഉൾക്കൊള്ളുന്നുണ്ട്. എന്നിരുന്നാലും പഴയനിയമത്തിന്റെ പശ്ചാത്തലത്തിൽ കർമ്മം ചെയ്യുന്നവർ വ്യത്യസ്തരാണെന്ന സൂചനയില്ല. ത്രിത്വത്തിന്റെ രഹസ്യത്തിൽ നിലകൊള്ളുന്നവർ എന്ന നിലയിൽ ദൈവികവ്യക്തികളുടെ വ്യത്യസ്തത സൂചിപ്പിച്ചിട്ടില്ല. പിന്നീട് പുതിയനിയമത്തിൽ വെളിപ്പെടുത്തിയിട്ടുള്ളതുപോലെ അവർ വ്യത്യസ്തരാണെന്നു സൂചിപ്പിച്ചിട്ടില്ല. ഏശയ്യയുടെ ഗ്രന്ഥത്തിലും പഴയനിയമം മുഴുവനിലും പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം തികച്ചും നിഗൂഢമാണ്: ഏകദൈവത്തെപ്പറ്റിയുള്ള വെളിപാടിലും ഭാവിമിശിഹായെപ്പറ്റിയുള്ള പ്രവചനത്തിലും അതു നിഗൂഢമായിരിക്കുന്നു.

18. യേശുക്രിസ്തു തന്റെ മിശിഹാപരമായ പ്രവർത്തനത്തിന്റെ ആരംഭത്തിൽ ഏശയ്യയുടെ വാക്കുകളിലുള്ള ഈ പ്രവചനത്തെ സൂചിപ്പിക്കുന്നുണ്ട്. തച്ചനായ ജോസഫിന്റെ വീട്ടിൽ കന്യകാമറിയമാകുന്ന തന്റെ അമ്മയോടുകൂടി മുപ്പതുവർഷം ജീവിച്ച അതേ നസ്രസിൽവച്ച് ഇതു സംഭവിക്കും. സിനഗോഗിൽ സംസാരിക്കാൻ അവിടുത്തേക്ക് സന്ദർഭം ലഭിച്ചപ്പോൾ അവിടുന്ന് ഏശയ്യയുടെ പുസ്തകം തുറന്നു. ഇപ്രകാരം എഴുതിയിരിക്കുന്ന ഭാഗം കണ്ടു: "കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. കാരണം, അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു". ഈ ഭാഗം വായിച്ചിട്ട് അവിടെ സന്നിഹിതരായിരുന്നവരോട് അവിടുന്ന് പറഞ്ഞു: "നിങ്ങൾ കേട്ടിരിക്കെ

www.malankaralibrary.com

ത്തന്നെ ഇന്ന് ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു" (cf. ലൂക്ക.4:16-21; ഏശ.61:1 f.) ഇങ്ങനെ, താൻ മിശിഹാ ആണെന്ന്, ദൈവത്തിന്റെ ദാനമായി പരിശുദ്ധാത്മാവ് ആവസിക്കുന്നവനും ആത്മാവിന്റെ പൂർണതയുള്ളവനും ആത്മാവിൽ ദൈവം മനുഷ്യവംശത്തിനു നല്കുന്ന ദാനത്തിന്റെ "പുതിയ തുടക്കത്തെ" അടയാളപ്പെടുത്തുന്നവനും ആണെന്ന് ഏറ്റുപറയുകയും ഉദ്ഘോഷിക്കുകയും ചെയ്തു.

## 5. നസ്രസിലെ യേശു: പരിശുദ്ധാത്മാവിൽ മഹത്ത്വീകൃതൻ

19. യേശു തന്റെ പട്ടണമായ നസ്രസിൽ മിശിഹാ ആയി സ്വീകരിക്കപ്പെട്ടില്ല. എന്നാലും അവിടുത്തെ പരസ്യപ്രവർത്തനങ്ങളുടെ ആരംഭത്തിൽ പരിശുദ്ധാത്മാവിലുള്ള അവിടുത്തെ മിശിഹാപരമായ ദൗത്യത്തെ യോഹന്നാൻമാംദാന ജനങ്ങൾക്കു വെളിപ്പെടുത്തി. സഖറിയായുടെയും എലിസബത്തിന്റെയും മകനായ അദ്ദേഹം പിന്നീട് യോർദ്ദാനിൽവച്ച് മിശിഹായുടെ വരവിനെപ്പറ്റി പ്രവചിക്കുകയും അനുതാപത്തിന്റെ മാമ്മോദീസാ നല്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: "ഞാൻ ജലംകൊണ്ട് നിങ്ങൾക്കു സ്നാനം നല്കുന്നു. എന്നാൽ എന്നേക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവന്റെ ചെരിപ്പിന്റെ കെട്ട് അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നല്കും" (ലൂക്ക.3:16; cf. മത്താ.3:11; മർക്കോ.1:7 f., യോഹ.1:33)

പരിശുദ്ധാത്മാവിൽ "വരുന്ന" ഒരു വ്യക്തിയായിട്ടു മാത്രമല്ല യോഹന്നാൻമാംദാന മിശിഹായെ (ക്രിസ്തുവിനെ)കുറിച്ചു പ്രവചിക്കുന്നത്. പിന്നെയോ, ഊട്ടുശാലയിൽവച്ചു യേശു കൂടുതൽ വ്യക്തമായി വെളിപ്പെടുത്താനിരിക്കുന്നതുപോലെ പരിശുദ്ധാത്മാവിനെ "കൊണ്ടുവരുന്ന" വ്യക്തിയായിട്ടുകൂടി അവിടുത്തെപ്പറ്റി പ്രവചിക്കുന്നു. യോഹന്നാൻ ഇവിടെ ഏശയ്യാ പ്രവാചകന്റെ വാക്കുകൾ വിശ്വസ്തതാപൂർവ്വം പ്രതിധ്വനിപ്പിക്കുകയാണ്. പുരാതനകാലത്തെ ആ പ്രവാചകനെ സംബന്ധിച്ചിടത്തോളം ഭാവിയെക്കുറിച്ചുള്ള വാക്കുകളാണവ. അതേസമയം യോർദ്ദാന്റെ തീരങ്ങളിൽ യോഹന്നാൻ നല്കിയ പ്രബോധനത്തെ സംബന്ധിച്ചിടത്തോളം അവ പുതിയ മിശിഹാപരമായ യാഥാർത്ഥ്യത്തിലേക്കുള്ള നേരിട്ടുള്ള പ്രവേശിപ്പിക്കലാണ്. യോഹന്നാൻ ഒരു പ്രവാചകൻ മാത്രമല്ല, ഒരു സന്ദേശവാഹകനുമാണ്: അദ്ദേഹം ക്രിസ്തുവിന്റെ മുന്നോടിയാണ്. അദ്ദേഹം പ്രവചിക്കുന്നത് എല്ലാവരുടെയും കൺമുമ്പാകെ നിറവേറി. നസ്രസിലെ യേശുവും അനുതാപത്തിന്റെ മാമ്മോദീസാ സ്വീകരിക്കാൻ യോർദ്ദാനിൽ വരുന്നു. അവിടുന്നു വരുന്നതു കണ്ടപ്പോൾ യോഹന്നാൻ ഉദ്ഘോഷിച്ചു: "ഇതാ, ലോകത്തിന്റെ പാപം നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ.1:29). പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിലൂടെയാണ് അദ്ദേഹം ഇതു പറയുന്നത് (cf. യോഹ.1:33 f.) ഏശയ്യയുടെ പ്രവചനത്തിന്റെ പൂർത്തീകരണത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടു

www.malankaralibrary.com

മാണു പറയുന്നത്. അതേസമയം, നസ്രസിലെ യേശുവിനുള്ള രക്ഷാകരദൗ ത്യത്തിൽ തനിക്കുള്ള വിശ്വാസം അദ്ദേഹം ഏറ്റുപറയുകയും ചെയ്യുന്നു. സ്നാപകയോഹന്നാന്റെ നാവിൽ, "ദൈവത്തിന്റെ കുഞ്ഞാട്" എന്ന പ്രയോഗം രക്ഷകനെക്കുറിച്ചുള്ള സത്യത്തിന്റെ പ്രകാശനമാണ്. "കർത്താ വിന്റെ ദാസൻ" എന്ന ഏശയ്യയുടെ പ്രയോഗംപോലെതന്നെ ശ്രദ്ധേയമാണത്.

അങ്ങനെ സ്വന്തം നഗരത്തിലെ ആളുകളാൽ ഉപേക്ഷിക്കപ്പെട്ട നസ്ര സിലെ യേശു യോർദ്ദാനിൽവച്ച് യോഹന്നാൻ നല്കിയ സാക്ഷ്യം മൂലം, ഇസ്രായേലിനു മുമ്പിൽ മിശിഹാ ആയി ഉയർത്തപ്പെട്ടിരിക്കുന്നു. അതായത്, പരിശുദ്ധാത്മാവിനാൽ "അഭിഷിക്തനായി" മഹത്ത്വീകൃതനായിരിക്കുന്നു. ഈ സാക്ഷ്യമാകട്ടെ, ഉയർന്നതോതിലുള്ള മറ്റൊരു സാക്ഷ്യത്താൽ ശക്തമാക്ക പ്പെട്ടുമിരിക്കുന്നു. ആ സാക്ഷ്യം മൂന്നു സമവീക്ഷണസുവിശേഷങ്ങളിലും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്തെന്നാൽ, എല്ലാ ജനങ്ങളും സ്നാനം സ്വീകരി ക്കുകയും സ്നാനം സ്വീകരിച്ച യേശു പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ "സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് ശാരീരികരൂപത്തിൽ ഒരു പ്രാവായി അവന്റെമേൽ ഇറങ്ങിവന്നു" (ലൂക്ക.3:21 f.; cf. മത്താ.3:16; മർക്കോ.1:10). അതേസമയത്ത് "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചി രിക്കുന്നു എന്ന ഒരു സ്വരം സ്വർഗത്തിൽനിന്നു കേൾക്കുകയും ചെയ്തു" (മത്താ.3:17)

ഇത് ത്രിത്വാത്മകദൈവാവിഷ്കരണമാണ്. യോർദ്ദാനിലെ മാമ്മോദീ സായുടെ സന്ദർഭത്തിൽ യേശുവിനുണ്ടായ മഹത്ത്വീകരണത്തിനു സാക്ഷ്യം വഹിക്കുന്നതുമാണ്. ഇത് സ്നാപകയോഹന്നാന്റെ സാക്ഷ്യത്തെ ഉറപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. മിശിഹാ എന്ന നിലയിൽ നസ്രസിലെ യേശുവിനെ സംബന്ധിച്ച സത്യത്തിന്റെ കൂടുതൽ അഗാധമായ മറ്റൊരു മാനം വെളിപ്പെ ടുത്തുകകൂടി ചെയ്യുന്നുണ്ട്: മിശിഹാ പിതാവിന്റെ പ്രേഷ്ഠപുത്രനാണ്. അവി ടുത്തെ ആഘോഷപൂർവകമായ മഹത്ത്വീകരണം "കർത്താവിന്റെ ദാസന്റെ മിശിഹാപരമായ ദൗത്യമായി ചുരുക്കാൻ നിവൃത്തിയില്ല. യോർദ്ദാനിലെ ദൈവാവിഷ്കരണത്തിന്റെ വെളിച്ചത്തിൽ, ഈ മഹത്ത്വീകരണം മിശിഹാ എന്ന വ്യക്തിയുടെ രഹസ്യത്തെത്തന്നെ സ്പർശിക്കുന്നു. അവിടുന്ന് ഉയർത്ത പ്പെട്ടിരിക്കുന്നു. കാരണം, ദൈവം സംപ്രീതനായ പ്രേഷ്ഠപുത്രനാണവിടു ന്ന്. അത്യുന്നതങ്ങളിൽനിന്നുള്ള സ്വരം പറയുന്നു: "എന്റെ പുത്രൻ".

20. യോർദ്ദാനിലെ ദൈവാവിഷ്കരണം, നസ്രസിലെ യേശുവിന്റെ രഹസ്യത്തെ നൈമിഷികമായി വ്യക്തമാക്കുന്നതേയുള്ളു. അവിടുത്തെ പ്രവർത്തനങ്ങൾ മുഴുവനും പരിശുദ്ധാത്മാവിന്റെ സജീവസാന്നിധ്യത്തിൽ നിർവഹിക്കാനുള്ളവയാണ് (cf. St Basil, *De Spiritu Sancto*, XVI, 39: PG 32, 139). ഈ രഹസ്യത്തെ യേശുക്രിസ്തുതന്നെ അവിടുത്തെ ഓരോ പ്രവർത്ത നവും പ്രബോധനവും" (അപ്പ.1:1) വഴി ക്രമേണ വെളിവാക്കുകയും ഉറപ്പി ക്കുകയും ചെയ്യും. ഊട്ടുശാലയിലെ വിടവാങ്ങൽ പ്രഭാഷണത്തിനുമുമ്പ് യേശു നടത്തിയ പ്രബോധനങ്ങളിലും മിശിഹാപരമായ അദ്ഭുതങ്ങളിലും

www.malankaralibrary.com

ക്രമപ്രവൃദ്ധമായ ഈ വെളിപാടിന്റെ സവിശേഷവും സുപ്രധാനവുമായ ഘട്ടങ്ങളെ കുറിക്കുന്ന സംഭവങ്ങളും വാക്കുകളും കണ്ടെത്താവുന്നതാണ്. അങ്ങനെ, "പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവനും" "ആത്മാവിനാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ടവനുമായി" (cf. ലൂക്ക.4:1) യേശുവിനെ അവതരിപ്പിച്ച ലൂക്കാസുവിശേഷകൻ ഒരു സംഭവം വിവരിക്കുന്നു: ഗുരു ഏല്പിച്ച ദൗത്യം പൂർത്തിയാക്കി എഴുപത്തിരണ്ടു ശിഷ്യന്മാർ തിരിച്ചു വന്നു (cf. ലൂക്ക.10:17–20). അവർ സന്തോഷപൂർവ്വം തങ്ങളുടെ അദ്ധ്വാനഫലങ്ങൾ എണ്ണിപ്പറഞ്ഞു. എന്നാൽ "ആ സമയം തന്നെ (യേശു) പരിശുദ്ധാത്മാവിൽ ആനന്ദിച്ച് പറഞ്ഞു: "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ, അങ്ങ് ഇവ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവയ്ക്കുകയും ശിശുക്കൾക്കു വെളിപ്പെടുത്തുകയും ചെയ്തു. അതേ, പിതാവേ, അതായിരുന്നു അവിടുത്തെ അഭീഷ്ടം" (ലൂക്ക.10:21; cf. മത്താ.11:25 f.). യേശു ദൈവത്തിന്റെ പിതൃത്വത്തിൽ സന്തോഷിക്കുന്നു. ഈ പിതൃത്വം വെളിപ്പെടുത്താൻ തന്നെ ഏല്പിച്ചതുകൊണ്ട് അവിടുന്നു സന്തോഷിക്കുന്നു. അവസാനമായി, ഈ ദൈവികപിതൃത്വത്തെ ശിശുക്കളുടെമേൽ സവിശേഷമാംവിധം പ്രവഹിപ്പിച്ചതുകൊണ്ട് അവിടുന്നു സന്തോഷിക്കുന്നു. സുവിശേഷകൻ ഇതെല്ലാം "പരിശുദ്ധാത്മാവിൽ സന്തോഷിക്കലായി" വിവരിക്കുന്നു.

ഈ സന്തോഷിക്കൽ, ഒരർത്ഥത്തിൽ കൂടുതൽ കാര്യങ്ങൾ പറയുവാൻ യേശുവിനെ പ്രേരിപ്പിക്കുന്നുണ്ട്. നാം ഇങ്ങനെ കേൾക്കുന്നു: "എല്ലാ കാര്യങ്ങളും പിതാവ് എന്നെ ഏല്പിച്ചിരിക്കുന്നു. പുത്രൻ ആരാണെന്ന് പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല. പിതാവ് ആരാണെന്ന് പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നുവോ അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല" (ലൂക്ക.10:22; cf. മത്താ.11:27).

21. യോർദ്ദാനിലെ ദൈവാവിഷ്കരണസമയത്ത് വെളിപ്പെടുത്തൽ പുറമെനിന്നാണുണ്ടായത്. ഉന്നതങ്ങളിൽ നിന്നാണു സംഭവിച്ചത്, എന്നു പറയാം. ഇവിടെയാകട്ടെ, ഉള്ളിൽനിന്നാണ്, അതായത് യേശുവിന്റെ വ്യക്തിത്വത്തിന്റെ അഗാധതലങ്ങളിൽനിന്നാണ്, ഉണ്ടാകുന്നത്. പരിശുദ്ധാത്മാവിൽ ഒന്നായിരിക്കുന്ന പിതാവിന്റെയും പുത്രന്റെയും മറ്റൊരു വെളിപ്പെടലാണിത്. ദൈവത്തിന്റെ പിതൃത്വത്തെയും തന്റെ പുത്രത്വത്തെയും കുറിച്ചു മാത്രമേ യേശു സംസാരിക്കുന്നുള്ളൂ. സ്നേഹമായിരിക്കുകയും അതുവഴി പിതാവിന്റെയും പുത്രന്റെയും ഐക്യമായിരിക്കുകയും ചെയ്യുന്ന ആത്മാവിനെപ്പറ്റി നേരിട്ടു സംസാരിക്കുന്നില്ല. എന്നിരുന്നാലും പിതാവിനെയും പുത്രനായ തന്നെയും കുറിച്ചു പറയുന്നത് എന്തോ അത് തന്നിലുള്ള ആത്മാവിന്റെ പൂർണ്ണതയിൽനിന്നു പ്രവഹിക്കുന്നതാണ്. അവിടുത്തെ ഹൃദയത്തെ നിറയ്ക്കുകയും അവിടുത്തെ വ്യക്തിത്വത്തിൽ നിറഞ്ഞിരിക്കുകയും പ്രചോദിപ്പിക്കുകയും അഗാധങ്ങളിൽനിന്നുള്ള പ്രവൃത്തിയെ സജീവമാക്കുകയും ചെയ്യുന്ന ആത്മാവിന്റെ പൂർണ്ണതയിൽനിന്നു നിർഗളിക്കുന്നതാണ്. അതുകൊണ്ടാണ് പരിശുദ്ധാത്മാവിലുള്ള സന്തോഷം ഉണ്ടാകുന്നത്. ക്രിസ്തു

www.malankaralibrary.com

വിനു വ്യക്തമായിട്ട് അറിയാവുന്ന ഒരു ഐക്യമാണ് അവിടുത്തേക്കു പരിശുദ്ധാത്മാവുമായിട്ടുള്ളത്. ആ ഐക്യം "സന്തോഷിക്കലിൽ" വെളിവാക്കപ്പെട്ടിരിക്കുന്നു. ആ "സന്തോഷിക്കൽ" അതിന്റെ നിഗൂഢസ്രോതസ്സിനെ ഒരു പ്രത്യേകരീതിയിൽ "ദൃശ്യ"മാക്കിത്തീർക്കുകയും ചെയ്യുന്നു. അങ്ങനെ മിശിഹാ (ക്രിസ്തു) ആകുന്ന മനുഷ്യപുത്രന് ഉചിതമായ വിധത്തിലുള്ള ഒരു വെളിപ്പെടലും സന്തോഷിക്കലുമുണ്ടായി. അവിടുത്തെ മനുഷ്യത്വം ദൈവപുത്രന്റേതാണ്. ദൈവത്വത്തിൽ പരിശുദ്ധാത്മാവിനോട് ഏകസത്തയായിരിക്കുന്ന ദൈവപുത്രന്റെ വ്യക്തിത്വത്തിന്റേതാണ്.

ദൈവികപിതൃത്വത്തിന്റെ മഹത്തായ ഏറ്റുപറച്ചിലിൽ നസ്രസ്സിലെ യേശു തന്നെത്തന്നെയും തന്റെ ദൈവികവ്യക്തിത്വത്തെയും വെളിപ്പെടുത്തുന്നു. എന്തെന്നാൽ അവിടുന്ന് അതേ സത്തയുടെ പുത്രനാണ്. അതുകൊണ്ട്, പുത്രൻ ആരാണെന്നു പിതാവല്ലാതെ മറ്റാരും അറിയുന്നില്ല. പിതാവ് ആരാണെന്നു പുത്രനല്ലാതെ മറ്റാരും അറിയുന്നില്ല. ഈ പുത്രനാകട്ടെ, "നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി" പരിശുദ്ധാത്മാവിന്റെ ശക്തിയിൽ മനുഷ്യനായിത്തീരുകയും മറിയം എന്നു പേരുള്ള ഒരു കന്യകയിൽനിന്നു ജനിക്കുകയും ചെയ്തവനാണ്.

## 6. ഉത്ഥിതനായ ക്രിസ്തു പറയുന്നു: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ"

22. ഊട്ടുശാലയിലെ പ്രഭാഷണത്തിൽ അടങ്ങിയിരിക്കുന്ന സത്യത്തിലേക്ക് നമ്മെ ഏറ്റവും അധികം അടുപ്പിക്കുന്നത് ലൂക്കാ സുവിശേഷകന്റെ വിവരണമാണ്. പരിശുദ്ധാത്മാവിൽ "ഉയർത്തപ്പെട്ട" നസ്രായനായ യേശു തന്റെ പ്രഭാഷണത്തിലും സംഭാഷണത്തിലും, പരിശുദ്ധാത്മാവിനെ "കൊണ്ടുവരുന്ന" ഒരാളായി തന്നെത്തന്നെ അവതരിപ്പിക്കുന്നു. പരിശുദ്ധാത്മാവിനെ കുരിശിലൂടെയുള്ള തന്റെ വേർപാടിന്റെ ഫലമായി കൊണ്ടുവരുകയും അപ്പസ്തോലന്മാർക്കും സഭയ്ക്കും നല്കുകയും ചെയ്യുന്ന ഒരാളായി തന്നെത്തന്നെ അവതരിപ്പിക്കുന്നു.

"കൊണ്ടുവരുക" എന്ന ക്രിയ ഇവിടെ ഉപയോഗിച്ചിട്ടുള്ളത് ഒന്നാമതായി വെളിപ്പെടുത്തുക എന്ന അർത്ഥത്തിലാണ്. പഴയ നിയമത്തിൽ ഉത്പത്തിപുസ്തകം മുതലുള്ള ഗ്രന്ഥങ്ങളിൽ ദൈവത്തിന്റെ ആത്മാവിനെ ഒരു വിധത്തിൽ വെളിവാക്കിയിട്ടുണ്ട്. ഒന്നാമതായി, ജീവൻ നല്കുന്ന ദൈവത്തിന്റെ "നിശ്വസന"മായി, പ്രകൃത്യതീതമായ ഒരു "സജീവനിശ്വാസ"മായി വെളിപ്പെടുത്തിയിട്ടുണ്ട്. ഏശയ്യയുടെ പുസ്തകത്തിൽ മിശിഹാ എന്ന വ്യക്തിക്കുള്ള "ദാനമായി" അവിടുത്തെ ചിത്രീകരിച്ചിരിക്കുന്നു. "അഭിഷിക്തന്റെ" എല്ലാ രക്ഷാകരപ്രവൃത്തികളെയും ഉള്ളിൽനിന്നു നയിക്കുന്നതിന് വേണ്ടി ഇറങ്ങിവന്ന് അവനിൽ ആവസിക്കുന്ന ഒരാളായി ചിത്രീകരിച്ചിരിക്കുന്നു. യോർദ്ദാൻ നദിയിൽ, ഏശയ്യയുടെ പ്രഘോഷണത്തിനു വസ്തുനിഷ്ഠമായ ഒരു രൂപം നല്കപ്പെട്ടു: പരിശുദ്ധാത്മാവിൽ വരുന്നവനും തന്റെ വ്യക്തിത്വ

www.malankaralibrary.com

ത്തിനുതന്നെയുള്ള ദാനമായി ആ ആത്മാവിനെ കൊണ്ടുവരുന്നവനുമാണ് നസ്രസിലെ യേശു. തന്റെ ഈ മനുഷ്യത്വം വഴി ആ ദാനം വിതരണം ചെയ്യാനാണ് കൊണ്ടുവരുന്നത്: "അവൻ പരിശുദ്ധാത്മാവിൽ നിങ്ങളെ സ്നാനപ്പെടുത്തും" (മത്താ.3:11; ലുക്ക.3:16) ലൂക്കായുടെ സുവിശേഷത്തിൽ പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഈ വെളിപ്പെടുത്തൽ സ്ഥിരീകരിക്കുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തിനും മിശിഹാപരമായ പ്രവർത്തനത്തിനും നേരിട്ടുള്ള ഉറവിടം എന്ന നിലയിൽ അതുകൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു.

ഊട്ടുശാലയിലെ വിടവാങ്ങൽ പ്രഭാഷണത്തിൽ യേശു പറഞ്ഞതിന്റെ വെളിച്ചത്തിൽ പരിശുദ്ധാത്മാവ് നവീനവും കൂടുതൽ പൂർണ്ണവുമായ രീതിയിൽ വെളിവാക്കപ്പെട്ടിരിക്കുന്നു. ഒരു വ്യക്തിക്കുള്ള (മിശിഹാ എന്ന വ്യക്തിക്കുള്ള) ഒരു ദാനം മാത്രമല്ല അവിടുന്ന്. വ്യക്തിയായ ഒരു ദാനമാണ്. സത്യത്തിന്റെ ആത്മാവായിരുന്നുകൊണ്ട് ശ്ലീഹന്മാരെയും സഭയെയും "സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുന്ന" (യോഹ.16:13) മറ്റൊരു സഹായകന്റെ വരവായി പരിശുദ്ധാത്മാവിന്റെ വരവിനെപ്പറ്റി യേശു പ്രവചിച്ചു. പരിശുദ്ധാത്മാവും ക്രിസ്തുവും തമ്മിലുള്ള സവിശേഷമായ ഐക്യം വഴി ഇതു നിവൃത്തിയാകും: "അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ചു നിങ്ങളോടു പ്രഖ്യാപിക്കും" (യോഹ.16:14). ഈ ഐക്യത്തിന്റെ ആദിമസ്രോതസ്സ് പിതാവിലാണ്: "പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. അതുകൊണ്ടാണ് എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞത്" (യോഹ.16:15). പിതാവിൽനിന്നു വരുന്ന പരിശുദ്ധാത്മാവ് പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് (cf. യോഹ.14:26; 15:26) പരിശുദ്ധാത്മാവ് ആദ്യം അയയ്ക്കപ്പെടുന്നത്, മനുഷ്യനായിത്തീർന്ന പുത്രനുള്ള ദാനം എന്ന നിലയിലാണ്.

മിശിഹാപരമായ പ്രവചനങ്ങൾ നിവൃത്തിയാക്കാനാണ് അങ്ങനെ അയയ്ക്കപ്പെടുന്നത്. പുത്രനായ ക്രിസ്തുവിന്റെ "വേർപാടിനു"ശേഷം പുത്രന്റെ പ്രവൃത്തി പൂർത്തിയാക്കാൻ പരിശുദ്ധാത്മാവു നേരിട്ടു "വരും" എന്നു യോഹന്നാന്റെ സുവിശേഷം പറയുന്നു. (ഇത് പരിശുദ്ധാത്മാവിന്റെ പുതിയ ദൗത്യമാണ്) അങ്ങനെ രക്ഷാകരചരിത്രത്തിലെ പുതിയയുഗത്തെ പൂർണതയിൽ എത്തിക്കുന്നത് പരിശുദ്ധാത്മാവായിരിക്കും.

23. പെസഹാസംഭവങ്ങളുടെ പടിവാതുക്കൽ നാം നില്ക്കുന്നു. ദാനമായ ഒരു വ്യക്തി എന്ന നിലയിലുള്ള പരിശുദ്ധാത്മാവിനെ സംബന്ധിച്ച നവീനവും സുനിശ്ചിതവുമായ വെളിപ്പെടുത്തൽ ഈ നിമിഷത്തിൽ പൂർത്തിയാകുന്നു. പെസഹാസംഭവങ്ങളും - ക്രിസ്തുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയും - പരിശുദ്ധാത്മാവിന്റെ പുതിയ വരവിന്റെ സമയം കുടിയാണ്. സഹായകനും സത്യത്തിന്റെ ആത്മാവും എന്ന നിലയിലാണ് അവിടുന്നു വരുന്നത്. ത്രിത്വൈകദൈവം മനുഷ്യവംശത്തോട്, പരിശുദ്ധാത്മാവിൽ രക്ഷകനായ ക്രിസ്തുവിന്റെ പ്രവൃത്തിയിലൂടെ തന്നെത്തന്നെ നല്കുന്നതിന്റെ പുതിയ തുടക്കത്തിന്റെ സമയങ്ങളാണവ. ഈ പുതിയ

www.malankaralibrary.com

തുടക്കം ലോകത്തിന്റെ വീണ്ടെടുപ്പാണ്: "തന്റെ ഏകജാതനെ നല്കാൻ തക്ക വിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ.3:16). പുത്രനെ ദാനം ചെയ്തതുതന്നെ – പുത്രനാകുന്ന ദാനം നല്കിയതുതന്നെ– ദൈവത്തിന്റെ ഏറ്റവും അഗാധമായ സത്തയെ പ്രകാശിപ്പിക്കുന്നു. ദൈവം സ്നേഹമെന്ന നിലയിൽ ദാനം ചെയ്യലിന്റെ അക്ഷയസ്രോതസ്സാണ്. പുത്രനാൽ നല്കപ്പെട്ട ദാനം വെളിപാടിനെയും ശാശ്വതസ്നേഹത്തിന്റെ ദാനത്തെയും പൂർത്തിയാക്കുന്നു. പരിശുദ്ധാത്മാവ് ദൈവത്വത്തിന്റെ അഗ്രാഹ്യമായ ആഴങ്ങളിൽ ഒരു വ്യക്തിയായ ദാനമാണ്. അവിടുന്ന് പുത്രന്റെ പ്രവൃത്തിയിലൂടെ, അതായത്, പെസഹാരഹസ്യം വഴി, ശ്ലീഹന്മാർക്കും സഭയ്ക്കും ഒരു പുതിയ രീതിയിൽ നല്കപ്പെട്ടു. അവരിലൂടെ മനുഷ്യവംശത്തിനും മുഴുവൻ ലോകത്തിനും നല്കപ്പെട്ടു.

24. ഈ രഹസ്യത്തിന്റെ സുനിശ്ചിതമായ ഒരു പ്രകാശനം ഉത്ഥാനദിവസം സംഭവിച്ചു. അന്ന്, പൗലോസ് ശ്ലീഹാ എഴുതുന്നതുപോലെ, "ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ച" നസ്രസ്സിലെ യേശു മരിച്ചവരിൽനിന്നുള്ള ഉത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്ന വിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടു......" (റോമ.1:3 f.). അതുകൊണ്ട്, പരിശുദ്ധാത്മാവിൽ ക്രിസ്തുവിന്റെ മിശിഹാപരമായ "ഉയർത്തൽ" ഉത്ഥാനത്തിൽ അതിന്റെ അത്യുച്ചകോടിയെ പ്രാപിക്കുന്നു എന്നു പറയാം. അതിൽ അവിടുന്നു "പൂർണ്ണശക്തിയുള്ള" ദൈവപുത്രനായും തന്നെത്തന്നെ വെളിപ്പെടുത്തുന്നു. അഗ്രാഹ്യമായ ത്രിത്വാത്മക ഐക്യത്തിൽനിന്ന് ഉറവെടുക്കുന്ന ഈ ശക്തി ഒന്നാമതായി വെളിപ്പെടുന്നത് ഉത്ഥിതനായ ക്രിസ്തു രണ്ടു കാര്യങ്ങൾ ചെയ്യുന്നു എന്നതിലാണ്: ഒന്ന്, "ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും; ഒരു പുതിയ ചൈതന്യം...... എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും" (എസക്കി.36:26 f.; cf. യോഹ.7:37–39; 19:34) എന്നിങ്ങനെയുള്ള പ്രവാചകവചനങ്ങളിലൂടെ ദൈവം പണ്ടേ നടത്തിയ വാഗ്ദാനം അവിടുന്നു പൂർത്തിയാക്കുന്നു. രണ്ട്, "ഞാൻ പോയാൽ അവനെ നിങ്ങളുടെയടുക്കലേക്കു ഞാൻ അയയ്ക്കും" (യോഹ.16:7) എന്നിങ്ങനെ ശ്ലീഹന്മാരോടു നടത്തിയ സ്വന്തം വാഗ്ദാനം അവിടുന്നു പൂർത്തിയാക്കുന്നു. അത് അവിടുന്നാണ്: സത്യത്തിന്റെ ആത്മാവാണ്. ഉത്ഥിതനായ ക്രിസ്തു, ഉത്ഥിതനായ തന്റെ സാദൃശ്യത്തോട് നമ്മെ അനുരൂപരാക്കാൻ വേണ്ടി അയയ്ക്കുന്ന സഹായകനാണ് (St Cyril of Alexandria, *Ioannis Evangelium*, BKV, Ch. II: PG 73, 755).

"ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കേ യേശു വന്ന് അവരുടെ മദ്ധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു. യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: "നിങ്ങൾ

www.malankaralibrary.com

പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ.20:19-22).

യോഹന്നാന്റെ സുവിശേഷത്തിലെ ഈ സുപ്രധാന ഭാഗത്തുള്ള എല്ലാ വിശദാംശങ്ങളും വാഗ്മിത്വമുള്ളവയാണ്. പ്രത്യേകിച്ച്, പെസഹാസംഭവങ്ങളുടെ ആദിയിൽ അതേ ഊട്ടുശാലയിൽവച്ച് പറഞ്ഞ വാക്കുകളുമായി ബന്ധപ്പെടുത്തി നാം വായിച്ചാൽ അവ അങ്ങനെയുള്ളവയായിരിക്കും. ഇപ്പോൾ ഈ സംഭവങ്ങൾ പൂർണതയിലെത്തുന്നു. പിതാവ് അഭിഷേകം ചെയ്ത് ലോകത്തിലേക്കയച്ച യേശുവിന്റെ മൂന്നു വിശുദ്ധ ദിനങ്ങളുടെ ഘട്ടം പൂർണ്ണതയിലെത്തുന്നു. മനുഷ്യപുത്രനും ദൈവത്തിന്റെ കുഞ്ഞാടും എന്ന നിലയിൽ തന്റെ ആത്മാവിനെ കുരിശിൽ വച്ചു സമർപ്പിച്ച (cf. യോഹ.19:30) ക്രിസ്തു ഉത്ഥിതനായി, അപ്പസ്തോലന്മാരുടെയടുക്കലേക്ക്, അവരുടെമേൽ നിശ്വസിക്കാൻ വേണ്ടി പോകുന്നു. റോമാക്കാർക്കുള്ള ലേഖനത്തിൽ പറഞ്ഞിട്ടുള്ള അതേ ശക്തിയോടെയാണ് അവിടുന്ന് പോകുന്നത് (cf. റോമ.1:4) അവിടെ സന്നിഹിതരായിരുന്നവരെ കർത്താവിന്റെ ആഗമനം സന്തോഷംകൊണ്ടു നിറയ്ക്കുന്നു. അവിടുന്നു തന്റെ പീഡാനുഭവത്തിനുമുമ്പ് അവരോടു പറഞ്ഞിരുന്നതുപോലെ തന്നെ: "നിങ്ങളുടെ ദുഃഖം സന്തോഷമായി പകരും" (cf. യോഹ.16:20). സർവ്വോപരി, വിടപറയൽ പ്രഭാഷണത്തിലെ പ്രധാന പ്രവചനം ഇവിടെ നിറവേറി: ഉത്ഥിതനായ ക്രിസ്തു ഒരു പുതിയ സൃഷ്ടി തുടങ്ങുന്നു എന്നതുപോലെ ശ്ലീഹന്മാർക്കു പരിശുദ്ധാത്മാവിനെ "കൊടുക്കുന്നു". അവിടുന്നു തന്റെ "വേർപാടാകുന്ന" വില കൊടുത്ത് പരിശുദ്ധാത്മാവിനെ കൊണ്ടുവന്നു കൊടുക്കുന്നു. കുരിശിൽ തറച്ചപ്പോഴുണ്ടായ മുറിവുകളിലൂടെയെന്നപോലെ ഈ ആത്മാവിനെ കൊണ്ടുവന്നു കൊടുക്കുന്നു: "അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു". ഈ കുരിശിൽ ത്തറയ്ക്കലിന്റെ ശക്തിയാലാണ് അവിടുന്ന് ഇങ്ങനെ പറഞ്ഞത്: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക".

അങ്ങനെ, പുത്രനെ അയയ്ക്കലും പരിശുദ്ധാത്മാവിനെ അയയ്ക്കലും തമ്മിൽ ഉറ്റബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആദിപാപത്തിനുശേഷം കുരിശും ഉത്ഥാനവും കൂടാതെ പരിശുദ്ധാത്മാവിനെ അയയ്ക്കലില്ല: "ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെയടുക്കലേക്കു വരുകയില്ല'' (യോഹ.16:7). രക്ഷാകരകർമ്മത്തിൽ പരിശുദ്ധാത്മാവിനും പുത്രനും ഉള്ള ദൗത്യങ്ങൾ തമ്മിലും ഉറ്റബന്ധം സ്ഥാപിക്കപ്പെടുന്നു. ഒരർത്ഥത്തിൽ പുത്രന്റെ ദൗത്യം രക്ഷാകരകർമ്മത്തിൽ "പൂർണ്ണത" കണ്ടെത്തുന്നു. പരിശുദ്ധാത്മാവിന്റെ ദൗത്യം രക്ഷാകർമ്മത്തിൽനിന്നു 'സ്വീകരിക്കുന്നു'. "അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ചു നിങ്ങളോടു പ്രഖ്യാപിക്കും" (യോഹ.16:15). രക്ഷാകർമ്മം അഭിഷിക്തൻ എന്ന നിലയിൽ പുത്രൻ പൂർണ്ണമായി നിർവഹിച്ചു. അവിടുന്നു പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വരുകയും പ്രവർത്തിക്കുകയും അവസാനം കുരിശിലെ ബലിയിൽ തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു. അതേസമയം ഈ രക്ഷ "മറ്റൊരു സഹായകനായ" പരിശുദ്ധാത്മാവ് മനുഷ്യഹൃദയങ്ങളിലും മനസ്സുകളിലും- ലോകചരിത്രത്തിലും- നിരന്തരം നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

## 7. പരിശുദ്ധാത്മാവും സഭയുടെ യുഗവും

25. "പിതാവ് ഭൂമിയിൽ പുത്രനെ ഏല്പിച്ച ജോലി പൂർത്തിയായപ്പോൾ (cf. യോഹ.17:4). സഭയെ എന്നേക്കുമായി വിശുദ്ധീകരിക്കാൻ, പന്തക്കുസ്താദിവസം പരിശുദ്ധാത്മാവ് അയയ്ക്കപ്പെട്ടു. ക്രിസ്തുവിലൂടെ ഒരേ ആത്മാവിൽ വിശ്വാസികൾക്കു പിതാവിനെ സമീപിക്കാൻ കഴിയുന്നതിനാണത് (cf. എഫേ.2:18). അവിടുന്നു ജീവന്റെ ആത്മാവാണ്. നിത്യജീവനിലേക്കു നിർഗളിക്കുന്ന ഉറവയാണ് (cf. യോഹ.4:14; 7:38 ff). പാപം വഴി മരിച്ചവർക്ക്, അവരുടെ മൃതശരീരങ്ങളെ ക്രിസ്തുവിൽ അവിടുന്ന് ഉയിർപ്പിക്കുന്നതുവരെ, പിതാവ് ആരിലൂടെ ജീവൻ പുനഃസ്ഥാപിക്കുന്നുവോ ആ വ്യക്തിയാണ് (cf. റോമാ.8:10 ff)" (Second Vatican Council, Dogmatic Constitution on the Church *Lumen Gentium*, 4)

ഇങ്ങനെ, പന്തക്കുസ്താദിവസം സഭ ജനിച്ചതിനെ സംബന്ധിച്ചു രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു. ഉയിർപ്പു ദിവസം അതേ ഊട്ടുശാലയിൽ നടന്നതിന്റെ സുനിശ്ചിതമായ ഒരു വെളിപ്പെടുത്തലാണ് ഈ സംഭവം. ഉത്ഥിതനായ ക്രിസ്തു വരുകയും അപ്പസ്തോലന്മാർക്ക് പരിശുദ്ധാത്മാവിനെ "കൊണ്ടുവന്നു കൊടുക്കുകയും" ചെയ്തു. "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക" എന്നു പറഞ്ഞുകൊണ്ട് അവിടുന്നു പരിശുദ്ധാത്മാവിനെ നല്കി. കതകുകൾ അടച്ചിരിക്കേ ഊട്ടുശാലയുടെ ഉള്ളിൽവച്ച് അപ്പോൾ സംഭവിച്ചത്, പിന്നീട് പന്തക്കുസ്താദിവസം പുറത്തും പരസ്യമായി വെളിവാക്കപ്പെട്ടു. ഊട്ടുശാലയുടെ കതകുകൾ തുറക്കപ്പെട്ടു. ജറുസലെം നിവാസികളുടെയും മഹോത്സവത്തിനായി ജറുസലെമിൽ വന്നുചേർന്ന തീർത്ഥാടകരുടെയും അടുക്കലേക്ക് അപ്പസ്തോലന്മാർ പോയി. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനാണ് അവർ പോയത്. അങ്ങനെ പ്രവചനം സാക്ഷാത്കൃതമായി: "അവൻ എന്നെക്കുറിച്ചു സാക്ഷ്യം നല്കും. ആരംഭം മുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നല്കും" (യോഹ.15:26 f.).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മറ്റൊരു പ്രമാണരേഖയിൽ നാം ഇങ്ങനെ വായിക്കുന്നു: "ക്രിസ്തു മഹത്ത്വീകൃതനാകുന്നതിനുമുമ്പ്, തീർച്ചയായും, പരിശുദ്ധാത്മാവു ലോകത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ പന്തക്കുസ്താദിവസത്തിൽ ശിഷ്യന്മാരോടൊത്ത് എന്നേക്കുമായി വസിക്കാൻ അവിടുന്ന് ഇറങ്ങി വന്നു. അന്ന് സഭ ജനക്കൂട്ടത്തിന്റെ മുമ്പിൽ പരസ്യമായി അവതരിപ്പിക്കപ്പെട്ടു. പ്രഘോഷണംമൂലം ജനതകളുടെയിടയിൽ സുവിശേഷം പ്രചരിക്കാൻ തുടങ്ങുകയും ചെയ്തു" (Decree on the Church's Missionary Activity *Ad Gentes*, 4).

ജറുസലേമിൽ, കർത്താവിന്റെ അമ്മയായ മറിയത്തോടൊപ്പം ഊട്ടുശാലയിൽ സമ്മേളിച്ചിരുന്ന അപ്പസ്തോലന്മാരുടെയടുക്കലേക്കുള്ള പരിശുദ്ധാത്മാവിന്റെ വരവോടെ, അതായത് അവിടുത്തെ അവരോഹണത്തോടെ, സഭയുടെ യുഗം ആരംഭിച്ചു (cf. അപ്പ.1:14)

www.malankaralibrary.com

സത്യാത്മാവായ സഹായകനെ വ്യക്തമായി പരാമർശിക്കുന്ന വാഗ്ദാനങ്ങളും പ്രവചനങ്ങളും അപ്പസ്തോലന്മാരുടെമേൽ പൂർണ്ണശക്തിയോടും വ്യക്തതയോടുംകൂടെ പൂർത്തിയാകാൻ തുടങ്ങുകയും അങ്ങനെ സഭയുടെ ജനനം നിശ്ചയിക്കപ്പെടുകയും ചെയ്ത നിമിഷത്തിൽ സഭയുടെ കാലം തുടങ്ങി. അപ്പസ്തോലപ്രവർത്തനങ്ങളുടെ ഗ്രന്ഥം ഇതിനെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. കർത്താവിന്റെ വേർപാടിനുശേഷം തങ്ങൾ അനാഥരായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു വിചാരിച്ച് അത്യധികം ദുഃഖിച്ചവരുടേതായ ആദിമസമൂഹത്തിന്റെ മനസ്സുകളിൽ പരിശുദ്ധാത്മാവ് അദൃശ്യമായ നേതൃത്വം ഏറ്റെടുത്തുവെന്ന് പല ഭാഗങ്ങളിലും പറയുന്നുണ്ട്. ആ സമൂഹത്തിന്റെ അവബോധങ്ങളെ ലൂക്കാസുവിശേഷകൻ വെളിവാക്കുന്നുണ്ട്. അവിടുന്ന് ഏറ്റെടുത്ത നേതൃത്വം ഒരു പ്രത്യേകതരത്തിൽ ദൃശ്യമായിരുന്നു. ആത്മാവിന്റെ വരവോടെ, തങ്ങളെ ഭരമേല്പിച്ച ദൗത്യം നിർവഹിക്കാൻ തങ്ങൾക്കു കഴിയുമെന്ന് അവർക്കു തോന്നി. തങ്ങൾ ശക്തി നിറഞ്ഞവരാണെന്ന് അവർക്കു തോന്നി. ഇതുതന്നെയാണു പരിശുദ്ധാത്മാവ് അവരിൽ നടത്തിയ പ്രവർത്തനം. അവരുടെ പിൻഗാമികൾവഴി ഈ പ്രവർത്തനം സഭയിൽ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്തെന്നാൽ അപ്പസ്തോലന്മാർ കൈവയ്പുവഴി തങ്ങളുടെ സഹപ്രവർത്തകർക്കു നല്കിയ പരിശുദ്ധാത്മാവിന്റെ കൃപാവരം മെത്രാൻപട്ടാഭിഷേകത്തിൽ തുടർന്നും കൈമാറപ്പെടുന്നു. മെത്രാന്മാർ തിരുപ്പട്ട ശുശ്രൂഷയിലൂടെ, വിശുദ്ധ ശുശ്രൂഷകരെ ഈ ആധ്യാത്മികദാനത്തിന്റെ പങ്കുകാരാക്കുന്നു. ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിച്ചവർ ഈ ദാനത്താൽ ശക്തരാക്കപ്പെടുന്നുവെന്ന് സ്ഥൈര്യലേപനകൂദാശയിലൂടെ ഉറപ്പു വരുത്തുന്നു. അങ്ങനെ ഒരു പ്രത്യേകരീതിയിൽ, പന്തക്കുസ്തയുടെ കൃപാവരം സഭയിൽ ശാശ്വതമാക്കപ്പെടുന്നു.

രണ്ടാം വത്തിക്കാൻസൂനഹദോസ് എഴുതുന്നതുപോലെ "പരിശുദ്ധാത്മാവ് ഒരാലയത്തിലെന്നപോലെ തിരുസ്സഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും കുടികൊള്ളുന്നു" (cf 1കോറി.3:16; 6:19). അവരിൽ അവിടുന്നു പ്രാർത്ഥിക്കുകയും അവർ ദത്തുസന്തതികളാണെന്ന വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു (cf ഗലാ.4:6; റോമാ.8:15–6, 26). ആത്മാവു സഭയെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുന്നു (cf യോഹ.16:13). സഹവർത്തിത്വത്തിന്റെയയും സേവനത്തിന്റെയും ഒരൈക്യം അവൾക്കു നല്കുകയും ചെയ്യുന്നു. ഹൈരാർക്കിപരവും സിദ്ധിപരവുമായ വിവിധവരങ്ങൾ നല്കി അവളെ നയിക്കുന്നു. തന്റെ കൃപാവരത്തിന്റെ ഫലങ്ങൾകൊണ്ട് അവളെ അലങ്കരിക്കുകയും ചെയ്യുന്നു (cf എഫേ.4:11–12; 1കോറി.12:4; ഗലാ.5:22). സുവിശേഷത്തിന്റെ ശക്തിയാൽ അവിടുന്നു സഭയെ വളർത്തുന്നു. നിരന്തരം നവീകരിക്കുന്നു. അവളുടെ മണവാളനുമായുള്ള പൂർണ്ണമായ ഐക്യത്തിലേക്ക് അവളെ നയിക്കുകയും ചെയ്യുന്നു" (Dogmatic Constitution on the Church *Lumen Gentium*, 4. There is a whole Patristic and theoligical tradition concerning the intimate union between the Holy Spirit and the Church, a union

www.malankaralibrary.com

presented sometimes as analogous to the relation between the soul and the body in man: cf St Irenaeus, *Adversus Haereses*, III, 24, 1: SC 211, pp.470-474; St Augustine, *Sermo* 267, 4, 4: PL 38, 1231; *Sermo* 268, 2: PL 38, 1232; *In Ioannis Evangelium Tractatus* XXV, 13; XXVII, 6: CCL 36, 266, 272 f.; St Gregory the Great, *In Septem Psalmos Poenitentiales exposito, Psal.* V, 1: PL 79, 602; Didymus the Blind, *De Trinitate*, II, 1: PG 39, 449 f.; St Athanasius, *Oratio III contra Arianos*, 22,23,24: PG 26, 368 f., 372 f., St John Chrysostom, *In Epistolam ad Ephesios*, Homily IX, 3: PG 62, 72 f. St Thomas Aquinas has synthesized the preceding Patristic and theological tradition, presenting the Holy Spirit as the "heart" and the "soul" of the Church; cf. *Summa Theol.*, III q. 8, a. 1 ad 3; *In Symbolum Apostolorum Expositio*, a. IX; *In Tertium Librum Sententiarum,* Dist. XIII, q.2, a. 2, Quaestiuncula 3.).

26. പരിശുദ്ധാത്മാവിന്റെ വരവോടെ സഭയുടെ യുഗം ആരംഭിച്ചുവെന്ന് വത്തിക്കാൻ കൗൺസിലിന്റെ ലൂമെൻ ജെൻസിയും ("തിരുസ്സഭ") എന്ന പ്രമാണരേഖയിൽനിന്ന് ഉദ്ധരിച്ചിട്ടുള്ള ഈ ഭാഗങ്ങൾ വ്യക്തമാക്കുന്നു. ഈ യുഗം, സഭയുടെ ഈ യുഗം, തുടരുന്നുവെന്നും അവ പറയുന്നു. അതു നൂറ്റാണ്ടുകളിലൂടെ, തലമുറകളിലൂടെ തുടരുന്നു. നമ്മുടെ നൂറ്റാണ്ടിൽ, ക്രിസ്തുവിനുശേഷമുള്ള രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലെത്തിയിരിക്കുന്ന ഈ കാലത്ത്, നമ്മുടെ നൂറ്റാണ്ടിലെ സൂനഹദോസായ രണ്ടാം വത്തിക്കാൻ സൂനഹദോസിൽ ഈ യുഗം സവിശേഷമാംവിധത്തിൽ പ്രകാശിതമായി. എന്തെന്നാൽ ആ സൂനഹദോസ് സവിശേഷമാം വിധം "സഭാവിജ്ഞാനീയപരമായ" ഒന്നാണെന്നു നമുക്കറിയാം. സഭ എന്ന പ്രമേയത്തെ സംബന്ധിച്ച സൂനഹദോസാണത്. അതേസമയം ഈ സൂനഹദോസിന്റെ പ്രബോധനം സത്താപരമായി "റൂഹാവിജ്ഞാനീയ"പരമാണ്. സഭയുടെ ആത്മാവെന്ന നിലയിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സത്യത്താൽ അതു നിറഞ്ഞിരിക്കുന്നു. രക്ഷാചരിത്രത്തിന്റെ ഇന്നത്തെ ഘട്ടത്തെ സംബന്ധിച്ച് "ആത്മാവ് സഭകളോടു പറയുന്നതെല്ലാം" (cf. വെളി.2:29;3:6,13,22) രണ്ടാം വത്തിക്കാൻ സൂനഹദോസിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്നു നമുക്കു പറയാം.

സത്യാത്മാവിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ചും അവിടുത്തോടുചേർന്നു സാക്ഷ്യം വഹിച്ചും, സഹായകനായ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെ സൂനഹദോസ് സവിശേഷമാം വിധം ഉറപ്പിച്ചു പറഞ്ഞു.സവിശേഷമായ ഒരർത്ഥത്തിൽ, പ്രയാസം നിറഞ്ഞ നമ്മുടെ കാലഘട്ടത്തിൽ സൂനഹദോസ് പരിശുദ്ധാത്മാവിനെ പുതുതായി "സന്നിഹിതനാക്കി". ഈ അവബോധത്തിന്റെ വെളിച്ചത്തിൽ, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങൾ അജപാലനപരവും സഭൈക്യപരവുമായ അതിന്റെ ശക്തി എന്നിവ പ്രയോഗത്തിലാക്കുവാനുള്ള എല്ലാ സംരംഭങ്ങളും എത്രമാത്രം പ്രധാനപ്പെട്ടതാണെന്നു നമുക്കു വ്യക്തമായി മനസ്സിലാകും. ഈ അർത്ഥത്തിൽ സൂനഹദോസിനെ തുടർന്നുണ്ടാകുന്ന മെത്രാന്മാരുടെ സിനഡിന്റെ സമ്മേളനങ്ങളെ ശ്രദ്ധാപൂർവ്വം പഠിക്കുകയും വിലയിരുത്തുകയും വേണം. പരിശു

www.malankaralibrary.com

ദ്ധാത്മാവിന്റെ യഥാർത്ഥഫലങ്ങളായ സത്യത്തിന്റെയും സ്നേഹത്തിന്റെയും ഫലങ്ങൾ, നുറ്റാണ്ടുകളിലൂടെ ഭൗതികതീർത്ഥാടനം നടത്തുന്ന ദൈവജനത്തിന് ഉറപ്പുവരുത്തുക എന്നതാണല്ലോ അവയുടെ ലക്ഷ്യം. സുനഹദോസിൽ വർഷിക്കപ്പെട്ട ആത്മാവിന്റെ രക്ഷാകരഫലങ്ങളെ പരിശോധിക്കുവാനും ഒന്നിച്ചുകൊണ്ടുവരുവാനും വേണ്ടി സഭ ചെയ്യുന്ന ഈ ജോലി അനുപേക്ഷണീയമായ ഒന്നാണ്. ഈ ലക്ഷ്യം സാധിക്കാൻ യഥാർത്ഥത്തിൽ "ഈ ലോകത്തിന്റെ അധികാരി"യിൽനിന്നു വരുന്ന (cf. യോഹ.12:31; 14:30; 16:11) എല്ലാറ്റിൽനിന്നും ശ്രദ്ധാപൂർവ്വം അവയെ തിരിച്ചറിയേണ്ടത് എങ്ങനെയെന്നു നാം പഠിക്കണം. ഗാവുദിയും ഏത്ത് സ്പെസ് ("സഭ ആധുനികലോകത്തിൽ"), ലുമെൻ ജെൻസിയും ("തിരുസ്സഭ") എന്നീ സുപ്രധാന പ്രമാണരേഖകളിൽനിന്നു വ്യക്തമാകുന്നതുപോലെ, സൂനഹദോസ് സമകാലീനലോകത്തിനു തന്നെത്തന്നെ വ്യാപകമായ തോതിൽ തുറന്നുകൊടുത്തു. ഈ വസ്തുതയുടെ വെളിച്ചത്തിൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിൽ മുൻപറഞ്ഞ തിരിച്ചറിയൽ ഏറെ ആവശ്യമാണ്.

അജപാലനപരമായ പ്രമാണരേഖകളിൽ നാം ഇങ്ങനെ വായിക്കുന്നു: "എന്തെന്നാൽ അവരുടെ (ക്രിസ്തുശിഷ്യന്മാരുടെ) സമൂഹം മനുഷ്യസമൂഹമാണ്. ക്രിസ്തുവിൽ ഐക്യപ്പെട്ട് പിതൃരാജ്യത്തേക്കുള്ള അവരുടെ യാത്രയിൽ പരിശുദ്ധാത്മാവിനാൽ അവർ നയിക്കപ്പെട്ടിരിക്കുന്നു. സകലമനുഷ്യർക്കുമായുള്ള രക്ഷയുടെ വാർത്തയെ അവർ സ്വാഗതം ചെയ്തിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഈസമൂഹം മനുഷ്യവംശത്തോടും അതിന്റെ ചരിത്രത്തോടും യഥാർത്ഥമായും അവഗാഢമായും ബന്ധപ്പെട്ടതായി അവർക്കു തോന്നുന്നത്" (Pastoral Constitution on the Church in the Modern World *Gaudium et Spes*, 1) ലോകം നല്കുന്നവയിൽ ഒരിക്കലും പൂർണ്ണസംതൃപ്തി കാണാത്ത മനുഷ്യഹൃദയത്തിന്റെ അഗാധങ്ങളായ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്താൻ, താൻ സേവിക്കുന്ന ദൈവത്തിനു മാത്രമേ കഴിയൂ എന്നു സഭയ്ക്ക് യഥാർത്ഥത്തിൽ അറിയാം" (Ibid., 41) ദൈവത്തിന്റെ ആത്മാവ് വിസ്മയനീയമായ കരുതലോടെ, സമയത്തിന്റെ ഗതിയെ നിയന്ത്രിക്കുന്നു; ഭൂമുഖം നവീകരിക്കുകയും ചെയ്യുന്നു" (Ibid., 26).

www.malankaralibrary.com

# II

# പാപത്തെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുന്ന ആത്മാവ്

## 1. പാപം, നീതി, ന്യായവിധി.

27. ഊട്ടുശാലയിലെ പ്രഭാഷണത്തിൽ തന്റെ വേർപാടിന്റെ "ചെലവിൽ" പരിശുദ്ധാത്മാവുവരും എന്നു യേശു പ്രവചിച്ചു. "അവനെ ഞാൻ നിങ്ങളുടെയടുക്കലേക്ക് അയയ്ക്കും" എന്നു വാഗ്ദാനം നടത്തുകയും ചെയ്തു. അതേ സാഹചര്യത്തിൽ അവിടുന്ന് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും" (യോഹ.16:7 f.) "പഠിപ്പിക്കും", "ഓർമ്മിപ്പിക്കും", "സാക്ഷ്യം വഹിക്കും", "സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" എന്നിങ്ങനെ ആരെപ്പറ്റി പ്രവചിച്ചിരിക്കുന്നുവോ സഹായകനും സത്യാത്മാവുമായ ആ പരിശുദ്ധാത്മാവ്, "പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും" എന്ന് ഇപ്പോൾ ഇവിടെ ഉദ്ധരിച്ച വാക്കുകളിലൂടെ പ്രവചിക്കപ്പെട്ടിരിക്കുന്നു.

ഇതിന്റെ സാഹചര്യവും പ്രധാനപ്പെട്ടതാണെന്നു തോന്നുന്നു. യേശു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഈ പ്രവചനത്തെ കുരിശുവഴിയുള്ള തന്റെ വേർപാടിനെ സൂചിപ്പിക്കുന്ന വാക്കുകളുമായി കൂട്ടിച്ചേർക്കുന്നു. യഥാർത്ഥത്തിൽ തന്റെ ഈ വേർപാട് ആവശ്യമാണെന്ന് ഊന്നിപ്പറയുകയും ചെയ്യുന്നു: "നിങ്ങളുടെ നന്മയ്ക്ക് വേണ്ടിയാണു ഞാൻ പോകുന്നത്. ഞാൻ പോകുന്നി

www.malankaralibrary.com

ല്ലെങ്കിൽ സഹായകൻ നിങ്ങളുടെയടുക്കലേക്കു വരുകയില്ല" (യോഹ.16:7).

എന്നാൽ പാപം, നീതി, ന്യായവിധി എന്നീ മൂന്നു വാക്കുകൾക്കു യേശുതന്നെ നല്കുന്ന വിശദീകരണമാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. എന്തെന്നാൽ അവിടുന്ന് ഇങ്ങനെ പറയുന്നു: "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും - അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും" (യോഹ.16:8-11). പാപം, നീതി, ന്യായവിധി എന്നിവയ്ക്ക് യേശുവിന്റെ മനസ്സിൽ വളരെ കൃത്യമായ അർത്ഥമുണ്ട്. ആ വാക്കുകൾ പറഞ്ഞവൻ നല്കുന്ന വിശദീകരണത്തെ ആശ്രയിക്കാതെ ആ വാക്കുകളിൽ ആരോപിക്കാൻ തോന്നുന്ന അർത്ഥത്തിൽനിന്നു വ്യത്യസ്തമാണത്. പരിശുദ്ധാത്മാവിന്റെ സ്വകീയ പ്രവർത്തനമായ "ലോകത്തെ ബോധ്യപ്പെടുത്തൽ" എന്നതിന്റെ അർത്ഥം എങ്ങനെ മനസ്സിലാക്കണമെന്നും ഈ വിശദീകരണം സൂചിപ്പിക്കുന്നു. ഓരോ വാക്കിന്റെയും അർത്ഥവും അവയെ ഒരേ പ്രയോഗത്തിൽ യേശു കൂട്ടിച്ചേർത്തിരിക്കുന്നു എന്നതും ഇവിടെ പ്രാധാന്യമർഹിക്കുന്നു.

ഈ വചനത്തിൽ "പാപം" എന്നതിന്, യേശു "തന്റെ ജനത്തിന്റെ" ഇടയിൽ കണ്ടുമുട്ടിയ വിശ്വാസമില്ലായ്മ എന്നാണർത്ഥം. നസ്രസ് പട്ടണത്തിലെ തന്റെ സ്വന്തം ജനത്തിനിടയിൽ കണ്ടുതുടങ്ങിയതാണത്. പാപത്തിന്റെ അർത്ഥം അവിടുത്തെ ദൗത്യത്തെ പരിത്യജിക്കൽ എന്നാണ്. മരണത്തിന് അവിടുത്തെ ഏല്പിച്ചുകൊടുക്കാൻ ജനങ്ങളെ പ്രേരിപ്പിച്ച ഒരു പരിത്യജിക്കലാണത്. പിന്നീട് അവിടുന്നു നീതിയെപ്പറ്റി പറയുന്നു. പിതാവ് അവിടുത്തേക്ക് ഉത്ഥാനത്തിന്റെയും സ്വർഗാരോഹണത്തിന്റെയും മഹത്ത്വം നല്കുമ്പോൾ അവിടുത്തേക്കു പുനഃസ്ഥാപിച്ചുകൊടുക്കുന്ന സുനിശ്ചിതമായ നീതിയെയാണ് അവിടുന്ന് ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു: "ഞാൻ പിതാവിങ്കലേക്കു പോകുന്നു". പാപം, നീതി, എന്നിവയെ ഇപ്രകാരം മനസ്സിലാക്കി, ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ന്യായവിധിയുടെ അർത്ഥം മനസ്സിലാകും. യേശുവിനെ കുരിശുമരണത്തിനു വിധിക്കുന്നതിൽ ലോകം ചെയ്ത തെറ്റ് സത്യത്തിന്റെ ആത്മാവു കാണിച്ചുകൊടുക്കും എന്നാണ് അതിന്റെ അർത്ഥം. എന്നിരുന്നാലും, യേശുലോകത്തിലേയ്ക്കു വന്നത്, ലോകത്തെ വിധിക്കുവാനും ശപിച്ചുതള്ളാനും മാത്രമല്ല: അതിനെ രക്ഷിക്കാൻ അവിടുന്നു വന്നു (cf യോഹ.3:17; 12:47). പാപത്തെയും നീതിയെയുംകുറിച്ചു ബോധ്യപ്പെടുത്തുന്നതിന്റെ ലക്ഷ്യം ലോകത്തിന്റെ രക്ഷയാണ്, മനുഷ്യരുടെ രക്ഷയാണ്. "ലോകത്തിന്റെ അധികാരിയെ", സാത്താനെ, മാത്രം സംബന്ധിച്ചുള്ളതാണ് "ന്യായവിധി" എന്ന പ്രസ്താവനയിൽ ഈ സത്യമാണ് ഊന്നിപ്പറയപ്പെടുന്നതെന്നു തോന്നുന്നു. സാത്താൻ ആരംഭം മുതൽ രക്ഷ

www.malankaralibrary.com

യ്ക്കെതിരേ സൃഷ്ടിയെ ചൂഷണം ചെയ്യുന്നവനാണ്. ഉടമ്പടിക്കെതിരായും മനുഷ്യനു ദൈവവുമായുള്ള ഐക്യത്തിനെതിരായും പ്രവർത്തിക്കുന്നവനാണ്: അവൻ തുടക്കത്തിലെ "വിധിക്കപ്പെട്ടു". ആത്മാവാകുന്ന സഹായകൻ ലോകത്തെ ന്യായവിധിയെപ്പറ്റി ബോധ്യപ്പെടുത്തുമെന്നതിൽ അത് ലോകത്തിൽ ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തി തുടരുന്നതിനാണ്.

28. ഇവിടെ, ഒന്നാമതായി പാപത്തെക്കുറിച്ചു ലോകത്തെ ബോധ്യപ്പെടുത്തുക എന്ന പരിശുദ്ധാത്മാവിന്റെ ദൗത്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നാം ആഗ്രഹിക്കുന്നു. എന്നാൽ അതേസമയം, യേശു ഊട്ടുശാലയിൽവച്ചു പറഞ്ഞ വാക്കുകളുടെ പൊതുപശ്ചാത്തലത്തെ മാനിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ലോകത്തിന്റെ രക്ഷാപ്രവർത്തനം പുത്രനിൽനിന്ന് ഏറ്റെടുക്കുന്ന പരിശുദ്ധാത്മാവ് ആ പ്രവൃത്തിയാൽത്തന്നെ 'പാപത്തെക്കുറിച്ചുള്ള" രക്ഷാകരമായ "ബോധ്യപ്പെടുത്തൽ" എന്ന ധർമ്മവും ഏറ്റെടുക്കുന്നു. ഈ ബോധ്യപ്പെടുത്തൽ എപ്പോഴും നീതിയോടു ബന്ധപ്പെടുത്തിയാണ് നടത്തുന്നത്. അതായത്, ദൈവത്തിലുള്ള സുനിശ്ചിതമായ രക്ഷയോട്, ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തു കേന്ദ്രമായിട്ടുള്ള പദ്ധതിയുടെ പൂർത്തീകരണത്തോട്, ബന്ധപ്പെടുത്തിയാണു നടത്തുന്നത്. ദൈവത്തിന്റെ ഈ രക്ഷാകരപദ്ധതി ഒരർത്ഥത്തിൽ, ന്യായവിധിയിൽനിന്നു മനുഷ്യനെ മാറ്റി നിറുത്തുന്നു. അതായത്, "ലോകത്തിന്റെ അധികാരിയായ" സാത്താന്റെ പാപത്തെക്കുറിച്ചുണ്ടായ ശിക്ഷാവിധിയിൽനിന്നു മാറ്റുന്നു. സാത്താൻ പാപം മൂലം "അന്ധകാരത്തിന്റെ ഈ ലോകത്തിലെ അധികാരി"യായവനാണ് (cf. എഫേ.6:12). ന്യായവിധിയെപ്പറ്റിയുള്ള ഈ പരാമർശത്തിലൂടെ പാപത്തെയും ന്യായവിധിയെയും കുറിച്ചു മനസ്സിലാക്കാൻ വിപുലമായ ചക്രവാളങ്ങൾ തുറന്നു വരുന്നതായി ഇവിടെ നാം കാണുന്നു. രക്ഷാകരപദ്ധതിയിൽ ("Sin saved") പരിശുദ്ധാത്മാവ് പാപത്തെ മിശിഹായുടെ കുരിശിന്റെ പശ്ചാത്തലത്തിൽ കാണിച്ചുതരുന്നു. അങ്ങനെ ചെയ്തുകൊണ്ട്, ന്യായവിധിക്കു സുനിശ്ചിതമായി വിധേയമാക്കിയ പാപത്തെപ്പറ്റി, ("Sin condemned") ബോധ്യപ്പെടുത്തുക എന്നതും അവിടുത്തെ ദൗത്യമായിരിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാൻ അവിടുന്നു നമ്മെ കഴിവുള്ളവരാക്കുന്നു.

29. രക്ഷകൻ തന്റെ പീഡാസഹനത്തിന്റെ തലേരാത്രിയിൽ ഊട്ടുശാലയിൽവച്ചു പറഞ്ഞ എല്ലാ വാക്കുകളും സഭയുടെ യുഗത്തിന്റെഭാഗമായിത്തീരുന്നു. ഒന്നാമതായി, 'സഹായകനും സത്യത്തിന്റെ ആത്മാവും' എന്നിങ്ങനെ പരിശുദ്ധാത്മാവിനെപ്പറ്റി പറഞ്ഞ വാക്കുകൾ. ഈ വാക്കുകൾ നിത്യനൂതനമായ രീതിയിൽ, ഓരോതലമുറയിലും ഓരോ നൂറ്റാണ്ടിലും അതിന്റെ ഭാഗമായിത്തീരുന്നു. നമ്മുടെ നൂറ്റാണ്ടിനെ സംബന്ധിച്ചിടത്തോളം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മുഴുവൻ പ്രബോധനത്താലും, പ്രത്യേകിച്ച് 'ഗാവുദിയും ഏത്ത് സ്പെസ്' ("സഭ ആധുനികലോകത്തിൽ") എന്ന അജപാലനപ്രമാണരേഖയിലെ പ്രബോധനത്താലും ഇതു സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. വിടപറയൽ പ്രഭാഷണത്തിൽ ക്രിസ്തു അപ്പസ്തോലന്മാരോടും

www.malankaralibrary.com

സഭയോടും നടത്തിയ പ്രവചനങ്ങളുടെയും വാഗ്ദാനങ്ങളുടെയും യഥാർത്ഥ നിക്ഷേപാലയമായിട്ട്, സത്യാത്മാവിന്റെ പ്രകാശത്തിലേക്കുതന്നെത്തന്നെ തുറന്ന കൗൺസിലിനെ കാണുന്നുവെന്ന് പ്രസ്തുത പ്രമാണരേഖയിലെ പല ഭാഗങ്ങളും വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവ് "പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും" എന്ന പ്രവചനങ്ങളുടെ നിക്ഷേപാലയമെന്ന നിലയിൽ സവിശേഷമാംവിധം അതിനെ കാണുന്നുവെന്ന് അവ വ്യക്തമാക്കുന്നു.

"ലോകത്തെ" എങ്ങനെ മനസ്സിലാക്കുന്നു എന്ന് കൗൺസിൽ പറയുന്ന ഭാഗത്ത് അക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്: മാനവലോകത്തിലും മനുഷ്യകുടുംബം മുഴുവനിലും കൗൺസിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. മനുഷ്യകുടുംബം ജീവിക്കുന്നത് ഏതു യാഥാർത്ഥ്യങ്ങളുടെ മധ്യത്തിലാണോ ആ യാഥാർത്ഥ്യങ്ങളുടെ ആകത്തുകയിലും ശ്രദ്ധകേന്ദ്രീകരിക്കുന്നു. മനുഷ്യചരിത്രത്തിന്റെ അരങ്ങായിരിക്കുകയും, മനുഷ്യപ്രയത്നങ്ങളുടെയും ജയാപജയങ്ങളുടെയും മുദ്രവഹിക്കുകയും ചെയ്യുന്ന ലോകത്തെ അതു നോക്കിക്കാണുന്നു. സ്രഷ്ടാവിന്റെ സ്നേഹത്താൽ സൃഷ്ടിക്കപ്പെടുകയും താങ്ങിനിറുത്തപ്പെടുകയും യഥാർത്ഥത്തിൽ പാപബന്ധനത്തിൽ അകപ്പെട്ടുവെങ്കിലും ഇപ്പോൾ ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെടുകയും ചെയ്തതായി ക്രൈസ്തവൻ കാണുന്ന ലോകത്തെത്തന്നെ. വ്യക്തിത്വം പൂണ്ട തിന്മയുടെ കോട്ടയെ തകർക്കുവാൻ ക്രിസ്തുക്രൂശിതനാവുകയും ഉത്ഥിതനാവുകയും ചെയ്തു. ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി ലോകത്തെ പുതുതായി രൂപപ്പെടുത്താനും, അത് അതിന്റെ പൂർണ്ണതയിൽ എത്താനും വേണ്ടിയാണത്" (Pastoral Constitution on the Church in the Modern World *Gaudium et Spes*, 2). സമ്പന്നമായ ഈ ഭാഗത്തെ ആ പ്രമാണരേഖയിലുള്ള മറ്റുചില ഭാഗങ്ങളുമായി ബന്ധിപ്പിച്ചു മനസ്സിലാക്കണം. സമകാലീനലോകത്തിലെ പാപത്തിന്റെ സാഹചര്യത്തെ യഥാർത്ഥ വിശ്വാസത്തോടെ കാണിക്കാനും വിവിധ വീക്ഷണകോണുകളിൽ നിന്നു തുടങ്ങി പാപത്തിന്റെ സത്തയെ വിശദീകരിക്കാനും ശ്രമിക്കുന്ന ഭാഗങ്ങളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത് (cf. Ibid., 10,13,27,37,63,73,79,80)

പെസഹായുടെ തലേരാത്രി യേശു, പരിശുദ്ധാത്മാവ് "പാപത്തെക്കുറിച്ചു ലോകത്തെ ബോധ്യപ്പെടുത്തുവാൻ" വരുന്നവനാണെന്നു പറയുന്നു. ഒരുവശത്ത്, ഈ പ്രസ്താവനയ്ക്ക് ആവുന്നത്ര വിശാലമായ അർത്ഥം കല്പിക്കണം. മനുഷ്യവംശത്തിന്റെ ചരിത്രത്തിലെ സകലപാപങ്ങളും അത് ഉൾക്കൊള്ളുന്നതുകൊണ്ട് അങ്ങനെ ചെയ്യണം. മറുവശത്ത്, "അവർ തന്നിൽ വിശ്വസിക്കുന്നില്ല" എന്നതാണ് ആ പാപമെന്നു യേശു വിശദീകരിക്കുന്നു. മനുഷ്യപുത്രന്റെ മിശിഹാപരമായ ദൗത്യത്തെ നിരസിക്കുകയും കുരിശുമരണത്തിന് അവിടുത്തെ വിധിക്കുകയും ചെയ്തവരെക്കുറിച്ചു മാത്രമേ ഈ അർത്ഥം പ്രസക്തമാകുന്നുള്ളൂ എന്നു തോന്നുന്നു. എന്നാൽ, പാപത്തെക്കുറിച്ചുള്ള സങ്കുചിതവും ചരിത്രപരമായി സവിശേഷീകൃതവുമായ ഈ അർത്ഥം

www.malankaralibrary.com

വികസിക്കുന്നു എന്നു കാണാതിരിക്കാനാവുകയില്ല. അത് സാർവ്വത്രികമായ ഒരു മാനം കൈവരിക്കുംവരെ വികസിക്കുന്നു. കുരിശുവഴി സാധിച്ച വീണ്ടെടുപ്പിന്റെ സാർവ്വത്രികതമൂലമാണു അങ്ങനെ സംഭവിക്കുന്നത്. ഓരോ പാപവും- അത് എവിടെ ചെയ്താലും എപ്പോൾ ചെയ്താലും- ക്രിസ്തുവിന്റെ കുരിശുമായി ബന്ധപ്പെട്ടിരിക്കുന്നു. വീണ്ടെടുപ്പിന്റെ രഹസ്യത്തെ സംബന്ധിച്ച വെളിപാട് പാപത്തെ ഇങ്ങനെ മനസ്സിലാക്കാനുള്ള വഴി തുറക്കുന്നു. അതുകൊണ്ട് പരോക്ഷമായി അത് "അവിടുന്നിൽ വിശ്വസിക്കാത്തവരുടെ" പാപത്തോടും യേശുക്രിസ്തുവിനെ മരണശിക്ഷക്കു വിധിച്ചവരുടെ പാപത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ വീക്ഷണത്തിൽ നിന്നു പന്തക്കുസ്തയുടെ സംഭവത്തിലേക്കു നാം തിരിച്ചു പോകണം.

## 2. പന്തക്കുസ്താദിനത്തിലെ സാക്ഷ്യം

30. വിടവാങ്ങൽ പ്രഭാഷണത്തിൽ ക്രിസ്തു നടത്തിയ പ്രവചനങ്ങൾ- പ്രത്യേകിച്ച്, നാം പ്രതിപാദിക്കുന്ന "സഹായകൻ.... പാപത്തെക്കുറിച്ചു ലോകത്തെ ബോധ്യപ്പെടുത്തും" എന്ന പ്രവചനം - പന്തക്കുസ്താദിനത്തിൽ ഏറ്റവും കൃത്യമായ, നേരിട്ടുള്ള, സ്ഥിരീകരണം കണ്ടെത്തുന്നു. ആ ദിവസം, യേശുവിന്റെ അമ്മയായ മറിയത്തോടൊത്തു പ്രാർത്ഥനയിൽ മുഴുകിയിരുന്ന ശ്ലീഹന്മാരുടെ മേൽ, അതേ ഊട്ടുശാലയിൽവച്ച് വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവു ഇറങ്ങിവരുന്നു. അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നു: "അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധഭാഷകളിൽ സംസാരിക്കാൻ തുടങ്ങി" (അപ്പ.2:4) "അങ്ങനെ ചിതറിപ്പോയ ജാതികളെ ഐക്യത്തിലേക്കു വീണ്ടും കൊണ്ടുവന്നു. എല്ലാ ജനതകളുടെയും ആദ്യഫലങ്ങളെ പിതാവിനു സമർപ്പിക്കുകയും ചെയ്തു" (cf. St. Irenaeus, *Adversus Haereses*, III, 17, 2: SC 211, p. 330-332).

ക്രിസ്തുവിന്റെ പ്രവചനവും ഈ സംഭവവും തമ്മിലുള്ള ബന്ധം വ്യക്തമാണ്. സഹായകനെ സംബന്ധിച്ചുള്ള വാഗ്ദാനത്തിന്റെ പ്രഥമവും മൗലികവുമായ നിറവേറൽ നാം ഇവിടെ കാണുന്നു. അവിടുന്നു പിതാവിനാൽ അയയ്ക്കപ്പെട്ട് വരുന്നു. ക്രിസ്തുവിന്റെ വേർപാടിനു"ശേഷ"മാണു വരുന്നത്. ആ "വേർപാട്" ആ ആഗമനത്തിന്റെ "വില"യായിരുന്നു. ഇത് ഒന്നാമതായി, കുരിശുവഴിയുള്ള ഒരു വേർപാടാണ്. പിന്നീട് ഉത്ഥാനം കഴിഞ്ഞ നാല്പതുദിവസത്തിനുശേഷം സ്വർഗത്തിലേക്കുള്ള ആരോഹണം വഴിയുള്ള ഒരു വേർപാടാണ്. സ്വർഗാരോഹണത്തിന്റെ നിമിഷത്തിൽ യേശു ഒരിക്കൽക്കൂടി ശ്ലീഹന്മാരോട് ഇങ്ങനെ കല്പിക്കുന്നു: "നിങ്ങൾ ജറുസലെം വിട്ടുപോകരുത്... പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ........ നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും.... എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ

www.malankaralibrary.com

ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ.1:4,5,8).

ഊട്ടുശാലയിൽ വച്ചു നടത്തിയ പ്രവചനത്തിന്റെ ഒരു പ്രതിധ്വനി അഥവാ ഓർമ്മപ്പെടുത്തൽ അവസാനത്തെ ഈ വാക്കുകളിൽ കാണാം. പന്തക്കുസ്താദിവസം ഈ പ്രവചനം സമ്പൂർണ്ണകൃത്യതയോടെ നിറവേറുകയും ചെയ്തു. ഊട്ടുശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അപ്പസ്തോലന്മാർ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ സ്വാധീനംകൊണ്ട്, പത്രോസ് മുമ്പോട്ടുവന്നു സംസാരിക്കുന്നു. വിവധഭാഷകളിൽപ്പെട്ടവരും മഹോത്സവത്തിനു സമ്മേളിച്ചവരുമായ ജനസമൂഹത്തോട് അദ്ദേഹം സംസാരിക്കുന്നു. തീർച്ചയായും മുമ്പ് പറയാൻ ധൈര്യപ്പെടാതിരുന്നത് അദ്ദേഹം പ്രഘോഷിക്കുന്നു: "ഇസ്രായേൽ ജനങ്ങളേ,... ദൈവം നസ്രായനായ യേശുവിനെ, അവൻ വഴി നിങ്ങളുടെയിടയിൽ താൻ പ്രവർത്തിച്ച മഹത്തായ കാര്യങ്ങൾകൊണ്ടും തന്റെ അദ്ഭുതകൃത്യങ്ങളും അടയാളങ്ങളുംകൊണ്ടും നിങ്ങൾക്കു സാക്ഷ്യപ്പെടുത്തിത്തന്നിരുന്നു. അവൻ ദൈവത്തിന്റെ നിശ്ചിത പദ്ധതിയും പൂർവ്വജ്ഞാനവുമനുസരിച്ചു നിങ്ങളുടെ കൈകളിൽ ഏല്പിക്കപ്പെട്ടു. അധർമ്മികളുടെ കൈകളാൽ അവനെ നിങ്ങൾ കുരിശിൽ തറച്ചുകൊന്നു. എന്നാൽ, ദൈവം അവനെ മൃത്യുപാശത്തിൽനിന്നു വിമുക്തനാക്കി ഉയിർപ്പിച്ചു. കാരണം അവൻ മരണത്തിന്റെ പിടിയിൽ കഴിയുക അസാധ്യമായിരുന്നു" (അപ്പ.2:22-24)

യേശു ഇങ്ങനെ മുൻകൂട്ടിപ്പറയുകയും വാഗ്ദാനം നടത്തുകയും ചെയ്തിരുന്നു: "അവൻ എനിക്കു സാക്ഷ്യം വഹിക്കും. നിങ്ങളും എന്റെ സാക്ഷികളാണ്". പത്രോസ് ജറുസലെമിൽവച്ചു നടത്തിയ ഒന്നാമത്തെ പ്രഘോഷണത്തിൽ ഈ സാക്ഷ്യം അതിന്റെ സുവ്യക്തമായ ആരംഭം കണ്ടെത്തുന്നു. അത് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെ സംബന്ധിച്ച സാക്ഷ്യമാണ്. ആത്മാവായ സഹായകന്റെയും അപ്പസ്തോലന്മാരുടെയും സാക്ഷ്യമാണ്. ആദ്യത്തെ സാക്ഷ്യത്തിന്റെ ഉള്ളടക്കത്തിൽത്തന്നെ സത്യത്തിന്റെ ആത്മാവ്, പത്രോസിന്റെ അധരങ്ങൾ വഴി, "പാപത്തെക്കുറിച്ചു ലോകത്തെ ബോധ്യപ്പെടുത്തുന്നു". ഒന്നാമതായി, ക്രിസ്തുവിനെ മരണശിക്ഷയ്ക്ക് വിധിച്ചുകൊണ്ട്, ഗാഗുൽത്തായിൽ കുരിശിൽമരിക്കാൻ വിധിച്ചുകൊണ്ട്, നിരസിക്കുന്നതിനെ സംബന്ധിച്ച പാപത്തെക്കുറിച്ചുതന്നെ. ഇതുപോലുള്ള പ്രഘോഷണങ്ങൾ മറ്റുസന്ദർഭങ്ങളിലും വിവിധസ്ഥലങ്ങളിലും ആവർത്തിക്കപ്പെടും എന്ന് അപ്പസ്തോലപ്രവർത്തനങ്ങളിൽ കാണാം (cf. അപ്പ.3:14 f.;4:10,27f.,7:52; 10:39; 13:28f.; etc.)

31. ഭാവികാലം മുഴുവനിലേക്കുമായി, പന്തക്കുസ്തായിൽവച്ചു നല്കിയ ഈ പ്രാരംഭസാക്ഷ്യം മുതൽ ക്രിസ്തുവിനെ നിരസിക്കുന്നതിലുള്ള "പാപത്തെപ്പറ്റി ലോകത്തെ ബോധ്യപ്പെടുത്തുന്ന" പരിശുദ്ധാത്മാവിന്റെ പ്രവർത്തനം, പെസഹാരഹസ്യത്തിനു നല്കേണ്ട സാക്ഷ്യവുമായി അവിഭാ

www.malankaralibrary.com

ജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ക്രുശിതനും ഉത്ഥിതനുമായവന്റെ രഹസ്യമാണ് പെസഹാരഹസ്യം. പ്രസ്തുതപ്രവർത്തനവും ഈ രഹസ്യവും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ കണ്ണിയിൽ പാപത്തെക്കുറിച്ചുള്ള അതേ ബോധ്യപ്പെടുത്തൽ അതിന്റെ രക്ഷാകരമാനത്തെ വെളിവാക്കുന്നു. എന്തെന്നാൽ അത് ലോകത്തെ കുറ്റപ്പെടുത്തുക എന്ന ലക്ഷ്യം മാത്രമുള്ള ബോധ്യപ്പെടുത്തൽ അല്ല. അതിന് ലോകത്തെ ശിക്ഷയ്ക്കു വിധിക്കുക എന്ന ലക്ഷ്യം അത്രപോലുമില്ല. യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നത് ഇതിനെ വിധിക്കാനോ ശിക്ഷയ്ക്കു വിധിക്കാനോ അല്ല. ഇതിനെ രക്ഷിക്കാനാണ് (cf. യോഹ.3:17; 12:47) ഒന്നാം പ്രഘോഷണത്തിൽ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. പത്രോസ് ആ പ്രഘോഷണത്തിൽ ഇങ്ങനെ പറയുന്നു: "അതിനാൽ, നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ" (അപ്പ.2:36). അവിടെ സന്നിഹിതരായിരുന്നവർ പത്രോസിനോടും മറ്റു ശ്ലീഹന്മാരോടും "സഹോദരരേ, ഞങ്ങൾ എന്തു ചെയ്യണം?" എന്നു ചോദിച്ചപ്പോൾ പത്രോസ് ഇപ്രകാരമാണു മറുപടി പറഞ്ഞത്: "നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും" (അപ്പ.2:37 f).

ഇങ്ങനെ, പാപത്തെക്കുറിച്ചുള്ള ബോധ്യപ്പെടുത്തൽ ഒരേസമയത്ത്, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ, പാപങ്ങളുടെ മോചനത്തെക്കുറിച്ചുള്ള ബോധ്യപ്പെടുത്തലായിത്തീരുന്നു. പത്രോസ് ജറുസലെമിലെ പ്രഭാഷണത്തിൽ ജനങ്ങളെ മാനസാന്തരത്തിന് ആഹ്വാനം ചെയ്യുകയാണ്. യേശു തന്റെ മിശിഹാപരമായ പ്രവർത്തനത്തിന്റെ ആരംഭത്തിൽ ശ്രോതാക്കളെ മാനസാന്തരത്തിന് ആഹ്വാനം ചെയ്തതുപോലെ തന്നെ (cf. മർക്കോ.1:15) പാപത്തെക്കുറിച്ചുള്ള ബോധ്യപ്പെടൽ മാനസാന്തരത്തിന് ആവശ്യമാണ്. അതാകട്ടെ, മനസ്സാക്ഷിയുടെ ആന്തരികന്യായവിധി ഉൾക്കൊള്ളുന്നു. ഇത് മനുഷ്യന്റെ സത്തയുടെ അത്യഗാധതലങ്ങളിൽ സത്യത്തിന്റെ ആത്മാവു നടത്തുന്ന പ്രവർത്തനത്തിന്റെ തെളിവാണ്. അതുകൊണ്ട്, അത് കൃപാവരത്തിന്റെയും സ്നേഹത്തിന്റെയും ഒരു പുതിയ വർഷിക്കലിന്റെ പുതിയ ആരംഭമായിത്തീരുകയും ചെയ്യുന്നു: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക" (യോഹ.20:22). അങ്ങനെ, പാപത്തെക്കുറിച്ചുള്ള ഈ ബോധ്യപ്പെടുത്തലിൽ ഇരട്ടദാനം നാം കാണുന്നു. മനസ്സാക്ഷിയുടെ സത്യത്തിന്റെ ദാനവും രക്ഷയെ സംബന്ധിച്ച തീർച്ചയുടെ ദാനവുമാണത്. സത്യത്തിന്റെ ആത്മാവ് സഹായകനാണ്.

ആദിമസഭയിൽ ശ്ലൈഹിക പ്രഘോഷണം (Apostolic Kerygma) വഴി പാപത്തെക്കുറിച്ചുള്ള ബോധ്യപ്പെടുത്തൽ നടന്നു.അത് ക്രുശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ രക്ഷാകരശക്തിയോടു ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. പന്തക്കുസ്തയിൽ വർഷിക്കപ്പെട്ട ആത്മാവിന്റെ പ്രചോദനത്തിൻ കീഴിലാണ് അങ്ങനെ ചെയ്തിരിക്കുന്നത്. പരിശുദ്ധാത്മാവിനെ സംബന്ധിച്ച്

www.malankaralibrary.com

ഉയിർപ്പിനുമുമ്പു നടത്തിയ വാഗ്ദാനം അപ്രകാരം പൂർത്തിയാക്കപ്പെട്ടു. “അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ചു നിങ്ങളോടു പ്രഖ്യാപിക്കും” എന്നായിരുന്നു ആ വാഗ്ദാനം. അതുകൊണ്ട് “വിശ്വസിക്കാതിരിക്കുകയും” (cf. യോഹ.16:9) നസ്രസിലെ യേശുവിനെ അപമാനകരമായ മരണത്തിലേക്കയയ്ക്കുകയും ചെയ്തവരുടെ പാപത്തെപ്പറ്റി പത്രോസ് പന്തക്കുസ്താസംഭവത്തിൽ പറയുമ്പോൾ, പാപത്തിന്മേലുള്ള വിജയത്തിന് അദ്ദേഹം സാക്ഷ്യം വഹിക്കുന്നു. ഒരർത്ഥത്തിൽ, മനുഷ്യനു ചെയ്യാനാവുന്ന ഏറ്റവും വലിയ പാപത്തിലൂടെ നേടിയ വിജയമാണത്. യേശുവിനെ, പിതാവിനോട് ഏകസത്തയായിരിക്കുന്ന ദൈവപുത്രനെ വധിക്കുക എന്നതാണ് ആ പാപം. അതുപോലെ ദൈവപുത്രന്റെ മരണം മാനുഷിക മരണത്തെ കീഴടക്കുന്നു: “മരണമേ, ഞാൻ നിന്റെ മരണമായിരിക്കും” (ഹോസി.14:14 Vulgate; cf. 1 കോറി.15:55) ദൈവപുത്രനെ ക്രൂശിക്കുക എന്ന പാപം മാനുഷികപാപത്തെ കീഴടക്കുന്നു എന്നതുപോലെ ദുഃഖവെള്ളിയാഴ്ച ജറുസലെമിൽ ചെയ്ത ആ പാപത്തെയും – ഓരോ മാനുഷികപാപത്തെയും – കീഴടക്കുന്നു. എന്തെന്നാൽ മനുഷ്യൻ ചെയ്ത ഏറ്റവും വലിയ പാപത്തിന്, രക്ഷകന്റെ ഹൃദയത്തിൽ, മനുഷ്യന്റെ സർവ്വപാപങ്ങളുടെയും തിന്മയെ കീഴടക്കുന്ന പരമസ്നേഹത്തിന്റെ യാഗം പരിഹാരമായിത്തീർന്നു. ഈ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സഭ റോമൻലിറ്റർജിയിൽ, ഓരോ വർഷവും ഈസ്റ്റർജാഗരണത്തിൽ ഇങ്ങനെ ആവർത്തിക്കാൻ ശങ്കിക്കുന്നില്ല: “ഓ! സന്തോഷപ്രദമായ അപരാധമേ”. “സന്തോഷിക്കട്ടെ” (Exsultet) എന്ന പാട്ടു പാടിക്കൊണ്ട് ഡീക്കൻ ഉത്ഥാനത്തെപ്പറ്റി പ്രഘോഷിക്കുമ്പോഴാണ് ഇങ്ങനെ പറയുന്നത്.

32. എന്നിരുന്നാലും, സത്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിനല്ലാതെ, അവർണ്ണനീയമായ ഈ സത്യത്തെപ്പറ്റി “ലോകത്തെ” – മനുഷ്യനെ അഥവാ മനുഷ്യമനസ്സാക്ഷിയെ – “ബോധ്യപ്പെടുത്താൻ” കഴിയുകയില്ല. അവിടുന്നു “ദൈവത്തിന്റെ അഗാധതകളെപ്പോലും അന്വേഷിക്കുന്ന” (cf. 1 കോറി.2:10)ആത്മാവാണ്. പാപമെന്ന രഹസ്യത്തിന്റെ മുമ്പിൽ “ദൈവത്തിന്റെ അഗാധതകളെ” അവയുടെ അത്യഗാധതലങ്ങൾവരെ പരിശോധിക്കണം. മനുഷ്യന്റെ ആന്തരികരഹസ്യമായ മാനുഷികമനസ്സാക്ഷിയെ പരിശോധിച്ചാൽ പോരാ. ദൈവത്തിന്റെ ആന്തരികരഹസ്യത്തിലേക്ക് “ദൈവത്തിന്റെ ആഴങ്ങളിലേക്ക്” കടന്ന് പരിശോധിക്കണം. ആ ആഴങ്ങളെ ഇപ്രകാരം സംക്ഷേപിച്ചിരിക്കുന്നു: പിതാവിലേക്ക് – പുത്രനിൽ– പരിശുദ്ധാത്മാവിലൂടെ. പരിശുദ്ധാത്മാവാണ് “ദൈവത്തിന്റെ ആഴങ്ങളെ” പരിശോധിക്കുന്നതും മനുഷ്യന്റെ പാപത്തിനു ദൈവം നല്കുന്ന പ്രത്യുത്തരം അവയിൽനിന്നു സ്വീകരിക്കുന്നതും. ഈ പ്രത്യുത്തരത്തോടെ “പാപത്തെക്കുറിച്ചുള്ള ബോധ്യപ്പെടുത്തലിന്റെ” പ്രക്രിയ അവസാനിക്കുന്നു. പന്തക്കുസ്താസംഭവം കാണിക്കുന്നതുപോലെതന്നെ.

ഗാഗുൽത്തായിലെ പാപത്തെപ്പറ്റി, നിഷ്കളങ്കനായ കുഞ്ഞാടിന്റെ മരണത്തെ സംബന്ധിച്ച പാപത്തെപ്പറ്റി, പന്തക്കുസ്താദിവസം സംഭവിക്കുന്ന

www.malankaralibrary.com

തുപോലെ "ലോകത്തെ" ബോധ്യപ്പെടുത്തിക്കൊണ്ട് ഓരോ പാപത്തെക്കുറിച്ചും – അത് എവിടെ, മനുഷ്യചരിത്രത്തിൽ ഏതുനിമിഷത്തിൽ, സംഭവിച്ചതായാലും– പരിശുദ്ധാത്മാവു ബോധ്യപ്പെടുത്തുന്നു: എന്തെന്നാൽ അതിനു ക്രിസ്തുവിന്റെ കുരിശുമായുള്ള ബന്ധത്തെ അവിടുന്നു തെളിയിക്കുന്നു. ക്രിസ്തുവിന്റെ കുരിശിനോടു ബന്ധപ്പെടുത്തി പാപത്തിന്റെ– ഓരോ പാപത്തിന്റെയും - തിന്മയെ തെളിയിക്കലാണ് "ബോധ്യപ്പെടുത്തൽ". പാപത്തെ ഈ ബന്ധത്തിൽ പ്രദർശിപ്പിക്കുമ്പോൾ, അത് അതിന്റെ മുഴുവൻ തിന്മയുടെയും മാനത്തിൽ അംഗീകരിക്കപ്പെടുന്നു. അതിൽ ഒളിഞ്ഞിരിക്കുന്ന തിന്മയുടെ രഹസ്യം (mysterium iniquitatis) (cf. 2 തെസ.2:7) വഴിയാണു അങ്ങനെ ചെയ്യുന്നത്. മനുഷ്യന് ഈ മാനത്തെപ്പറ്റി അറിവില്ല. ക്രിസ്തുവിന്റെ കുരിശിനോടു ബന്ധപ്പെടുത്താതിരുന്നാൽ മനുഷ്യൻ അതിനെ സംബന്ധിച്ച് തീർത്തും അജ്ഞനാണ്. അതുകൊണ്ട് പരിശുദ്ധാത്മാവിനല്ലാതെ അതിനെപ്പറ്റി മനുഷ്യനെ ബോധ്യപ്പെടുത്താൻ സാധ്യമല്ല: പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്; എന്നാൽ സഹായകനുമാണ്.

എന്തെന്നാൽ, കുരിശിനോടു ബന്ധപ്പെടുത്തി പ്രദർശിക്കപ്പെടുമ്പോൾ പാപം "ഭക്തിരഹസ്യത്തിന്റെ" (Mysterium pietatis) (cf. 1 തിമോ.3:16) പൂർണമാനത്തിൽ തിരിച്ചറിയപ്പെടുകയും ചെയ്യുന്നു. സിനഡിനുശേഷം പുറപ്പെടുവിച്ച അനുരഞ്ജനവും പശ്ചാത്താപവും (Reconciliatio et Paenitentia) എന്ന ശ്ലൈഹികാഹ്വാനത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട (Cf. *Reconciliatio et Paenitentia* (2 December 1984). 19-22: AAS 77 (1985), pp. 229-233.) ക്രിസ്തുവിന്റെ കുരിശിനോടു ബന്ധിപ്പിക്കാതിരുന്നാൽ ഈ മാനത്തെപ്പറ്റിയും മനുഷ്യൻ തീർത്തും അജ്ഞനാണ്. "ദൈവത്തിന്റെ ആഴങ്ങളെ അന്വേഷിക്കുന്ന" പരിശുദ്ധാത്മാവിനല്ലാതെ ഇതും അവനെ "ബോധ്യപ്പെടുത്താൻ" കഴിയുകയില്ല.

### 3. ആരംഭത്തെക്കുറിച്ചുള്ള സാക്ഷ്യം: പാപത്തിന്റെ ആദിമയാഥാർത്ഥ്യം

33. ഉത്പത്തിപുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്ന ആരംഭത്തെക്കുറിച്ചുള്ള സാക്ഷ്യത്തിൽ നാം കാണുന്ന പാപത്തിന്റെ മാനം ഇതാണ് (cf. ഉത്പ.1–3). വെളിവാക്കപ്പെട്ട ദൈവവചനമനുസരിച്ച് ഈ പാപമാണ് മറ്റെല്ലാ പാപങ്ങളുടെയും ഉത്പത്തി കേന്ദ്രവും മൂലവും. മനുഷ്യചരിത്രത്തിലും അതേ സമയം രക്ഷാപദ്ധതി മുഴുവനിലും പാപത്തിന്റെ ആദിമയാഥാർത്ഥ്യത്തെ നാം കണ്ടുമുട്ടുന്നു. ഈ പാപത്തിൽ "തിന്മയുടെ രഹസ്യം' തുടങ്ങുന്നുവെന്നു പറയാം. എന്നാൽ, ഏതുപാപത്തെ സംബന്ധിച്ചാണോ "ഭക്തിയുടെ രഹസ്യത്തിന്റെ" രക്ഷാകരശക്തി സവിശേഷമാംവിധം വ്യക്തവും ഫലപ്രദവുമാകുന്നത്, ആ പാപമാണിതെന്നും പറയാം. പൗലോസ്ശ്ലീഹ ഒന്നാം ആദത്തിന്റെ അനുസരണമില്ലായ്മയും രണ്ടാം ആദമായ ക്രിസ്തുവിന്റെ

www.malankaralibrary.com

അനുസരണവും – "മരണംവരെയുള്ള അനുസരണവും" (cf. റോമ.5:19; ഫിലിപ്പി.2:8) – തമ്മിലുള്ള വ്യത്യാസം എടുത്തുകാണിക്കുമ്പോൾ ഇതു വ്യക്തമാക്കുന്നുണ്ട്.

തുടക്കത്തെ സംബന്ധിച്ച സാക്ഷ്യപ്രകാരം, പാപം ആദ്യമായി മനുഷ്യന്റെ മനസ്സിൽ – മനസ്സാക്ഷിയിലും – ഒന്നാമതായി അനുസരണക്കേട് എന്ന നിലയിൽ രൂപം കൊള്ളുന്നു. അതായത്, ദൈവത്തിന്റെ, മനസ്സിനോട് മനുഷ്യന്റെ മനസ്സിനുള്ള എതിർപ്പായിട്ടു രൂപം കൊള്ളുന്നു. ഈ ആദിമ അനുസരണക്കേടിനുമുമ്പേ, ലോകത്തെ സൃഷ്ടിക്കുന്ന ദൈവവചനത്തിലുള്ള സത്യത്തിന്റെ നിരസനമോ അതിൽനിന്നുള്ള പിന്തിരിയലെങ്കിലുമോ ഉണ്ടായിരിക്കണം. "ആദിയിൽ ദൈവത്തോടുകൂടിയായിരുന്നതും" "ദൈവമായിരുന്നതു"മായ വചനം തന്നെയാണിത്. ആ വചനം വഴിയല്ലാതെ "യാതൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല". കാരണം. "ലോകം അവനിലൂടെയാണു സൃഷ്ടിക്കപ്പെട്ടത്" (cf. യോഹ.1:1,2,3,10) അവനാണ്, നിത്യനിയമവുംകൂടിയായ വചനം. ലോകത്തെയും പ്രത്യേകിച്ച്, മനുഷ്യന്റെ പ്രവൃത്തികളെയും നിയന്ത്രിക്കുന്ന ഓരോ നിയമത്തിന്റെയും സ്രോതസ്സായ നിയമമാണത്. അതുകൊണ്ട് യേശുക്രിസ്തു തന്റെ പീഡാസഹനത്തിന്റെ തലേരാത്രിയിൽ, "തന്നിൽ വിശ്വസിക്കാത്തവരുടെ" പാപത്തെപ്പറ്റി പറയുമ്പോൾ ദുഃഖം നിറഞ്ഞ ആ വാക്കുകളിൽ ഒരു പാപത്തിന്റെ വിദൂരതയിലുള്ള പ്രതിധ്വനിയുള്ളതുപോലെ തോന്നുന്നു. ആ പാപമാകട്ടെ അതിന്റെ ആദിമരൂപത്തിൽ സൃഷ്ടിയുടെ രഹസ്യത്തിൽ അവ്യക്തമായി ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതാണ്. എന്തെന്നാൽ, പറയുന്നവൻ മനുഷ്യപുത്രൻ മാത്രമല്ല, "സകല സൃഷ്ടികളുടെയും ആദ്യജാതനുമാണ്". "എന്തെന്നാൽ, അവനിൽ.... അവനിലൂടെയും....... അവനുവേണ്ടിയും സകല വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു" (cf. കൊളോ.1:15–18). ആരംഭത്തിന്റെ രഹസ്യത്തിലെ അനുസരണക്കേട്, പെസഹാരഹസ്യത്തിൽ ആവർത്തിക്കപ്പെട്ട അതേ "അവിശ്വാസം" ("അവർ വിശ്വസിച്ചില്ല" എന്നതു തന്നെ), മുൻകൂട്ടി ഉണ്ടായിരുന്നു എന്ന് ഈ സത്യത്തിന്റെ വെളിച്ചത്തിൽ നമുക്കു മനസ്സിലാകും. മുമ്പു പറഞ്ഞതുപോലെ, ഇത് പിതാവിന്റെ വചനത്തിൽ ഉൾക്കൊണ്ടിരിക്കുന്ന സത്യത്തിന്റെ നിരസനമാണ്. അല്ലെങ്കിൽ അതിൽനിന്നുള്ള പിൻമാറലെങ്കിലുമാണ്. ഈ നിരസനം പ്രയോഗത്തിൽ ഒരു അനുസരണക്കേടായി സ്വയം വെളിപ്പെടുത്തുന്നു. "നുണകളുടെ പിതാവിൽനിന്ന്" (cf. യോഹ.8:44) ഉണ്ടായ പ്രലോഭനത്തിന്റെ ഫലമായി ചെയ്ത ഒരു പ്രവൃത്തിയിലാണ് അതു വെളിപ്പെട്ടത്. അതുകൊണ്ട് മാനുഷികപാപത്തിന്റെ അടിവേരായി നുണ നിലകൊള്ളുന്നു. നുണയാകട്ടെ, പിതാവിന്റെ വചനത്തിൽ ഉൾക്കൊണ്ടിട്ടുള്ള സത്യത്തിന്റെ മൗലികമായ നിരസനമാണ്. പിതാവിന്റെ വചനത്തിലൂടെയാണ് സ്രഷ്ടാവിന്റെ സ്നേഹപൂർണ്ണമായ ശക്തിസമ്പൂർണ്ണത വെളിവാക്കപ്പെട്ടത്. ശക്തിസമ്പൂർണത മാത്രമല്ല, സ്വർഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ, പിതാവായ, ദൈവത്തിന്റെ സ്നേഹവും പ്രകടിപ്പിക്കപ്പെട്ടത് ആ വചനത്തിലൂടെയാണ്.

www.malankaralibrary.com

34. സൃഷ്ടികർമ്മത്തെ സംബന്ധിച്ച് ബൈബിളിലുള്ള വിവരണപ്രകാരം "വെള്ളത്തിനുമുകളിൽ ചലിച്ചുകൊണ്ടിരുന്ന" "ദൈവത്തിന്റെ ആത്മാവ്" (cf. ഉത്പ.1:2) "ദൈവത്തിന്റെ ആഴങ്ങളെ അന്വേഷിക്കുന്ന" അതേ ആത്മാവിനെതന്നെ സുചിപ്പിക്കുന്നു. സൃഷ്ടിയുടെ രഹസ്യത്തിൽ ആ ആത്മാവ്, പിതാവിന്റെയും വചനമായ പുത്രന്റെയും ആഴങ്ങളെ അന്വേഷിക്കുന്നു. സൃഷ്ടിയുണ്ടാകുന്നത് അവരുടെ പരസ്പരസ്നേഹത്തിൽനിന്നാണ്. ആ സ്നേഹത്തിന്റെ നേരിട്ടുള്ള സാക്ഷി മാത്രമല്ല ആത്മാവ്. പിന്നെയോ അവിടുന്നാണ് ഈ സ്നേഹം. സ്നേഹമെന്ന നിലയിൽ അവിടുന്നു സൃഷ്ടിക്കപ്പെടാത്ത ശാശ്വതദാനമാണ്. സൃഷ്ടികൾക്കുള്ള ഓരോ ദാനം നല്കലിന്റെയും ഉറവിടവും ആരംഭവും അവിടുന്നിലാണ്. ഉത്പത്തിപുസ്തകം മുതൽ മുഴുവൻ വെളിപാടിലും നാം കാണുന്ന ആരംഭത്തെക്കുറിച്ചുള്ള സാക്ഷ്യം ഈ വിഷയത്തിൽ ഒന്നുപോലെയാണ്. സൃഷ്ടിക്കുക എന്നതിന്റെ അർത്ഥം ശുന്യതയിൽനിന്ന് അസ്തിത്വത്തിലേക്കു വിളിക്കുക എന്നതാണ്. അതുകൊണ്ട് സൃഷ്ടിക്കുക എന്നതിന് അസ്തിത്വം നല്കുക എന്നാണർത്ഥം. ദൃശ്യപ്രപഞ്ചം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ ലോകം മനുഷ്യനു നല്കപ്പെട്ടിരിക്കുന്നു (cf. ഉത്പ.1:26,28,29). അതേസമയം ആ മനുഷ്യൻ അവന്റെ മനുഷ്യത്വത്തിൽ ദൈവത്തിന്റെ സവിശേഷമായ "സാദൃശ്യവും ഛായയും" ഒരു ദാനമെന്ന നിലയിൽ സ്വീകരിക്കുന്നു. ഇതിന്റെ അർത്ഥം മനുഷ്യപ്രകൃതിയുടെ മൗലികഗുണങ്ങളായ വിവേകവും സ്വാതന്ത്ര്യവും സ്വീകരിക്കുന്നു എന്നു മാത്രമല്ല. പിന്നെയോ ആദിമുതൽ, "ഞാനും നീയും" എന്ന നിലയിൽ ദൈവവുമായി വ്യക്തിപരമായ ബന്ധത്തിനുള്ള കഴിവ് സ്വീകരിക്കുന്നു എന്നുകുടിയാണ്. അതുകൊണ്ട് ഒരു ഉടമ്പടിയുണ്ടാക്കാനുള്ള കഴിവ് കിട്ടുന്നു എന്നുകുടിയാണ്.ആ ഉടമ്പടി മനുഷ്യനുമായുള്ള ദൈവത്തിന്റെ രക്ഷാകരസമ്പർക്കത്തിൽ സംഭവിക്കും. ദൈവത്തോടുള്ള സാദൃശ്യത്തിന്റെയും അവിടുത്തെ ഛായയുടെയും പശ്ചാത്തലത്തിൽ, പരിശുദ്ധാത്മാവാകുന്ന ദാനം എന്നതിന്റെ അർത്ഥം ആത്യന്തികമായി സൗഹൃദത്തിലേക്കുള്ള ഒരുവിളി എന്നാണ്. ആ സൗഹൃദത്തിൽ "ദൈവത്തിന്റെ" സർവ്വാതിശായിയായ "ആഴങ്ങൾ" മനുഷ്യനു പങ്കുചേരാൻ ഒരു പ്രത്യേകവിധത്തിൽ തുറക്കപ്പെടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇങ്ങനെ പഠിപ്പിക്കുന്നു: "അദൃശ്യനായ ദൈവം തന്റെ സ്നേഹത്തിന്റെ സമൃദ്ധിമൂലം മനുഷ്യരോട് സ്നേഹിതരോടെന്നപോലെ സംസാരിക്കുകയും അവരുടെ മധ്യേ വസിക്കുകയും ചെയ്യുന്നു. താനുമായുള്ള സഹവർത്തിത്വത്തിലേക്കു മനുഷ്യരെ ക്ഷണിക്കുകയും സ്വീകരിക്കുകയും ചെയ്യാൻ വേണ്ടിയാണത്" (Dogmatic Constitution on Divine Revelation *Dei Verbum*, 2).

35. അതുകൊണ്ട്, "സർവ്വതും, ദൈവത്തിന്റെ ആഴങ്ങൾ പോലും അന്വേഷിക്കുന്ന" ആത്മാവിന് ആരംഭം മുതൽ "മനുഷ്യന്റെ രഹസ്യങ്ങൾ" അറിയാം (cf. 1 കോറി.2:10 f.). ഇക്കാരണത്താൽ, ആദിയിൽ സംഭവിച്ച പാപത്തെക്കുറിച്ചു പൂർണ്ണമായി ബോധ്യപ്പെടുത്താൻ അവിടുത്തേക്കു മാത്രമേ

www.malankaralibrary.com

കഴിവുള്ളൂ. ആ പാപമാകട്ടെ മറ്റ് എല്ലാ പാപങ്ങളുടെയും വേരാണ്. ഭൂമിയിൽ മനുഷ്യന്റെ പാപാവസ്ഥയുടെ ഉറവിടമാണ്. ആ ഉറവിടം ഒരിക്കലും പ്രവർത്തനരഹിതമാകുന്നില്ല. "വിധിക്കപ്പെട്ടു കഴിഞ്ഞ" (cf. യോഹ.16:11) "നുണയുടെ പിതാവിന്റെ" പ്രേരണയാൽ മനുഷ്യമനസ്സിലുണ്ടായ പാപത്തിന്റെ ആദ്യയാഥാർത്ഥ്യത്തെക്കുറിച്ചും സത്യത്തിന്റെ ആത്മാവിന് അറിയാം. അതുകൊണ്ട് പരിശുദ്ധാത്മാവ്, ഈ "ന്യായവിധിയോടു" ബന്ധപ്പെടുത്തി പാപത്തെക്കുറിച്ചു ലോകത്തെ ബോധ്യപ്പെടുത്തുന്നു. എന്നാൽ നിരന്തരം നീതിയിലേക്കു നയിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ആ നീതിയാകട്ടെ, ക്രിസ്തുവിന്റെ കുരിശിനോടുകൂടി – "മരണംവരെയുള്ള അനുസരണത്തിലൂടെ" (cf. ഫിലി.2:8) മനുഷ്യനു വെളിപ്പെടുത്തപ്പെട്ടതാണ്.

മനുഷ്യജാതിയുടെ ആരംഭത്തിലുണ്ടായ പാപത്തെപ്പറ്റി ബോധ്യമുളവാക്കാൻ പരിശുദ്ധാത്മാവിനേ കഴിയൂ. പിതാവിന്റെയും പുത്രന്റെയും സ്നേഹമായ അവിടുത്തേക്ക്, ദാനമായിരിക്കുന്ന അവിടുത്തേക്കു മാത്രമേ കഴിയൂ. എന്തെന്നാൽ, മാനുഷികാരംഭത്തിന്റെ പാപം സത്യമില്ലായ്മയിലും, മനുഷ്യന്റെയും ലോകത്തിന്റെയും ആരംഭത്തെ നിശ്ചയിക്കുന്ന ദാനത്തിന്റെയും സ്നേഹത്തിന്റെയും നിരസിക്കലിലും ഉൾക്കൊണ്ടിരിക്കുന്നു.

36. ആരംഭത്തെസംബന്ധിച്ച് വിശുദ്ധലിഖിതങ്ങളിലും പാരമ്പര്യത്തിലും നാം കാണുന്ന സാക്ഷ്യപ്രകാരം, ഉത്പത്തിപുസ്തകത്തിലെ ആദ്യത്തെ (കൂടുതൽപൂർണ്ണമായ) വിവരണത്തിനുശേഷം, പാപത്തെ അതിന്റെ ആദിമരൂപത്തിൽ "അനുസരണമില്ലായ്മ" ആയി മനസിലാക്കപ്പെടുന്നു. ഇതിന്റെ ലളിതവും പ്രത്യക്ഷവുമായ അർത്ഥം ദൈവം നിശ്ചയിച്ച നിരോധനത്തിന്റെ ലംഘനം എന്നാണ് (cf. ഉത്പ.2:16 f.). എന്നാൽ, ഈ അനുസരണമില്ലായ്മയുടെ ആത്യന്തികവേരുകളെ മനുഷ്യന്റെ സമ്പൂർണവും യഥാർത്ഥവുമായ സാഹചര്യത്തിലാണ് അന്വേഷിക്കേണ്ടതെന്നും മുഴുവൻ സാഹചര്യത്തിന്റെയും വെളിച്ചത്തിൽ വ്യക്തമാകും. മനുഷ്യജീവി– സ്ത്രീയും പുരുഷനും– അസ്തിത്വത്തിലേക്കു വിളിക്കപ്പെട്ടു കഴിയുമ്പോൾ സൃഷ്ടിയാണ്. വിവേകത്തിലും സ്വാതന്ത്ര്യത്തിലും അടങ്ങിയിരിക്കുന്ന "ദൈവത്തിന്റെ സാദൃശ്യം" ഒരു വ്യക്തിയായ മാനുഷികകർത്താവിന്റെ മഹത്വത്തെയും മഹിമയെയും പ്രകാശിപ്പിക്കുന്നു. എന്നാൽ വ്യക്തിയായ ഈ കർത്താവ് എപ്പോഴും ഒരു സൃഷ്ടി കൂടിയാണ്: അസ്തിത്വത്തിലും സാരാംശത്തിലും അവൻ സ്രഷ്ടാവിൽ ആശ്രയിച്ചിരിക്കുന്നു. ഉത്പത്തിപുസ്തകമനുസരിച്ച്, "നന്മതിന്മകളുടെ അറിവിന്റെ വൃക്ഷം" എന്നത് സൃഷ്ടിയായ ജീവി ലംഘിക്കാൻ പാടില്ലാത്ത "അതിരു" വെളിപ്പെടുത്താനും അതിനെപ്പറ്റി മനുഷ്യനെ നിരന്തരം ഓർമ്മിപ്പിക്കാനും വേണ്ടിയുള്ളതാണ്. ദൈവത്തിന്റെ നിരോധനാജ്ഞ ഈ അർത്ഥത്തിലാണു മനസ്സിലാക്കേണ്ടത്: നന്മതിന്മകളുടെ അറിവിന്റെ ഫലം ഭക്ഷിക്കുന്നതിൽ നിന്നു സ്രഷ്ടാവ് സ്ത്രീയെയും പുരുഷനെയും തടയുന്നു. വിശുദ്ധഗ്രന്ഥത്തിൽ ക്രോഡീകരിച്ചിരിക്കുന്നതനുസരിച്ച് വശീകരണവചനങ്ങൾ, അതായത് പ്രലോഭനം, ഈ നിരോധനം ലംഘിക്കാനുള്ള

www.malankaralibrary.com

ഒരു പ്രേരണയാണ്. അതായത്, ആ "അതിരു" ലംഘിക്കാനുള്ള പ്രേരണയാണ്: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കും. നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ (ദൈവങ്ങളെപ്പോലെ) ആകും........" (ഉത്പ.3:5)

സൃഷ്ടിയായ ജീവി എന്ന നിലയിലുള്ള മനുഷ്യന്റെ മനസ്സിനും സ്വാതന്ത്ര്യത്തിനും ലംഘിക്കാനാവാതെ നിലകൊള്ളുന്ന ആ അതിരു കടന്നു പോകുക എന്നാണ് കൃത്യമായി പറഞ്ഞാൽ "അനുസരണമില്ലായ്മയുടെ" അർത്ഥം. എന്തെന്നാൽ ദൈവമാണ്, താൻ സൃഷ്ടിച്ച ലോകത്തിലെ ധാർമ്മികക്രമത്തിന്റെ ഏകവും സുനിശ്ചിതവുമായ ഉറവിടം. എന്താണു നന്മയെന്നും എന്താണു തിന്മയെന്നും മനുഷ്യനു സ്വയം നിശ്ചയിക്കാൻ പാടില്ല. "ദൈവത്തെപ്പോലെ നന്മയെയും തിന്മയെയും അറിയാൻ" അവനു കഴിയുകയില്ല. സൃഷ്ടലോകത്തിൽ യഥാർത്ഥത്തിൽ ദൈവമാണ്, നന്മയെയും തിന്മയെയും സംബന്ധിച്ച തീരുമാനമെടുക്കുന്നതിനുള്ള പ്രഥമവും പരമാധികാരമുള്ളതുമായ സ്രോതസ്സ്. ലോകത്തിന്റെ പ്രതിഫലനമായ സത്തയുടെ ആന്തരിക സത്യത്തിലൂടെയാണ് അതു തീരുമാനിക്കുന്നത്. ആ സത്തയാകട്ടെ, പിതാവിനോട് ഏകസത്തയായിരിക്കുന്ന നിത്യനായ പുത്രനാണ്. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് പരിശുദ്ധാത്മാവ് മനസ്സാക്ഷിയാകുന്ന ദാനം നല്കുന്നു. ആ മനസ്സാക്ഷിയിൽ ആ ഛായ വിശ്വസ്തതാപൂർവ്വം അതിന്റെ ആദിമാതൃകയെ പ്രതിഫലിപ്പിക്കാൻ വേണ്ടിയാണ്. ആ മാതൃകയാകട്ടെ, ജ്ഞാനവും ശാശ്വതനിയമവുമാണ്; മനുഷ്യനിലും ലോകത്തിലുമുള്ള ധാർമ്മികക്രമത്തിന്റെ ഉറവിടമാണ്. പാപത്തിന്റെ ആദിമമാനമെന്ന നിലയിൽ "അനുസരണമില്ലായ്മയുടെ" അർത്ഥം ഈ ഉറവിടത്തിന്റെ നിരസിക്കൽ എന്നാണ്. താൻ ആയിത്തീരണം നന്മയെയും തിന്മയെയും സംബന്ധിച്ചു തീരുമാനമെടുക്കുന്നതിനുള്ള സ്വതന്ത്രവും അനന്യവുമായ ഉറവിടം എന്ന മനുഷ്യന്റെ അവകാശവാദത്തിലൂടെയാണ് ആ നിരസനം നടക്കുന്നത്. മനുഷ്യാരംഭത്തിന്റെ രഹസ്യത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന പാപത്തിന്റെ ഈ മാനം പരിശുദ്ധാത്മാവിനു പൂർണ്ണമായി അറിയാം. അവിടുന്ന് "ദൈവത്തിന്റെ ആഴങ്ങളെ അന്വേഷിക്കുന്നവനും" മനുഷ്യനെ സംബന്ധിച്ചിടത്തോളം മനസ്സാക്ഷിയുടെ പ്രകാശവും ധാർമ്മികക്രമത്തിന്റെ ഉറവിടവുമാണല്ലോ. ഗാഗുൽത്തായിലെ ക്രിസ്തുവിന്റെ കുരിശിനോടു ബന്ധപ്പെടുത്തി പാപത്തെക്കുറിച്ചു ബോധ്യപ്പെടുത്തുന്നതിൽനിന്ന് ആത്മാവ് പിന്തിരിയുന്നുമില്ല.

37. ആദിയെ സംബന്ധിച്ച സാക്ഷ്യപ്രകാരം, ദൈവം സ്നേഹമാകുന്ന സർവശക്തനായി തന്നെത്തന്നെ, സൃഷ്ടികർമ്മത്തിൽ, വെളിപ്പെടുത്തി. അതേസമയം മനുഷ്യൻ തന്റെ സ്രഷ്ടാവിന്റെ "സാദൃശ്യവും ഛായയും" എന്ന നിലയിൽ, സത്യത്തിലും സ്നേഹത്തിലും പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്നു മനുഷ്യനു വെളിപ്പെടുത്തുകയും ചെയ്തു. ഈ പങ്കുചേരലിന്റെ അർത്ഥം, "നിത്യജീവനായ" ദൈവവുമായി ഐക്യത്തിലുള്ള ജീവിതം എന്നാണ് (cf. Gen.3:22 Concerning the "tree of life"; cf.

www.malankaralibrary.com

യോഹ.3:36; 4:14; 5:24; 6:40,47; 10:28; 12:50; 14:6; അപ്പ.13:48; റോമ.6:23; ഗലാ.6:8; 1 തിമോ.1:16; തീത്തോ.1:2; 3:7; 1 പത്രോ.3:22; 1 യോഹ. 1:2; 2:25; 5:11; 13; വെളി.2:7). എന്നാൽ മനുഷ്യൻ "നുണകളുടെ പിതാവിന്റെ" സ്വാധീനത്തിൻ കീഴിൽ, ഈ പങ്കുചേരലിൽ നിന്ന് വേർപെട്ടുപോയി. എത്രമാത്രം? തീർച്ചയായും അരൂപി മാത്രമായവന്റെ പാപത്തോളം, സാത്താന്റെ പാപത്തോളം, വേർപെടൽ ഉണ്ടായില്ല. അത്രമാത്രം അകലാൻ മനുഷ്യാത്മാവിനു കഴിയുകയില്ല (cf. St Thomas Aquinas, *Summa Theol.*, Ia-IIae, q. 80, a. 4, ad 3.). "ആരംഭം മുതൽ പാപം ചെയ്യുകയും" (അഥവാ പാപത്തിൽ നിലനില്ക്കുകയും) (1 യോഹ.3:8) പണ്ടേ "വിധിക്കപ്പെടുകയും" (യോഹ.16:11) ചെയ്തവന്റെ "തിന്മയുടെ നിശ്വസനവും" മനുഷ്യന്റെ അനുസരണമില്ലായ്മയുടെ തിന്മയും തമ്മിൽ അളവിൽ വ്യത്യാസമുണ്ട്. ഉത്പത്തിപുസ്തകത്തിൽ നല്കപ്പെട്ടിരിക്കുന്ന ഓരോ വിവരണത്തിലും ഈ വ്യത്യാസം കണ്ടെത്തുക എളുപ്പമാണ്.

എന്നിരുന്നാലും മനുഷ്യന്റെ അനുസരണമില്ലായ്മ എന്നതിന്റെ അർത്ഥം എപ്പോഴും ദൈവത്തിൽനിന്നുള്ള ഒരു പിന്തിരിയൽ എന്നാണ്. ഒരർത്ഥത്തിൽ ഇതിനെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യത്തെ അവസാനിപ്പിക്കലുമാണ്. "നുണകളുടെ പിതാവായവന്" മനുഷ്യമനസിന്റെയും അഭീഷ്ടത്തിന്റേതുമായ ഈ സ്വാതന്ത്ര്യത്തെ അല്പമായി വിട്ടുകൊടുക്കുക എന്നു കൂടി ഇതിനർത്ഥമുണ്ട്. ബോധപൂർവ്വം ചെയ്യുന്ന അനുസരണമില്ലായ്മയുടെ ഈ പ്രവൃത്തി അനുസരണമില്ലായ്മ മാത്രമല്ല. പാപം ചെയ്യാനുള്ള ആദ്യത്തെ പ്രലോഭനത്തിനുണ്ടായിരുന്നതും മനുഷ്യചരിത്രത്തിൽ എന്നും പുതുക്കപ്പെട്ടതുമായ ഒരു ലക്ഷ്യത്തിനു കുറേ സമ്മതം നല്കൽ കൂടി ഇതിലുണ്ട്. ആ ലക്ഷ്യം ഉത്പത്തിപുസ്തകത്തിലെ ഈ വാചകത്തിൽ കാണാം: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം".

"വിപരീതവചനം" അതായത് "എതിർസത്യം" എന്നു വിളിക്കപ്പെടാവുന്നതിന്റെ കേന്ദ്രം നാം ഇവിടെ കാണുന്നു. എന്തെന്നാൽ മനുഷ്യനെ സംബന്ധിച്ച സത്യത്തെ ഇവിടെ മിഥ്യയാക്കിയിരിക്കുന്നു: മനുഷ്യൻ ആരാണെന്നും അവന്റെ സത്തയ്ക്കും സ്വാതന്ത്ര്യത്തിനും ലംഘിക്കാൻ പാടില്ലാത്ത അതിരുകൾ എന്താണെന്നുമുള്ള സത്യത്തെത്തന്നെ. ഈ എതിർസത്യം സാധ്യമായിരിക്കുന്നു. കാരണം, അതോടൊപ്പം ദൈവം ആരാണ് എന്നതിനെ സംബന്ധിച്ച സത്യത്തിന്റെ തികഞ്ഞ വളച്ചൊടിക്കലും നടന്നിട്ടുണ്ട്. സ്രഷ്ടാവായ ദൈവത്തെ സൃഷ്ടിയുടെ മനസ്സിൽ സംശയത്തിന്റെ അവസ്ഥയിൽ, യഥാർത്ഥത്തിൽ കുറ്റാരോപണത്തിന്റെ വേദിയിൽ, നിറുത്തിയിരിക്കുന്നു. മനുഷ്യചരിത്രത്തിൽ ആദ്യമായി തലതിരിഞ്ഞ "സംശയത്തിന്റെ പ്രതിഭ" അവിടെ പ്രത്യക്ഷപ്പെടുന്നു. നന്മയെത്തന്നെ, പരമമായ നന്മയെത്തന്നെ, മിഥ്യയാക്കി കാണിക്കാൻ അവൻ ശ്രമിക്കുന്നു. ആ നന്മയാകട്ടെ, സൃഷ്ടികർമ്മത്തിൽ അവാച്യമായ രീതിയിൽ നല്കുന്ന നന്മതന്നെയായി

www.malankaralibrary.com

തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. തന്നെത്തന്നെ ചിന്തുന്ന നന്മയായി, സർഗാത്മകനന്മയായി വെളിപ്പെടുത്തിയിട്ടുണ്ട്.പാപത്തെക്കുറിച്ചു ബോധ്യപ്പെടുത്താൻ, അഥവാ മനുഷ്യന്റെ ആദിമഅനുസരണമില്ലായ്മയുടെ ഈ ലക്ഷ്യത്തെ സംബന്ധിച്ചു പൂർണ്ണമായി ബോധ്യപ്പെടുത്താൻ, പരിശുദ്ധാത്മാവിനല്ലാതെ ആർക്കാണു കഴിയുക? അവിടുന്നു മാത്രമാണല്ലോ ദാനവും സർവ്വദാനങ്ങളുടെയും ഉറവിടവും. "ദൈവത്തിന്റെ ആഴങ്ങളെ അന്വേഷിക്കുന്നവനും" പിതാവിന്റെയും പുത്രന്റെയും സ്നേഹമായിരിക്കുന്നവനുമായ അവിടുത്തേക്കല്ലാതെ മറ്റാർക്കാണതു കഴിയുന്നത്?

38. എന്തെന്നാൽ, സൃഷ്ടികർമ്മത്തിന്റെയും അതിൽ അന്തർഹിതമായിരിക്കുന്ന രക്ഷാകരപദ്ധതിയുടെയും സാക്ഷ്യമെല്ലാമുണ്ടെങ്കിലും, ദൈവത്തെ അവിടുത്തെ സൃഷ്ടിയുടെ ശത്രുവാക്കി കാണിക്കാൻ അന്ധകാരത്തിന്റെ ചൈതന്യത്തിനു കഴിയും (cf. എഫേ.6:12; ലൂക്ക.22:53) ഒന്നാമതായി മനുഷ്യന്റെ ശത്രുവായി –മനുഷ്യന് അപകടത്തിന്റെയും ഭീഷണിയുടെയും ഉറവിടമായി – കാണിക്കുവാൻ കഴിയും. ഇങ്ങനെ മനുഷ്യാത്മാവിൽ എതിർപ്പിന്റെ വിത്തു വിതക്കുന്നതിൽ സാത്താൻ വിജയിക്കുന്നു. "ആരംഭം മുതൽ" പിതാവായിട്ടല്ലാതെ മനുഷ്യന്റെ ശത്രുവായി പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നവനോടുള്ള എതിർപ്പിന്റെ വിത്ത് വിതച്ചു. ദൈവത്തിന്റെ ശത്രുവാകാൻ മനുഷ്യൻ വെല്ലുവിളിക്കപ്പെട്ടു.

ദൈവത്തെ നിരസിക്കാനുള്ള – അവിടുത്തെ എതിർക്കാൻ പോലുമുള്ള – ഒരു സ്ഥിരസമ്മർദ്ദം "നുണകളുടെ പിതാവിന്റെ" സ്വാധീനംകൊണ്ട് മനുഷ്യചരിത്രത്തിലെങ്ങും മനുഷ്യന്റെമേൽ ഉണ്ടായിക്കൊണ്ടിരിക്കും. പാപത്തിന്റെ ആദിമമാനത്തിലുള്ള അപഗ്രഥനം അതു സൂചിപ്പിക്കുന്നുണ്ട്. വിശുദ്ധ അഗസ്തീനോസു പറയുന്നതുപോലെ "ദൈവത്തോടു വെറുപ്പു തോന്നത്തക്കവിധത്തിൽ തന്നെത്തന്നെ സ്നേഹിക്കാനുള്ള'' (*De Civitate Dei*, XIV, 28: CCL 48, p. 541) സമ്മർദ്ദമാണത്. ദൈവത്തിൽ തന്റെ സ്വാതന്ത്ര്യത്തിന്റെ ഉറവിടവും നന്മയുടെ പൂർണ്ണതയും കാണാതെ, ഒന്നാമതായി തന്റെ ഒരു പരിമിതി കാണുവാൻ മനുഷ്യനു ചായ്‌വുണ്ടാകുന്നു. ആധുനികയുഗത്തിൽ, നിരീശ്വരപരമായ പ്രത്യയ ശാസ്ത്രങ്ങൾ മതത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുമ്പോൾ, ഇതു സ്ഥിരീകരിക്കപ്പെട്ടതായി നാം കാണുന്നു. മതം മനുഷ്യനെ മൗലികമായി "അന്യവത്കരിക്കുന്നു" എന്ന കാരണം പറഞ്ഞാണ് അവ അപ്രകാരം ചെയ്യുന്നത്. ദൈവം എന്ന ആശയം അംഗീകരിച്ചുകൊണ്ട് മനുഷ്യനുള്ളതെല്ലാം – മനുഷ്യനു മാത്രമുള്ളതെല്ലാം – അവൻ ദൈവത്തിൽ ആരോപിക്കുമ്പോൾ മനുഷ്യന്റെ മനുഷ്യത്വം ഇല്ലാതാകുന്നുവത്രേ. അങ്ങനെ ദൈവനിഷേധം എന്നത് ദൈവത്തിന്റെ "മരണ''ത്തെപ്പറ്റി പ്രഖ്യാപിക്കുന്നതുവരെ എത്തിയ ഒരു ചിന്താഗതിയും ചരിത്രപരവും സാമൂഹ്യശാസ്ത്രപരവുമായ പ്രയോഗവും ഉണ്ടായി. ആശയത്തിലും പ്രയോഗത്തിലും അബദ്ധമാണിത്. എന്നാൽ 'ദൈവമരണ'ത്തിന്റെ പ്രത്യയശാസ്ത്രം മനുഷ്യനെതിരായ ഭീഷണിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഭൗതികകാര്യ

www.malankaralibrary.com

ങ്ങളുടെ സ്വതന്ത്രത എന്ന പ്രശ്നത്തെ അപഗ്രഥിക്കുകയും താഴെക്കാണുന്നതുപോലെ എഴുതുകയും ചെയ്തപ്പോൾ ഇക്കാര്യം സുചിപ്പിക്കുന്നു: "എന്തെന്നാൽ സ്രഷ്ടാവിനെക്കുടാതിരുന്നാൽ സൃഷ്ടവസ്തു മറഞ്ഞുപോകും..... ദൈവത്തെ മറക്കുമ്പോൾ സൃഷ്ടിതന്നെ അഗ്രാഹ്യമായിത്തീരും" (Pastoral Constitution on the Church in the Modern World *Gaudium et Spes*, 36). "ദൈവമരണ''ത്തിന്റെ പ്രത്യയശാസ്ത്രം, താത്വികവും പ്രായോഗികവുമായ തലങ്ങളിൽ, "മനുഷ്യമരണ'ത്തിന്റെ പ്രത്യയശാസ്ത്രമാണ്. ആ ശാസ്ത്രം അതിന്റെ ഫലങ്ങളിൽനിന്ന് ഈ വസ്തുത എളുപ്പം തെളിയിക്കുന്നുണ്ട്.

### 4. സഹനത്തെ രക്ഷാകരസ്നേഹമാക്കി മാറ്റുന്ന ആത്മാവ്

39. ദൈവത്തിന്റെ ആഴങ്ങളെ അളക്കുന്ന ആത്മാവിനെ യേശു ഊട്ടുശാലയിലെ പ്രഭാഷണത്തിൽ സഹായകൻ എന്നു വിളിക്കുന്നു. എന്തെന്നാൽ 'പാപത്തെക്കുറിച്ചു ലോകത്തെ ബോധ്യപ്പെടുത്താൻ' ആദിമുതൽ ആത്മാവിനെ "വിളിച്ചപേക്ഷിക്കുന്നു" (The greek word for it means *to call to oneself, to invoke*). ക്രിസ്തുവിന്റെ കുരിശിലൂടെ സുനിശ്ചിതമായ ഒരു രീതിയിൽ അവിടുത്തെ വിളിച്ചപേക്ഷിക്കുന്നു. പാപത്തെക്കുറിച്ചു ബോധ്യപ്പെടുത്തുക എന്നതിന്റെ അർത്ഥം പാപത്തിൽ ഉൾക്കൊണ്ടിരിക്കുന്ന തിന്മയെ കാണിച്ചു കൊടുക്കുക എന്നാണ്. ഇത് തിന്മയുടെ രഹസ്യത്തെ വെളിവാക്കുന്നതിനു തുല്യമാണ്. "ദൈവത്തിന്റെ ആഴങ്ങളെ അന്വേഷിക്കാതെ" പാപത്തെ അതിന്റെ ദുഃഖകരമായ മുഴുവൻ യാഥാർത്ഥ്യത്തോടുംകൂടി മനസ്സിലാക്കാൻ സാധിക്കുകയില്ല. മനുഷ്യസ്വാതന്ത്ര്യത്തിന്റെ സ്രഷ്ടാവിനോടുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിൽ പാപത്തിന്റെ നിഗൂഢരഹസ്യം ആദിമുതൽ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. ദൈവത്തിന്റെ ഇഷ്ടത്തിനെതിരായി, ദൈവത്തിന്റെ രക്ഷാകരഹിതത്തിനെതിരായി, സൃഷ്ടിയായ മനുഷ്യൻ ചെയ്ത ഒരു പ്രവൃത്തി എന്ന നിലയിൽ പാപം പ്രത്യക്ഷപ്പെട്ടു. യഥാർത്ഥത്തിൽ പാപം സത്യത്തിനെതിരായി പ്രത്യക്ഷപ്പെട്ടു. ഇപ്പോൾ സുനിശ്ചിതമായി "വിധിക്കപ്പെട്ടിരിക്കുന്ന" ഒരു നുണയുടെ അടിസ്ഥാനത്തിലാണ് അതു സംഭവിച്ചത്. സർഗ്ഗാത്മകവും രക്ഷാകരവുമായ സ്നേഹത്തെത്തന്നെ കുറ്റാരോപണത്തിന്റെ ഒരവസ്ഥയിൽ, സ്ഥിരസംശയത്തിന്റെ ഒരവസ്ഥയിൽ, സ്ഥാപിച്ച നുണയാണത്. ജീവന്റെ പിതാവിനും സത്യത്തിന്റെ ആത്മാവിനും എതിരായി തന്നെത്തന്നെ സ്ഥാപിച്ചുകൊണ്ട് മനുഷ്യൻ "നുണകളുടെ പിതാവിനെ" പിഞ്ചെന്നു.

അതുകൊണ്ട്, പാപത്തെക്കുറിച്ചുള്ള ബോധ്യപ്പെടുത്തലിനു സഹനത്തെ വെളിപ്പെടുത്തുക എന്നുകൂടി അർത്ഥമുണ്ടാകാതിരിക്കുമോ? ഉത്പത്തി പുസ്തകം അതിന്റെ മനുഷ്യത്വാരോപിതദർശനത്തിൽ, "ദൈവത്തിന്റെ അഗാധതകളിൽ"- ഒരർത്ഥത്തിൽ ത്രിത്വത്തിന്റെ അഗ്രാഹ്യഹൃദയത്തിൽ - ഒറ്റ നോട്ടത്തിൽ കാണുന്നതായി പറയുന്നതും പാപം മൂലമുണ്ടായതുമായ ഭാവ

www.malankaralibrary.com

നാതീതവും അവർണ്ണനീയവുമായ ആ വേദനയെ വെളിപ്പെടുത്തുന്നു എന്നു കൂടി അർത്ഥമുണ്ടാകാതിരിക്കുമോ? സഭ വെളിപാടിൽനിന്നു പ്രചോദനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിനെതിരായ കുറ്റമാണ് പാപം എന്ന് വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. പിതാവിന്റെയും വചനത്തിന്റെയും പരിശുദ്ധാത്മാവിന്റെയും അഗ്രാഹ്യമായ ആന്തരികജീവിതത്തിൽ, ഈ "കുറ്റത്തിന്, സ്നേഹവും ദാനവുമാകുന്ന ആത്മാവിനെ നിരസിക്കുക എന്ന കുറ്റത്തിന്, തുല്യമായി എന്താണുള്ളത്? ദൈവത്തെപ്പറ്റിയുള്ള സങ്കല്പം ഏറ്റവും പൂർണത നിറഞ്ഞ സത്ത എന്നതാണ്. തീർച്ചയായും ആ സങ്കല്പമനുസരിച്ച് ദൈവത്തിൽ അപര്യാപ്തതകളിൽനിന്നോ മുറിവുകളിൽനിന്നോ ജനിക്കുന്ന വേദന ഉണ്ടായിരിക്കുകയില്ല. എന്നാൽ "ദൈവത്തിന്റെ അഗാധതകളിൽ" ഒരു പിതാവിന്റെ സ്നേഹം നിലകൊള്ളുന്നു. അത് മനുഷ്യന്റെ പാപത്തെ നേരിടുകയും ബൈബിളിന്റെ ഭാഷയിൽ പറഞ്ഞാൽ "അവനെ സൃഷ്ടിച്ചതിൽ ഞാൻ ദുഃഖിക്കുന്നു" (cf. ഉത്പ.6:7) എന്നു പറയത്തക്ക വിധം ആഴത്തിൽ പ്രതികരിക്കുകയും ചെയ്യുന്നു. ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നു എന്ന്...... കർത്താവു കണ്ടു. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവു പരിതപിച്ചു. കർത്താവു പറഞ്ഞു: "ഞാൻ അവരെ സൃഷ്ടിച്ചതിൽ ദുഃഖിക്കുന്നു" (ഉത്പ.6:5-7) എന്നാൽ മനുഷ്യന്റെ വേദനയിൽ പങ്കുപറ്റിയാലെന്നപോലെ മനുഷ്യനോടു സഹതപിക്കുന്ന ഒരു പിതാവിനെപ്പറ്റിയാണ് വിശുദ്ധഗ്രന്ഥം കൂടുതൽ പ്രാവശ്യം നമ്മോടു പറയുന്നത്. ഒറ്റവാക്കിൽ പറഞ്ഞാൽ, അഗ്രാഹ്യവും അവർണ്ണനീയവുമായ ഈ പൈതൃക''വേദന", സർവ്വോപരി, യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ വിസ്മയനീയമായ വീണ്ടെടുപ്പിന്റെ പദ്ധതി കൊണ്ടുവരും. അങ്ങനെ "ഭക്തിയുടെ രഹസ്യത്തിലൂടെ" (Mysterium pietatis) സ്നേഹത്തിന് മനുഷ്യചരിത്രത്തിൽ പാപത്തേക്കാൾ ശക്തിയുള്ളതായി സ്വയം വെളിപ്പെടുത്താൻ കഴിയും. "ദാനം" പ്രബലപ്പെടാനാണത്.

യേശുവിന്റെ വാക്കുകളിൽ "പാപത്തെ സംബന്ധിച്ച് ബോധ്യപ്പെടുത്തുന്ന" പരിശുദ്ധാത്മാവ് പിതാവിന്റെയും പുത്രന്റെയും സ്നേഹമാണ്. പ്രകൃത്യാ ത്രിത്വപരമായ ദാനമാണ്. അതേസമയം സൃഷ്ടികൾക്കു ദൈവികമായി നല്കപ്പെടുന്ന സകലദാനങ്ങളുടെയും ഉറവിടവുമാണ്. ചുരുക്കിപ്പറഞ്ഞാൽ, പഴയ നിയമവും പുതിയ നിയമവുമനുസരിച്ച്, സഭാപിതാക്കന്മാരുടെയും ദൈവശാസ്ത്രത്തിന്റെയും പാരമ്പര്യം ദൈവത്തിൽ ആരോപിക്കുന്ന ആ കാരുണ്യത്തെ അവിടുന്നിൽ മൂർത്തീഭവിച്ചതായും സാക്ഷാത്കരിച്ചതായും നമുക്കു ചിത്രീകരിക്കാൻ കഴിയും. മനുഷ്യനിൽ കാരുണ്യം അയൽക്കാരന്റെ ദൗർഭാഗ്യങ്ങളെ സംബന്ധിച്ചുള്ള ദുഃഖവും സഹതാപവും ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തിൽ ആത്മാവാകുന്ന സ്നേഹം, രക്ഷാകരസ്നേഹത്തിന്റെ ഒരു നവീന പ്രവഹിപ്പിക്കലിലൂടെ, മനുഷ്യപാപത്തെപ്പറ്റിയുള്ള പരിഗണനയെ പ്രകാശിപ്പിക്കുന്നു. ദൈവത്തിൽനിന്ന്, പുത്രനോടുകൂടിയുള്ള പിതാവിന്റെ ഐക്യത്തിൽ വീണ്ടെടുപ്പിന്റെ പദ്ധതി ജനിക്കുന്നു. വീണ്ടെടുപ്പിന്റെ ദാനങ്ങൾകൊണ്ട് മനുഷ്യചരിത്രത്തെ നിറയ്ക്കുന്ന പദ്ധതി

www.malankaralibrary.com

യാണത്. പാപം, സ്നേഹത്തെ നിരസിച്ചുകൊണ്ട്, മനുഷ്യന്റെ സഹനത്തിനു കാരണമായി. അതു ഒരു തരത്തിൽ സൃഷ്ടിയെ മുഴുവനും ബാധിച്ചു (cf. റോമ.8:20–22) അതുകൊണ്ട് പരിശുദ്ധാത്മാവ്, സ്നേഹത്തിന്റെ പുതിയ വർഷിക്കലുമായി മാനുഷിക–പ്രാപഞ്ചിക സഹനത്തിലേക്കു പ്രവേശിക്കും. അതുലോകത്തെ രക്ഷിക്കും. ദൈവത്തിന്റെ "സഹനം" മനുഷ്യത്വത്തിൽ വസ്തുനിഷ്ഠമായിത്തീർന്നിരിക്കുന്ന രക്ഷകനായ യേശുവിന്റെ അധരങ്ങളിൽനിന്ന് കാരുണ്യം നിറഞ്ഞ ശാശ്വതസ്നേഹത്തെ വെളിവാക്കുന്ന വാക്കു കേൾക്കപ്പെടും: "എനിക്ക് അലിവുതോന്നുന്നു" (cf. മത്താ.15:32; മർക്കോ.8:2). അങ്ങനെ പരിശുദ്ധാത്മാവിന്റെ ഭാഗത്തുനിന്ന്, പാപത്തെക്കുറിച്ചുള്ള ബോധ്യപ്പെടുത്തൽ, "വ്യർത്ഥതയ്ക്ക് വിധേയമാക്കപ്പെട്ട" സൃഷ്ടിയുടെ മുമ്പിലുള്ള ഒരു വെളിവാക്കലായിത്തീരുന്നു. സർവ്വോപരി, മനുഷ്യമനസ്സാക്ഷിയുടെ അഗാധതയിൽ ആ പാപം, ദൈവിക കുഞ്ഞാടിന്റെ യാഗത്തിലൂടെ കീഴടക്കപ്പെട്ടു. ആ കുഞ്ഞാടാകട്ടെ, മരണത്തോളം വിധേയത്വമുള്ള ദാസനായിത്തീർന്നവനാണ്. മനുഷ്യന്റെ അനുസരണമില്ലായ്മയ്ക്ക് പരിഹാരം ചെയ്തുകൊണ്ട് ലോകത്തിന്റെ വീണ്ടെടുപ്പു സാധിക്കുന്നവനുമാണ്. സഹായകനായ പരിശുദ്ധാത്മാവ് ഇപ്രകാരം "പാപത്തെപ്പറ്റി ബോധ്യപ്പെടുത്തുന്നു".

40. ക്രിസ്തുവിന്റെ ബലിയുടെ രക്ഷാകരമൂല്യം ഹെബ്രായർക്കുള്ള ലേഖനത്തിന്റെ കർത്താവ് ശ്രദ്ധേയമായ വാക്കുകളിലൂടെ വെളിവാക്കിയിട്ടുണ്ട്. "ആടുകളുടെയും കാളകളുടെയും രക്തം" കൊണ്ട് "ശാരീരിക" ശുദ്ധി വരുത്തുന്ന യാഗങ്ങളെപ്പറ്റി അനുസ്മരിച്ചിട്ട് ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "നിത്യാത്മാവുമൂലം കളങ്കമില്ലാതെ ദൈവത്തിനുതന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ അന്തഃകരണത്തെ നിർജ്ജീവപ്രവൃത്തികളിൽനിന്ന് എത്രയധികമായി വിശുദ്ധീകരിക്കുകയില്ല"? (ഹെബ്രാ.9:13 f.). ഈ ബൈബിൾ വാക്യത്തിനു പല വ്യാഖ്യാനങ്ങളുമുണ്ടാകാം. എന്നാലും ക്രിസ്തുവിന്റെ ജീവിതത്തിലാകെയുണ്ടായിരുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെപ്പറ്റിയുള്ള നമ്മുടെ വിചിന്തനം ഇതിനെ ഒരു ക്ഷണിക്കലായി കരുതാൻ പ്രേരിപ്പിക്കുന്നു. ശരീരം ധരിച്ച വചനത്തിന്റെ രക്ഷായാഗത്തിലും ഉണ്ടായിരുന്ന ആ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെപ്പറ്റി ചിന്തിക്കാനാണ് അതു പ്രേരിപ്പിക്കുന്നത്.

ഈ യാഗത്തെപ്പറ്റി പ്രതിപാദിക്കുന്ന ആദ്യവാക്കുകളെക്കുറിച്ചു ചിന്തിച്ചുകൊണ്ടു നമുക്കു തുടങ്ങാം. പിന്നീട് ആ യാഗം പൂർത്തിയാക്കുന്ന "അന്തഃകരണവിശുദ്ധീകരണ"ത്തെപ്പറ്റി പ്രത്യേകമായി ചിന്തിക്കാം. എന്തെന്നാൽ, നിത്യാത്മാവിലൂടെ സമർപ്പിക്കപ്പെട്ടതും "പാപത്തെപ്പറ്റി ബോധ്യപ്പെടുത്താൻ ആ ആത്മാവിൽ നിന്നു ശക്തി ശേഖരിക്കുന്നതുമായ ഒരു യാഗമാണത്. ഊട്ടുശാലയിൽ വച്ചു നടത്തിയ തന്റെ വാഗ്ദാനമനുസരിച്ച് തന്റെ ഉത്ഥാനദിവസം ശിഷ്യന്മാർക്കു ക്രൂശാരോഹണത്തിന്റെ മുറിവുകളോടെ യേശുക്രിസ്തു തന്നെത്തന്നെ കാണിച്ചുകൊടുക്കുമ്പോൾ അവർക്ക് "നല്കും" എന്നു പറഞ്ഞിരുന്ന അതേ ആത്മാവാണത്. "പാപങ്ങളുടെ മോചനത്തി

www.malankaralibrary.com

നായി" അവർക്ക് "നല്കു" മെന്ന് പറഞ്ഞിരുന്ന ആത്മാവുതന്നെ: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക: നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടിരിക്കും" (യോഹ.20:22 f.).

സഹസ്രാധിപനായ കൊർണേലിയുസിന്റെ വീട്ടിൽവച്ച് ശിമയോൻ പത്രോസ് പറഞ്ഞതുപോലെ, "നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം അഭിഷേചിച്ചു".... (അപ്പ.10:38) എന്നു നമുക്കറിയാം. അവിടുത്തെ "വേർപാടിന്റെ" പെസഹാരഹസ്യം, യോഹന്നാന്റെ സുവിശേഷത്തിൽനിന്നു നമുക്കറിയാം. ക്രിസ്തു "കളങ്കമില്ലാതെ എങ്ങനെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ചു" എന്നും, "നിത്യാത്മാവിനോടുകൂടെ" അവിടുന്ന് എപ്രകാരം അതു നിർവഹിച്ചുവെന്നും ഹെബ്രായർക്കുള്ള ലേഖനത്തിലെ വാക്കുകൾ നമുക്കു വിശദീകരിച്ചു തരുന്നു. പരിശുദ്ധാത്മാവ് മനുഷ്യപുത്രനായ യേശുവിന്റെ ഉദ്ഭവത്തിലും – ലോകത്തിലേക്കുള്ള അവിടുത്തെ വരവിലും– അവിടുത്തെ രഹസ്യജീവിതത്തിലും പരസ്യശുശ്രൂഷയിലും എന്നതുപോലെതന്നെ മനുഷ്യപുത്രന്റെ യാഗത്തിലും സന്നിഹിതനും പ്രവർത്തനനിരതനുമായിരുന്നു. ഹെബ്രായർക്കുള്ള ലേഖനമനുസരിച്ച് ഗദ്സേമനി, ഗാഗുൽത്താ എന്നിവയിലൂടെയുള്ള തന്റെ "വേർപാടിന്റെ" വഴിയിൽവച്ച് അതേ യേശുക്രിസ്തു തന്റെ മനുഷ്യത്വത്തിൽ സഹായകനായ പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്തിനു തന്നെത്തന്നെ തുറന്നുകൊടുത്തു. സഹനത്തിൽനിന്നു പ്രവഹിക്കാൻ ശാശ്വതരക്ഷാകര സ്നേഹത്തെ ആത്മാവു ശക്തമാക്കി. അതുകൊണ്ട് "അവന്റെ ദൈവഭയംമൂലം അവന്റെ പ്രാർത്ഥന കേൾക്കപ്പെട്ടു. പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു" (ഹെബ്രാ.5:7 f.). ആദ്യത്തെ ആദത്തിന്റെ സന്തതികളിൽ പാപത്തിനു വിധേയമായിരുന്ന മനുഷ്യത്വം, യേശുക്രിസ്തുവിൽ പൂർണ്ണമായും ദൈവത്തിനു വിധേയമാക്കപ്പെടുകയും അവിടുത്തോടു ഐക്യം പ്രാപിക്കുകയും അതേസമയം മനുഷ്യരോടു സഹതാപം നിറഞ്ഞതായിത്തീരുകയും ചെയ്തത് എങ്ങനെയാണെന്ന്, ഈ ലേഖനം ഇപ്രകാരം കാണിച്ചുതരുന്നു. അങ്ങനെ ആദത്താൽ പാപം വഴി ഒറ്റിക്കൊടുക്കപ്പെട്ട സ്നേഹത്തിലേക്ക് യേശുക്രിസ്തുവിൽ, കുരിശിലെ സഹനത്തിലൂടെ, തിരിച്ചെത്തിയ ഒരു പുതിയ മനുഷ്യത്വമുണ്ട്. ഈ പുതിയ മനുഷ്യത്വം ദാനങ്ങളുടെ ആദിമവർഷിക്കലിന്റെ ദൈവിക ഉറവിടത്തിൽ കണ്ടെത്തപ്പെടുന്നു: "ദൈവത്തിന്റെ ആഴങ്ങളെ പരിശോധിക്കുകയും", താൻതന്നെ സ്നേഹവും ദാനവുമായിരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിൽ.

യേശുക്രിസ്തുവാകുന്ന ദൈവപുത്രൻ, മനുഷ്യൻ എന്ന നിലയിൽ, തന്റെ പീഡാസഹനത്തിന്റെ തീവ്രപ്രാർത്ഥനയിൽ, തന്റെ മനുഷ്യത്വത്തിന്റെ അത്യഗാധതലങ്ങളിൽ പണ്ടേ പ്രവേശിച്ചു കഴിഞ്ഞിരുന്ന പരിശുദ്ധാത്മാവിനെ, തന്റെ മനുഷ്യത്വത്തെ പരിവർത്തനം ചെയ്യിക്കാൻ ശക്തനാക്കി. കുരിശിൽ സ്നേഹത്തിന്റെ യാഗവസ്തുവായുള്ള തന്റെ മരണത്തിന്റെ പ്രവൃത്തിയിലൂടെ ആ മനുഷ്യത്വത്തെ ഒരു തികഞ്ഞ ബലിയാക്കാൻ പരിശുദ്ധാ

www.malankaralibrary.com

ത്മാവിനെ സഹായിച്ചു. അവിടുന്നു തന്റെ യാഗം സ്വയം സമർപ്പിച്ചു. ഏക പുരോഹിതനെന്ന നിലയിൽ, "അവിടുന്ന് തന്നെത്തന്നെ കളങ്കമില്ലാതെ ദൈവത്തിനു സമർപ്പിച്ചു" (ഹെബ്രാ.9:14). അവിടുന്നു തന്റെ മനുഷ്യത്വത്തിൽ, ഈ യാഗമായിത്തീരാൻ യോഗ്യനായിരുന്നു. എന്തെന്നാൽ അവിടുന്നു മാത്രമായിരുന്നു "കളങ്കമില്ലാത്തവൻ". എന്നാൽ അത് അവിടുന്നു "നിത്യാത്മാവിലൂടെ" സമർപ്പിച്ചു. മനുഷ്യപുത്രന്റെ പരമമായ ഈ ആത്മസമർപ്പണത്തിൽ സവിശേഷമായ വിധത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിച്ചു എന്നാണ് ഇതിന്റെ അർത്ഥം. ഈ സഹനത്തെ രക്ഷാകരസ്നേഹമാക്കി മാറ്റുന്നതിനു വേണ്ടിയാണ് അങ്ങനെ പ്രവർത്തിച്ചത്.

41. മനുഷ്യർ സമർപ്പിക്കുന്ന യാഗവസ്തുക്കളെ ദഹിപ്പിക്കുന്ന "സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നിയെ" സംബന്ധിച്ച് പഴയനിയമത്തിൽ പല സന്ദർഭത്തിലും പറയുന്നുണ്ട് (cf. ലേവ്യ.9:24; 1 രാജാ.18:38; 2 ദിന.7:1) കുരിശിന്റെ രഹസ്യത്തിന്റെ അഗാധതയിൽ പ്രവർത്തിക്കുന്ന "സ്വർഗ്ഗത്തിൽനിന്നുള്ള അഗ്നി" പരിശുദ്ധാത്മാവാണെന്ന്, ഇതിനോടു സാമ്യപ്പെടുത്തി, നമുക്കു പറയാം. പിതാവിൽനിന്നു പുറപ്പെട്ട്, അവിടുന്ന് പുത്രന്റെ യാഗത്തെ, ത്രിത്വാത്മക സംസർഗത്തിന്റെ ദൈവികയാഥാർത്ഥ്യത്തിലേക്കു കൊണ്ടുവന്ന്, പിതാവിങ്കലേക്കു നയിക്കുന്നു. പാപം സഹനത്തിനു കാരണമായെങ്കിൽ ക്രൂശിതനായ ക്രിസ്തുവിലുള്ള ദൈവത്തിന്റെ വേദന ഇപ്പോൾ പരിശുദ്ധാത്മാവിലൂടെ അതിന്റെ തികഞ്ഞ മാനുഷിക പ്രകാശനം നേടുന്നു. അങ്ങനെ, സ്നേഹത്തിന്റെ വിരോധാഭാസപരമായ ഒരു രഹസ്യമുണ്ടാകുന്നു: തന്റെ സൃഷ്ടിയിൽ പരിത്യജിക്കപ്പെട്ട ഒരു ദൈവം ക്രിസ്തുവിൽ സഹിക്കുന്നു: "അവർ എന്നിൽ വിശ്വസിച്ചില്ല!" അതേസമയം ഈ സഹനത്തിന്റെ ആഴങ്ങളിൽനിന്ന്- പരോക്ഷമായി, "വിശ്വസിക്കാതിരുന്നു" എന്ന പാപത്തിന്റെ തന്നെ ആഴത്തിൽനിന്ന് – ആത്മാവ്, ആരംഭം മുതൽ മനുഷ്യനും സൃഷ്ടിക്കും നല്കപ്പെട്ട ദാനത്തിന്റെ പുതിയ അളവ് സ്വീകരിക്കുന്നു. കുരിശിന്റെ രഹസ്യത്തിന്റെ അഗാധതയിൽ സ്നേഹം പ്രവർത്തിക്കുന്നു. ദൈവത്തിൽത്തന്നെയുള്ള ജീവനിൽ പങ്കുപറ്റാൻ മനുഷ്യനെ വീണ്ടും തിരികെ കൊണ്ടുവരുന്ന സ്നേഹമാണത്.

സ്നേഹവും ദാനവും എന്ന നിലയിൽ പരിശുദ്ധാത്മാവ്, ഒരു പ്രത്യേക അർത്ഥത്തിൽ, കുരിശിൽ സമർപ്പിക്കപ്പെട്ട ബലിയുടെ ഹൃദയത്തിലേക്കു ഇറങ്ങി വരുന്നു. ബൈബിൾപരമായ പാരമ്പര്യത്തെ പരാമർശിച്ചുകൊണ്ട് നമുക്ക് ഇങ്ങനെ പറയാം: ത്രിത്വാത്മക സംസർഗ്ഗത്തിൽ പുത്രനെ പിതാവുമായി ഒന്നിപ്പിക്കുന്ന സ്നേഹത്തിന്റെ അഗ്നികൊണ്ട് അവിടുന്ന് ഈ യാഗം ദഹിപ്പിക്കുന്നു. കുരിശിലെ യാഗം ക്രിസ്തുവിന്റെ സ്വർഗ്ഗീയമായ ഒരു പ്രവൃത്തിയാകയാൽ ഈ യാഗത്തിലും അവിടുന്നു പരിശുദ്ധാത്മാവിനെ "സ്വീകരിക്കുന്നു". പിന്നീട് അപ്പസ്തോലന്മാർക്കും സഭയ്ക്കും മനുഷ്യവംശത്തിനും അവിടുത്തെ നല്കാൻ കഴിയത്തക്കവിധം അവിടുന്നു പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. പിതാവിനോടുകൂടെ അവിടുത്തേക്കു

www.malankaralibrary.com

മാത്രമേ അവിടുത്തെ നല്കാൻ കഴിയുകയുള്ളു. അവിടുന്നു മാത്രമാണ് ആത്മാവിനെ പിതാവിൽ നിന്ന് അയയ്ക്കുന്നത് (cf.യോഹ.15:26). അവിടുന്നു മാത്രമാണ് ഊട്ടുശാലയിൽ അപ്പസ്തോലന്മാർക്ക് കാണപ്പെട്ട് അവരുടെമേൽ നിശ്വസിക്കുകയും ഇപ്രകാരം പറയുകയും ചെയ്തത്; "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ അവ ക്ഷമിക്കപ്പെട്ടിരിക്കും" (യോഹ.20:22 f). സ്നാപകയോഹന്നാൻ പ്രവചിച്ചതുപോലെതന്നെ: "അവൻ നിങ്ങളെ പരിശുദ്ധാത്മാവിനെക്കൊണ്ടും അഗ്നികൊണ്ടും മാമ്മോദീസ മുക്കും" (മത്താ.3:11). യേശുവിന്റെ ഈ വാക്കുകളോടെ പരിശുദ്ധാത്മാവു വെളിവാക്കപ്പെട്ടു. അതേസമയം, പെസഹാരഹസ്യത്തിന്റെ ആഴങ്ങളിൽ പ്രവർത്തിക്കുന്ന സ്നേഹമായും ക്രിസ്തുവിന്റെ കുരിശിന്റെ രക്ഷാകരശക്തിയുടെ ഉറവിടമായും നവീനവും നിത്യവുമായ ജീവന്റെ ദാനമായും സന്നിഹിതനാക്കപ്പെടുകയും ചെയ്തു.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഈ സത്യം റോമൻലിറ്റർജിയിൽ പ്രകാശനം കണ്ടെത്തുന്നുണ്ട്. കുർബാന സ്വീകരണത്തിനുമുമ്പ് താഴെപ്പറയുന്ന ശ്രദ്ധേയങ്ങളായ വാക്കുകൾ വൈദികൻ ഉച്ചരിക്കുമ്പോഴാണ് അങ്ങനെ ചെയ്യുന്നത്: "കർത്താവായ യേശു ക്രിസ്തുവേ, ജീവിക്കുന്ന ദൈവത്തിന്റെ പുത്രാ, പിതാവിന്റെ ഹിതത്താലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും നിന്റെ മരണം ലോകത്തിനു ജീവൻ നല്കി....." മൂന്നാമത്തെ സ്തോത്രയാഗപ്രാർത്ഥനയിൽ, അതേ രക്ഷാകരപദ്ധതിയെ പരാമർശിച്ചുകൊണ്ട്, പരിശുദ്ധാത്മാവ് "ഞങ്ങളെ നിത്യമായ ഒരു കാണിക്കയാക്കട്ടെ" എന്നു പിതാവിനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 5. മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്ന രക്തം

42. പെസഹാരഹസ്യത്തിന്റെ പാരമ്യത്തിൽ പരിശുദ്ധാത്മാവ് സുനിശ്ചിതമായി പുതിയൊരു രീതിയിൽ വെളിവാക്കപ്പെടുകയും സന്നിഹിതനാക്കപ്പെടുകയും ചെയ്തുവെന്നു നാം പറഞ്ഞല്ലോ. ഉത്ഥിതനായ ക്രിസ്തു അപ്പസ്തോലന്മാരോടു പറയുന്നു: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക". അങ്ങനെ പരിശുദ്ധാത്മാവ് വെളിവാക്കപ്പെട്ടു. എന്തെന്നാൽ, ഊട്ടുശാലയിൽവച്ചുള്ള സംഭാഷണത്തിൽ ക്രിസ്തു വാഗ്ദാനം നടത്തുകയും പ്രവചിക്കുകയും ചെയ്ത കാര്യം അവിടുത്തെ വാക്കുകൾ സ്ഥിരീകരിക്കുന്നു. ഇതോടെ സഹായകൻ ഒരു പുതിയരീതിയിൽ സന്നിഹിതനാക്കപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ, ആരംഭം മുതൽ സൃഷ്ടിയുടെ രഹസ്യത്തിലും ദൈവം മനുഷ്യനുമായി ചെയ്ത പഴയ ഉടമ്പടിയുടെ ചരിത്രം മുഴുവനിലും അവിടുന്നു പ്രവർത്തനനിരതനായിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വന്ന മിശിഹാ ആയി മനുഷ്യപുത്രനെ അയയ്ക്കുന്നതിൽ അവിടുത്തെ പ്രവർത്തനം പൂർണ്ണമായി സ്ഥിരീകരിക്കപ്പെട്ടു. യേശുവിന്റെ മെസയാനിക ദൗത്യത്തിന്റെ പാരമ്യത്തിൽ പരിശുദ്ധാത്മാവ് പെസഹാരഹസ്യത്തിൽ അവി

www.malankaralibrary.com

ടുത്തെ പൂർണ്ണമായ ദൈവികകർതൃത്വത്തിൽ സന്നിഹിതനായിത്തീരുന്നു: കുരിശിന്റെ യാഗത്തിൽ വേരുറച്ച രക്ഷാകരകർമ്മം ഇപ്പോൾ തുടർന്നു കൊണ്ടു പേകേണ്ടവൻ എന്ന നിലയിൽ. തീർച്ചയായും, യേശു ഈ ജോലി മനുഷ്യവംശത്തെ ഭരമേല്പിക്കുന്നു: അപ്പസ്തോലന്മാരെയും സഭയെയും. എന്നിരുന്നാലും ഈ മനുഷ്യരിലും അവരിലൂടെയും, മനുഷ്യാത്മാവിലും ലോകചരിത്രത്തിലും ഈ ധർമ്മം പൂർത്തിയാക്കുന്നതിന്റെ സർവ്വാതിശായി യായ പ്രഥമ പ്രവർത്തകനായി പരിശുദ്ധാത്മാവ് നിലകൊള്ളുന്നു: അദൃശ്യനും അതേസമയം സർവ്വത്രസന്നിഹിതനുമായ സഹായകൻ! "തനിക്ക് ഇഷ്ടമുള്ളിടത്ത് ഊതുന്ന ആത്മാവ്" (Cf.യോഹ.3:8).

"പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തുന്നവൻ" എന്ന നിലയിലുള്ള സഹായകനായ ആശ്വാസദായകന്റെ സാന്നിധ്യത്തിന്, ഉത്ഥിതനായ ക്രിസ്തു ആഴ്ചയുടെ ആദ്യദിവസം പറഞ്ഞ വാക്കുകൾ പ്രത്യേകം ഊന്നൽ നല്കുന്നു. എന്തെന്നാൽ, അപ്പസ്തോലന്മാർക്ക് പരിശുദ്ധാത്മാവിനെ 'ദാനം' നല്കുന്നതിനോട് യേശു നേരിട്ടു ബന്ധപ്പെടുത്തുന്ന വാക്കുകളെ ഈ ബന്ധത്തിൽ മാത്രമേ വിശദീകരിക്കാൻ കഴിയുകയുള്ളു. അവിടുന്നു പറയുന്നു: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരി ക്കും" (യോഹ.20:22 f.) യേശു അപ്പസ്തോലന്മാർക്ക് പാപങ്ങൾ മോചിക്കാനുള്ള അധികാരം നല്കുന്നു. സഭയിൽ തങ്ങളുടെ പിൻഗാമികൾക്കു അവർ അതു കൈമാറുന്നതിനുവേണ്ടി ത്തന്നെ. എന്നാൽ മനുഷ്യർക്കു നല്കപ്പെട്ട ഈ അധികാരം പരിശുദ്ധാത്മാവിന്റെ രക്ഷാകരപ്രവർത്തനത്തെ മുൻവ്യവസ്ഥയായി ആവശ്യപ്പെടുകയും, ആ പ്രവർത്തനത്തെ ഉൾക്കൊള്ളുകയും ചെയ്യുന്നു. "ഹൃദയങ്ങളുടെ പ്രകാശമായി"ത്തീർന്ന് (cf. Sequence *Veni, Sancte Spiritus*), അതായത് മനഃസാക്ഷിയുടെ വെളിച്ചമായിത്തീർന്ന്, പരിശുദ്ധാത്മാവ് പാപത്തെപ്പറ്റി ബോധ്യപ്പെടുത്തുന്നു. അതായത്, മനുഷ്യന് അവന്റെ തിന്മയെ മനസ്സിലാക്കിക്കൊടുക്കുന്നു; അതേസമയം നന്മയിലേക്ക് അവനെ നയിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ ദാനങ്ങളുടെ ബഹുത്വത്തിന്റെ സഹായത്താൽ ദൈവത്തിന്റെ രക്ഷാകരശക്തിക്കു മനുഷ്യന്റെ ഏതുതരം പാപത്തിലേക്കും എത്തിച്ചേരാൻ കഴിയും (ദാനങ്ങളുടെ ഈ ബഹുത്വം കൊണ്ടാണ് പരിശുദ്ധാത്മാവ് "ഏഴിരട്ടിയുള്ളവൻ" എന്നു വിശ്വസിക്കപ്പെടുന്നത്). യഥാർത്ഥത്തിൽ വിശുദ്ധ ബനവെഞ്ചർ പറയുന്നതുപോലെ "പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങളുടെ ശക്തിയാൽ എല്ലാ തിന്മകളും നശിപ്പിക്കപ്പെടുകയും എല്ലാ നന്മകളും ഉത്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു" (St Bonaventure, *De septem Donis Spiritus Sancti*, Collatio II, 3: Ad Claras Aquas, V, 463).

അങ്ങനെ പാപപ്പൊറുതിക്കുള്ള അനുപേക്ഷണീയ വ്യവസ്ഥയായ മനുഷ്യഹൃദയത്തിന്റെ പരിവർത്തനം സഹായകന്റെ സ്വാധീനം വഴി സംജാത

www.malankaralibrary.com

മാക്കപ്പെടുന്നു. ആന്തരികമായ മനസ്താപം ഉൾക്കൊള്ളുന്ന യഥാർത്ഥ മാന സാന്തരവും പരിഹാരം ചെയ്യാനുള്ള ആത്മാർത്ഥവും സുസ്ഥിരവുമായ ലക്ഷ്യവും ഇല്ലാതിരുന്നാൽ പാപങ്ങൾ ക്ഷമിക്കപ്പെടാതെ നിലകൊള്ളും. യേശുവിന്റെ വാക്കുകളനുസരിച്ചും പഴയതും പുതിയതുമായ ഉടമ്പടികൾ അനുസരിച്ചും അങ്ങനെ തന്നെയാണ്. എന്തെന്നാൽ, മർക്കോസിന്റെ സുവി ശേഷമനുസരിച്ച്, യേശു തന്റെ (പരസ്യ)ശുശ്രൂഷയുടെ ആരംഭത്തിൽ പറഞ്ഞ ആദ്യത്തെ വാക്കുകൾ ഇവയാണ്: "പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വ സിക്കുവിൻ" (മർക്കോ.1:15). മനുഷ്യപുത്രന്റെ രക്തത്താൽ പൂർത്തിയാക്കിയ വീണ്ടെടുപ്പിന്റെ ശക്തികൊണ്ട് പരിശുദ്ധാത്മാവ് പുതിയൊരു രീതിയിൽ ഏറ്റെടുത്ത "പാപത്തെക്കുറിച്ചുള്ള ബോധ്യപ്പെടുത്തൽ" ആണ് ഈ ആഹ്വാ നത്തിന്റെ ഒരു സ്ഥിരീകരണം. അങ്ങനെ ഹെബ്രായർക്കുള്ള ലേഖനം പറ യുന്നു, ഈ "രക്തം മനഃസാക്ഷിയെ വിശുദ്ധീകരിക്കുന്നു" എന്ന് (cf. ഹെബ്രാ.9:14). അതുകൊണ്ട്, മനുഷ്യന്റെ ആന്തരികസത്തയിലേക്കുള്ള, മനുഷ്യമന:സാക്ഷിയുടെ ശ്രീകോവിലിലേക്കുള്ള, വാതിൽ പരിശുദ്ധാത്മാ വിന് അതു തുറന്നുകൊടുക്കുന്നു എന്നു പറയാം.

43. രണ്ടാം വത്തിക്കാൻ സുനഹദോസ്, മനുഷ്യന്റെ വിളിയെപ്പറ്റി, പ്രത്യേകിച്ച് മനുഷ്യവ്യക്തിയുടെ മഹത്ത്വത്തെപ്പറ്റി, പറയുന്നിടത്ത് മനഃസാക്ഷി യെക്കുറിച്ചുള്ള കത്തോലിക്കാ പ്രബോധനത്തെ സൂചിപ്പിക്കുന്നുണ്ട്. മനഃ സാക്ഷിയാണ് സവിശേഷമായി ഈ മഹത്ത്വം നല്കുന്നത്. എന്തെന്നാൽ മനഃസാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യമായ കേന്ദ്രവും വിശുദ്ധാഗാരവു മാണ്. അവിടെ അവൻ ഒറ്റക്ക് ദൈവത്തോടുകൂടെയായിരിക്കുന്നു. "അവി ടുത്തെ ശബ്ദം അവന്റെ ആഴങ്ങളിൽ പ്രതിധ്വനിക്കുകയും ചെയ്യുന്നു". "ഇതുചെയ്യുക, അത് പരിവർജിക്കുക എന്നിങ്ങനെ അവന്റെ ഹൃദയത്തോടു കൂടുതൽ വ്യക്തമായി പറയാൻ അതിനു കഴിയും". സ്രഷ്ടാവിനാൽ മനു ഷ്യനിൽ സ്ഥാപിക്കപ്പെട്ട ഈ കഴിവ് - നന്മ ചെയ്യണമെന്നു കല്പിക്കാനും തിന്മ ചെയ്യരുതെന്നു വിലക്കാനുമുള്ള ഈ കഴിവ്- ആണ് വ്യക്തിത്വമുള്ള കർത്താവിന്റെ പ്രധാനപ്പെട്ട സവിശേഷസ്വഭാവം. എന്നാൽ, അതേസമയം, മനുഷ്യൻ തന്റെ മനഃസാക്ഷിയുടെ ആഴങ്ങളിൽ ഒരു നിയമം കണ്ടെത്തുന്നു; "തന്റേമേൽത്തന്നെ അവൻ അടിച്ചേല്പിക്കാത്തതും അനുസരിക്കാൻ അവനെ നിർബന്ധിക്കുന്നതുമായ ഒരു നിയമം" (Cf. Pastoral Constitution on the Church in the Modern World *Gaudium et Spes*, 16). അതുകൊണ്ട് ഏതാണു നന്മ ഏതാണു തിന്മ എന്നിങ്ങനെ നിർണയിക്കാനുള്ള സ്വതന്ത്രവും അനന്യ ലഭ്യവുമായ ഒരു കഴിവല്ല മനഃസാക്ഷി. അനുസരണത്തിന്റെ ഒരു തത്ത്വം അതിൽ ആഴത്തിൽ മുദ്രിതമായിരിക്കുന്നു. അതിന്റെ തീരുമാനങ്ങളെ, മാനു ഷികപെരുമാറ്റത്തിന്റെ അടിത്തറയിലുള്ള കല്പനകളോടും നിരോധനങ്ങ ളോടും പൊരുത്തപ്പെടുത്തുന്ന വസ്തുനിഷ്ഠമായ നിയമത്തിനഭിമുഖമായി അതു നിലകൊള്ളുന്നു. നാം പരിചിന്തനം ചെയ്ത ഉത്പത്തിപുസ്തകത്തിലെ ഭാഗത്തുള്ളതുപോലെതന്നെ (cf. ഉത്പ.2:9,17) ഈ അർത്ഥത്തിൽ മനഃസാ

www.malankaralibrary.com

ക്ഷി, "ദൈവത്തിന്റെ ശബ്ദം പ്രതിധ്വനിക്കുന്ന വിശുദ്ധാഗാരമാണ്". മനഃസാക്ഷി "ദൈവത്തിന്റെ ശബ്ദമാണ്". മനുഷ്യനു സംശയിക്കാനാവാത്ത ധാർമ്മികനിയമത്തിന്റെ തത്ത്വത്തിൽ കവിഞ്ഞ ഒന്നും മനുഷ്യൻ അതിൽ കാണാതിരിക്കുമ്പോൾപോലും, സ്രഷ്ടാവിനോടുള്ള പ്രത്യക്ഷപരാമർശമൊന്നുമില്ലാതിരിക്കുമ്പോൾപോലും, അതു ദൈവശബ്ദമാണ്. മനഃസാക്ഷി അതിന്റെ അടിസ്ഥാനവും നീതിവത്കരണവും കണ്ടെത്തുന്നത്, എപ്പോഴും അതിനോടു ബന്ധപ്പെടുത്തിയിട്ടാണ്.

സത്യാത്മാവിന്റെ സ്വാധീനത്തിൻകീഴിൽ പാപത്തെപ്പറ്റി ബോധ്യപ്പെടുത്തും എന്നു സുവിശേഷത്തിൽ പറയുന്നു. ഈ ബോധ്യപ്പെടുത്തൽ മനഃസാക്ഷിയിലൂടെയല്ലാതെ മനുഷ്യനിൽ പൂർത്തിയാക്കാൻ സാധിക്കുകയില്ല. മനഃസാക്ഷി നേരുള്ളതാണെങ്കിൽ വ്യക്തികളുടെ ജീവിതത്തിലുണ്ടാകുന്നവയും സാമൂഹികബന്ധങ്ങളിൽനിന്നുണ്ടാകുന്നവയുമായ ധാർമ്മികപ്രശ്നങ്ങളെ സത്യമനുസരിച്ചു പരിഹരിക്കാൻ അതു സഹായിക്കും. അപ്പോൾ, "വ്യക്തികളും ഗ്രൂപ്പുകളും അന്ധമായ തിരഞ്ഞെടുപ്പിൽ നിന്നു പിൻമാറുകയും ധാർമ്മികപെരുമാറ്റത്തിന്റെ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളാൽ നയിക്കപ്പെടുകയും ചെയ്യും" (Second Vatican Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 16).

ഒന്നാമതായി, നന്മയെ നന്മയെന്നും തിന്മയെ തിന്മയെന്നും വിളിക്കുക എന്നതാണ് നേരുള്ള മനഃസാക്ഷിയുടെ ഒരു ഫലം. മുൻപറഞ്ഞ വത്തിക്കാൻ കൗൺസിലിന്റെ "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേഖയിൽ നാം വായിക്കുന്നതുപോലെതന്നെ: തിന്മയെന്നു വിളിക്കപ്പെടേണ്ടവയെപ്പറ്റി അതിൽ ഇപ്രകാരം പറയുന്നു: "ഏതുതരത്തിലുള്ള കൊലപാതകവും, വർഗവിച്ഛേദം, ഗർഭഛിദ്രം, കാരുണ്യവധം, ബോധപൂർവ്വകമായ ആത്മഹത്യ എന്നിങ്ങനെ ജീവനെത്തന്നെ എതിർക്കുന്ന എന്തും, അംഗവിച്ഛേദം, ശരീരത്തിലോ മനസ്സിലോ ഏല്പിക്കപ്പെടുന്ന പീഡനങ്ങൾ, മനസ്സിനെത്തന്നെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ എന്നിങ്ങനെ മനുഷ്യവ്യക്തിയുടെ പൂർണ്ണതയെ നശിപ്പിക്കുന്നതെന്തും, മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾ, അന്യായമായ തടങ്കൽ ശിക്ഷകൾ, നാടുകടത്തൽ, അടിമത്തം, വേശ്യാവൃത്തി, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വില്ക്കൽ എന്നിങ്ങനെ മനുഷ്യമഹത്വത്തെ നിന്ദിക്കുന്നതെന്തും അതുപോലെതന്നെ, സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമുള്ള വ്യക്തികൾ എന്നതിനെക്കാൾ ലാഭത്തിനായുള്ള ഉപകരണങ്ങളായി മനുഷ്യരെ കൈകാര്യം ചെയ്യുന്ന നിന്ദ്യമായ തൊഴിൽ സാഹചര്യങ്ങൾ". നമ്മുടെ കാലഘട്ടത്തിൽ; നിരന്തരവും വ്യാപകവുമായിരിക്കുന്ന വ്യത്യസ്ത പാപങ്ങളെ ഇങ്ങനെ പേരുവിളിച്ച് പറഞ്ഞിട്ട് ആ പ്രമാണരേഖ ഇപ്രകാരം കൂട്ടിച്ചേർത്തു പറയുന്നു: "ഇവയും ഇവയുടെ തരത്തിൽ പെട്ട മറ്റുള്ളവയും യഥാർത്ഥത്തിൽ പരമനിന്ദ്യങ്ങളാണ്. അവ മനുഷ്യസമൂഹത്തിൽ വിഷം കലർത്തുന്നു. ഈ തിന്മകൾ അവ സഹിക്കുന്നവർക്ക് എന്നതിലേറെ ദ്രോഹം അവ നടപ്പാക്കുന്നവർക്കുണ്ടാക്കുന്നു. കൂടാതെ അവ സ്രഷ്ടാവിനോടു കാണിക്കുന്ന പരമനിന്ദയുമാണ്"

www.malankaralibrary.com

മനുഷ്യനെ ഏറ്റവും നിന്ദിക്കുന്ന പാപങ്ങളെ അവയുടെ പേരുപറഞ്ഞ് വിളിച്ചുകൊണ്ടും മനുഷ്യപുരോഗതിയുടെ ബാക്കിപത്രത്തെ നിഷേധാത്മകമായി ഭാരപ്പെടുത്തുന്ന ഒരു ധാർമ്മികതിന്മയാണെന്നു കാണിച്ചുകൊണ്ടും, വത്തിക്കാൻ കൗൺസിൽ, "നന്മയും തിന്മയും തമ്മിൽ, പ്രകാശവും അന്ധകാരവും തമ്മിൽ, നടക്കുന്ന ഒരു നാടകീയസമരത്തിന്റെ" വേദിയിൽ എന്നപോലെ ഇവയെല്ലാം വിവരിക്കുന്നുണ്ട്. ഈ സമരമാകട്ടെ "മനുഷ്യജീവിതം മുഴുവന്റെയും – അതു വ്യക്തിയുടേതായാലും സമൂഹത്തിന്റേതായാലും" – സവിശേഷസ്വഭാവമാണ് (cf. Ibid., 13). അനുരഞ്ജനത്തെയും പ്രായശ്ചിത്തത്തെയും സംബന്ധിച്ച് 1983–ൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ സമ്മേളനം മാനുഷികപാപത്തിന്റെ സാമൂഹികഗൗരവത്തെ കൂടുതൽ വ്യക്തമാക്കുകയുണ്ടായി (cf. Post-synodal Apostolic Exhortation *Reconciliatio et Paenitentia* (2 December 1984) 16: AAS 77 (1985), pp. 213-217)

44. മനുഷ്യചരിത്രത്തിൽ പാപം തുടർന്നും നിലനില്ക്കുന്നു എന്നതിന് സാക്ഷ്യം വഹിക്കുന്നവനാണ് പരിശുദ്ധാത്മാവ് എന്ന് യേശുക്രിസ്തു, പീഡാസഹനത്തിന്റെ തലേനാൾ ഊട്ടുശാലയിൽവച്ചും വീണ്ടും ഉയർപ്പുദിവസത്തിന്റെ സായാഹ്നത്തിലും പറഞ്ഞു. എന്നാലും പാപം വീണ്ടെടുപ്പിന്റെ രക്ഷാകരശക്തിക്കു വിധേയമാക്കപ്പെട്ടു. പാപത്തെ അതിന്റെ ശരിപ്പേരുപയോഗിച്ച് വിളിച്ചു എന്നതുകൊണ്ടോ അതിന്റെ മണ്ഡലത്തിലെല്ലാം അത് എന്തായിരിക്കുന്നു എന്ന് നിർണ്ണയം ചെയ്തതുകൊണ്ടോ "പാപത്തെപറ്റി ലോകത്തെ ബോധ്യപ്പെടുത്തൽ" അവസാനിക്കുന്നില്ല. പാപത്തെപ്പറ്റി ലോകത്തെ ബോധ്യപ്പെടുത്താൻ പരിശുദ്ധാത്മാവ് മനുഷ്യമനസ്സാക്ഷിയുടെ ശബ്ദവുമായി ബന്ധപ്പെടുന്നു.

ഈ വഴി പിൻതുടർന്നുകൊണ്ട് നമുക്ക് പാപങ്ങളുടെ വേരുകളെ വ്യക്തമാക്കാം. അവയാകട്ടെ, ആ പ്രമാണരേഖ വിവരിക്കുന്നതുപോലെ മനുഷ്യന്റെ ആന്തരികസത്തയിലാണ് കണ്ടെത്തേണ്ടത്. ആധുനികമനുഷ്യനെ ക്ലേശിപ്പിക്കുന്ന അസന്തുലിതസ്ഥിതിവിശേഷങ്ങൾ മനുഷ്യഹൃദയത്തിൽ വേരുറച്ച കൂടുതൽ മൗലികമായ അസന്തുലിതാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. കാരണം, മനുഷ്യനിൽത്തന്നെ വിവിധഘടകങ്ങൾ പരസ്പരം മല്ലടിക്കുന്നുണ്ട്. അങ്ങനെ, ഒരുവശത്ത്, ഒരു സൃഷ്ടി എന്നനിലയിൽ ബഹുവിധമാർഗ്ഗങ്ങളിലൂടെ തന്റെ പരിമിതികളെ അവനനുഭവിക്കുന്നു. മറുവശത്ത്, തന്റെ അഭിലാഷങ്ങളിൽ അതിരറ്റവനും ഉന്നതതരമായ ജീവിതത്തിലേക്കു വിളിക്കപ്പെട്ടവനുമാണ് താൻ എന്ന് അവന് തോന്നുന്നു. അനേകതരം ആകർഷണങ്ങളാൽ വലിച്ചിഴക്കപ്പെട്ട്, അവയിൽ ചിലത് തിരഞ്ഞെടുക്കാനും ചിലത് ഉപേക്ഷിക്കാനും അവൻ നിർബന്ധിതനായിത്തീരുന്നു. യഥാർത്ഥത്തിൽ, ദുർബലനും പാപിയുമെന്ന നിലയിൽ അവൻ പലപ്പോഴും "ചെയ്യാൻ ആഗ്രഹിക്കാത്തത് ചെയ്യുകയും ആഗ്രഹിക്കുന്നത് ചെയ്യുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു" (Pastoral Constitution on the Church in the Modern World *Gaudium et Spes*, 10). കൗൺസിലിന്റെ പ്രമാണരേഖ

www.malankaralibrary.com

ഇവിടെ, വിശുദ്ധപൗലോസിന്റെ സുപ്രസിദ്ധവാക്കുകളെ പരാമർശിക്കുന്നു (cf. റോമ.7:14–15,19).

മനുഷ്യമനഃസാക്ഷി ശ്രദ്ധാപൂർവ്വം നടത്തുന്ന ഓരോ പരിചിന്തനത്തിലും അതിന്റെകൂടെ പോകുന്ന "പാപത്തെപ്പറ്റിയുള്ള ബോദ്ധ്യപ്പെടുത്തൽ", അങ്ങനെ, പാപത്തിനു മനുഷ്യനിലുള്ള വേരുകളെ കണ്ടെത്താൻ സഹായിക്കുന്നു. ചരിത്രഗതിയിൽ മനഃസാക്ഷി എപ്രകാരം നിയന്ത്രിക്കപ്പെട്ടുവെന്നു കണ്ടെത്തുന്നതിനും അതു സഹായിക്കുന്നു. ഇങ്ങനെ, നാം പറഞ്ഞു കഴിഞ്ഞ പാപത്തിന്റെ ആദിമയാഥാർത്ഥ്യത്തെ നാം കണ്ടെത്തുന്നു. പരിശുദ്ധാത്മാവ് മനുഷ്യോത്പത്തിയുടെ രഹസ്യത്തോടു ബന്ധപ്പെടുത്തി "പാപത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തുന്നു". മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ജീവിയാണെന്നും അതുകൊണ്ട് അസ്തിത്വപരമായും ധാർമ്മികമായും സ്രഷ്ടാവിനോടുള്ള ആശ്രയത്തിൽ കഴിയുന്നവനാണെന്നുമുള്ള യാഥാർത്ഥ്യം വ്യക്തമാക്കിക്കൊണ്ട് അപ്രകാരം ചെയ്യുന്നു. അതേസമയം മനുഷ്യപ്രകൃതിയുടെ പരമ്പരാഗത പാപാവസ്ഥയെക്കുറിച്ച് പരിശുദ്ധാത്മാവ് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, സഹായകനായ പരിശുദ്ധാത്മാവ് എപ്പോഴും ക്രിസ്തുവിന്റെ കുരിശിനോടു ബന്ധപ്പെടുത്തി "പാപത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തുന്നു". ഈ ബന്ധത്തിന്റെ സാഹചര്യത്തിൽ, പാപത്തെക്കുറിച്ചുള്ള എല്ലാ വിധിവാദത്തെയും (Fatalism) ക്രിസ്തുമതം തള്ളിക്കളയുന്നു. വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ "മനുഷ്യചരിത്രത്തിലാകെ അന്ധകാരത്തിന്റെ ശക്തികൾക്കെതിരേയുള്ള അതീവവിസ്മയാവഹമായ സമരം പ്രബലപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ ആരംഭത്തിൽത്തന്നെ അതു തുടങ്ങി. കർത്താവു സാക്ഷ്യപ്പെടുത്തിയതുപോലെ അന്ത്യദിവസംവരെ അതു തുടരുകയും ചെയ്യും" (cf. Pastoral Constitution on the Church in the Modern World *Gaudium et Spes*, 37). "എന്നാൽ കർത്താവുതന്നെ മനുഷ്യനെ സ്വതന്ത്രനാക്കാനും ശക്തിപ്പെടുത്താനും വേണ്ടി വന്നു" (Ibid., 13) അതുകൊണ്ട് മനുഷ്യൻ തന്റെ പാപാവസ്ഥയിൽ കെണിയിലാക്കപ്പെടാൻ അനുവദിക്കരുത്. തന്റെ മനഃസാക്ഷിയുടെ സ്വരത്തെ വിശ്വസിച്ചുകൊണ്ട്, "നന്മയോട് ഒട്ടിച്ചേർന്നുനില്ക്കണമെങ്കിൽ സ്ഥിരമായി സമരം ചെയ്യണം. ധീരോചിതമായ പരിശ്രമങ്ങളും ദൈവവരപ്രസാദത്തിന്റെ സഹായവും കൂടാതെ അവനു സ്വന്തം ആന്തരികപൂർണത നേടാൻ കഴിയുകയുമില്ല" (Ibid., 37). മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ ഭാരപ്പെടുത്തുന്ന അന്യവത്കരണത്തിന്റെ ഘടകമായി കൗൺസിൽ പാപത്തെ കാണുന്നു. അതേസമയം വിജയസാദ്ധ്യതയെപ്പറ്റി നമ്മെ എപ്പോഴും ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

45. "പാപത്തെക്കുറിച്ച് ലോകത്തെ ബോദ്ധ്യപ്പെടുത്തുന്ന" പരിശുദ്ധാത്മാവ് മനുഷ്യമനഃസ്സാക്ഷിയുടെ ഭഗീരഥപ്രയത്നത്തോട് ബന്ധപ്പെടുന്നു. ആ പ്രയത്നത്തെപ്പറ്റി കൗൺസിലിന്റെ പ്രമാണരേഖ വിശദമായി പറയുന്നുണ്ട്. മനുഷ്യമനഃസാക്ഷിയുടെ ഈ ഭഗീരഥപ്രയത്നം മാനുഷികമാനസാന്ത

www.malankaralibrary.com

രത്തിന്റെ പാതകളെ നിശ്ചയിക്കുകയും ചെയ്യുന്നു: മനുഷ്യഹൃദയത്തിൽ സത്യവും സ്നേഹവും പുനഃസ്ഥാപിക്കാൻവേണ്ടി പാപത്തിൽനിന്നുള്ള പിന്തിരിയൽ. നമ്മിൽത്തന്നെയുള്ള തിന്മയെ തിരിച്ചറിയാൻ ചിലപ്പോൾ വലിയ പ്രയത്നം ആവശ്യമാണെന്ന് നമുക്കറിയാം. മനഃസാക്ഷി കല്പിക്കുകയും നിരോധിക്കുകയും മാത്രമല്ല ചെയ്യുന്നതെന്നും, ആന്തരികഅനുശാസനങ്ങളുടെയും നിരോധനങ്ങളുടെയും വെളിച്ചത്തിൽ വിധിക്കുകകൂടി ചെയ്യുന്നുണ്ടെന്നും നമുക്കറിയാം. അതു പശ്ചാത്താപത്തിന്റെ ഉറവിടം കൂടിയാണ്: താൻ ചെയ്ത തിന്മമൂലം മനുഷ്യൻ ആന്തരികമായി സഹിക്കുന്നു. ഈ സഹനം "മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദുഃഖത്തിന്റെ - വിശുദ്ധഗ്രന്ഥം മനുഷ്യത്വാരോപിത രീതിയിൽ ദൈവത്തിൽ ആരോപിച്ച ദുഃഖത്തിന്റെ- ഒരു വിദൂരപ്രതിധ്വനിയല്ലേ? ത്രിത്വത്തിന്റെ "ഹൃദയത്തിൽ" ഉൾക്കൊള്ളിക്കപ്പെട്ടതും നിത്യസ്നേഹത്തിന്റെ ശക്തിയിൽ കുരിശിലെ സഹനമായി, മരണത്തോളമുള്ള ക്രിസ്തുവിന്റെ അനുസരണമായി, പരിവർത്തനം ചെയ്യപ്പെട്ടതുമായ ആ "തിരസ്കാര"ത്തിന്റെ ഒരു പ്രതിധ്വനിയല്ലേ അത്? ആ സഹനത്തിൽ പങ്കുചേരാൻ മനുഷ്യമനഃസാക്ഷിയെ പരിശുദ്ധാത്മാവ് അനുവദിക്കുമ്പോൾ, മനഃസാക്ഷിയുടെ സഹനം സവിശേഷമാം വിധം അഗാധമായും എന്നാൽ സവിശേഷമാംവിധം രക്ഷാകരമായും തീരുന്നു. എന്നിട്ട്, ഉത്തമ മനസ്താപം വഴി ഹൃദയപരിവർത്തനം നടക്കുന്നു. ഇതാണ് സുവിശേഷപരമായ മാനസാന്തരം ("മെത്തനോയിയ").

ഈ മാനസാന്തരം അഥവാ "മെത്തനോയിയ" നടക്കുന്ന മനുഷ്യഹൃദയത്തിന്റെ ക്ലേശപൂർണ്ണമായ പ്രയത്നം - മനഃസാക്ഷിയുടെ ഭഗീരഥപ്രയത്നം - തിരസ്കാരത്തെ, സഹിക്കാൻ കഴിവുള്ള രക്ഷാകരസ്നേഹമാക്കി മാറ്റിയ പ്രക്രിയയുടെ പ്രതിഫലനമാണ്. ഈ രക്ഷാകരശക്തിയുടെ നിഗൂഢദായകൻ പരിശുദ്ധാത്മാവാണ്: "മനഃസാക്ഷിയുടെ പ്രകാശം" എന്നു സഭ വിളിക്കുന്നവൻ "മനുഷ്യഹൃദയത്തിന്റെ ആഴങ്ങളിൽ" (cf. Sequence of Pentecost: *Reple Cordis intima*) തുളച്ചുകയറുകയും അതിനെ നിറയ്ക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിലുള്ള ഈ മാനസാന്തരത്തിലൂടെ തന്നെ ഒരു വ്യക്തി പൊറുതിക്ക്, പാപമോചനത്തിന്, തുറവിയുള്ളവനായിത്തീരുന്നു.

മാനസാന്തരത്തിന്റെയും പാപപ്പൊറുതിയുടെയും വിസ്മയനീയമായ ഈ പ്രവർത്തനത്തിൽ വിശുദ്ധ ആഗസ്തീനോസ് മനുഷ്യരഹസ്യത്തെ സംബന്ധിച്ച് എഴുതിയ സത്യം സ്ഥിരീകരിക്കപ്പെടുന്നു. സങ്കീർത്തന വാക്യങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് അദ്ദേഹം എഴുതി: "ആഴങ്ങൾ ആഴങ്ങളെ വിളിക്കുന്നു" (cf. St Augustine, *Enarr. in Ps.* XLI, 13: CCL, 38, 470: "What is the abyss, and what does the abyss invoke? If abyss means depth, do we not consider that perhaps the heart of man is an abyss? What indeed is more deep than this abyss? Men can speak, can be seen through the working of their members, can be heard in conversation; but whose thought can be penetrated, whose heart can be read?"). മനുഷ്യന്റെ- മാനുഷികമനഃസാക്ഷിയുടെ - ഈ അളവറ്റ ആഴ

www.malankaralibrary.com

ങ്ങളെ സംബന്ധിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൗത്യം പൂർത്തിയാക്കപ്പെടുന്നു. ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിലുള്ള "വേർപാടിന്റെ" ശക്തിയാൽ പരിശുദ്ധാത്മാവു വരുന്നു. കുരിശിലെ യാഗത്തിന്റെ ശക്തിയാൽ മാനസാന്തരത്തിന്റെയും പൊറുതിയുടെയും ഓരോ സന്ദർഭത്തിലും അവിടുന്നു വരുന്നു. എന്തെന്നാൽ, ഈ ബലിയിൽ, "ക്രിസ്തുവിന്റെ രക്തം ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നിർജ്ജീവപ്രവൃത്തികളിൽനിന്ന് നിങ്ങളുടെ മനഃസാക്ഷിയെ ശുദ്ധീകരിക്കുന്നു" (cf. ഹെബ്രാ.9:14) 'മറ്റൊരു സഹായകൻ' ആയിട്ടുള്ള പരിശുദ്ധാത്മാവിനെ സംബന്ധിച്ച് ഊട്ടുശാലയിൽവച്ചു അപ്പസ്തോലന്മാരോടും പരോക്ഷമായി ഓരോരുത്തരോടും പറഞ്ഞ വാക്കുകൾ അങ്ങനെ നിരന്തരം നിറവേറപ്പെടുന്നു: "നിങ്ങൾ അവനെ അറിയുന്നു. എന്തെന്നാൽ അവൻ നിങ്ങളോടൊത്തു വസിക്കുകയും നിങ്ങളിൽ ആയിരിക്കുകയും ചെയ്യുന്നു" (യോഹ.14:17).

## 6. പരിശുദ്ധാത്മാവിന് എതിരായ പാപം

46. ഇവിടംവരെ പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ, ഞെട്ടിക്കുന്നവയും അസ്വസ്ഥത ജനിപ്പിക്കുന്നവയുമായ ക്രിസ്തുവിന്റെ മറ്റുചില വാക്കുകൾ മനസ്സിലാക്കാൻ എളുപ്പമായിത്തീരുന്നു. "ക്ഷമിക്കാതിരിക്കലിന്റെ" വാക്കുകൾ എന്നു നമുക്ക് അവയെ വിളിക്കാം. "പരിശുദ്ധാത്മാവിനെതിരായ ദൂഷണം" എന്നു വിളിക്കപ്പെടുന്ന ഒരു പ്രത്യേക പാപത്തോടു ബന്ധപ്പെടുത്തി സമവീക്ഷണ സുവിശേഷങ്ങളിൽ ആ വാക്കുകൾ നമുക്കായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. മൂന്നു സുവിശേഷങ്ങളിലും ഇങ്ങനെയാണ് അവ റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നത്: മത്തായിയുടെ സുവിശേഷം: "മനുഷ്യപുത്രനെതിരായി ആരെങ്കിലും ഒരു വാക്കു പറഞ്ഞാൽ അതു ക്ഷമിക്കപ്പെടും; എന്നാൽ, പരിശുദ്ധാത്മാവിനെതിരായി ആരെങ്കിലും സംസാരിച്ചാൽ ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല" (മത്താ.12:31 f) മർക്കോസിന്റെ സുവിശേഷം: "മനുഷ്യമക്കളുടെ എല്ലാ പാപങ്ങളും അവർ പറയുന്ന ദൂഷണങ്ങളും ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവന് ഒരു കാലത്തും പാപത്തിൽനിന്നു മോചനമില്ല. അവൻ നിത്യപാപത്തിന് ഉത്തരവാദിയാകും" (മർക്കോ.3:28 f) ലൂക്കായുടെ സുവിശേഷം: "മനുഷ്യപുത്രനെതിരായി ഒരു വാക്കു പറയുന്ന ഏവനോടും ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി ദുഷണം പറയുന്നവനോടു ക്ഷമിക്കപ്പെടുകയില്ല" (ലൂക്ക.12:10).

എന്തുകൊണ്ടാണ് പരിശുദ്ധാത്മാവിനെതിരായിട്ടുള്ള ദൂഷണം അക്ഷന്തവ്യമായിരിക്കുന്നത്? ഈ ദൂഷണം എന്നതുകൊണ്ട് എന്താണു മനസ്സിലാക്കേണ്ടത്? സെന്റ് തോമസ് അക്വീനാസ് ഉത്തരം പറയുന്നത് ഇങ്ങനെയാണ്: "പാപപ്പൊറുതി ഏതു ഘടകങ്ങളിലൂടെ സംഭവിക്കുന്നുവോ ആ ഘടകങ്ങളെ അതു പുറന്തള്ളുന്നു എന്നതുകൊണ്ട് പ്രകൃത്യാ അക്ഷന്തവ്യ

www.malankaralibrary.com

മായ" (St Thomas Aquinas, *Summa Theol.* IIa-IIae, q. 14, a. 3: cf. St Augustine, *Epist.* 185, 11, 48-49: PL 33, 814 f., St Bonaventure, *Comment. in Evang. S. Lucae*, Chap. XIV, 15-16: Ad Claras Aquas VII, 314 f.) പാപത്തെക്കുറിച്ചുള്ള പ്രശ്ന മാണിത്.

ഇത്തരമൊരു വ്യാഖ്യാനപ്രകാരം, ദുഷണം എന്നത് വാക്കുകൾ വഴി പരിശുദ്ധാത്മാവിനെ ദ്രോഹിക്കുന്നതിലല്ല യഥാർത്ഥത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്. കുരിശിന്റെ ശക്തിയിലൂടെ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിലുടെ ദൈവം മനുഷ്യനു നല്കുന്ന രക്ഷയെ നിരസിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നത്. പരിശുദ്ധാത്മാവിൽനിന്നു വരുന്നതും രക്ഷിക്കാൻ കഴിവുള്ളതുമായ "പാപത്തെപ്പറ്റിയുള്ള ബോധ്യപ്പെടുത്ത"ലിനെ മനുഷ്യൻ നിരസിക്കുന്നെങ്കിൽ സഹായകന്റെ "വരവിനെയും" അവൻ നിരസിക്കുന്നു. പെസഹാ രഹസ്യത്തിൽ നിവൃത്തിയായ വരവാണത്. ക്രിസ്തുവിന്റെ രക്തത്തിന്റെ രക്ഷാകരശക്തിയോട് ഐക്യപ്പെട്ടതുതന്നെ: "മനഃസാക്ഷിയെ നിർജീവപ്രവൃത്തികളിൽ നിന്ന് വിശുദ്ധീകരിക്കുന്ന"താണ് ആ രക്തം.

ഇത്തരമൊരു വിശുദ്ധീകരണത്തിന്റെ ഫലം പാപങ്ങളുടെ പൊറുതിയാണെന്നു നമുക്കറിയാം. അതുകൊണ്ട് പരിശുദ്ധാത്മാവിനെയും രക്തത്തെയും നിരസിക്കുന്നവൻ നിർജീവപ്രവൃത്തികളിൽ നിലകൊള്ളുന്നു. പരിശുദ്ധാത്മാവിനെതിരായ ദൂഷണം അടങ്ങിയിരിക്കുന്നത് ഈ പൊറുതിയെ മൗലികമായി നിരസിക്കുന്നതിലാണ്. ആ പൊറുതിയുടെ നേരിട്ടുള്ള ദാതാവു പരിശുദ്ധാത്മാവാണ്. അവിടുന്നു മനഃസാക്ഷിയിൽ സംഭവിപ്പിക്കുന്ന യഥാർത്ഥ മാനസാന്തരം അതിന്റെ ഒരു മുൻവ്യവസ്ഥയാണ്. പരിശുദ്ധാത്മാവിനെതിരായ ദുഷണം ഈ ജീവിതത്തിലോ പരലോകജീവിതത്തിലോ ക്ഷമിക്കപ്പെടാൻ സാധ്യമല്ല എന്നു യേശു പറയുന്നു. അതിന്റെ കാരണം, ഈ ക്ഷമിക്കപ്പെടാതിരിക്കൽ, അതിന്റെ കാരണത്തോടെന്നപോലെ, അനുതാപരാഹിത്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ മാനസാന്തരപ്പെടാൻ മൗലികമായി വിസമ്മതിക്കുന്നു എന്നതാണ്. ഇതിന്റെ അർത്ഥം വീണ്ടെടുപ്പിന്റെ ഉറവിടത്തിലേക്കു വരാൻ വിസമ്മതിക്കുന്നു എന്നാണ്. എന്നിരുന്നാലും പരിശുദ്ധാത്മാവിന്റെ ദൗത്യം നിറവേറ്റപ്പെടുന്ന രക്ഷാകരപദ്ധതിയിൽ അത് എപ്പോഴും തുറന്നുതന്നെയിരിക്കുന്നു. ഈ ഉറവിടങ്ങളിൽനിന്നു സ്വീകരിക്കാൻ പരിശുദ്ധാത്മാവിന് അനന്തമായ ശക്തിയുണ്ട്. യേശു പറഞ്ഞു: "എനിക്കുള്ളവയിൽനിന്ന് അവൻ സ്വീകരിക്കും" ഇങ്ങനെ അവിടുന്ന് ക്രിസ്തുനേടിയ വീണ്ടെടുപ്പു കർമ്മത്തെ മനുഷ്യാത്മാക്കളിൽ പൂർത്തിയാക്കുന്നു. അതിന്റെ ഫലങ്ങളുടെ വിതരണം നടത്തുകയും ചെയ്യുന്നു. അപ്പോൾ, പരിശുദ്ധാത്മാവിനെതിരേയുള്ള ദുഷണം എന്നത്, ഏതു പാപമായാലും, പാപത്തിൽ ഉറച്ചു നില്ക്കാൻ തനിക്ക് അവകാശമുണ്ടെന്നു വാദിക്കുകയും അങ്ങനെ വീണ്ടെടുപ്പിനെ നിരസിക്കുകയും ചെയ്യുന്ന വ്യക്തിയുടെ പാപമാണ്. ഒരുവൻ പാപത്തിൽ തന്നെത്തന്നെ അടച്ചുപൂട്ടിയിരിക്കുന്നു. അങ്ങനെ മാനസാന്തരം അസാധ്യമാക്കിയിരിക്കുന്നു.

www.malankaralibrary.com

അതിന്റെ ഫലമായി, തന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം സത്താപരമോ സുപ്രധാനമോ അല്ലെന്നു വിചാരിക്കുന്ന പാപപ്പൊറുതിയും അസാധ്യമാക്കിയിരിക്കുന്നു. ഇത് ആദ്ധ്യാത്മികനാശത്തിന്റെ ഒരവസ്ഥയാണ്. എന്തെന്നാൽ പരിശുദ്ധാത്മാവിനെതിരായ ദൂഷണം, ഒരുവനെ സ്വയംകൃതമായ തടങ്കലിൽനിന്നു രക്ഷപ്പെടാൻ അനുവദിക്കുന്നില്ല. മനഃസാക്ഷിയുടെ വിശുദ്ധീകരണത്തിന്റെയും പാപപ്പൊറുതിയുടെയും ദൈവികസ്രോതസിലേക്ക് തന്നെത്തന്നെ തുറക്കാനും അത് അനുവദിക്കുന്നില്ല.

47. രക്ഷാകരമായ "പാപത്തെപ്പറ്റിയുള്ള ബോധ്യപ്പെടുത്തലിനായി" ശ്രമിക്കുന്ന സത്യാത്മാവിന്റെ പ്രവർത്തനം, ഈ അവസ്ഥയിൽ നിലകൊള്ളുന്ന വ്യക്തിയിൽ ആന്തരികമായ ചെറുത്തുനില്പിനെ നേരിടുന്നു. മനഃസാക്ഷിയുടെ അപ്രവേശ്യതയാണത്. സ്വതന്ത്രമായ ഒരു തിരഞ്ഞെടുപ്പു വഴി ഉറപ്പിക്കപ്പെട്ടതെന്നു വിശേഷിപ്പിക്കാവുന്ന ഒരു മാനസികാവസ്ഥയാണത്. "ഹൃദയകാഠിന്യം" (cf. സങ്കീ.81/80:13; ജെറെ.7:24; മർക്കോ.3:5) എന്നു വിശുദ്ധഗ്രന്ഥം സാധാരണായി പറയുന്നത് ഇതാണ്. നമ്മുടെ ഈ കാലഘട്ടത്തിൽ, മനസ്സിന്റെയും ഹൃദയത്തിന്റെയും ഈ ഭാവം, ഒരു പക്ഷേ, പാപബോധനഷ്ടത്തിൽ പ്രതിബിംബിക്കുന്നുണ്ടാകും. അനുരഞ്ജനവും പശ്ചാത്താപവും (Reconciliatio et Paenitentia) എന്ന ശ്ലൈഹികാഹ്വാനം ഈ നഷ്ടത്തെപ്പറ്റി പ്രതിപാദിക്കാൻ പല പുറങ്ങളും ഉപയോഗിച്ചിട്ടുണ്ട് (Post-Synodal Apostolic Exhoratation *Reconciliatio et Paenitentia* (2 December 1984), n. 18: AAS 77 (1985), pp. 224-228). പന്ത്രണ്ടാം പീയുസ് മാർപാപ്പ ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "ഈ നൂറ്റാണ്ടിന്റെ പാപം, പാപബോധത്തിന്റെ നഷ്ടമാണ്" (Pius XII, Radio Message to the National Catechetical Congress of the United States of America in Boston (26 October 1946): *Discorsi e Radiomessaggi*, VIII (1946), 228). ഈ നഷ്ടം ദൈവബോധനഷ്ടത്തോട് ഒത്തുപോവുകയും ചെയ്യുന്നു. ഇപ്പോൾ സൂചിപ്പിച്ച ശ്ലൈഹികാഹ്വാനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "യഥാർത്ഥത്തിൽ ദൈവമാണ് മനുഷ്യന്റെ ഉത്പത്തിസ്ഥാനവും പരമലക്ഷ്യവും. മനുഷ്യൻ അവനിൽത്തന്നെ ഒരു ദൈവികവിത്തു വഹിക്കുന്നു. അങ്ങനെ ദൈവമെന്ന യാഥാർത്ഥ്യമാണ് മനുഷ്യൻ എന്ന രഹസ്യത്തെ വെളിപ്പെടുത്തുന്നതും പ്രകാശിപ്പിക്കുന്നതും. അതുകൊണ്ട് ദൈവത്തിനെതിരായ ദ്രോഹം എന്ന ബോധം, അതായത് പാപത്തെക്കുറിച്ചുള്ള ശരിയായ ബോധം, ഇല്ലെങ്കിൽ മനുഷ്യനും മാനുഷികമൂല്യങ്ങൾക്കും എതിരായ പാപത്തെക്കുറിച്ചുള്ള ബോധം വേരുപിടിക്കും എന്നു പ്രത്യാശിക്കുക വെറുതെയാണ്" (Post-Synodal Apostolic Exhoratation *Reconciliatio et Paenitentia* (2 December 1984), n. 18: AAS 77 (1985), pp. 225 f.).

അതുകൊണ്ട് മനുഷ്യമനഃസാക്ഷിയുടെ പൂർണത നഷ്ടപ്പെടാതിരിക്കാനും നന്മയെയും തിന്മയെയും സംബന്ധിച്ചുള്ള അതിന്റെ ആരോഗ്യകരമായ സംവേദകത്വം മന്ദീഭവിച്ചു പോകാതിരിക്കാനും വേണ്ട അനുഗ്രഹത്തിനായി സഭ ദൈവത്തോടു നിരന്തരം പ്രാർത്ഥിക്കുന്നു. ഈ പൂർണതയും സംവേദകത്വവും സത്യാത്മാവിന്റെ പ്രവർത്തനത്തോട് ആഴത്തിൽ ബന്ധ

www.malankaralibrary.com

പ്പെട്ടിരിക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ വിശുദ്ധ പൗലോസിന്റെ ആഹ്വാനം പ്രത്യേക വാഗ്മിത്വം നേടുന്നു: "ആത്മാവിനെ കെടുത്തരുത്"; പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്" (1 തെസ.5:19; എഫേ.4:30). എന്നാൽ, "പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം" എന്നു സുവിശേഷം വിളിക്കുന്ന പാപം ലോകത്തിൽ വർദ്ധിക്കാതിരിക്കുന്നതിന് സർവ്വോപരി, സഭ നിരന്തരം അങ്ങേയറ്റം തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്നു. അത് മനുഷ്യാത്മാക്കളിൽ കുറയണമെന്നും തത്ഫലമായി സമൂഹത്തിന്റെ രൂപങ്ങളിലും ഘടനകളിലും അതു കുറയണമെന്നും അവൾ പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ രക്ഷാകരപ്രവർത്തനത്തിന് അത്യാവശ്യമായിരിക്കുന്ന മനഃസാക്ഷിയുടെ തുറവിയ്ക്ക് സ്ഥാനമുണ്ടാകണമെന്നും അവൾ പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിനെതിരായിട്ടുള്ള അപകടകരമായ പാപം ഇല്ലാതാക്കാനും, പാപത്തെപ്പറ്റിയും നീതിയെപ്പറ്റിയും ന്യായവിധിയെപ്പറ്റിയും ലോകത്തെ ബോധ്യപ്പെടുത്താൻ അവിടുന്നു വരുമ്പോൾ, സഹായകനെന്ന നിലയിലുള്ള അവിടുത്തെ ദൗത്യത്തെ സ്വീകരിക്കാനുള്ള വിശുദ്ധസന്നദ്ധതയുണ്ടാകുവാനും സഭ പ്രാർത്ഥിക്കുന്നു.

48. യേശു തന്റെ വിടപറയൽ പ്രഭാഷണത്തിൽ, ബോധ്യപ്പെടുത്തലിന്റെ ഈ മൂന്നു മണ്ഡലങ്ങളെ സഹായകന്റെ ദൗത്യത്തിന്റെ ഘടകങ്ങളായി കൂട്ടിയിണക്കി: പാപം, നീതി, ന്യായവിധി. മനുഷ്യചരിത്രത്തിൽ പാപത്തോട്, തിന്മയുടെ രഹസ്യത്തോട്, (Mystery of iniquity), എതിർക്കുന്ന ഭക്തിയുടെ രഹസ്യത്തിന്റെ (Mysterium pietatis) മേഖലയെ അവ അടയാളപ്പെടുത്തുന്നു. ഒരു വശത്ത്, വി. ആഗസ്തീനോസ് പറയുന്നതുപോലെ: "ദൈവത്തെ നിന്ദിക്കുന്നതിനോളമെത്തുന്ന സ്വാർത്ഥസ്നേഹം". മറുവശത്ത്, അദ്ദേഹം പറയുന്നതുപോലെ: "തന്നെത്തന്നെ നിന്ദിക്കുന്നതിനോളമെത്തുന്ന ദൈവസ്നേഹം" (cf. St Augustine, *De Civitate Dei*, XIV, 28: CCL 48, 451). മനുഷ്യമഹാകുടുംബത്തിലെ മനഃസാക്ഷികളുടെ ചരിത്രവും, ദൈവനിന്ദയോളമെത്തുന്ന ദൈവപ്രമാണലംഘനം വഴി, പാപത്തിന്റെ ധ്രുവത്തിലേക്കു താഴാതെ ജീവദായകനായ ആത്മാവു വെളിവാക്കപ്പെട്ടിരിക്കുന്ന സ്നേഹത്തിലേക്കു ഉയരാൻവേണ്ടി, സഭ സ്ഥിരം പ്രാർത്ഥനകളുയർത്തുകയും സഹായിക്കുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവിനാൽ പാപത്തെപ്പറ്റി ബോധമുള്ളവരാക്കപ്പെടാൻ തങ്ങളെത്തന്നെ വിട്ടുകൊടുക്കുന്നവർ "നീതിയെയും ന്യായവിധിയെയുംകുറിച്ചു ബോധമുള്ളവരാക്കപ്പെടാനും" തങ്ങളെത്തന്നെ വിട്ടുകൊടുക്കും. പാപത്തെപ്പറ്റിയുള്ള സത്യം അറിയാൻ മനുഷ്യജീവികളെ, മാനുഷികമനഃസാക്ഷികളെ സഹായിക്കുന്ന സത്യാത്മാവ്, യേശുക്രിസ്തുവിൽ മനുഷ്യചരിത്രത്തിലേക്കു പ്രവേശിച്ച നീതിയുടെ സത്യത്തെപ്പറ്റി അറിയാനും അവരെ ശക്തരാക്കും. ഇങ്ങനെ, പാപത്തെപ്പറ്റി ബോധം നല്കപ്പെട്ടവരും, സഹായകന്റെ പ്രവർത്തനം മൂലം മാനസാന്തരപ്പെട്ടവരും, ഒരർത്ഥത്തിൽ, ന്യായവിധിയുടെ മേഖലയിൽനിന്നു പുറത്തേക്കു നയിക്കപ്പെടുന്നു. "ഈ ലോകത്തിന്റെ അധിപൻ ഏതു ന്യായവിധിയിൽ വിധിക്കപ്പെട്ടുവോ" ആ "ന്യായവിധി"യുടെ മേഖലയിൽനിന്നുതന്നെ (cf.യോഹ.16:11) തിന്മയുടെ സമഗ്ര

www.malankaralibrary.com

ഹസ്യത്തോട് പാപം മനുഷ്യനെ ബന്ധിച്ച ഓരോ ബന്ധനത്തെയും തകർക്കുക എന്നാണ്, മാനസാന്തരം എന്നതിന് അതിന്റെ ദൈവിക- മാനുഷികരഹസ്യത്തിന്റെ അഗാധതയിൽ ഉള്ള അർത്ഥം. അതുകൊണ്ട്, മാനസാന്തരപ്പെട്ടവർ ന്യായവിധിയുടെ മണ്ഡലത്തിൽനിന്നു പരിശുദ്ധാത്മാവിനാൽ പുറത്തേക്കു നയിക്കപ്പെടുന്നു. യേശുക്രിസ്തുവിലുള്ള നീതിയിലേക്കു പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ആ നീതി യേശുവിൽ നിലനില്ക്കുന്നത് അവിടുന്ന് പിതാവിൽനിന്ന്, ത്രിത്വത്തിന്റെ വിശുദ്ധിയുടെ ഒരു പ്രതിഫലനം എന്ന നിലയിൽ അതു സ്വീകരിച്ചതുകൊണ്ടാണ് (cf.യോഹ.16:15). ഇതാണ് സുവിശേഷത്തിന്റെയും വീണ്ടെടുപ്പിന്റെയും നീതി, കുഞ്ഞാടിന്റെ രക്തത്തിലൂടെ മനഃസാക്ഷിയെ വിശുദ്ധീകരിക്കുന്ന നീതി, ഗിരിപ്രഭാഷണത്തിന്റേതും കുരിശിന്റേതുമായ നീതി, പിതാവും പുത്രനും സത്യത്തിലും സ്നേഹത്തിലും അവിടുത്തോട് ഐക്യപ്പെട്ടിരിക്കുന്ന സകലർക്കും നല്കുന്ന നീതിയാണത്.

ഈ നീതിയിൽ, പിതാവിന്റെയും പുത്രന്റെയും ആത്മാവായ പരിശുദ്ധാത്മാവ്, ലോകത്തെ പാപത്തെക്കുറിച്ചു ബോധ്യപ്പെടുന്ന ആത്മാവ്, മനുഷ്യനിൽ നിത്യജീവന്റെ ആത്മാവായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

www.malankaralibrary.com

# III

# ജീവൻ നല്കുന്ന ആത്മാവ്

## 1. രണ്ടായിരാം വർഷത്തെ ജൂബിലിക്കുള്ള കാരണം: പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനാക്കപ്പെട്ട ക്രിസ്തു

49. ഇരുപതാമത്തെ ഈ നൂറ്റാണ്ട് അവസാനിക്കാറാവുകയും, യേശുക്രിസ്തു ലോകത്തിലേക്കു വന്നതിനുശേഷമുള്ള മൂന്നാം സഹസ്രാബ്ദം സമീപസ്ഥമായിരിക്കുകയും, ആ സംഭവം ആഘോഷിക്കാൻ സഭ നടത്താനിരിക്കുന്ന മഹാജൂബിലിയെ കാത്തിരിക്കുകയും ചെയ്യുമ്പോൾ സഭയുടെ മനസ്സും ഹൃദയവും പരിശുദ്ധാത്മാവിലേക്കു തിരിയുന്നു. എന്തെന്നാൽ കാലഗണനയനുസരിച്ച് അവിടുത്തെ ഈ വരവ് ഭൂമിയിൽ മനുഷ്യചരിത്രത്തിന്റെ ഒരു സംഭവമായി കരുതപ്പെടുന്നു. സാധാരണ ഉപയോഗത്തിലുള്ള കാലഗണന, ക്രിസ്തുവിന്റെ ജനനത്തിനു മുമ്പോ പിമ്പോ എന്നു നോക്കിയിട്ട് വർഷങ്ങളെയും നൂറ്റാണ്ടുകളെയും സഹസ്രാബ്ദങ്ങളെയും നിർവചിക്കുന്നു. എന്നാൽ ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം ഈ സംഭവം വിശുദ്ധ പൗലോസു പറയുന്നതുപോലെ, "സമയത്തിന്റെ പൂർണ്ണതയെ" (cf. ഗലാ.4:4) സൂചിപ്പിക്കുന്നു എന്നുകൂടി ഓർമ്മിപ്പിക്കേണ്ടതുണ്ട്. എന്തെന്നാൽ അതിൽ ദൈവത്തിന്റെ തന്നെ "അളവു"കൊണ്ട് മനുഷ്യചരിത്രം മുഴുവനും നിറയപ്പെട്ടു: നിത്യമായ "ഇപ്പോഴി"ന്റെ സർവാതിശായിയായ സാന്നിധ്യം. "ആകുന്നവനും ആയിരുന്നവനും വരാനുള്ളവനുമായ",

www.malankaralibrary.com

"ആൽഫയും ഒമേഗയുമായ, ആദ്യത്തേതും അവസാനത്തേതുമായ, ആരംഭവും അവസാനവുമായ" (വെളി.1:8; 22:13) അവിടുത്തെ അളവുകൊണ്ടുതന്നെ. "അവനിൽ വിശ്വസിക്കുന്ന ഏവനും, നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ.3:16). "കാലസമ്പൂർണ്ണത വന്നപ്പോൾ നമ്മെ പുത്രന്മാരായി ദത്തെടുക്കേണ്ടതിന്..... സ്ത്രീയിൽനിന്നു ജനിച്ച തന്റെ പുത്രനെ ദൈവം അയച്ചു" (ഗലാ.4:4 f). പുത്രനായ വചനത്തിന്റെ ഈ മനുഷ്യാവതാരം "പരിശുദ്ധാത്മാവിന്റെ ശക്തിയിൽ" സംഭവിക്കുകയും ചെയ്തു.

നസ്രസിലെ യേശുവിന്റെ ജനനത്തെയും ബാല്യകാലത്തെയും കുറിച്ചുള്ള വിവരണം നമുക്കു നല്കിയ രണ്ടു സുവിശേഷകന്മാരും ഈ വിഷയത്തെപ്പറ്റി ഒന്നുപോലെ പറയുന്നു. ലൂക്കായുടെ സുവിശേഷമനുസരിച്ച്, യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള മംഗലവാർത്തയുടെ സമയത്ത് മറിയം ചോദിക്കുന്നു: "ഇത് എങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ". അവൾക്ക് ഈ മറുപടി കിട്ടുന്നു: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവത്തിന്റെ പുത്രൻ, എന്നു വിളിക്കപ്പെടും" (ലൂക്ക.1:34 f).

മത്തായി സുവിശേഷകൻ നേരിട്ടു വിവരിക്കുന്നു: "യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസി ക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു" (മത്താ.1:18). ഈ സംഭവം മൂലം അസ്വസ്ഥനായ ജോസഫിനു ഒരു സ്വപ്നത്തിൽ താഴെക്കാണുന്ന വിശദീകരണം ലഭിക്കുന്നു: "മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവനു യേശു എന്നു പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും" (മത്താ.1:20 f).

അങ്ങനെ ആരംഭംമുതൽ സഭ മനുഷ്യാവതാരരഹസ്യത്തെ, വിശ്വാസത്തിന്റെ ഈ സുപ്രധാനരഹസ്യത്തെ, പരിശുദ്ധാത്മാവിനോടു ബന്ധപ്പെടുത്തി ഏറ്റുപറയുന്നു. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിൽ ഇങ്ങനെ പറയുന്നു: "അവൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഗർഭസ്ഥനാവുകയും കന്യകാമറിയത്തിൽനിന്നു ജനിക്കുകയും ചെയ്തു. അതുപോലെ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും ഇപ്രകാരം ഏറ്റുപറയുന്നു: "പരിശുദ്ധാത്മാവിന്റെ ശക്തിയിൽ അവിടുന്നു കന്യകാമറിയത്തിൽനിന്നു ശരീരം ധരിക്കുകയും മനുഷ്യനായിത്തീരുകയും ചെയ്തു".

www.malankaralibrary.com

അതേ വിശ്വാസപ്രമാണത്തിന്റെ വാക്കുകളിൽ, "ദൈവപുത്രനും പിതാവിനോടു ഏകസത്തയായിരിക്കുന്നവനും" എന്നു സഭ ഏറ്റുപറയുന്നയാൾ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മനുഷ്യനായിത്തീർന്നു: "ദൈവത്തിൽനിന്നുള്ള ദൈവം, പ്രകാശത്തിൽനിന്നുള്ള പ്രകാശം, സത്യദൈവത്തിൽനിന്നുള്ള സത്യദൈവം, സൃഷ്ടിക്കപ്പെടാതെ, ജനിച്ചവൻ". അവിടുന്ന് "കന്യകാമറിയത്തിൽനിന്നു ശരീരമെടുത്ത്" മനുഷ്യനായിത്തീർന്നു. ഇതാണ് കാലസമ്പൂർണത വന്നപ്പോൾ സംഭവിച്ചത്.

50. രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലുള്ളതും സഭ തയ്യാറെടുത്തു തുടങ്ങിയതുമായ മഹാജൂബിലിക്ക് നേരിട്ട് ക്രിസ്തുശാസ്ത്രപരമായ ഒരു വശമുണ്ട്. കാരണം, അതു യേശുക്രിസ്തുവിന്റെ പിറവിയുടെ ആഘോഷമാണ്. അതേസമയം അതിനു റൂഹാശാസ്ത്രപരമായ ഒരു വശവുമുണ്ട്. കാരണം, മനുഷ്യാവതാരരഹസ്യം സാധിച്ചത് "പരിശുദ്ധാത്മാവിന്റെ ശക്തിയിലാണ്". പിതാവിനോടും പുത്രനോടുംകൂടെ ഏകസത്തയായിരിക്കുന്ന ആത്മാവിനാൽ അതു "സംഭവിച്ചു". അവിടുന്നാകട്ടെ ത്രിയേകദൈവത്തിന്റെ കേവലരഹസ്യത്തിൽ വ്യക്തിത്വമാർന്ന സ്നേഹമാണ്, സൃഷ്ടിക്കപ്പെടാത്ത ദാനമാണ്, സൃഷ്ടിയുടെ ക്രമത്തിൽ ദൈവത്തിൽനിന്നു വരുന്ന ഓരോ ദാനത്തിന്റെയും ശാശ്വതസ്രോതസ്സാണ്. വരപ്രസാദത്തിന്റെ ക്രമത്തിൽ ദൈവത്തിൽ ആത്മസംസർഗത്തിന്റെ പ്രത്യക്ഷതത്ത്വവും ഒരർത്ഥത്തിൽ അതിന്റെ കർത്താവുമാണ്. മനുഷ്യാവതാരരഹസ്യം ഈ ദാനത്തിന്റെ ഈ ദൈവിക ആത്മസംസർഗത്തിന്റെ പരമകോടിയാണ്.

യേശുക്രിസ്തുവിന്റെ ഉത്ഭവവും ജനനവുമാണ് യഥാർത്ഥത്തിൽ, പരിശുദ്ധാത്മാവ് സൃഷ്ടിയുടെയും രക്ഷയുടെയും ചരിത്രത്തിൽ ചെയ്ത ഏറ്റവും വലിയ പ്രവൃത്തി: പരമമായ കൃപാവരം, "ഐക്യത്തിന്റെ കൃപാവരം" – സെന്റ് തോമസ് വിശദീകരിക്കുന്നതുപോലെ മറ്റെല്ലാകൃപാവരങ്ങളുടെയും ഉറവിടം (cf. Thomas Aquinas, *Summa Theol.* IIIa, q. 2, aa. 10-12; q. 6, a. 6; q. 7, a. 13.). മഹാജൂബിലി ഈ പ്രവൃത്തിയോടു ബന്ധപ്പെട്ടിരിക്കുന്നു. നാം അതിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ, ഈ പ്രവൃത്തിയുടെ കർത്താവിനോടും – പരിശുദ്ധാത്മാവ് എന്ന വ്യക്തിയോടും – ബന്ധപ്പെട്ടിരിക്കുന്നു.

എന്തെന്നാൽ, കാലസമ്പൂർണത പരിശുദ്ധാത്മാവിൽ ത്രിത്വാത്മകദൈവത്തിന്റെ ആത്മസംസർഗത്തിന്റെ ഒരു സവിശേഷപൂർണതയോട് ഒത്തുനില്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ സത്താപരമായ ഐക്യം (hypostatic union) എന്ന രഹസ്യം സംഭവിച്ചു. അതാകട്ടെ, വചനമാകുന്ന പുത്രൻ എന്ന ഏകവ്യക്തിയിൽ ദൈവപ്രകൃതിയുടെയും മനുഷ്യപ്രകൃതിയുടെയും ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഐക്യമാണ്. മംഗലവാർത്തയുടെ സമയത്ത് മറിയം, "അങ്ങയുടെ വചനംപോലെ എന്നിൽ ഭവി

www.malankaralibrary.com

ക്കട്ടെ" (ലൂക്ക.1:38) എന്ന തന്റെ സമ്മതം പ്രകടമാക്കിയ നിമിഷത്തിൽ അവൾ കന്യകാപരമായ രീതിയിൽ ഒരു മനുഷ്യനെ, മനുഷ്യപുത്രനെ, ദൈവ പുത്രനായവനെ, ഗർഭം ധരിച്ചു. വചനമായ പുത്രന്റെ ഈ "മാനവീകരണം" വഴി ദൈവത്തിന്റെ ആത്മസംസർഗം, സൃഷ്ടിയുടെയും രക്ഷയുടെയും ചരിത്രത്തിൽ അതിന്റെ സുനിശ്ചിതമായ പൂർണത പ്രാപിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഈ പൂർണത സവിശേഷസമ്പന്നതയും വ്യക്തതയും നേടുന്നു: "വചനം മാംസമായി" (യോഹ.1:14).

മനുഷ്യപ്രകൃതിയെ മാത്രമല്ല, ഈ മാനുഷികപ്രകൃതിയിൽ, ഒരർത്ഥത്തിൽ, "മാംസമായിട്ടുള്ള" എല്ലാറ്റിനെയും ദൈവവുമായുള്ള ഐക്യത്തിലേക്കു സ്വീകരിക്കുന്നുവെന്ന് പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരം സൂചിപ്പിക്കുന്നു: മനുഷ്യവംശത്തെ മുഴുവനും, ദൃശ്യവും ഭൗമികവുമായ മുഴുവൻ ലോകവും. അപ്പോൾ മനുഷ്യാവതാരത്തിന് ഒരു പ്രാപഞ്ചികപ്രാധാന്യവുമുണ്ട്; ഒരു പ്രാപഞ്ചികമാനവുമുണ്ട്. സൃഷ്ടിയുടെയെല്ലാം "ആദ്യജാതനായവൻ" (കൊളോ.1:15) ക്രിസ്തുവിന്റെ മനുഷ്യത്വത്തിൽ ശരീരം ധരിച്ചുകൊണ്ട്, മുഴുവൻ മാനുഷിക യാഥാർത്ഥ്യവുമായി ഒരു പ്രത്യേകവിധത്തിൽ തന്നെത്തന്നെ ഐക്യപ്പെടുത്തുന്നു. ആ യാഥാർത്ഥ്യവും "മാംസ" മാണ് (cf. ഉത്പ.9:11; നിയ.5:26; ജോബ്.34:15; ഏശ.40:6; 42:10; സങ്കീ.145/144:21; ലൂക്ക.3:6; 1 പത്രോ.1:24). ആ യാഥാർത്ഥ്യത്തിൽ, എല്ലാ മാംസത്തോടും, സൃഷ്ടിമുഴുവനോടും തന്നെത്തന്നെ ഐക്യപ്പെടുത്തുന്നു.

51. ഇതെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സാധിതമായി. അതുകൊണ്ട് അത് ആസന്നമായ മഹാജൂബിലിയുടെ ഭാഗമാണ്. പരിശുദ്ധാത്മാവിലല്ലാതെ, മറ്റൊരുവിധത്തിലും ജൂബിലിക്കു തയ്യാറാവാൻ സഭയ്ക്കു കഴിയുകയില്ല. "കാലസമ്പൂർണതയിൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറവേറ്റപ്പെട്ടത് പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ മാത്രമേ സഭയുടെ സ്മരണയിൽ ഉയർന്നുവരുകയുള്ളു. അവിടുത്തെ ശക്തികൊണ്ട്, ഭൂമിയിൽ മനുഷ്യചരിത്രത്തിന്റെ പുതിയഘട്ടത്തിൽ ക്രിസ്തു ജനിച്ചിട്ട് രണ്ടായിരാം വർഷം സന്നിഹിതമാക്കപ്പെടാൻ കഴിയും.

പരിശുദ്ധാത്മാവ് തന്റെ ശക്തിയാൽ മറിയത്തിന്റെ കന്യകാപരമായ ശരീരത്തിന്മേൽ നിഴലിച്ചു. ദൈവികമാതൃത്വത്തിന്റെ തുടക്കം സംഭവിപ്പിക്കുകയും ചെയ്തു. അതേസമയം അവിടുന്ന് അവളുടെ ഹൃദയത്തെ ദൈവത്തിന്റെ ആത്മസംസർഗത്തോട് തികഞ്ഞ അനുസരണമുള്ളതാക്കുകയും ചെയ്തു. മാനുഷികസങ്കല്പത്തിനും ശക്തിക്കും അതീതമാണത്. "വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക.1:45) "പരിശുദ്ധാത്മാവിനാൽ നിറഞ്ഞ" (cf. ലൂക്ക.1:41) ഏലീശ്വ ഇപ്രകാരം മറിയത്തെ അഭിവാദനം ചെയ്തു. "വിശ്വസിച്ചവളോടു" പറഞ്ഞ അഭിവാദനവാക്കുകളിൽ, "അവർ വിശ്വസിക്കുന്നില്ല" (cf. യോഹ.16:9) എന്നു ക്രിസ്തു പറയാനിരിക്കുന്നവരും വിശ്വസിച്ചവളും തമ്മിലുള്ള ഒരു വിദൂരവ്യത്യാസം (യഥാർത്ഥത്തിൽ വളരെ അടുത്ത

www.malankaralibrary.com

വ്യത്യാസം) നാം കണ്ടുപിടിക്കുന്നതായി തോന്നുന്നു. വിശ്വാസത്തിന്റെ അനുസരണം വഴി മറിയം ലോകരക്ഷയുടെ ചരിത്രത്തിലേക്കു പ്രവേശിച്ചു. വിശ്വാസമാകട്ടെ, അതിന്റെ അഗാധമായ സാരാംശത്തിൽ പരിശുദ്ധാത്മാവിലുള്ള ദൈവത്തിന്റെ ആത്മസംസർഗ്ഗ (self-communication)മാകുന്ന ദാനത്തോടുള്ള മനുഷ്യഹൃദയത്തിന്റെ തുറവിയാണ്. വിശുദ്ധ പൗലോസ് എഴുതുന്നു: "കർത്താവ് ആത്മാവാണ്. എവിടെ കർത്താവിന്റെ ആത്മാവുണ്ടോ, അവിടെ സ്വാതന്ത്ര്യമുണ്ട്" (2 കോറി.3:17). ത്രിയേക ദൈവം പരിശുദ്ധാത്മാവിൽ മനുഷ്യനിലേക്കു തന്നെത്തന്നെ തുറക്കുമ്പോൾ,ദൈവത്തിന്റെ ഈ തുറവി മനുഷ്യജീവിക്ക് സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയെ വെളിവാക്കുകയും നല്കുകയും ചെയ്യുന്നു. ഈ പൂർണ്ണത മറിയത്തിന്റെ വിശ്വാസത്തിലൂടെ "വിശ്വാസത്തിന്റെ അനുസരണത്തിലൂടെ" (cf. റോമ.1:5), മഹോന്നതമായ ഒരു രീതിയിൽ പ്രകാശിപ്പിക്കപ്പെട്ടു: യഥാർത്ഥത്തിൽ "വിശ്വസിച്ചവൾ ഭാഗ്യവതിയാണ് "!

## 2.ജൂബിലിയാഘോഷത്തിനുള്ള കാരണം:

## കൃപാവരം വെളിവാക്കപ്പെട്ടു.

52. "ജീവൻ നല്കുന്നവനായ" പരിശുദ്ധാത്മാവിന്റെ പ്രവൃത്തി, മനുഷ്യാവതാരരഹസ്യത്തിൽ അതിന്റെ പരമകോടിയിലെത്തിച്ചേരുന്നു. ജീവന്റെ പൂർണ്ണത ദൈവത്തിലാണ്. ആ ജീവനെ ഒരു മനുഷ്യന്റെ ജീവനാക്കിത്തീർക്കാതെ നല്കാൻ സാധ്യമല്ല. ക്രിസ്തു അങ്ങനെയുള്ള ഒരു മനുഷ്യനാണ്. അവിടുന്നു തന്റെ മനുഷ്യത്വത്തിൽ വചനം വഴി സത്താപരമായ ഐക്യത്തിൽ വ്യക്തിത്വമുള്ളവനാണ്. അതേസമയം, മനുഷ്യാവതാരഹസ്യത്തോടെ, ഈ ദൈവികജീവന്റെ ഉറവിടം മനുഷ്യചരിത്രത്തിൽ പുതിയൊരു രീതിയിൽ തുറക്കപ്പെടുന്നു: പരിശുദ്ധാത്മാവ്. വചനം, "സർവ്വസൃഷ്ടികളുടെയും ആദ്യജാതൻ", "അനേകം സഹോദരങ്ങളുടെ ആദ്യജാതനായി"ത്തീരുന്നു(റോമ.8:29). അങ്ങനെ അവിടുന്ന് സഭയാകുന്ന ശരീരത്തിന്റെ ശിരസായും തീരുന്നു. ആ ശരീരമാകട്ടെ, കുരിശിൽ ജനിക്കുകയും പന്തക്കുസ്താദിവസം വെളിവാക്കപ്പെടുകയും ചെയ്യും. സഭയിൽ അവിടുന്നു മനുഷ്യവംശത്തിന്റെ ശിരസായിത്തീരുന്നു. ഓരോ ജനതയുടെയും ഓരോ വംശത്തിന്റെയും ഓരോ രാജ്യത്തിന്റെയും സംസ്കാരത്തിന്റെയും ഓരോ ഭാഷയുടെയും ഭൂഖണ്ഡത്തിന്റെയുംജനതകളുടെ ശിരസായിത്തീരുന്നു. അവരെല്ലാം രക്ഷയിലേക്കു വിളിക്കപ്പെട്ടവരാണ്. "വചനം മാംസമായിത്തീർന്നു. ജീവൻ ആരിലുണ്ടായിരുന്നുവോ ആ വചനംതന്നെ. ആ ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു. തന്നെ സ്വീകരിച്ച എല്ലാവർക്കും, ദൈവമക്കളാകാനുള്ള അധികാരം അവിടുന്ന് നല്കി" (cf യോഹ.1:14,4,12 f.). എന്നാൽ ഇതെല്ലാം പൂർത്തിയായതും നിരന്തരം പൂർത്തിയാക്കികൊണ്ടിരിക്കുന്നതും "പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ".

എന്തെന്നാൽ വിശുദ്ധ പൗലോസു പഠിപ്പിക്കുന്നതുപോലെ,

www.malankaralibrary.com

"'"ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ മക്കൾ''(cf. റോമ.8:14)ആണ്. ദൈവിക ദത്തെടുപ്പുവഴിയുള്ള പുത്രസ്വീകരണം മനുഷ്യനിൽ മനുഷ്യാവതാരരഹസ്യത്തിന്റെ അടിസ്ഥാനത്തിൽ നടക്കുന്നു. അതുകൊണ്ട് നിത്യപുത്രനായ ക്രിസ്തുവിൽ നടക്കുന്നു. എന്നാൽ ജനനം അഥവാ പുനർജനനം നടക്കുന്നത് "പിതാവായ ദൈവം നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് തന്റെ പുത്രന്റെ ആത്മാവിനെ അയയ്ക്കുമ്പോഴാണ് " (cf. ഗലാ.4:6; റോമ.5:5; 2കോറി.1:22). അപ്പോൾ "നാം ദത്തുപുത്രന്മാരുടെ ഒരു ചൈതന്യം സ്വീകരിക്കുന്നു. അതുവഴി നാം ആബാ!, പിതാവേ!, എന്നു വിളിക്കുന്നു'' (റോമ.8:15). അതുകൊണ്ട്,വിശുദ്ധീകരണവരപ്രസാദം വഴി മനുഷ്യാത്മാവിൽ സ്ഥാപിച്ചിട്ടുള്ള ദൈവിക പുത്രസ്വീകരണം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് . "നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവു നമ്മുടെ ആത്മാവിനോട് ചേർന്നു സാക്ഷ്യം നല്കുന്നു. നാം മക്കളെങ്കിൽ അവകാശികളുമാണ്.ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും" (റോമ.8:16 f.) മനുഷ്യന്റെ പുതിയ ജീവന്റെ, ദൈവികവും പ്രകൃത്യതീതവുമായ ജീവന്റെ, തത്ത്വവും ഉറവിടവും വിശുദ്ധീകരണ വരപ്രസാദമാണ്.

ഈ നവജീവന്റെ ദാനം, ഒരു തരത്തിൽ സർവ്വസൃഷ്ടികളുടെയും സ്വരത്തെ പ്രതിധ്വനിപ്പിക്കുന്ന സങ്കീർത്തകന്റെ വാക്കുകൾക്കു ദൈവം നല്കുന്ന സുനിശ്ചിതമായ മറുപടിപോലെയാണ്: "അങ്ങുന്ന് അങ്ങയുടെ ആത്മാവിനെ അയക്കുമ്പോൾ, അവ സൃഷ്ടിക്കപ്പെടും; ഭൂമുഖത്തെ അങ്ങുന്നു നവീകരിക്കുകയും ചെയ്യും" (cf. സങ്കീ.104/103:30). സൃഷ്ടികർമ്മത്തിന്റെ രഹസ്യത്തിൽ മനുഷ്യനും പ്രപഞ്ചത്തിനും- ദൃശ്യവും അദൃശ്യവുമായ അതിന്റെ വ്യത്യസ്ത രൂപങ്ങളിൽ - ജീവൻ നല്കുന്നവൻ ഈ ജീവനെ, മനുഷ്യാവതാരരഹസ്യത്തിലൂടെ വീണ്ടും പുതുക്കുന്നു. അങ്ങനെ സൃഷ്ടികർമ്മം മനുഷ്യാവതാരം വഴി പൂർത്തിയാക്കപ്പെടുന്നു. ആ നിമിഷം മുതൽ അത് വീണ്ടെടുപ്പിന്റെ ശക്തിയാൽ, മനുഷ്യവംശത്തെയും സർവ്വസൃഷ്ടികളെയും നിറയ്ക്കുന്ന ശക്തികളാൽ, നിറയപ്പെടുന്നു. ഇതാണ് വിശുദ്ധ പൗലോസു നമ്മോടു പറയുന്നത്. അദ്ദേഹത്തിന്റെ പ്രപഞ്ചപരവും ദൈവശാസ്ത്രപരവുമായ വീക്ഷണം പൗരാണിക സങ്കീർത്തനത്തെ ആവർത്തിക്കുന്നതായി തോന്നുന്നു: "സൃഷ്ടപ്രപഞ്ചം ദൈവപുത്രരുടെ വെളിപ്പെടുത്തലിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമ.8:19). അതായത്, ദൈവം "മുൻകൂട്ടി അറിയുകയും" "തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപപ്പെടുത്താൻ മുൻകൂട്ടി നിശ്ചയിക്കുകയും" (റോമ.8:29) ചെയ്തവരെ വെളിപ്പെടുത്താൻ കാത്തിരിക്കുന്നു.

അങ്ങനെ, സ്നേഹവും ദാനവുമായ പരിശുദ്ധാത്മാവ് ഉറവിടമായിട്ടുള്ള ഒരു പ്രകൃത്യതീത "ദത്തെടുക്കൽ" ഉണ്ട്. അവിടുന്നു പ്രകൃത്യാ മനുഷ്യനു നല്കപ്പെട്ടിരിക്കുന്നു. സൃഷ്ടിക്കപ്പെടാത്ത ദാനത്തിന്റെ അതിസ

www.malankaralibrary.com

മൂദ്ധിയിൽ, എല്ലാ മനുഷ്യജീവികളുടെയും ഹൃദയത്തിൽ, ആ പ്രത്യേക അസൃഷ്ടദാനം തുടങ്ങുന്നു. ആ ദാനം വഴി അവർ "ദൈവികപ്രകൃതിയുടെ ഭാഗഭാക്കുകളായിത്തീരുന്നു" (cf. 2 പത്രോ.1:4). അങ്ങനെ മനുഷ്യജീവിതം, ഭാഗഭാഗിത്വം വഴി, ദൈവികജീവനാൽ നിറയപ്പെടുന്നു. അതു തന്നെ ദൈവികമായ, പ്രകൃത്യതീതമായ ഒരു മാനം നേടുകയും ചെയ്യുന്നു. ഒരു പുതിയ ജീവൻ നല്കപ്പെടുന്നു. അതിൽ മനുഷ്യാവതാരരഹസ്യത്തിന്റെ പങ്കുകാരനെന്ന നിലയിൽ മനുഷ്യന് "പരിശുദ്ധാത്മാവിൽ പിതാവിങ്കലേക്കു പ്രവേശനം ലഭിക്കുന്നു" (f. എഫേ.2:18; Dogmatic Constitution on Divine Revelation *Dei Verbum*, 2). അങ്ങനെ ജീവൻ നല്കുന്ന ആത്മാവും വിശുദ്ധീകരണവരപ്രസാദവും അതിൽനിന്നു മനുഷ്യനിൽ ഉദ്ഭവിക്കുന്ന വൈവിധ്യമാർന്ന പ്രകൃത്യതീത സജീവത്വവും തമ്മിൽ അടുത്ത ബന്ധമുണ്ട്: സൃഷ്ടിക്കപ്പെടാത്ത ആത്മാവും സൃഷ്ടിക്കപ്പെട്ട മനുഷ്യാത്മാവും തമ്മിലുള്ള ബന്ധം.

53. ഇതെല്ലാം മുകളിൽ പറഞ്ഞ മഹാജൂബിലിയുടെ പരിപ്രേക്ഷ്യത്തിൽ ഉൾപ്പെടുന്നതായി പറയാം. എന്തെന്നാൽ മുഖവിലയ്ക്കെടുത്ത സംഭവത്തിന്റെ ചരിത്രപരമായ മാനത്തിന്റെ അപ്പുറത്തേക്കു നാം കടക്കണം. ആ സംഭവത്തിന്റെ ക്രിസ്തുശാസ്ത്രപരമായ ഉള്ളടക്കത്തിലൂടെ റൂഹാശാസ്ത്രപരമായ മാനത്തിൽ എത്തണം. സത്യാത്മാവിന്റെ രണ്ടായിരം വർഷത്തെ പ്രവർത്തനത്തെ വിശ്വാസത്തിന്റെ കണ്ണുകളാൽ കണ്ട് അപ്രകാരം ചെയ്യണം. അവിടുന്നു നൂറ്റാണ്ടുകളിലൂടെ, ക്രിസ്തു നേടിയ വീണ്ടെടുപ്പിന്റെ നിക്ഷേപങ്ങളിൽനിന്നു സ്വീകരിക്കുകയും മനുഷ്യജീവികൾക്ക് നവജീവൻ നല്കുകയും ചെയ്തു. അവരിൽ ഏകജാതനിലുള്ള ദത്തെടുപ്പു സംഭവിപ്പിച്ചുകൊണ്ടും അവരെ വിശുദ്ധീകരിച്ചുകൊണ്ടും അപ്രകാരം ചെയ്തു. അതുകൊണ്ട് അവർക്ക് വിശുദ്ധ പൗലോസിനോടൊപ്പം ഇപ്രകാരം ആവർത്തിക്കാൻ കഴിയുന്നു: "നാം ദൈവത്തിൽനിന്നുള്ള ആത്മാവിനെ... സ്വീകരിച്ചിരിക്കുന്നു" (cf. 1 കോറി.2:12).

എന്നാൽ ജൂബിലിക്കു ഈ കാരണം നാം സ്വീകരിക്കുമ്പോൾ ക്രിസ്തുവിന്റെ ജനനത്തിനുശേഷം കടന്നുപോയ രണ്ടായിരം വർഷങ്ങളിലേക്കു നമ്മെത്തന്നെ ചുരുക്കാൻ സാധ്യമല്ല. നാം അതിനും പിമ്പിലേക്കു പോകണം. ക്രിസ്തുവിനുമുമ്പും –ആദിമുതൽ, ലോകത്തിലെങ്ങും പ്രത്യേകിച്ചു പഴയ ഉടമ്പടിയുടെ പദ്ധതിയിൽ, പരിശുദ്ധാത്മാവിനുണ്ടായിരുന്ന പ്രവർത്തനം ഉൾപ്പെടെ അവിടുത്തെ പ്രവർത്തനത്തെയാകെ ആശ്ലേഷിക്കുന്നതിന് അപ്രകാരം ചെയ്യണം. എന്തെന്നാൽ രക്ഷയുടെ നിത്യപദ്ധതിയനുസരിച്ച് ഓരോ സ്ഥലത്തും ഓരോ കാലത്തും, യഥാർത്ഥത്തിൽ ഓരോ വ്യക്തിയിലും ആ പ്രവർത്തനം നിർവഹിക്കപ്പെട്ടിരുന്നു. ആ പദ്ധതി വഴി ഈ പ്രവർത്തനം മനുഷ്യാവതാരത്തിന്റെയും വീണ്ടെടുപ്പിന്റെയും രഹസ്യത്തോട് അവഗാഢം ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. അതാകട്ടെ, ഭാവിയിലുള്ള ക്രിസ്തുവിന്റെ ആഗമനത്തിൽ വിശ്വസിച്ചവരുടെമേൽ സ്വാധീനം ചെലുത്തുകയും ചെയ്തു.

www.malankaralibrary.com

ഇക്കാര്യം എഫേസൂസുകാർക്കുള്ള ലേഖനത്തിൽ സവിശേഷമാംവിധം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.(cf. എഫേ.1:3-14). അതുകൊണ്ട് വരപ്രസാദം അതിൽത്തന്നെ ക്രിസ്തുശാസ്ത്രപരവും റൂഹാശാസ്ത്രപരവുമായ വശങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ക്രിസ്തുവിനെ വ്യക്തമായി സ്വീകരിക്കുന്നവരിൽ അത്, സർവ്വോപരി, പ്രകടമായിത്തീരുന്നു. "....നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ അവനിൽ (ക്രിസ്തുവിൽ) മുദ്രിതരായിരിക്കുന്നു. അവിടുത്തെ മഹത്ത്വം പ്രകീർത്തിക്കുന്നതിലുള്ള അവകാശം നാം വീണ്ടെടുത്തു സ്വന്തമാക്കുന്നതുവരെ ആ അവകാശത്തിന്റെ അച്ചാരമാണ് ഈ പരിശുദ്ധാത്മാവ്" (എഫേ.1:13 f.).

എന്നാൽ മഹാജൂബിലിയുടെ ഈ ചക്രവാളത്തിൽ നാം കൂടുതൽ അകലേക്കു നോക്കുകയും കൂടുതൽ വിദൂരതയിലേക്കു പോവുകയും വേണം. നിക്കൊദേമൂസിനോടുള്ള സംഭാഷണത്തിൽ കർത്താവ്, ഉപയോഗിച്ച പ്രതിരൂപമനുസരിച്ച് "കാറ്റ് അതിന് ഇഷ്ടമുള്ളിടത്ത് ഊതുന്നു" (cf. യോഹ.3:8)എന്ന് അറിഞ്ഞുകൊണ്ട് അപ്രകാരം ചെയ്യണം. രണ്ടാംവത്തിക്കാൻ കൗൺസിൽ, പ്രധാനമായും സഭ എന്ന പ്രമേയത്തെ കേന്ദ്രീകരിച്ചുകൊണ്ട്, "സഭയുടെ ദൃശ്യസീമയ്ക്കു വെളിയിലും" നടത്തുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നു. "അദൃശ്യമായി കൃപാവരം പ്രവർത്തിക്കുന്ന ഹൃദയങ്ങളുള്ള സന്മനസ്സുള്ള എല്ലാവരെയും" കുറിച്ചു കൗൺസിൽ പറയുന്നു. "എന്തെന്നാൽ, ക്രിസ്തു എല്ലാവർക്കുമായി മരിച്ചതുകൊണ്ടും, മനുഷ്യന്റെ ആത്യന്തികവിളി യഥാർത്ഥത്തിൽ ഏകവും ദൈവികവുമായതുകൊണ്ടും പരിശുദ്ധാത്മാവ്, ദൈവത്തിനു മാത്രം അറിയാവുന്ന വിധത്തിൽ, അവിടുത്തെ പെസഹാരഹസ്യത്തോട് ബന്ധപ്പെടാനുള്ള സാധ്യത ഓരോ മനുഷ്യനും നല്കുന്നുണ്ട് എന്നു നാം വിശ്വസിച്ചേ മതിയാകൂ" (Pastoral Constitution on the Church in the Modern World *Gaudium et Spes*. 22; cf. Dogmatic Constitution on the Church *Lumen Gentium*, 16).

54. "ദൈവം അരൂപിയാണ്. അവിടുത്തെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലും അവിടുത്തെ ആരാധിക്കണം" (യോഹ.4:24). ഈ വാക്കുകൾ യേശു മറ്റൊരു സംഭാഷണത്തിൽ, സമരിയാക്കാരിയോടുള്ള സംഭാഷണത്തിൽ, പറഞ്ഞതാണ്. ഈ സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലും അടുത്തതിന്റെ തുടക്കത്തിലും ആഘോഷിക്കേണ്ട മഹാജൂബിലി "ദൈവത്തെ അരൂപിയിലും സത്യത്തിലും ആരാധിക്കുന്ന" എല്ലാവർക്കും ശക്തമായ ഒരാഹ്വാനമായിരിക്കണം. ഓരോരുത്തനും ത്രിയേകദൈവത്തിന്റെ രഹസ്യത്തെപ്പറ്റി ധ്യാനിക്കാനുള്ള ഒരു സവിശേഷ സന്ദർഭമായിരിക്കണം അത്. അവിടുന്നാകട്ടെ, ലോകത്തെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ചു ദൃശ്യലോകത്തെ സംബന്ധിച്ചിടത്തോളം തന്നിൽത്തന്നെ തികച്ചും സർവ്വാതിശായിയാണ്. എന്തെന്നാൽ അവിടുന്നു കേവലമായ ആത്മാവാണ്. "ദൈവം ആത്മാവാണ്" (Ibid). വിസ്മയനീയമായ വിധത്തിൽ ഈ ലോകത്തോട് അടുത്തി

www.malankaralibrary.com

രിക്കുന്നു എന്നു മാത്രമല്ല ഈ ലോകത്തിൽ സന്നിഹിതനായിരിക്കുകയും ചെയ്യുന്നു. ഒരർത്ഥത്തിൽ അതിനെ തുളച്ചു കടന്നും ഉള്ളിൽനിന്ന് അതിനു ജീവൻ നല്കികൊണ്ടും അതിൽ വ്യാപിച്ചിരിക്കുകയും ചെയ്യുന്നു. ഇത് മനുഷ്യനെ സംബന്ധിച്ചിടത്തോളം സവിശേഷമാംവിധം ശരിയാണ്: ദൈവം മനുഷ്യന്റെ സത്തയുടെ അഗാധതയിൽ അവന്റെ മനസ്സിൽ, മനഃസാക്ഷിയിൽ, ഹൃദയത്തിൽ, സന്നിഹിതനാണ്. വിശുദ്ധ ആഗസ്തീനോസ് ദൈവത്തെപ്പറ്റി പറഞ്ഞു: "അവിടുന്ന് എന്നോട് എന്റെ ആന്തരികമായ സത്തയേക്കാൾ കൂടുതൽ അടുത്തിരിക്കുന്നു" (cf. St. Augustine, *Confess.* III, 6, 11; CCL 27, 33) എന്ന്. ഇതു പരിഗണിക്കുമ്പോൾ, ദൈവം സദ്വിജ്ഞാനപരവും മനഃശാസ്ത്രപരവുമായ ഒരു യാഥാർത്ഥ്യമാണ്. യേശു സമരിയാക്കാരിയോടു പറഞ്ഞ വാക്കുകൾ, "ദൈവം അരൂപിയാണ്" എന്ന വാക്കുകൾ, കുടുതൽ നന്നായി മനസ്സിലാക്കാൻ വിശുദ്ധ ആഗസ്തീനോസിന്റെ ഈ വാക്കുകൾ നമ്മെ സഹായിക്കുന്നു. എന്റെ അസ്തിത്വത്തിലും എന്റെ ആധ്യാത്മികാനുഭവത്തിലും "എന്റെ ആന്തരികമായ സത്തയേക്കാൾ കൂടുതൽ" എന്നോട് അടുത്തിരിക്കാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ. തന്റെ കേവലമായ സർവാതിശായിത്വത്തിൽ അഭേദ്യനും അവ്യയനുമായി നിലനിന്നുകൊണ്ട് മനുഷ്യനിലും ലോകത്തിലും ഇത്രമാത്രം വ്യാപിച്ചിരിക്കാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ.

എന്നാൽ, ലോകത്തിലും മനുഷ്യനിലുമുള്ള ദൈവികസാന്നിധ്യം, ഒരു നവീനരീതിയിലും ദൃശ്യരൂപത്തിലും യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ടു. "യഥാർത്ഥത്തിൽ ദൈവകൃപ അവിടുന്നിൽ പ്രത്യക്ഷപ്പെട്ടു" (cf. തീത്തോ.2:11). പിതാവായ ദൈവത്തിന്റെ സ്നേഹം ഒരു ദാനമായി, അനന്തമായ കൃപയായി, ജീവസ്രോതസ്സായി, ക്രിസ്തുവിൽ ദൃശ്യമാക്കപ്പെട്ടു. അവിടുത്തെ മനുഷ്യത്വത്തിൽ ആ സ്നേഹം പ്രപഞ്ചത്തിന്റെ, മനുഷ്യകുടുംബത്തിന്റെയും ചരിത്രത്തിന്റെയും, "ഭാഗം" ആയിത്തീർന്നു. മനുഷ്യചരിത്രത്തിൽ യേശുക്രിസ്തുവിലൂടെയുണ്ടായ കൃപയുടെ ഈ പ്രത്യക്ഷീകരണം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിവൃത്തിയാക്കപ്പെട്ടു. പരിശുദ്ധാത്മാവാകട്ടെ, ദൈവം ലോകത്തിൽ നടത്തുന്ന സകല രക്ഷാകരപ്രവർത്തനത്തിന്റെയും ഉറവിടമാണ്" അവിടുന്ന് "മറഞ്ഞിരിക്കുന്ന ദൈവമാണ്"! (cf. ഏശ.45:15). സ്നേഹവും ദാനവും എന്ന നിലയിൽ "പ്രപഞ്ചത്തെ നിറയ്ക്കുന്ന" (cf. ജ്ഞാനം.1:7)വനാണ്. മഹാജൂബിലിയിൽ കാണപ്പെടാനിരിക്കുന്നതുപോലെ, സഭയുടെ ജീവിതം മുഴുവന്റെയും അർത്ഥം അദൃശ്യദൈവത്തെ, നിഗൂഢദൈവത്തെ, കണ്ടുമുട്ടാൻ പോകുക എന്നതാണ്: ജീവൻ നല്കുന്ന പരിശുദ്ധാത്മാവിനെ കണ്ടുമുട്ടൽതന്നെ.

www.malankaralibrary.com

### 3. പരിശുദ്ധാത്മാവു മനുഷ്യന്റെ ആന്തരികസംഘർഷത്തിൽ: "എന്തെന്നാൽ ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്; ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്"

55. രക്ഷയുടെ ചരിത്രം നിർഭാഗ്യകരമായ ഒരു സംഗതി വ്യക്തമാക്കുന്നു. ദൈവം മനുഷ്യനോടും ലോകത്തോടും അടുക്കുകയും തന്നെത്തന്നെ സന്നിഹിതനാക്കുകയും ചെയ്യുന്ന പ്രക്രിയ- പരിശുദ്ധാത്മാവിന്റെ വിസ്മയനീയമായ ദാക്ഷിണ്യം- നമ്മുടെ മാനുഷിക യഥാർത്ഥ്യത്തിൽ തടസവും എതിർപ്പും നേരിടുന്നു എന്നതാണത്. വൃദ്ധനായ ശിമയോന്റെ പ്രവാചകപരമായ വാക്കുകൾ ഈ വീക്ഷണപ്രകാരം എത്ര വാഗ്മിത്വം നിറഞ്ഞതാണ്. അദ്ദേഹം പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി ജറുസലേം ദേവാലയത്തിൽ, ബേത്‌ലഹെമിലെ നവജാതശിശുവിന്റെ മുമ്പിൽ, പ്രവചിക്കാൻ വന്നു. ആ ശിശു "ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. എന്തെന്നാൽ ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും" (ലൂക്ക.2:27,34) എന്നായിരുന്നു പ്രവചനം. ലോകത്തിന് അദൃശ്യാത്മാവായ ദൈവത്തോടുള്ള എതിർപ്പ് ഒരളവിൽ, ഒരു വസ്തുതയിൽ നിന്നുണ്ടാകുന്നതാണ്. ദൈവത്തിൽനിന്നു ലോകത്തിനുള്ള മൗലികമായ വ്യത്യാസമാണ് ആ വസ്തുത. ലോകം "ദൃശ്യവും" "ഭൗതിക'വുമാണ്. ദൈവമാകട്ടെ, അദൃശ്യനും കേവലാത്മാവുമാണ്. ഇതിലാണ് ആ എതിർപ്പ് നിലകൊള്ളുന്നത്. പൂർണസത്തയായ ദൈവവുമായുള്ള വ്യത്യാസത്തിൽ, ലോകത്തിന്റെ സാരാംശപരവും അനുപേക്ഷണീയവുമായ അപൂർണതയിൽനിന്ന് അതുണ്ടാകുന്നു. എന്നാൽ ഈ എതിർപ്പ്, സന്മാർഗമണ്ഡലത്തിൽ സംഘർഷവും കലഹവുമായിത്തീരുന്നു. മനുഷ്യഹൃദയത്തെ സ്വന്തമാക്കുന്ന ആ പാപം മൂലമാണത്. ആ ഹൃദയത്തിലാകട്ടെ, "ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്. ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്" (ഗലാ.5:17). നാം പറഞ്ഞതുപോലെ, ഈ പാപത്തെപ്പറ്റി പരിശുദ്ധാത്മാവു "ലോകത്തെ ബോധ്യപ്പെടുത്തണം".

വിശുദ്ധ പൗലോസാണ്, മനുഷ്യഹൃദയത്തെ ക്ലേശിപ്പിക്കുന്ന സംഘർഷത്തെയും മത്സരത്തെയും കുറിച്ച് സവിശേഷവാഗ്മിത്വത്തോടെ വിവരിക്കുന്നത്. ഗലാത്തിയർക്കുള്ള ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "നിങ്ങളോടു ഞാൻ പറയുന്നു, ആത്മാവിന്റെ പ്രേരണയനുസരിച്ചു വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്; ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നതു നിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ നിങ്ങൾക്കു സാധിക്കാതെ വരുന്നു" (ഗലാ.5:16 f.). ശരീരവും ആത്മാവുമുള്ള ഒരു ജീവി എന്ന നിലയിൽ മനുഷ്യനിൽ ഒരു സംഘർഷം, ആത്മാവും ശരീരവും തമ്മിൽ പ്രവണതകളുടെ ഒരു

www.malankaralibrary.com

സമരം, സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഈ സമരം യഥാർത്ഥത്തിൽ പാപത്തിന്റെ പൈതൃകത്തിന്റേതാണ്. അതു പാപത്തിന്റെ അനന്തരഫലമാണ്. അതേസമയം അതിന്റെ ഒരു സ്ഥിരീകരണവുമാണ്. ഇത് അനുദിനജീവിതാനുഭവത്തിന്റെ ഭാഗം തന്നെ. അപ്പസ്തോലൻ എഴുതുന്നതുപോലെ, "ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി.... മദ്യപാനം, മദിരോത്സവം ഇവയും ഈദൃശമായ മറ്റു പ്രവൃത്തികളുമാണ്". ഇവയാണ് "ജഡത്തെ സംബന്ധിച്ചവ" എന്നു വിളിക്കപ്പെടാവുന്ന പാപങ്ങൾ. എന്നാൽ അദ്ദേഹം മറ്റുചില പാപങ്ങളുടെ പേരുകൾ കൂട്ടിച്ചേർക്കുന്നു: "ശത്രുത, കലഹം, കോപം, സ്വാർത്ഥത, ഭിന്നത, വിഭാഗീയചിന്ത, അസൂയ" (cf. ഗലാ.5:19–21). ഇവയെല്ലാം "ജഡത്തിന്റെ പ്രവൃത്തികളാണ്".

എന്നാൽ സംശയാതീതമാംവിധം തിന്മകളായിട്ടുള്ള ഈ പ്രവൃത്തികൾക്ക് പൗലോസ് "ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം" (ഗലാ.5:22 f.) എന്നിവയിൽനിന്നുള്ള വ്യത്യാസം എടുത്തു കാണിക്കുന്നു. മനുഷ്യന്റെ പ്രകൃതിയെയും വൈയക്തിക കർത്തൃത്വത്തെയും സൃഷ്ടിക്കുവാൻ ആത്മാവിനു ആവശ്യമായിരിക്കുന്ന ശരീരത്തെ ശപിച്ചു തള്ളുകയോ അതിനെ വിവേചനയോടെ കാണുകയോ അല്ല അപ്പസ്തോലൻ ചെയ്യുന്നത് എന്നു സാഹചര്യത്തിൽ നിന്നു വ്യക്തമാണ്. അദ്ദേഹം പറയുന്നത് ധാർമ്മികമായി നല്ലതോ തീയതോ ആയ പ്രവൃത്തികളെപ്പറ്റിയാണ്. കുറേക്കൂടി നന്നായിപ്പറഞ്ഞാൽ, സ്ഥിരമായ മനോഭാവങ്ങളെ – സദ്ഗുണങ്ങളെയും (Virtues) ദുർഗുണങ്ങളെയും – സംബന്ധിച്ചാണ്. അവയാകട്ടെ, പരിശുദ്ധാത്മാവിന്റെ രക്ഷാകരപ്രവൃത്തിയോടുള്ള വിധേയത്വത്തിന്റെയോ (സദ്ഗുണങ്ങളെ സംബന്ധിച്ച്) എതിർപ്പിന്റെയോ (ദുർഗുണങ്ങളെയോ സംബന്ധിച്ച്) ഫലങ്ങളാണ്. തത്ഫലമായി അപ്പസ്തോലൻ എഴുതുന്നു: "നാം ആത്മാവിലാണു ജീവിക്കുന്നതെങ്കിൽ നമുക്ക് ആത്മാവിൽ വ്യാപരിക്കാം" (ഗലാ.5:25). അദ്ദേഹം മറ്റു ഭാഗങ്ങളിൽ ഇങ്ങനെ എഴുതുന്നു: "എന്തെന്നാൽ ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ മനസ്സു വയ്ക്കുന്നു.... ആത്മീയമായി ജീവിക്കുന്നവരാകട്ടെ, ആത്മീയകാര്യങ്ങളിൽ മനസ്സു വയ്ക്കുന്നു; ദൈവത്തിന്റെ ആത്മാവു യഥാർത്ഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല, ആത്മീയരാണ്" (cf. റോമ.8:5,9). "ആത്മാവിനനുസൃതമായ" ജീവിതവും "ജഡത്തിനനുസൃതമായ" ജീവിതവും തമ്മിൽ ഉള്ളതായി വിശുദ്ധപൗലോസ് എടുത്തുകാണിക്കുന്ന വ്യത്യാസത്തിൽനിന്ന് മറ്റൊരു വ്യത്യാസം ഉയർന്നുവരുന്നു.

"ജീവനും" "മരണവും" തമ്മിലുള്ള വ്യത്യാസമാണത്: "ജഡികാഭിലാഷങ്ങൾ മരണത്തിലേക്കു നയിക്കുന്നു. ആത്മീയാഭിലാഷങ്ങൾ ജീവനിലേക്കും സമാധാനത്തിലേക്കും". അതുകൊണ്ട് ഈ മുന്നറിയിപ്പു നല്കുന്നു: "ജഡി

www.malankaralibrary.com

കരായി ജീവിക്കുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും" (റോമ.8:6,13).

ശരിയായ രീതിയിൽ മനസ്സിലാക്കിയാൽ, ഇത് സത്യത്തിൽ ജീവിക്കാനുള്ള ഒരാഹ്വാനമാണ്. അതായത് ശരിയായ മനഃസാക്ഷിയുടെ അനുശാസനങ്ങളനുസരിച്ചു ജീവിക്കാനുള്ള ആഹ്വാനമാണ്. അതേസമയം അത് ജീവദാതാവായിരിക്കുന്ന സത്യാത്മാവിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലുമാണ്. എന്തെന്നാൽ ശരീരം "പാപം മൂലം മൃതമാണെങ്കിലും... നീതി നിമിത്തം നിങ്ങളുടെ ആത്മാവുകൾ ജീവനുള്ളവയായിരിക്കും". "ആകയാൽ, സഹോദരരേ, ജഡികപ്രവണതകൾ അനുസരിച്ചു ജീവിക്കാൻ നാം ജഡത്തിനു കടപ്പെട്ടവരല്ല" (റോമ.8:10,12). നമുക്കു പരിശുദ്ധാത്മാവിനെ നേടിത്തന്നുകൊണ്ട് പൊസഹാരഹസ്യത്തിൽ നമ്മുടെ നീതീകരണം സാധിച്ചുതന്ന ക്രിസ്തുവിനോടാണ് നാം കടപ്പെട്ടവരായിരിക്കുന്നത്. "യഥാർത്ഥത്തിൽ, നമ്മൾ വലിയ വിലയ്ക്കു വാങ്ങിക്കപ്പെട്ടവരാണ്" (cf. 1 കോറി.6:20).

വിശുദ്ധ പൗലോസിന്റെ പാഠങ്ങളിൽ, സദ്വിജ്ഞാനീയമാനത്തിന്റെയും (ജഡവും ആത്മാവും), ധാർമ്മിക മാനത്തിന്റെയും (ധാർമ്മികനന്മയും തിന്മയും) റൂഹാശാസ്ത്രപരമായ മാനത്തിന്റെയും (വരപ്രസാദത്തിന്റെ ക്രമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം) കൂട്ടിച്ചേർക്കലും പരസ്പരമുള്ള ഉൾച്ചേരലുമുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടുള്ള തുറവിയും അവിടുത്തോട്- അവിടുത്തെ രക്ഷാകരദാനത്തോട് - ഉള്ള എതിർപ്പും തമ്മിൽ മനുഷ്യമനസ്സിൽ സംഘർഷവും സമരവും നടക്കുന്നു. അവയുടെ ശക്തി അറിയാനും സജീവമായി അനുഭവിക്കാനും വിശുദ്ധപൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലുള്ള വാക്കുകൾ (പ്രത്യേകിച്ചു റോമാക്കാർക്കും ഗലാത്തിയാക്കാർക്കുമുള്ള ലേഖനങ്ങളിലുള്ളവ) നമ്മെ സഹായിക്കുന്നു. വ്യത്യാസത്തിന്റെ അടിസ്ഥാനങ്ങൾ അഥവാ ധ്രുവങ്ങൾ മനുഷ്യന്റെ ഭാഗത്ത് അവന്റെ പരിമിതിയും പാപാവസ്ഥയുമാണ്. അവന്റെ മാനസികവും ധാർമ്മികവുമായ യാഥാർത്ഥ്യത്തിന്റെ സത്താപരമായ ഘടകങ്ങളാണ് അവ. ദൈവത്തിന്റെ ഭാഗത്ത് ദാനത്തിന്റെ രഹസ്യമാണ്, പരിശുദ്ധാത്മാവിൽ ദൈവികജീവന്റെ നിരന്തരമായ ആത്മദാനമാണ്. ആരു ജയിക്കും? ദാനത്തെ സ്വാഗതം ചെയ്യുന്നവൻ.

56. മനുഷ്യഹൃദയത്തിൽ സംഭവിക്കുന്നതായി വിശുദ്ധപൗലോസു പറയുന്ന - സംഘർഷം, സമരം, കലഹം- എന്നിങ്ങനെ ആന്തരികവും കർത്തൃത്വപരവുമായ മാനങ്ങളിൽ സംഭവിക്കുന്നവയായി അദ്ദേഹം ഊന്നിപ്പറയുന്ന - പരിശുദ്ധാത്മാവിനെ തടഞ്ഞു നിറുത്തുക എന്ന പ്രവൃത്തി- നിർഭാഗ്യവശാൽ, ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും പ്രത്യേകിച്ച് ആധുനികയുഗത്തിൽ അതിന്റെ ബാഹ്യമാനം കണ്ടെത്തുന്നു. അത് വസ്തുനിഷ്ഠ

www.malankaralibrary.com

മായ രൂപം സ്വീകരിക്കുന്നു. സംസ്കാരത്തിന്റെയും നാഗരികതയുടെയും ഉള്ളടക്കമായി, ഒരു തത്ത്വശാസ്ത്രപദ്ധതിയായി, ഒരു പ്രത്യയശാസ്ത്രമായി, പ്രവർത്തനത്തിനും മാനുഷികപെരുമാറ്റത്തിന്റെ രൂപവത്കരണത്തിനുമുള്ള ഒരു കർമ്മപരിപാടിയായി, അതു വസ്തുനിഷ്ഠമായ രൂപം സ്വീകരിക്കുന്നു. അത് അതിന്റെ ഏറ്റവും വ്യക്തമായ പ്രകാശനം ഭൗതികവാദത്തിന്റെ രണ്ടു രൂപങ്ങളിലും – അതിന്റെ താത്ത്വികരൂപത്തിലും പ്രായോഗികരൂപത്തിലും– എത്തിച്ചേരുന്നു. താത്ത്വികരൂപത്തിൽ ഒരു ചിന്താപദ്ധതി എന്ന നിലയിലും പ്രായോഗികരൂപത്തിൽ വസ്തുതകളെ വ്യാഖ്യാനിക്കാനും വിലയിരുത്താനുമുള്ള ഒരു രീതി എന്ന നിലയിലും, അതുപോലെതന്നെ, താദൃശമായ പെരുമാറ്റത്തിന്റെ കാര്യപരിപാടി എന്ന നിലയിലും അപ്രകാരം സംഭവിക്കുന്നു. വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദമാണ് ഈ ചിന്താരൂപത്തെയും പ്രത്യയശാസ്ത്രത്തെയും പ്രയോഗത്തെയും ഏറ്റവും അധികം വികസിപ്പിച്ചതും അങ്ങേയറ്റത്തെ പ്രായോഗിക അനന്തരഫലങ്ങളിലേക്കു നയിച്ചതുമായ സമ്പ്രദായം. ആ ഭൗതികവാദം ഇന്നും മാർക്സിസത്തിന്റെ കേന്ദ്രമായി അംഗീകരിക്കപ്പെടുന്നു.

ലോകത്തിലും സർവോപരി മനുഷ്യനിലുമുള്ള, അരൂപിയായ ദൈവത്തിന്റെ സാന്നിധ്യത്തെയും പ്രവർത്തനത്തെയും ഭൗതികവാദം തത്ത്വത്തിലും പ്രയോഗത്തിലും ഒഴിവാക്കുന്നു. ഇതിന്റെ മൗലികകാരണം, സാരാംശപരമായും ഘടനാപരമായും നിരീശ്വരപരമായ ഒരു സമ്പ്രദായമെന്ന നിലയിൽ അതു ദൈവത്തിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നില്ല എന്നതാണ്. ഇതാണ് നമ്മുടെ കാലഘട്ടത്തിലെ ശ്രദ്ധേയമായ പ്രതിഭാസം: നിരീശ്വരത്വം. അതിനെപ്പറ്റി പ്രതിപാദിക്കാൻ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ പല പുറങ്ങളും വിനിയോഗിച്ചിട്ടുണ്ട് (cf. Pastoral Constitution on the Church in the Modern World *Gaudium et Spes*, 19, 20, 21). നിരീശ്വരത്വത്തിന്റെ അസംഖ്യം രൂപങ്ങളുണ്ട്. ആ പദം പലപ്പോഴും തെറ്റായ അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നുമുണ്ട്. അതുകൊണ്ട്, നിരീശ്വരത്വത്തെപ്പറ്റി ഏകാർത്ഥത്തിൽ പറയാൻ പറ്റില്ല. ഭൗതികവാദത്തിന്റെ തത്ത്വശാസ്ത്രം മാത്രമായി അതിനെ പരിമിതപ്പെടുത്താനും സാധ്യമല്ല. എന്നിരുന്നാലും യാഥാർത്ഥ്യത്തെ വ്യാഖ്യാനിക്കുന്നതും വൈയക്തികവും സാമൂഹികവുമായ പ്രവർത്തനത്തിന്റെ മൗലികതത്ത്വമായി അംഗീകരിക്കപ്പെട്ടതുമായ ഒരു സിദ്ധാന്തം എന്ന നിലയിൽ അത് പ്രകൃത്യാ നിരീശ്വരപരമാണ്. അതു വിവരിക്കുന്ന മൂല്യങ്ങളുടെ ക്രമവും പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളും യാഥാർത്ഥ്യത്തെ മുഴുവനും "ഭൗതികവസ്തു" ആയി മനസ്സിലാക്കുന്നതിനോടു കർശനമായി ബന്ധപ്പെട്ടിരിക്കുന്നു. ചിലപ്പോൾ അത് "ആത്മാവിനെ"പ്പറ്റിയും "ആത്മാവിന്റെ പ്രശ്നങ്ങളെ"പ്പറ്റിയും പറയുന്നു. ഉദാഹരണമായി, സംസ്കാരത്തിന്റെയും ധാർമ്മികതയുടെയും മണ്ഡലത്തിൽ അങ്ങനെ ചെയ്യുന്നു. എങ്കിലും, ഭൗതികവസ്തുവിൽനിന്നുണ്ടാകുന്ന ചില യാഥാർത്ഥ്യങ്ങൾ (Epiphenomena) ആയി അവയെ കരുതുന്നിടത്തോളം മാത്രമേ അങ്ങനെ ചെയ്യുന്നുള്ളൂ. കാരണം,

www.malankaralibrary.com

ഈ സമ്പ്രദായമനുസരിച്ച് ഭൗതികവസ്തുവാണ് സത്തയുടെ ഏകരൂപം. ഈ വ്യാഖ്യാനമനുസരിച്ച് മതത്തെ ഒരുതരം "ആദർശപരമായ മിഥ്യ" ആയി മാത്രമേ മനസ്സിലാകുകയുള്ളുവെന്നു വ്യക്തമാകുന്നു. സമൂഹത്തിൽനിന്നും മനുഷ്യന്റെ ഹൃദയത്തിൽ നിന്നുതന്നെയും ഒഴിവാക്കുന്നതിനുവേണ്ടി സ്ഥല കാലസാഹചര്യങ്ങളനുസരിച്ച് ഉചിതമായ ഉപാധികളും രീതികളും ഉപയോഗിച്ച് എതിർക്കേണ്ട ആദർശപരമായ മിഥ്യയായിട്ടേ അതു മതത്തെ മനസ്സിലാക്കുകയുള്ളു എന്നു വ്യക്തമാണ്.

അതുകൊണ്ട്, "ജഡാഭിലാഷങ്ങൾ ആത്മാവിന് എതിരാണ്" എന്ന വാക്കുകൾകൊണ്ട് വിശുദ്ധ പൗലോസ് ശപിച്ചു തള്ളിയ തടസ്സത്തിന്റെയും എതിർപ്പിന്റെയും ക്രമവത്കൃതവും യുക്തിപരവുമായ വികാസമാണ് ഭൗതികവാദം എന്നു പറയാം. എന്നാൽ, വിശുദ്ധ പൗലോസ് തന്റെ തത്ത്വവാക്യത്തിന്റെ രണ്ടാം ഭാഗത്ത് ഊന്നിപ്പറയുന്നതുപോലെ ഈ ശത്രുത പരസ്പരമുള്ളതാണ്: "ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനെതിരാണ്". ആത്മാവിന്റെ രക്ഷാകരപ്രവർത്തനത്തെ സ്വീകരിക്കുകയും അതിനനുസരിച്ചു ജീവിക്കുകയും ചെയ്ത്, ആത്മാവിനാൽ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ജഡത്തിന്റെ ആന്തരികവും ബാഹ്യവുമായ പ്രവണതകളെയും അവകാശവാദങ്ങളെയും തള്ളിക്കളയാതിരിക്കാൻ പറ്റുകയില്ല. അതുപോലെ, മതവിരുദ്ധ "ഭൗതികവാദം" എന്ന നിലയിലുള്ള അതിന്റെ പ്രത്യയശാസ്ത്രപരവും ചരിത്രപരവുമായ പ്രകടനത്തിലും ഉപേക്ഷിക്കാതിരിക്കാൻ പറ്റുകയില്ല. നമ്മുടെ കാലഘട്ടത്തിന്റെ പ്രത്യേകസ്വഭാവമായ ഈ പശ്ചാത്തലത്തിനെതിരേ, മഹാജൂബിലിക്കു തയ്യാറാകുമ്പോൾ, നാം "ആത്മാവിന്റെ ആഗ്രഹങ്ങളെപ്പറ്റി ഊന്നിപ്പറയണം. പുതിയ ആഗമനകാലത്തിന്റെ രാത്രിയിൽ പ്രതിധ്വനിക്കുന്ന ആഹ്വാനങ്ങളായി ഊന്നിപ്പറയണം. ആ രാത്രിയുടെ അവസാനം, രണ്ടായിരം വർഷം മുമ്പുനടന്നതുപോലെ, "ഓരോ മനുഷ്യനും ദൈവം നല്കുന്ന രക്ഷ കാണും" (ലൂക്ക.3:6; cf. ഏശ.40:5). സഭ ഇന്നത്തെ സ്ത്രീപുരുഷന്മാരെ ഭരമേല്പിക്കുന്ന ഒരു സാധ്യതയും പ്രത്യാശയുമാണിത്. സമകാലീനനാഗരികതയുടെ, അനേകവശങ്ങളെ, പ്രത്യേകിച്ച് അതിന്റെ ചില മണ്ഡലങ്ങളെ മുദ്രിതമാക്കുന്ന "ആത്മാവിനെതിരെയുള്ള ആഗ്രഹങ്ങളും", "ജഡത്തിനെതിരേയുള്ള ആഗ്രഹങ്ങളും" തമ്മിലുള്ള കണ്ടുമുട്ടലോ സംഘട്ടനമോ ആണിത്. ജഡത്തിനെതിരേയുള്ള ഈ ആഗ്രഹങ്ങൾ കൊണ്ടാണ് അവിടുത്തെ മനുഷ്യാവതാരത്തിലും അവിടുന്നു നടത്തുന്ന പരിശുദ്ധാത്മാവിന്റെ നിരന്തരം നവീകരിക്കപ്പെടുന്ന കൈമാറലിലും ദൈവം നമ്മെ സമീപിക്കുന്നത്. ഈ കണ്ടുമുട്ടലോ സംഘട്ടനമോ പലപ്പോഴും ദുരന്തപരമായ സ്വഭാവത്തോടുകൂടിയതായിരിക്കുമെന്നും ചിലപ്പോൾ അനേകംപേരെ മനുഷ്യവംശത്തിനുവേണ്ടി അതു പരാജയങ്ങളിലേക്കു നയിക്കുമെന്നും സഭയ്ക്കറിയാം. എന്നാൽ ദൈവത്തിന്റെ ഭാഗത്തുനിന്ന് എപ്പോഴും രക്ഷാകരമായ ഒരാത്മദാനമുണ്ടാകുമെന്നു സഭ ദൃഢമായി വിശ്വസിക്കുന്നു. രക്ഷാകരമായ ഒരാഗമനം, ഏതെങ്കിലും വിധത്തിൽ, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പാപ

www.malankaralibrary.com

ത്തെപറ്റി രക്ഷാകരമായ "ഒരു ബോധ്യപ്പെടുത്തൽ" ഉണ്ടാകുമെന്ന് ഉറച്ചു വിശ്വസിക്കുന്നു.

57. വി. പൗലോസ് പറയുന്ന "ആത്മാവും" "ജഡവും" തമ്മിലുള്ള വ്യത്യാസത്തിൽ "ജീവനും" "മരണവും" തമ്മിലുള്ള വ്യത്യാസവും ഉൾക്കൊള്ളുന്നുണ്ട്. ഇതു വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ഇതിനെ സംബന്ധിച്ചിടത്തോളം, ഭൗതികവാദം ഒരു ചിന്താപദ്ധതിയെന്ന നിലയിൽ, അതിന്റെ സകലരൂപങ്ങളിലും, അർത്ഥമാക്കുന്നത് മരണത്തെ മനുഷ്യാസ്തിത്വത്തിന്റെ സുനിശ്ചിതമായ അന്ത്യമായി സ്വീകരിക്കുക എന്നതാണെന്നു പറയേണ്ടിയിരിക്കുന്നു. ഭൗതികമായതെന്തും നശിക്കത്തക്കതാണ്. അതുകൊണ്ടു മനുഷ്യശരീരം (അത് "മൃഗ"മായിരിക്കുന്നിടത്തോളം) മരണമുള്ളതാണ്. മനുഷ്യൻ അവന്റെ സാരാംശത്തിൽ "ജഡം" മാത്രമാണെങ്കിൽ, മരണം അവന് ഉല്ലംഘിക്കാനാവാത്ത അതിരും പരിധിയുമായി നിലകൊള്ളുന്നു. അതുകൊണ്ട് "മരിക്കാനുള്ള ഒരസ്തിത്വം" അല്ലാതെ മറ്റൊന്നുമല്ല മനുഷ്യജീവിതമെന്ന് പറയപ്പെടാൻ കഴിയുന്നതെങ്ങനെയെന്നു നമുക്കു മനസ്സിലാക്കാം.

സമകാലീനനാഗരികതയുടെ ചക്രവാളത്തിൽ – പ്രത്യേകിച്ച് സാങ്കേതികവും ശാസ്ത്രീയവുമായ അർത്ഥമനുസരിച്ച് ഏറ്റവും അധികം വികസിച്ച രൂപത്തിൽ – മരണത്തിന്റെ അടയാളങ്ങളും ലക്ഷണങ്ങളും സവിശേഷമാംവിധം സന്നിഹിതമായിരിക്കുകയും കുടെക്കുടെയുണ്ടാവുകയും ചെയ്യുന്നു എന്നുകുടി പറയേണ്ടിയിരിക്കുന്നു. ആയുധപന്തയത്തെയും അതിൽ അന്തർഹിതമായിരിക്കുന്നതും ന്യൂക്ലിയർ ആയുധങ്ങൾ വഴിയുണ്ടാകുന്നതുമായ ആത്മഹത്യയെയും പറ്റി ചിന്തിച്ചാൽ മാത്രം മതി അതു വ്യക്തമാകാൻ. കൂടാതെ, നമ്മുടെ ഗ്രഹത്തിന്റെ വിസ്തൃതമണ്ഡലങ്ങൾ മരണകരമായ ദാരിദ്ര്യവും പട്ടിണിയുംകൊണ്ട് മുദ്രിതമായിരിക്കുകയും ചെയ്യുന്നു. ഗൗരവതരമായ ഈ അവസ്ഥയെപ്പറ്റി എല്ലാവരും കൂടുതൽകൂടുതൽ ബോധവാന്മാരാകുന്നുണ്ട്. ഇതു സാമ്പത്തികപ്രശ്നം മാത്രമല്ല. ഇത് സർവ്വോപരി, ധാർമ്മികപ്രശ്നവുമാണ്. എന്നാൽ നമ്മുടെ യുഗത്തിന്റെ ചക്രവാളത്തിൽ "മരണത്തിന്റെ" കുടുതൽ കറുത്ത "അടയാളങ്ങൾ" വർദ്ധിച്ചു വരുന്നു: മനുഷ്യരുടെ ജീവൻ, അത് പിറക്കുന്നതിനുമുമ്പേതന്നെ, അല്ലെങ്കിൽ മരണത്തിന്റെ സ്വാഭാവികഘട്ടത്തിൽ എത്തിച്ചേരുന്നതിനു മുമ്പേതന്നെ, നശിപ്പിക്കുന്ന ഒരു സമ്പ്രദായം വ്യാപകമായി സുസ്ഥാപിതമായിരിക്കുന്നു. ചിലയിടങ്ങളിൽ അത് മിക്കവാറും സുസ്ഥാപിതമായിത്തീരുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ സമാധാനത്തിനുള്ള പല ശ്രേഷ്ഠപരിശ്രമങ്ങളും നടന്നിട്ടുണ്ടെങ്കിലും പുതിയ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. ഇന്നും പൊട്ടിപ്പുറപ്പെടുന്നുണ്ട് – നൂറായിരകണക്കിനു മനുഷ്യരുടെ ജീവനോ ആരോഗ്യമോ നശിപ്പിക്കുന്ന യുദ്ധങ്ങൾ. അന്താരാഷ്ട്രതലത്തിൽപ്പോലും സംഘടിപ്പിക്കപ്പെടുന്ന ഭീകരപ്രവർത്തനം മനുഷ്യജീവനെ ആക്രമിക്കുന്നതിനെ സൂചിപ്പിക്കാതിരിക്കുന്നതെങ്ങനെ?

www.malankaralibrary.com

ക്രിസ്ത്വബ്ദത്തിന്റെ രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലേക്കു നമ്മൾ അടുക്കുമ്പോൾ നമ്മുടെ യുഗത്തിൽ വരയ്ക്കപ്പെട്ട മരണചിത്രത്തിന്റെ ഭാഗികവും അപൂർണവുമായ ഒരു രൂപരേഖ മാത്രമാണ്, നിർഭാഗ്യവശാൽ, മുകളിൽ കാണിച്ചത്. ഭൗതികതയിൽ അധിഷ്ഠിതമായ നാഗരികതയുടെ ഇരുണ്ട നിഴലിൽനിന്ന് ജീവദായകനായ ആത്മാവിനോട് നവീനവും ഏറെക്കുറെ ബോധപൂർവകവുമായ ഒരു വിളി ഉയരുന്നില്ലേ? ആ നാഗരികത നിർമ്മിക്കപ്പെട്ട സാമൂഹികവും ചരിത്രപരവുമായ ചിത്രത്തിൽ, മരണത്തിന്റെ വർദ്ധമാനമായ അടയാളങ്ങളുടെ ഇരുണ്ട നിഴലിൽനിന്ന് ആ വിളി ഉയരുന്നില്ലേ? എങ്ങനെയായാലും, മനുഷ്യന്റെ പ്രത്യാശയുടെയും നിരാശയുടെയും അളവിനെ ആശ്രയിക്കാതെതന്നെ ചിന്തയുടെയും ജീവിതത്തിന്റെയും ഭൗതികവാദാധിഷ്ഠിത വികസനത്തിൽ നിന്നുണ്ടായ മിഥ്യകളെയും വഞ്ചനകളെയും ആശ്രയിക്കാതെതന്നെ ക്രൈസ്തവ സുനിശ്ചിതത്വം നിലകൊള്ളുന്നു. "ആത്മാവ് തനിക്കു ഇഷ്ടമുള്ളിടത്ത് ഊതുന്നു" എന്നും, "ആത്മാവിന്റെ ആദ്യഫലങ്ങൾ നമുക്കുണ്ടെന്നും, അതുകൊണ്ട് കടന്നുപോകുന്ന കാലത്തിന്റെ ക്ലേശങ്ങൾക്കു നാം വിധേയരാണെങ്കിലും, "നമ്മുടെ ശരീരങ്ങളുടെ അഥവാ ശാരീരികവും ആധ്യാത്മികവുമായ നമ്മുടെ മാനുഷികസാരാംശത്തിന്റെ മുഴുവനും "വീണ്ടെടുപ്പിനായി കാത്തിരിക്കുമ്പോൾ നാം ആന്തരികമായി നെടുവീർപ്പിടുന്നു" (cf. റോമ.8:23)വെന്നും ഉള്ളതാണ് ആ സുനിശ്ചിതത്വം. അതേ, നമ്മൾ നെടുവീർപ്പിടുന്നു. എന്നാൽ അചഞ്ചലമായ പ്രത്യാശയാൽ നിറഞ്ഞ പ്രതീക്ഷയോടെയാണ് അങ്ങനെ ചെയ്യുന്നത്. എന്തെന്നാൽ ദൈവം തന്നോട് അടുപ്പിച്ചത്, പരിശുദ്ധാത്മാവായ ദൈവം തന്നോട് അടുപ്പിച്ചത്, ഈ മനുഷ്യജീവിയെയാണ്. പിതാവായ ദൈവം "തന്റെ പുത്രനെ പാപപരിഹാരത്തിനുവേണ്ടി പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അയച്ചുകൊണ്ട് പാപത്തിനു ശരീരത്തിൽ ശിക്ഷ വിധിച്ചു" (റോമ.8:3). മനുഷ്യനായിത്തീരുകയും ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെടുകയും ചെയ്ത ദൈവപുത്രൻ, പെസഹാരഹസ്യത്തിന്റെ പാരമ്യത്തിൽ, ഉത്ഥാനാനന്തരം തന്റെ ശിഷ്യന്മാരുടെയിടയിൽ പ്രത്യക്ഷനായി. അവരുടെമേൽ നിശ്വസിക്കുകയും "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക" എന്നു പറയുകയും ചെയ്തു. ഈ നിശ്വസനം എന്നേക്കും തുടരുന്നു. എന്തെന്നാൽ, "ആത്മാവു നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു" (റോമ.8:26).

## 4. പരിശുദ്ധാത്മാവ് "ആന്തരികമനുഷ്യനെ" ശക്തിപ്പെടുത്തുന്നു.

58. യേശുക്രിസ്തുവിന്റെ ഉത്ഥാനത്തെ സംബന്ധിച്ച് അപ്പസ്തോലന്മാരുടെ സാക്ഷ്യം പൈതൃകമായി കിട്ടുകയും ആ സാക്ഷ്യം നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സഭ, ഉത്ഥാനത്തിന്റെയും പന്തക്കുസ്തയുടെയും രഹസ്യങ്ങളെ പ്രഘോഷിക്കുകയും അവയനുസരിച്ചു ജീവിക്കുകയും ചെയ്യുന്നു. മരണത്തിന്മേലുള്ള ഈ വിജയത്തിന്റെ ശാശ്വതസാക്ഷിയാണവൾ. ആ

www.malankaralibrary.com

വിജയം പരിശുദ്ധാത്മാവിന്റെ ശക്തിയെ പ്രകടമാക്കി. അവിടുത്തെ പുതിയ ആഗമനത്തെ ജനത്തിലും ലോകത്തിലുമുള്ള അവിടുത്തെ സാന്നിധ്യത്തെ സുനിശ്ചിതമാക്കുകയും ചെയ്തു. എന്തെന്നാൽ ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ, സഹായകനായ പരിശുദ്ധാത്മാവ്, ജീവദാതാവ് എന്ന നിലയിൽ, സവിശേഷമാംവിധം തന്നെത്തന്നെ വെളിപ്പെടുത്തി."യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്ത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും" (റോമ.8:11). ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ നാമത്തിൽ സഭ ജീവനെപ്പറ്റി പ്രഘോഷിക്കുന്നു; മരണത്തിന്റെ സീമകൾക്കപ്പുറത്ത് തന്നെത്തന്നെ വെളിപ്പെടുത്തിയതും മരണത്തെക്കാൾ ശക്തിയുള്ളതുമായ ജീവനെ പ്രഘോഷിക്കുന്നു. അതേസമയം ജീവൻ നല്കുന്ന പരിശുദ്ധാത്മാവിനെയും അവൾ പ്രഘോഷിക്കുന്നു. അവൾ അവിടുത്തെ പ്രഘോഷിക്കുകയും ജീവന്റെ ദാനത്തിൽ അവിടുത്തോടു സഹകരിക്കുകയും ചെയ്യുന്നു. എന്തെന്നാൽ "നിങ്ങളുടെ ശരീരം പാപം നിമിത്തം മൃതമാണെങ്കിലും.... നിങ്ങളുടെ ആത്മാവ് നീതി നിമിത്തം ജീവനുള്ളതായിരിക്കും" (റോമ.8:10). ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തു നേടിയ നീതിയാണത്. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ നാമത്തിൽ സഭ ദൈവത്തിൽനിന്നുതന്നെ വരുന്നതായ ജീവനു സേവനം ചെയ്യുന്നു. പരിശുദ്ധാത്മാവിനോടുള്ള ഉറ്റ ഐക്യത്തിലും വിനീതസേവനത്തിലും അങ്ങനെ ചെയ്യുന്നു.

ഈ സേവനത്തിലുടെ മനുഷ്യൻ നിത്യനൂതനമായ ഒരു രീതിയിൽ "സഭയുടെ മാർഗ"മായിത്തീരുന്നു. "മനുഷ്യരക്ഷകൻ" എന്ന ചാക്രികലേഖനത്തിൽ ഞാൻ പറഞ്ഞ ഇക്കാര്യം (cf. Encyclical *Redemptor Hominis* (4 March 1979), 14: AAs 71 (1979), pp. 284 f.) പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഈ ചാക്രികലേഖനത്തിലും ഞാനിപ്പോൾ ആവർത്തിക്കുകയാണ്. ആന്തരികമനുഷ്യൻ എന്ന യാഥാർത്ഥ്യത്തെപ്പറ്റി, മനുഷ്യനിൽ ഏറ്റവും ആഴത്തിലുള്ളതും ഏറ്റവും സാരാംശപരമായിട്ടുള്ളതുമായ യാഥാർത്ഥ്യത്തെപ്പറ്റി, പരിശുദ്ധാത്മാവിനോടുള്ള ഐക്യത്തിൽ സഭ അങ്ങേയറ്റം ബോധവതിയാണ്. കാരണം, ആ യാഥാർത്ഥ്യം ആദ്ധ്യാത്മികവും അക്ഷയവുമാണ്. ഈ തലത്തിൽ പരിശുദ്ധാത്മാവ് "അമർത്ത്യതയുടെ വേര്" (cf. ജ്ഞാനം.15:3) ഒട്ടിച്ചുചേർക്കുന്നു. അതിൽനിന്നു പുതിയജീവൻ ഉദ്ഭവിക്കുന്നു. ഇത് ദൈവത്തിലുള്ള മനുഷ്യജീവനാണ്. ദൈവം പരിശുദ്ധാത്മാവിൽ നടത്തുന്ന രക്ഷാകരമായ ആത്മസംസർഗത്തിന്റെ ഫലം എന്ന നിലയിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി മാത്രമേ അതിനു വികസിക്കാനും പുഷ്പിക്കാനും കഴിയൂ. അതുകൊണ്ട് വിശുദ്ധ പൗലോസ്, വിശ്വാസികൾക്കുവേണ്ടി ദൈവത്തോടു സംസാരിക്കുന്നു. അവരോട് അദ്ദേഹം ഇങ്ങനെ പ്രഖ്യാപിക്കുന്നു: "...... പിതാവിന്റെ മുമ്പിൽ ഞാൻ എന്റെ മുട്ടുകൾ മടക്കുന്നു. അവിടുന്നു തന്റെ ആത്മാവിലൂടെ നിങ്ങളുടെ ആന്തരികമനുഷ്യനെ ശക്തിപ്പെടുത്തണമെന്നും...... ഞാൻ പ്രാർത്ഥിക്കുന്നു" (cf. എഫേ.3:14-16).

www.malankaralibrary.com

പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിൻകീഴിൽ ഈ ആന്തരിക "ആധ്യാത്മിക" മനുഷ്യൻ പക്വത പ്രാപിക്കുകയും വളർന്നു ശക്തനാകുകയും ചെയ്യുന്നു. "മനുഷ്യന്റെ രഹസ്യങ്ങൾ അറിയുന്ന" മനുഷ്യാത്മാവ്, ദൈവികആത്മസംസർഗത്തിന്റെ സഹായത്താൽ "എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ ആഴങ്ങളെപ്പോലും അന്വേഷിച്ചു കണ്ടെത്തുന്ന പരിശുദ്ധാത്മാവിനെ" (cf. 1 കോറി.2:10 f.) കണ്ടുമുട്ടുന്നു. ശാശ്വതദാനമായ ഈ പരിശുദ്ധാത്മാവിൽ ത്രിയേകദൈവം മനുഷ്യന്, മനുഷ്യാത്മാവിന്, തന്നെത്തന്നെ തുറന്നു കൊടുക്കുന്നു. ദൈവത്തിന്റെ രക്ഷാകരവും വിശുദ്ധീകരണകരവുമായ സ്വയം തുറവിയുടെ മുമ്പിൽ തന്നെത്തന്നെ തുറക്കുവാൻ മനുഷ്യാത്മാവിനു ദൈവികാത്മാവിന്റെ നിഗൂഢനിശ്വസനം കഴിവു നല്കുന്നു. പരിശുദ്ധാത്മാവിൽനിന്നു വരുന്ന കൃപാവരദാനത്തിലൂടെ മനുഷ്യൻ ഒരു "നവജീവനിൽ" പ്രവേശിക്കുന്നു. ദൈവികജീവൻ തന്നെയാകുന്ന പ്രകൃത്യതീത യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരപ്പെടുന്നു. "പരിശുദ്ധാത്മാവിന്റെ ഒരു നിവാസകേന്ദ്രമായി", "ദൈവത്തിന്റെ ജീവിക്കുന്ന ആലയമായി" (cf. റോമ.8:9; 1കോറി.6:19) പരിണമിക്കുകയും ചെയ്യുന്നു. എന്തെന്നാൽ, പരിശുദ്ധാത്മാവിലൂടെ, പിതാവും പുത്രനും അവനിൽ വരുകയും തങ്ങളുടെ വാസം അവനോടുകൂടെയാക്കുകയും ചെയ്യുന്നു (cf. Jn 14:23; St Irenaeus, *adversus Haereses*, V, 6, 1: SC 153, pp. 72-80; St Hilary, *De Trinitate*, VIII, 19, 21: PL 10, 250, 252; St Ambrose, *De Spiritu Sancto*, I, 6, 8: PL 16, 752 f.; St Augustine, *Enarr. in Ps.* XLIX, 2: CCL 38, pp. 575 f.; St Cyril of Alexandria, *In Ioannis Evangelium*, Bk I; II: PG 73, 154-158; 246; Bk IX: PG 74, 262; St Athanasius, *Oratio III contra Arianos*, 24: PG 26, 374 f.; *Epist. I ad Serapionem*, 24: PG 26, 586 f.; Didymus the Blind, *De Trinitate*, II, 6-7 PG 39, 523-530; St John Chrysostom, *In Epist. ad Romanos Homilia XIII*, 8: PG 60 , 519; St Thomas Aquinas, *Summa Theol.* Ia, q. 43, aa. 1, 3-6.). പരിശുദ്ധ ത്രിത്വവുമായുള്ള കൃപാവരസംസർഗത്തിൽ മനുഷ്യന്റെ "ജീവമണ്ഡലം" വിശാലമാക്കപ്പെടുന്നു; ദൈവികജീവന്റെ പ്രകൃത്യതീതതലത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നു. മനുഷ്യൻ ദൈവത്തിലും ദൈവത്താലും ജീവിക്കുന്നു: അവൻ "പരിശുദ്ധാത്മാവിനനുസൃതമായി" ജീവിക്കുന്നു; "പരിശുദ്ധാത്മാവിന്റെ കാര്യങ്ങളിൽ മനസ്സുറപ്പിക്കുകയും ചെയ്യുന്നു".

59. പരിശുദ്ധാത്മാവിൽ മനുഷ്യനു ദൈവവുമായുള്ള ഉറ്റബന്ധം, തന്നെത്തന്നെ തന്റെ മനുഷ്യത്വത്തെ, പുതിയൊരു രീതിയിൽ മനസ്സിലാക്കാൻ മനുഷ്യനെ കഴിവുള്ളവനാക്കുന്നുമുണ്ട്. അങ്ങനെ, മനുഷ്യൻ അവന്റെ ആരംഭം മുതൽ എന്തായിരുന്നുവോ, ദൈവത്തിന്റെ ആ ഛായയും സാദൃശ്യവും തികച്ചും സാക്ഷാത്കൃതമാവുകയും ചെയ്യുന്നു (cf. Gen 1:26 f.; St Thomas Aquinas, *Summa Theol.* Ia, q. 93, aa. 4, 5, 8.). ദൈവവുമായുള്ള ബന്ധത്തിന്റെ പൂർവമാതൃകയായ ക്രിസ്തുവിന്റെ വെളിച്ചത്തിൽ, മനുഷ്യജീവിയുടെ ഈ ഉറ്റസത്യം നിരന്തരം വീണ്ടും കണ്ടെത്തേണ്ടിയിരിക്കുന്നു. മറ്റുള്ളവർക്ക് "തന്നെത്തന്നെ ആത്മാർത്ഥമായി ദാനം ചെയ്യുന്നതിലൂടെ തന്നെ

www.malankaralibrary.com

ത്തന്നെ പൂർണ്ണമായി കണ്ടെത്തുന്നതിനുള്ള" കാരണവും ക്രിസ്തുവിൽ വീണ്ടും കണ്ടെത്തേണ്ടതുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് എഴുതുന്നതുപോലെതന്നെ ഒരു വ്യക്തി എന്ന നിലയിലുള്ള മഹത്വത്തിൽ മാത്രമല്ല, പിന്നെയോ, ഉദ്ഗ്രഥനത്തിനും സാമൂഹികസമ്പർക്കത്തിനും തുറവിയുള്ളവൻ എന്ന നിലയിലും "ഭൂമിയിൽ" മനുഷ്യൻ മാത്രമാണ് അവനുവേണ്ടി ത്തന്നെ ദൈവം ആഗ്രഹിച്ച സൃഷ്ടി എന്നു വ്യക്തമാക്കുന്ന ദൈവികസാദൃശ്യം മൂലം അപ്രകാരം ചെയ്യണം ( cf. Pastoral Constitution on the Church in the Modern World *Gaudium et Spes*, 24; cf. also No. 25.). മനുഷ്യൻ തന്റെ സത്തയെപ്പറ്റിയുള്ള ഈ സത്യത്തെ ഫലപ്രദമായി അറിയുന്നതും അതു പ്രയോഗത്തിലാക്കുന്നതും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമാണ്. മനുഷ്യൻ ഈ സത്യം യേശുക്രിസ്തുവിൽനിന്നു പഠിക്കുന്നു. യേശുതന്നെ നമുക്കു തന്ന ആത്മാവിന്റെ ശക്തിയാൽ ജീവിതത്തിൽ അതു പ്രയോഗത്തിലാക്കുകയും ചെയ്യുന്നു.

മനുഷ്യവംശത്തിന്റെ അർത്ഥം പൂർണമായി കണ്ടെത്തുകയെ ന്നത് ഉൾക്കൊള്ളുന്ന ഇത്തരത്തിലുള്ള ആന്തരികപക്വത പ്രാപിക്കലിന്റെ ഈ വഴിയിലൂടെ ദൈവം മനുഷ്യന്റെ അടുത്തേക്കു വരുന്നു. വർദ്ധമാനമായ രീതിയിൽ മനുഷ്യലോകത്തെ മുഴുവനും നിറയ്ക്കുകയും ചെയ്യുന്നു. വ്യക്ത്യന്തരദാനത്തിന്റെ സർവാതിശായിയായ യാഥാർത്ഥ്യമായി തന്നിൽത്തന്നെ "സ്ഥിതിചെയ്യുന്ന" ത്രിയേകദൈവം മനുഷ്യനു പരിശുദ്ധാത്മാവിൽ തന്നെത്തന്നെ ദാനമായി നല്കുന്നു. അങ്ങനെ നല്കികൊണ്ട് മനുഷ്യലോകത്തെ ഉള്ളിൽനിന്ന് – ഹൃദയങ്ങളിൽനിന്നും മനസ്സുകളിൽനിന്നും – പരിവർത്തനം ചെയ്യിക്കുന്നു. ദൈവികദാനത്തിൽ പങ്കുചേർക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ട ലോകം ഈ വഴിയിലൂടെ – കൗൺസിൽ പഠിപ്പിക്കുന്നതുപോലെ– 'കൂടുതൽകൂടുതൽ മാനുഷികവും, പൂർവാധികം ആഴത്തിൽ മാനുഷികവും ആയിത്തീരുന്നു" (cf. Ibid. 38,40). ആ സമയത്ത്, ലോകത്തിനുള്ളിൽ ദൈവരാജ്യം വികസിക്കുന്നു. ദൈവം സുനിശ്ചിതമായി "എല്ലാറ്റിലും എല്ലാമായിരിക്കുന്ന" (cf. 1 കോറി.15:28) രാജ്യമാണത്. ദാനവും സ്നേഹവും എന്ന നിലയിൽ: ദാനവും സ്നേഹവും എന്നത്, മനുഷ്യനിലേക്കും ലോകത്തിലേക്കുമുള്ള ത്രിയേകദൈവത്തിന്റെ തുറവിയുടെ ശാശ്വതശക്തിയാണ്.

ക്രിസ്തുവിന്റെ പിറവിക്കുശേഷമുള്ള രണ്ടായിരം വർഷം സമീപിക്കുമ്പോൾ, കൂടുതൽകൂടുതൽ ആളുകൾ, മുമ്പ് ഉദ്ധരിച്ച കൗൺസിലിന്റെ ശൈലിയിൽ പറഞ്ഞാൽ, "തങ്ങളെത്തന്നെ ആത്മാർത്ഥമായി ദാനം ചെയ്യുന്നതിലൂടെ തങ്ങളെത്തന്നെ പൂർണമായി കണ്ടെത്തുന്നുണ്ട്" എന്നു ഉറപ്പുവരുത്തണം. സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ, വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും, മനുഷ്യത്വത്തിലുള്ള യഥാർത്ഥ വളർച്ചയുടെ പ്രക്രിയ നമ്മുടെ ലോകത്തിൽ പൂർത്തിയാകാൻ ഇടയാകട്ടെ. ഇതിനെ സംബന്ധിച്ചിടത്തോളം യേശു, "നാം ഒന്നായിരിക്കുന്നതുപോലെ

www.malankaralibrary.com

അവരും ഒന്നായിരിക്കാൻ"(യോഹ.17:21-22) തന്റെ പിതാവിനോടു പ്രാർത്ഥിച്ചപ്പോൾ ഒരു സാദൃശ്യത്തെ ദ്യോതിപ്പിച്ചിട്ടുണ്ട്. "ദൈവികവ്യക്തികളുടെ ഐക്യവും, ദൈവമക്കളുടെ സത്യത്തിലും സ്നേഹത്തിലുമുള്ള ഐക്യവും തമ്മിലുള്ള സാദൃശ്യമാണത്" (cf. Pastoral Constitution on the Church in the Modern World *Gaudium et Spes*, 24). മനുഷ്യനെക്കുറിച്ചുള്ള ഈ സത്യത്തെപ്പറ്റി കൗൺസിൽ ആവർത്തിച്ചു പറയുന്നു. സഭ തന്റെ പ്രേഷിതദൗത്യങ്ങളെ സംബന്ധിച്ച സവിശേഷമാംവിധം ശക്തവും നിർണ്ണായകവുമായ സൂചന അതിൽ കാണുകയും ചെയ്യുന്നു. എന്തെന്നാൽ മനുഷ്യനാണ് സഭയുടെ മാർഗമെങ്കിൽ, മനുഷ്യന്റെ ദൈവികമാതൃകയായ ക്രിസ്തുവിന്റെ മുഴുവൻ രഹസ്യങ്ങളിലൂടെയുമാണ് ഈ മാർഗം കടന്നുപോകുന്നത്. ഈ മാർഗത്തിൽ "തന്നെത്തന്നെ ആത്മാർത്ഥമായി ദാനം ചെയ്യുന്നതിലൂടെ തന്നെത്തന്നെ പൂർണമായി പൂർവാധികം കണ്ടെത്താൻ" പരിശുദ്ധാത്മാവു മനുഷ്യനെ പൂർവാധികം കഴിവുള്ളവനാക്കുന്നു. നമ്മിൽ ഓരോരുത്തരിലുമുള്ള "ആന്തരികമനുഷ്യനെ" ശക്തിപ്പെടുത്തിക്കൊണ്ടാണ് അങ്ങിനെ ചെയ്യുന്നത്. വത്തിക്കാൻ കൗൺസിലിന്റെ അജപാലനപ്രമാണരേഖയിലെ ഈ വാക്കുകൾ ക്രൈസ്തവനരവംശശാസ്ത്രത്തെ മുഴുവനും സംഗ്രഹിക്കുന്നു എന്നു പറയാം. അതിന്റെ സിദ്ധാന്തവും പ്രയോഗവും സുവിശേഷത്തെ അടിസ്ഥാനപ്പെടുത്തി സംഗ്രഹിച്ചിരിക്കുന്നു. സുവിശേഷത്തിൽ മനുഷ്യൻ ക്രിസ്തുവിന്റേതായി തന്നെത്തന്നെ കണ്ടെത്തുന്നു. ക്രിസ്തുവിൽ താൻ ദൈവശിശുവിന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെടുമെന്നു കണ്ടെത്തുന്നു. അങ്ങനെ മനുഷ്യൻ എന്ന നിലയിലുള്ള തന്റെ മഹത്വം കൂടുതൽ നന്നായി മനസ്സിലാക്കുന്നു. കാരണം, അവൻ ദൈവത്തിന്റെ സമീപനത്തിന്റെയും സാന്നിധ്യത്തിന്റെയും പാത്രമാണ്. ദൈവികദാക്ഷിണ്യത്തിന്റെ വിഷയമാണ്. അതിലാകട്ടെ, സുനിശ്ചിതമായ മഹത്വീകരണത്തിന്റെ പ്രത്യാശയും വേരും ഉൾക്കൊണ്ടിരിക്കുന്നു. അതുകൊണ്ട്, "ദൈവത്തിന്റെ മഹത്വം ജീവിക്കുന്ന മനുഷ്യനാണ്. എന്നാലും മനുഷ്യന്റെ ജീവൻ ദൈവദർശനമാണ്" (cf. St Irenaeus, *Adversus Haereses*, IV, 20, 7: SC 100/2, p. 648.) എന്ന് യഥാർത്ഥത്തിൽ പറയാം. ദൈവികജീവനിൽ ജീവിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മഹത്ത്വമാണ്. പരിശുദ്ധാത്മാവാണ് ഈ ജീവന്റെയും ഈ മഹത്ത്വത്തിന്റെയും നിഗൂഢദാതാവ്. മഹാനായ വിശുദ്ധ ബേസിൽ പറയുന്നു: "(പരിശുദ്ധാത്മാവ്) സാരാംശത്തിൽ ലളിതനും ശക്തികളിൽ വൈവിധ്യമുള്ളവനുമാണ്. ഒട്ടും കുറയാതെ അവിടുന്നു വ്യാപിക്കുന്നു. അവിടുത്തെ സ്വീകരിക്കാൻ കഴിവുള്ള ഓരോ വ്യക്തിയിലും ഏകവ്യക്തിയിൽ എന്നപോലെ സന്നിഹിതനായിരിക്കുന്നു. എല്ലാവർക്കും മതിയാകുവോളം കൃപാവരം നല്കുകയും ചെയ്യുന്നു" (St Basil, De *Spiritu Sancto*, IX, 22: PG 32, 110).

60. സഹായകനായ പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിൻ കീഴിൽ മനുഷ്യർ വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ തങ്ങളുടെ സത്തയുടെയും ജീവന്റെയും ഈ ദൈവികമാനം കണ്ടെത്തുന്നു. വിവിധ നിയതി

www.malankaralibrary.com

വാദങ്ങളിൽ നിന്നു (determinisms) തങ്ങളെ തന്നെ സ്വതന്ത്രരാക്കാൻ അപ്പോൾ അവർക്കു കഴിയും. ഇപ്പറഞ്ഞ നിയതിവാദങ്ങൾ പ്രധാനമായും ചിന്തയുടെയും പ്രയോഗത്തിന്റെയും ബന്ധപ്പെട്ട പ്രവർത്തന രീതികളുടെയും ഭൗതികവാദപരമായ അടിസ്ഥാനങ്ങളിൽ നിന്നുണ്ടാകുന്നവയാണ്. നമ്മുടെ ഈ കാലഘട്ടത്തിൽ ഈ ഘടകങ്ങൾക്കു മനുഷ്യന്റെ ആന്തരികസത്തയിലേക്കു, മനഃസാക്ഷിയാകുന്ന വിശുദ്ധാഗാരത്തിലേക്ക്, പ്രവേശിക്കാൻ കഴിഞ്ഞിരിക്കുന്നു.മനഃസാക്ഷിയാകട്ടെ പരിശുദ്ധാത്മാവ് "മനുഷ്യമക്കളുടെ സ്വാതന്ത്ര്യത്തിൽ" പ്രകാശവും നവജീവന്റെ ശക്തിയും നിരന്തരം ചൊരിയുന്നിടമാണ്. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രബലപ്പെട്ടിരിക്കുന്ന ഘടനകളും യാന്ത്രിക സംവിധാനങ്ങളും മനുഷ്യന്റെ മേൽ ചെലുത്തുന്ന നിയന്ത്രണങ്ങളും ഞെരുക്കങ്ങളും മൂലം ഈ ജീവനിലുള്ള മനുഷ്യന്റെ വളർച്ച തടയപ്പെടുന്നു. പല സാഹചര്യങ്ങളിലും സാമൂഹികഘടകങ്ങൾ മനുഷ്യാത്മാവിന്റെ വികസനത്തെയും വികാസത്തെയും പോഷിപ്പിക്കുന്നതിനുപകരം പരിശുദ്ധാത്മാവ് കാത്തുസൂക്ഷിക്കുന്ന അതിന്റെ സത്തയെയും ജീവനെയും കുറിച്ചുള്ള യഥാർത്ഥ സത്യം ആത്യന്തികമായി നശിപ്പിക്കുകയാണ് ചെയ്യുന്നതെന്നുപറയാം. അതിനെ " ഈ ലോകത്തിന്റെ അധികാരിക്കു" കീഴ്പ്പെടുത്താൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്.

അങ്ങനെ, രണ്ടായിരാം വർഷത്തെ മഹാജൂബിലി പരിശുദ്ധാത്മാവിനാലുള്ള വിമോചനത്തിന്റെ സന്ദേശമുൾക്കൊള്ളുന്നു. പുതിയതും പഴയതുമായ നിയതിവാദങ്ങളിൽ നിന്നു തങ്ങളെതന്നെ സ്വതന്ത്രരാക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും സഹായിക്കുവാൻ പരിശുദ്ധാത്മാവിനേ കഴിയൂ. "യേശുക്രിസ്തുവിൽ ജീവൻ നല്കുന്ന ആത്മാവിന്റെ നിയമം വഴി" (റോമ.8:2) അവരെ നയിക്കുകയും അങ്ങനെ, മനുഷ്യന്റെ യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പൂർണമായ അളവു കണ്ടെത്തുകയും പൂർത്തിയാക്കുകയുംചെയ്തുകൊണ്ടാണ് അതു സാധിക്കുന്നത്. എന്തെന്നാൽ വിശുദ്ധ പൗലോസ് എഴുതുന്നതുപോലെ "കർ ത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്" (2കോറി.3:17) സ്വാതന്ത്ര്യത്തിന്റെയും അങ്ങനെ മനുഷ്യന്റെ യഥാർത്ഥ മഹത്ത്വത്തിന്റെയും ഈ വെളിപ്പെടുത്തൽ പണ്ടും ഇന്നും ഉള്ള മതപീഡനത്തിന്റെ അവസ്ഥയിൽ ക്രൈസ്തവരെയും സഭയെയും സംബന്ധിച്ചിടത്തോളം പ്രത്യേകം ശ്രദ്ധാർഹമായിത്തീരുന്നു. എന്തെന്നാൽ, ദൈവികസത്യത്തിനു നല്കുന്ന സാക്ഷ്യം അപ്പോൾ വിശ്വാസികളുടെ ഹൃദയങ്ങളിലും മനസുകളിലും സന്നിഹിതനായിരിക്കുന്ന സത്യാത്മാവിന്റെ പ്രവർത്തനത്തിന്റെ സജീവസാക്ഷ്യമായിത്തീരും. അവർ മിക്കപ്പോഴും മനുഷ്യമഹത്ത്വത്തിന്റെ പരമോന്നത മഹത്ത്വീകരണത്തെ, തങ്ങളുടെ രക്തസാക്ഷിത്വം വഴി മുദ്രയടിക്കുകയും ചെയ്യും.

സമുദായത്തിന്റെ സാധാരണസ്ഥിതികളിലും ക്രിസ്ത്യാനികൾ, മനുഷ്യന്റെ യഥാർത്ഥമഹത്ത്വത്തിന്റെ സാക്ഷികൾ എന്ന നിലയിൽ പരിശുദ്ധാ

www.malankaralibrary.com

ത്മാവിനോടുള്ള അവരുടെ വിധേയത്വത്തിൽ, "ഭൂമുഖത്തിന്റെ" വൈവിധ്യമാർന്ന "നവീകരണത്തിന്" സംഭാവനകൾ നല്കുന്നുണ്ട്. നാഗരികത, സംസ്കാരം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയുടെയും ചിന്തയുടെയും മാനുഷികപ്രവർത്തനത്തിന്റെയും മറ്റു മണ്ഡലങ്ങളുടെയും ആധുനികപുരോഗതിയിൽ നല്ലതും ശ്രേഷ്ഠവും മനോഹരവുമായിട്ടുള്ള ഏതിനെയും നേടാനും നന്നായി ഉപയോഗിക്കാനുംവേണ്ടി അവർ തങ്ങളുടെ സഹോദരീസഹോദരന്മാരോടൊത്ത് അദ്ധ്വാനിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു (cf. Second Vatican Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 53-59). അവർ ഇങ്ങനെ ചെയ്യുന്നത് ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന നിലയിലാണ്. ക്രിസ്തുവാകട്ടെ, കൗൺസിൽ എഴുതുന്നതുപോലെ, "അവിടുത്തെ ഉത്ഥാനം വഴി കർത്താവായി നിയമിക്കപ്പെട്ടവനും.... ഇപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിക്കുന്നവനുമാണ്. വരാനുള്ള യുഗത്തെ സംബന്ധിച്ച ആഗ്രഹം ഉണർത്തുക മാത്രമല്ല അവിടുന്നു ചെയ്യുന്നത്. മനുഷ്യകുടുംബം അതിന്റെ ജീവിതത്തെ കൂടുതൽ മാനുഷികമാക്കിത്തീർക്കാനും ഭൂമിയെ ആ ലക്ഷ്യത്തിനു വിധേയമാക്കിത്തീർക്കാനുമുള്ള ശ്രേഷ്ഠമായ അഭിലാഷങ്ങളെയും സജീവമാക്കുകയും വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രസ്തുത അഭിലാഷത്തെ ഉണർത്തുന്നു എന്ന വസ്തുത കൊണ്ടുതന്നെ അപ്രകാരം ചെയ്യുന്നു" (Ibid., 38). അങ്ങനെ അവർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ മഹത്ത്വത്തെ കൂടുതൽ ശക്തിയോടെ ഉറപ്പിച്ചു പറയുകയാണ്. ആ മഹത്ത്വമാകട്ടെ ദൈവപുത്രന്റെ മനുഷ്യാവതാരരഹസ്യം കാണിച്ചുതന്നതാണ്. അവിടുന്നു "സമയത്തിന്റെ തികവിൽ" പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ചരിത്രത്തിൽ പ്രവേശിച്ചു. ഒരു യഥാർത്ഥ മനുഷ്യനായി തന്നെത്തന്നെ വെളിവാക്കി. ഏതു സൃഷ്ടിക്കുംമുമ്പേ ജനിച്ചവനാണവിടുന്ന്. "അവിടുന്നിലൂടെ സകലതും ഉളവായി. അവിടുന്നിലൂടെ നാം നിലനില്ക്കുന്നു"(1 കോറി.8:6).

## 5 സഭ: ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെ കൂദാശ എന്ന നിലയിൽ

61. രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യം അടുത്തുകൊണ്ടിരിക്കുന്നു. സമയത്തിന്റെ പൂർണതയിൽ സംഭവിച്ച വചനത്തിന്റെ ആഗമനത്തെ വീണ്ടും സന്നിഹിതമാക്കുന്നതെന്നപോലെ ഓരോരുത്തനും അനുസ്മരിക്കേണ്ട സംഭവമാണിത്. ഈ സന്ദർഭത്തിൽ സഭ തന്റെ ദൈവിക–മാനുഷിക ഘടനയുടെ സാരാംശത്തെക്കുറിച്ചുതന്നെ വീണ്ടും ചിന്തിക്കാൻ ഉദ്ദേശിക്കുന്നു. ക്രിസ്തുവിന്റെ മെസയാനിക (Messianic) ദൗത്യത്തിൽ പങ്കുചേരാൻ അവളെ ശക്തയാക്കുന്ന ആ ദൗത്യത്തെപ്പറ്റിയും പുനരാലോചന നടത്താൻ ഉദ്ദേശിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധ

www.malankaralibrary.com

നവും നിത്യസാധുതയുള്ള ചിന്താപദ്ധതിയും അനുസരിച്ച് അപ്രകാരം ചെയ്യാം. ഈ ചിന്താഗതിയെ അനുഗമിച്ച്, യേശുക്രിസ്തു സത്യാത്മാവിനെ, പരിശുദ്ധാത്മാവിനെ, സഹായകനായി വെളിപ്പെടുത്തുകയും പരിശുദ്ധാത്മാവിന്റെ "വരവിനുള്ള" അവശ്യവ്യവസ്ഥയായി തന്റെ കുരിശിലൂടെയുള്ള തന്റെ വേർപാടിനെപ്പറ്റി പറയുകയും ചെയ്ത ഊട്ടുശാലയിലേക്കു നമുക്കു വീണ്ടും പോകാം: "നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെയടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെയടുക്കലേക്ക് ഞാൻ അയയ്ക്കും" (യോഹ.16:7). ഈ പ്രവചനം ആദ്യം ഈസ്റ്റർ സന്ധ്യയിലും പിന്നീട് ജറുസലെമിലെ പന്തക്കുസ്തയുടെ ആഘോഷത്തിലും യാഥാർത്ഥ്യമായിത്തീർന്നുവെന്നു നമുക്കറിയാം. അന്നുമുതൽ സഭയിലൂടെ മനുഷ്യചരിത്രത്തിൽ അതു യാഥാർത്ഥ്യമായി കൊണ്ടിരിക്കുന്നുവെന്നു നാം കണ്ടു.

ഈ പ്രവചനത്തിന്റെ വെളിച്ചത്തിൽ, യേശുതന്നെ തന്റെ പുതിയ "വരവിനെ"പ്പറ്റി അന്ത്യഅത്താഴസമയത്തു പറഞ്ഞതിന്റെ പൂർണമായ അർത്ഥവും നമുക്കു മനസ്സിലാക്കാം. എന്തെന്നാൽ ആ വിടപറയൽ പ്രഭാഷണത്തിൽ യേശു തന്റെ "വേർപാടിനെ"പ്പറ്റി മാത്രമല്ല തന്റെ പുതിയ "വരവിനെ"പ്പറ്റിയും പറയുന്നു എന്നതു ശ്രദ്ധേയമാണ്. അവിടുത്തെ വാക്കുകൾ, കൃത്യമായി പറഞ്ഞാൽ, ഇങ്ങനെയാണ്: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെയടുത്തേക്കു വരും" (യോഹ.14:18). അവിടുന്നു സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിനുമുമ്പുള്ള അന്തിമ വിടപറയലിന്റെ നിമിഷത്തിൽ അവിടുന്നു കുടുതൽ വ്യക്തമായി ഇങ്ങനെ പറയും: "ഇതാ, ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും" (മത്താ.28:20). ക്രിസ്തുവിന്റെ ഈ പുതിയ"ആഗമനം" തന്റെ അപ്പസ്തോലന്മാരോടുകൂടെ, സഭയോടുകുടെ, ആയിരിക്കാനുള്ള അവിടുത്തെ നിരന്തരമായ ഈ ആഗമനം, "ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്നത്, തീർച്ചയായും അവിടുത്തെ വേർപാട് എന്ന വസ്തുതയെ മാറ്റുന്നില്ല. അതുകൊണ്ട് ഭൂമിയിലെ ക്രിസ്തുവിന്റെ മെസയാനിക പ്രവർത്തനത്തിനു ശേഷം – പ്രവചിക്കപ്പെട്ട പരിശുദ്ധാവിനെ അയയ്ക്കുന്നതിന്റെ സാഹചര്യത്തിൽ – അതു സംഭവിക്കുന്നു എന്നു വ്യക്തമാണ്. ഒരർത്ഥത്തിൽ അത് അവിടുത്തെ (പരിശുദ്ധാത്മാവിന്റെ) ദൗത്യത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു. എന്നാലും അത് പരിശുദ്ധാത്മാവിന്റെ ശക്തി കൊണ്ടു സംഭവിക്കുന്നു. പുതിയൊരുരീതിയിൽ എന്നേക്കുമായി പുതുതായി വരാൻ വേണ്ടി വിട്ടുപോകുന്ന ക്രിസ്തുവിന്, അവിടുന്ന് ആ വരവു സാധ്യമാക്കികൊടുക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിമൂലമുള്ള ക്രിസ്തുവിന്റെ ഈ പുതിയ ആഗമനവും ആധ്യാത്മികജീവിതത്തിലുള്ള അവിടുത്തെ സ്ഥിര

www.malankaralibrary.com

സാന്നിധ്യവും പ്രവർത്തനവും കൂദാശാപരമായ യാഥാർത്ഥ്യത്തിൽ പൂർത്തിയാകുന്നു. ഈ യാഥാർത്ഥ്യത്തിൽ തന്റെ ദൃശ്യമായ മനുഷ്യത്വത്തിൽ നിന്ന് അകന്നുപോയ ക്രിസ്തു വരുകയും സഭയിൽ സന്നിഹിതനായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. സഭയെ തന്റെ ശരീരമാക്കിത്തീർക്കത്തക്ക വിധം അവഗാഢമായി അവിടുന്നു പ്രവർത്തിക്കുന്നു. സഭ, പ്രകൃത്യാ, "ലോകാവസാനംവരെ" ജീവിക്കുകയും അദ്ധ്വാനിക്കുകയും വളരുകയും ചെയ്യുന്നു. ഇതെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ സംഭവിക്കുന്നു.

62. കുരിശ്, ഉത്ഥാനം എന്നിവയുടെ രഹസ്യത്തിലൂടെയുള്ള ക്രിസ്തുവിന്റെ "വേർപാടിന്റെ" ഏറ്റവും പൂർണമായ കൗദാശിക പ്രകാശനം കുർബ്ബാന ആണ്. കുർബ്ബാനയുടെ ഓരോ ആഘോഷത്തിലും അവിടുത്തെ ആഗമനം, അവിടുത്തെ രക്ഷാകരമായ സാന്നിധ്യം, ബലിയിലും കുർബ്ബാന സ്വീകരണത്തിലും കൗദാശികമായി സാക്ഷാത്കരിക്കപ്പെടുന്നു. ഇത് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, അവിടുത്തെ ദൗത്യത്തിന്റെ ഭാഗമെന്ന നിലയിൽ പൂർത്തിയാക്കുന്നു (This is what the "Epiclesis" before the Consecration Expresses: "Let your Spirit come upon these gifts to make them holy, so that they may become for us the body and blood of our Lord, Jesus Christ" (*Eucharistic Prayer II*). എഫേസോസുകാർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്ന "ആന്തരികമനുഷ്യന്റെ ശക്തിപ്പെടുത്തൽ" (cf. എഫേ.3:16) പരിശുദ്ധാത്മാവ് കുർബാനയിലൂടെ സാധിക്കുന്നു. കുർബാനയിലൂടെ വ്യക്തികളും സമൂഹങ്ങളും സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ, മനുഷ്യജീവന്റെ ദൈവികമായ അർത്ഥം കണ്ടെത്താൻ പഠിക്കുന്നു. വത്തിക്കാൻ കൗൺസിൽ പറഞ്ഞതുപോലെ: "ദൈവികവ്യക്തികൾ തമ്മിലുള്ള ഐക്യവും സത്യത്തിലും സ്നേഹത്തിലുമുള്ള ദൈവമക്കളുടെ ഐക്യവും തമ്മിലുള്ള ഒരു സാദൃശ്യത്തെ" സൂചിപ്പിച്ചുകൊണ്ട്, യേശുക്രിസ്തു "മനുഷ്യന് അവനെത്തന്നെ പൂർണമായി വെളിപ്പെടുത്തിക്കൊടുക്കുന്ന" (Pastoral Constitution on the Church in the Modern World *Gaudium et Spes*, 24) ആ അർത്ഥമാണത്. ഈ ഐക്യം സവിശേഷമായി കുർബാനയിൽ പ്രകടിപ്പിക്കപ്പെടുകയും യാഥാർത്ഥ്യമാക്കപ്പെടുകയും ചെയ്യുന്നു. കുർബാനയിൽ, ഈ ആഘോഷം യാഥാർത്ഥ്യമാക്കിത്തീർക്കുന്ന ക്രിസ്തുവിന്റെ യാഗത്തിൽ മനുഷ്യൻ പങ്കുചേരുന്നു. "ആത്മദാനത്തിലൂടെ..... തന്നെത്തന്നെ കണ്ടെത്താൻ" (Ibid.) അവൻ പഠിക്കുകയും ചെയ്യുന്നു. ദൈവത്തോടും മറ്റുള്ളവരോടും തന്റെ സഹോദരീസഹോദരന്മാരോടുമുള്ള സംസർഗത്തിലൂടെ തന്നെ.

ഇക്കാരണത്താൽ, ആദിമക്രിസ്ത്യാനികൾ പരിശുദ്ധാത്മാവിന്റെ ആഗമനം കഴിഞ്ഞ് തൊട്ടടുത്ത ദിവസം മുതൽ "അപ്പം മുറിക്കലിനും പ്രാർത്ഥനയ്ക്കും തങ്ങളെത്തന്നെ സമർപ്പിച്ചു. അങ്ങനെ അപ്പസ്തോലന്മാരുടെ പ്രബോധനത്താൽ ഒന്നിപ്പിക്കപ്പെട്ട ഒരു സമൂഹമായി അവർ രൂപപ്പെട്ടു" (cf. അപ്പ.2:42). അങ്ങനെ, തങ്ങളുടെ ഉത്ഥിതനായ കർത്താവ്, സ്വർഗത്തിലേക്ക്

www.malankaralibrary.com

ആരോഹണം ചെയ്തവൻ, തങ്ങളുടെ മധ്യത്തിലേക്ക്, സഭയുടെ ദിവ്യകാരുണ്യസമൂഹത്തിലേക്ക്, കുർബ്ബാനവഴിയായി, പുതുതായി വന്നുവെന്ന് "അവർ മനസ്സിലാക്കി". സഭ ആരംഭം മുതൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് കുർബ്ബാനയിലൂടെ തന്റെ തനിമ പ്രകടമാക്കുകയും സ്ഥിരീകരിക്കുകയും ചെയ്തു. ഓരോ ക്രൈസ്തവതലമുറയിലും, നമ്മുടെ ഈ കാലം വരെ– രണ്ടാം ക്രൈസ്തവ സഹസ്രാബ്ദത്തിന്റെ അന്ത്യം നാം കാത്തിരിക്കുന്ന ഈ ഘട്ടം വരെ– എന്നും അപ്രകാരം ചെയ്തുവന്നു. തീർച്ചയായും, അവസാനിക്കാറായ ഈ സഹസ്രാബ്ദം, നിർഭാഗ്യവശാൽ ക്രിസ്ത്യാനികളുടെയിടയിൽ വലിയ വിഭജനങ്ങൾ ഉണ്ടായ ഒന്നാണെന്ന വസ്തുത, നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും, അപ്പസ്തോലന്മാരുടെ മാതൃക പിന്തുടർന്നുകൊണ്ട്, തങ്ങളുടെ ചിന്തയെയും പ്രവർത്തനത്തെയും പരിശുദ്ധാത്മാവിന്റെ ഇഷ്ടത്തിന് അനുരൂപമാക്കാൻ തീക്ഷ്ണതയോടെ പരിശ്രമിക്കണം. അവിടുന്ന് "സഭയുടെ ഐക്യത്തിന്റെ മൂലതത്ത്വമാണ്" (Second Vatican Council, Decree on Ecumenism *Unitatis Redintegratio*, 2). ഒരു ശരീരമായിത്തീരാൻ വേണ്ടി പരിശുദ്ധാത്മാവിൽ മാമ്മോദീസാമുങ്ങിയ എല്ലാവരും, ഒരേ കുർബ്ബാനയുടെ ആഘോഷത്തിൽ പങ്കുചേരുന്ന സഹോദരങ്ങളാകാൻ വേണ്ടി അപ്രകാരം പരിശ്രമിക്കണം. കുർബ്ബാന, "സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും, സ്നേഹത്തിന്റെ ബന്ധവുമാണ്" (St Augustine, *In Ioannis Evangelium Tractaus XXVI*, 13: CCL 36, p. 266; cf. Second Vatican Council Constitution on the Sacred Liturgy *Sacrosanctum Concilium*, 47).

63. കുർബ്ബാനയിലുള്ള ക്രിസ്തുവിന്റെ സാന്നിധ്യം, "ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും" എന്ന അവിടുത്തെ കൗദാശിക സാന്നിധ്യം, സ്വന്തം രഹസ്യത്തെ പൂർവാധികം ആഴത്തിൽ കണ്ടെത്തുന്നതിനു സഭയെ കഴിവുള്ളതാക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാശാസ്ത്രം മുഴുവനും വ്യക്തമാക്കുന്നതുപോലെതന്നെ. ആ രഹസ്യം മൂലം "സഭ ക്രിസ്തുവിൽ ദൈവവുമായുള്ള അവഗാഢമായ ഐക്യം, മനുഷ്യവംശം മുഴുവന്റെയും ഐക്യം എന്നിവയുടെ ഒരു കൂദാശയും അഥവാ അടയാളവും ഉപകരണവുമാണ്" (Dogmatic Constitution on the Church *Lumen Gentium*, 1.). ഒരു കൂദാശ എന്ന നിലയിൽ സഭ, ക്രിസ്തുവിന്റെ "വേർപാടിന്റെ" പെസഹാരഹസ്യത്തിൽനിന്നുള്ള ഒരു വികസനമാണ്. അവിടുത്തെ നിത്യനൂതനമായ "വരവു" വഴി സഹായകനായ സത്യാത്മാവിന്റെ ഒരേ ദൗത്യത്തിനുള്ളിൽ ജീവിക്കുന്നതാണ്. കൃത്യമായി പറഞ്ഞാൽ, കൗൺസിൽ ഏറ്റുപറയുന്നതുപോലെ, ഇതാണ് സഭയുടെ സാരാംശപരമായ രഹസ്യം.

ദൈവം, നാമെല്ലാം ആരിൽ "ജീവിക്കുകയും ചലിക്കുകയും നിലനില്ക്കുകയും ചെയ്യുന്നുവോ"(അപ്പ.17:28) ആ വ്യക്തിയായിരിക്കുന്നത് സൃഷ്ടികർമ്മത്തിലൂടെയാണ്. വീണ്ടെടുപ്പിന്റെ ശക്തിയാകട്ടെ, മനുഷ്യന്റെയും ലോക

www.malankaralibrary.com

ത്തിന്റെയും ചരിത്രത്തിൽ ഇരട്ടത്താളം (rhythm) എന്നപോലെ നിലനില്ക്കുകയും വികസിക്കുകയും ചെയ്യുന്നു. അതിന്റെ ഉറവിടമാകട്ടെ നിത്യപിതാവിലാണ്. ഒരു വശത്ത്, പുത്രന്റെ ദൗത്യത്തിന്റെ താളമുണ്ട്. അവിടുന്നു ലോകത്തിലേക്കു വരുകയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യകാമറിയത്തിൽനിന്നു പിറക്കുകയും ചെയ്തു. മറുവശത്ത്, പരിശുദ്ധാത്മാവിന്റെ ദൗത്യത്തിന്റെ താളവുമുണ്ട്. അവിടുന്നു ക്രിസ്തുവിനാൽ സുനിശ്ചയമായി വെളിപ്പെടുത്തപ്പെട്ട നിലയിലാണത്. പുത്രന്റെ "വേർപാടിലൂടെ" പരിശുദ്ധാത്മാവ് സഹായകനും സത്യത്തിന്റെ ആത്മാവും എന്ന നിലയിൽ വരുകയും ആ വരവു തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പെസഹാരഹസ്യത്തിൽ വിടവാങ്ങിയ പുത്രൻ, അവിടുത്തെ ദൗത്യത്തിന്റെ സാഹചര്യത്തിൽ, പരിശുദ്ധാത്മാവിന്റെ അവിഭാജ്യസാന്നിധ്യത്തിനുള്ളിലെന്നപോലെ, വരുന്നു; നിരന്തരമായി സഭയുടെ രഹസ്യത്തിൽ സന്നിഹിതനായിരിക്കുകയും ചെയ്യുന്നു. അവളുടെ ചരിത്രത്തിൽ ചിലപ്പോൾ തന്നെത്തന്നെ മറച്ചുകൊണ്ടും ചിലപ്പോൾ തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ടും, എപ്പോഴും അവളുടെ കാലടികളെ നയിച്ചുകൊണ്ടും സന്നിഹിതനായിരിക്കുന്നു. ഇതെല്ലാം "ക്രിസ്തു സാധിച്ച വീണ്ടെടുപ്പിന്റെ സമ്പന്നതയിൽനിന്നു സ്വീകരിച്ച്" സ്ഥിരം ജീവൻ നല്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ, കൗദാശിക രീതിയിൽ നടക്കുന്നു. സഭ ഈ രഹസ്യത്തെപ്പറ്റി കൂടുതൽകൂടുതൽ ബോധവതിയാകുമ്പോൾ അവൾ തന്നെത്തന്നെ, ഒരു കൂദാശ എന്ന നിലയിൽ, കൂടുതൽ വ്യക്തമായി കാണുന്നു.

സഭ, മനുഷ്യനു വേണ്ടിയുള്ള തന്റെ രക്ഷാകരശുശ്രൂഷ കൂദാശകളിലൂടെ, കർത്താവിന്റെ ഇഷ്ടപ്രകാരം, പൂർത്തിയാക്കുന്നതുകൊണ്ടും ഇതു സംഭവിക്കുന്നു. ഈ കൗദാശിക ശുശ്രൂഷ ഓരോ തവണ ചെയ്യുമ്പോഴും കുരിശിലൂടെയും ഉത്ഥാനത്തിലൂടെയുമുള്ള ക്രിസ്തുവിന്റെ "വേർപാടിന്റെ" രഹസ്യത്തെ കൂടെകൊണ്ടു വരുന്നു. ആ വേർപാടിന്റെ ശക്തിയാലാണ് പരിശുദ്ധാത്മാവ് വരുന്നത്. അവിടുന്നു വരുകയും പ്രവർത്തിക്കുകയും ചെയ്യുന്നു: അവിടുന്നു ജീവൻ നല്കുന്നു. കാരണം, കൂദാശകൾ വരപ്രസാദത്തെ സൂചിപ്പിക്കുകയും വരപ്രസാദം നല്കുകയും ചെയ്യുന്നു: അവ ജീവനെ സൂചിപ്പിക്കുകയും ജീവൻ നല്കുകയും ചെയ്യുന്നു. സഭ ഈ അടയാളങ്ങളുടെ ദൃശ്യദാതാവാണ്. പരിശുദ്ധാത്മാവാകട്ടെ, അവ സൂചിപ്പിക്കുന്ന ജീവന്റെ അദൃശ്യദാതാവായി അവയിൽ പ്രവർത്തിക്കുന്നു. ആത്മാവിനോടുകൂടെ യേശുക്രിസ്തു സന്നിഹിതനായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

64. സഭ, ദൈവവുമായുള്ള അവഗാഢമായ ഐക്യത്തിന്റെ കൂദാശയാണെങ്കിൽ, അവൾ അങ്ങനെയായിരിക്കുന്നത് ക്രിസ്തുവിലാണ്. അവിടുന്നിൽ അതേ ഐക്യം രക്ഷാകരയാഥാർത്ഥ്യമായി പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. അവൾ യേശുക്രിസ്തുവിൽ അപ്രകാരമായിരിക്കുന്നത് പരിശുദ്ധാ

www.malankaralibrary.com

ത്മാവിന്റെ ശക്തിയിലൂടെയാണ്. ചരിത്രത്തിലെ ക്രിസ്തുവായിരിക്കുന്ന രക്ഷാകരയാഥാർത്ഥ്യത്തിന്റെ പൂർണത കൗദാശികരീതിയിൽ, സഹായകനായ ആത്മാവിന്റെ ശക്തിയിൽ വ്യാപകമായിത്തീരുന്നു. അങ്ങനെ പരിശുദ്ധാത്മാവ് "മറ്റൊരു സഹായക"നായിരിക്കുന്നു അല്ലെങ്കിൽ പുതിയ സഹായകനായിരിക്കുന്നു. എന്തെന്നാൽ അവിടുത്തെ പ്രവർത്തനത്തിലൂടെ സുവിശേഷം മനുഷ്യരുടെ മനസുകളിലും ഹൃദയങ്ങളിലും രൂപപ്പെടുകയും ചരിത്രത്തിലൂടെ വ്യാപിക്കുകയും ചെയ്യുന്നു. ഇതിലെല്ലാം പരിശുദ്ധാത്മാവാണ് ജീവൻ നല്കുന്നത്.

സഭയോടു ബന്ധപ്പെടുത്തി "കൂദാശ" എന്ന പദം നാം ഉപയോഗിക്കുമ്പോൾ ഒരു കാര്യം ഓർമ്മിച്ചിരിക്കണം. കൗൺസിലിന്റെ പ്രമാണരേഖകളിൽ നിഷ്കൃഷ്ടമായ അർത്ഥത്തിൽ കൂദാശകൾക്കു സ്വന്തമായുള്ള കൗദാശികത്വത്തിൽനിന്നു വ്യത്യസ്തമായ ഒന്നായിട്ടാണ് സഭയുടെ കൗദാശികത്വം കാണപ്പെടുന്നത് എന്ന കാര്യമാണത്. അതുകൊണ്ട് നാമിങ്ങനെ വായിക്കുന്നു: "സഭ.... കൂദാശയുടെ പ്രകൃതിയിൽ... ദൈവവുമായുള്ള ഐക്യത്തിന്റെ ഒരു അടയാളവും ഉപകരണവുമാണ്". എന്നാൽ കാര്യമായിട്ടുള്ളതും, രണ്ടു പ്രയോഗങ്ങളിലും ആ വാക്ക് ഉപയോഗിച്ചിരിക്കുന്ന സാമ്യാധിഷ്ഠിതമായ അർത്ഥത്തിൽനിന്ന് ഉരുത്തിരിയുന്നതുമായ ഏകജീവദാതാവായ പരിശുദ്ധാത്മാവിന്റെ ശക്തിയോട് സഭയ്ക്കുള്ള ബന്ധമാണ്. അവിടുന്നു മാത്രമാണ് ജീവൻ നല്കുന്നത്: ജീവദാതാവായ ആത്മാവിന്റെ സാന്നിധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടയാളവും ഉപകരണവുമാണ് സഭ.

സഭ "മനുഷ്യവർഗം മുഴുവന്റെയും ഐക്യത്തിന്റെ... ഒരു കൂദാശയാണ്" എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ കൂട്ടിച്ചേർക്കുന്നു. വിവിധരീതികളിൽ വൈവിധ്യമാർന്ന മനുഷ്യവംശത്തിനു ദൈവത്തിൽനിന്നും ദൈവത്തിലും ഉള്ള ഐക്യത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത് എന്നു വ്യക്തമാണ്. ഈ ഐക്യത്തിന് സൃഷ്ടിയുടെ ഐക്യത്തിൽ വേരുകളുണ്ട്. സാർവത്രികരക്ഷയ്ക്കു വേണ്ടിയുള്ള വീണ്ടെടുപ്പിന്റെ രഹസ്യത്തിൽ അതു പുതിയ മാനം നേടുകയും ചെയ്യുന്നു. വീണ്ടെടുപ്പ് മനുഷ്യവംശം മുഴുവനെയും, ഒരു പ്രത്യേകവിധത്തിൽ സൃഷ്ടിമുഴുവനെയും, ഉൾക്കൊള്ളുന്നു. എന്തെന്നാൽ, "എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്കു വരണമെന്നും (ദൈവം) ആഗ്രഹിക്കുന്നു" (1 തിമോ.2:4). വീണ്ടെടുപ്പിന്റെ ഈ സാർവത്രികമാനത്തിൽ പരിശുദ്ധാത്മാവ്, "ക്രിസ്തുവിന്റെ വേർപാടിന്റെ" ശക്തിയിൽ, പ്രവർത്തിക്കുന്നു. അതുകൊണ്ട് തന്റെ രഹസ്യത്തിലൂടെ രക്ഷയുടെ ത്രിത്വാത്മക പദ്ധതിയിൽ വേരുറച്ചിട്ടുള്ള സഭ, "മനുഷ്യവംശം മുഴുവന്റെയും ഐക്യത്തിന്റെ കൂദാശ"യായി സയുക്തികം തന്നെത്തന്നെ കരുതുന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിൽ താൻ ഏതൊരു ശക്തിയുടെ അടയാളവും ഉപകരണവുമായിരിക്കുന്നുവോ പരിശുദ്ധാത്മാവിന്റേതായ ആ ശക്തിയാൽ താൻ അപ്രകാരമായി

www.malankaralibrary.com

രിക്കുന്നുവെന്നു സഭയ്ക്കറിയാം.

ഇങ്ങനെ, അനന്തമായ ത്രിത്വാത്മകസ്നേഹത്തിന്റെ ദാക്ഷിണ്യം സംഭവിപ്പിച്ചു: അനന്തചൈതന്യമായ ദൈവം ദൃശ്യലോകത്തോട് അടുത്തു വരുന്നു. ത്രിയേകദൈവം ആദിമുതലേ പരിശുദ്ധാത്മാവിൽ, തന്റെ സാദൃശ്യഛായകളിലൂടെ തന്നെത്തന്നെ മനുഷ്യനുമായി സമ്പർക്കത്തിലേർപ്പെടുത്തുന്നു. അതേ ആത്മാവിന്റെ പ്രവർത്തനത്തിൻ കീഴിൽ മനുഷ്യനും അവനിലൂടെ, ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട സൃഷ്ടലോകവും, ദൈവത്തിൽ തങ്ങളുടെ ആത്യന്തികഭാഗധേയങ്ങളിലേക്ക് അടുക്കുന്നു. സൃഷ്ടികർമ്മത്തിന്റെയും വീണ്ടെടുപ്പിന്റെയും രണ്ടു ധ്രുവങ്ങളുടെ – ദൈവത്തിന്റെയും മനുഷ്യന്റെയും – ഈ സമാഗമത്തിന്റെ "ഒരു കൂദാശയാണ്, അതായത് അടയാളവും ഉപകരണവുമാണ്"സഭ. മനുഷ്യജാതിയുടെ വേരുകളിൽത്തന്നെ ഈ ഐക്യത്തെ പുനഃസ്ഥാപിക്കാനും ശക്തിപ്പെടുത്താനും തന്റെ സ്രഷ്ടാവും കർത്താവും രക്ഷകനുമായ ദൈവവുമായി മനുഷ്യനുള്ള സംസർഗത്തിന്റെ ബന്ധത്തിൽ അവൾ പരിശ്രമിക്കുന്നു. രണ്ടാം ക്രൈസ്തവസഹസ്രാബ്ദത്തിൽനിന്നു മൂന്നാം ക്രൈസ്തവസഹസ്രാബ്ദത്തിലേക്കു കടക്കുന്ന ഈ കാലഘട്ടത്തിൽ, കൗൺസിൽ പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ, നമുക്കു ധ്യാനിക്കാനും വിശദീകരിക്കാനും അതിന്റെ പൂർണമായ അർത്ഥത്തിൽ പ്രയോഗിക്കാനും കഴിയുന്ന ഒരു സത്യമാണിത്. മനുഷ്യവംശചരിത്രത്തിന്റെ ഭാഗമായ രക്ഷാചരിത്രത്തിൽ സഭ നിർവഹിക്കുന്ന ജോലിക്കുള്ളിൽ പരിശുദ്ധാത്മാവു സന്നിഹിതനായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നു പൂർവാധികം വ്യക്തമായി മനസ്സിലാക്കുന്നതിൽ നാം സന്തോഷിക്കുന്നു. പരിശുദ്ധാത്മാവാകട്ടെ, ദൈവികജീവന്റെ നിശ്വസനം വഴി മനുഷ്യന്റെ ഭൗമികതീർത്ഥാടനത്തിൽ നിറഞ്ഞു നില്ക്കുകയും സർവ്വസൃഷ്ടിയെയും ചരിത്രം മുഴുവനെയും ഒന്നിച്ച് അതിന്റെ പരമമായ ലക്ഷ്യത്തിലേക്ക്, ദൈവമാകുന്ന അനന്തസാഗരത്തിലേക്ക് ഒഴുക്കുകയും ചെയ്യുന്നവനാണ്.

## 6 ആത്മാവും മണവാട്ടിയും പറയുന്നു: "വരുക"

65. പരിശുദ്ധാത്മാവാകുന്ന ദൈവികജീവന്റെ നിശ്വസനം പ്രാർത്ഥനയിൽ അതിന്റെ ഏറ്റവും ലളിതവും ഏറ്റവും സാധാരണവുമായ രീതിയിൽ, തന്നെത്തന്നെ പ്രകാശിപ്പിക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുന്നു. ലോകത്തിൽ ആളുകൾ എവിടെയൊക്കെ പ്രാർത്ഥിച്ചാലും അവിടെ പ്രാർത്ഥനയുടെ സജീവനിശ്വസനമായ പരിശുദ്ധാത്മാവുണ്ട് എന്നത് മനോഹരവും ആരോഗ്യകരവുമായ ഒരു ചിന്തയാണ്. ഏതുകാലത്തും– കഴിഞ്ഞ കാലത്തും വർത്തമാനകാലത്തും ഭാവികാലത്തും – ലോകമെങ്ങും പ്രാർത്ഥന സമർപ്പിക്കപ്പെട്ടാലും അപ്പോഴെല്ലാം അവിടെയെല്ലാം പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനവും തുല്യരീതിയിൽ ഉണ്ടായിരിക്കും. ഇത് മനോഹരവും ആരോഗ്യകരവുമായ ഒരു ചിന്തയാണ്. പരിശുദ്ധാത്മാവാകട്ടെ

www.malankaralibrary.com

ഏറ്റവും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളുടെയും അവസ്ഥകളുടെയും അനന്തമായ മേഖലകളിലെല്ലാം മനുഷ്യഹൃദയത്തിലേക്ക് പ്രാർത്ഥന നിശ്വസിക്കുന്നവനാണ്. ആ സാഹചര്യങ്ങളും അവസ്ഥകളും ആധ്യാത്മികവും മതപരവുമായ ജീവിതത്തിന് ചിലപ്പോൾ അനുകൂലവും ചിലപ്പോൾ പ്രതികൂലവും ആയിരിക്കുന്നെങ്കിലും അപ്രകാരം ചെയ്യുന്നു. പലപ്പോഴും, നിരോധനാജ്ഞകളും മതപീഡനങ്ങളുമുണ്ടായാലും, പൊതുജീവിതത്തിന്റെ മതരഹിതമായ സ്വഭാവത്തിനുവേണ്ടിയോ നിരീശ്വരപരമായ സ്വഭാവത്തിനുവേണ്ടിപോലുമോ ഔദ്യോഗിക പ്രഖ്യാപനങ്ങളുണ്ടായാലും, പരിശുദ്ധാത്മാവിന്റെ പ്രേരണയിലൂടെ മനുഷ്യഹൃദയത്തിൽ നിന്നു പ്രാർത്ഥനയുയരുന്നു. പ്രത്യക്ഷമായി ശബ്ദമില്ലാത്ത സകലരുടെയും ശബ്ദമായി പ്രാർത്ഥന എന്നും നിലകൊള്ളുന്നു. ഹെബ്രായർക്കുള്ള ലേഖനത്തിൽ ക്രിസ്തുവിന്റേത് എന്നു പറഞ്ഞിട്ടുള്ള ആ "ഉച്ചത്തിലുള്ള നിലവിളി" (cf. ഹെബ്രാ.5:7) അവരുടെ ആ ശബ്ദത്തിൽ എപ്പോഴും പ്രതിധ്വനിക്കുകയും ചെയ്യുന്നു. മനുഷ്യഹൃദയമാകുന്ന ആ അഗാധതയുടെ വെളിപ്പെടുത്തൽ കൂടിയാണ് പ്രാർത്ഥന. ദൈവത്തിൽ നിന്നു വരുന്നതും ദൈവത്തിനു മാത്രം, പരിശുദ്ധാത്മാവിനെക്കൊണ്ട് നിറയ്ക്കാൻ കഴിയുന്നതുമായ അഗാധതയാണത്. ലൂക്കായുടെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "മക്കൾക്കു നല്ല ദാനങ്ങൾ നല്കാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ല!" (ലൂക്ക.11:13)

മനുഷ്യഹൃദയത്തിലേക്ക് പ്രാർത്ഥനയോടൊപ്പം വരുന്ന ദാനമാണ് പരിശുദ്ധാത്മാവ്. ഒന്നാമതായും എല്ലാറ്റിനും ഉപരിയായും "നമ്മുടെ ദുർബലതയിൽ നമ്മെ സഹായിക്കുന്ന" ദാനമായി പ്രാർത്ഥനയിൽ അവിടുന്നു തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഇത്, വിശുദ്ധ പൗലോസ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ വികസിപ്പിച്ചെടുത്ത മഹത്തായ ചിന്തയാണ്. അദ്ദേഹം ഇങ്ങനെ എഴുതുന്നു: "എന്തെന്നാൽ വേണ്ടവിധം പ്രാർത്ഥിക്കുന്നതെങ്ങനെയെന്ന് നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു" (റോമ.8:26). അതുകൊണ്ട്, പരിശുദ്ധാത്മാവ് നമ്മെ പ്രാർത്ഥിക്കാൻ കഴിവുള്ളവരാക്കുക മാത്രമല്ല ചെയ്യുന്നത്. പിന്നെയോ പ്രാർത്ഥനയിൽ "ഉള്ളിൽനിന്നു" നമ്മെ നയിക്കുക കൂടി ചെയ്യുന്നു. അവിടുന്നു നമ്മുടെ പ്രാർത്ഥനയിൽ സന്നിഹിതനാണ്. അവിടുന്ന് അതിന് ഒരു ദൈവികമാനം നല്കുകയും ചെയ്യുന്നു (cf. Origen, *De Oratione*, 2: PG 11, 419-423.). അങ്ങനെ "ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ ആത്മാവ് ദൈവഹിതമനുസരിച്ചാണ് വിശുദ്ധർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത്" (റോമ.8:27). പ്രാർത്ഥന പരിശുദ്ധാത്മാവിലൂടെ പുതിയ മനുഷ്യന്റെ പൂർവാധികം പക്വമായ പ്രകാശനമായി തീരുന്നു. അവൻ ഈ പ്രാർത്ഥന വഴി ദൈവികജീവനിൽ പങ്കുചേരുന്നു.

www.malankaralibrary.com

പ്രശ്നസങ്കീർണ്ണമായ നമ്മുടെ യുഗത്തിനു പ്രാർത്ഥന സവിശേഷമാം വിധം ആവശ്യമായിരിക്കുന്നു. ചരിത്രഗതിയിൽ, പുരാതനകാലത്തും ഇന്നും, അനേകം സ്ത്രീപുരുഷന്മാർ പ്രാർത്ഥനയുടെ പ്രാധാന്യത്തിനു സാക്ഷ്യം വഹിച്ചിട്ടുണ്ട്. ദൈവസ്തുതിക്കായും പ്രാർത്ഥനാജീവിതത്തിനായും തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ട്, പ്രത്യേകിച്ച് ആശ്രമങ്ങളിലും കോൺവെന്റുകളിലും അവർ അപ്രകാരം ചെയ്തു. അതുപോലെതന്നെ, അടുത്തകാലത്ത് കൂടുതൽകൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങളിലും ഗ്രുപ്പുകളിലുമായി, പ്രാർത്ഥനയ്ക്ക് ഒന്നാം സ്ഥാനം നല്കുകയും പ്രാർത്ഥനയിൽ തങ്ങളുടെ ആധ്യാത്മികജീവിതത്തിന്റെ നവീകരണം അന്വേഷിക്കുകയും ചെയ്യുന്നവരുടെ സംഖ്യ വളരുന്നതായി കാണപ്പെട്ടു. ഇത് ശ്രദ്ധേയവും ആശ്വാസപ്രദവുമായ ഒരടയാളമാണ്. എന്തെന്നാൽ, ഹൃദയങ്ങളിൽ വിശുദ്ധിക്കായുള്ള അഗാധമായ അഭിവാഞ്ഛയെ ഉണർത്തുന്നവനെന്ന നിലയിൽ പരിശുദ്ധാത്മാവിനെപ്പറ്റി കുടുതൽ വ്യക്തമായ ഒരാശയം ലഭിക്കുവാൻ സഹായിക്കപ്പെട്ട വിശ്വാസികളുടെയിടയിൽ പ്രാർത്ഥനയുടെ പുനരുജ്ജീവനത്തിനുള്ള യഥാർത്ഥ സംഭാവന ഈ അനുഭവത്തിൽനിന്നുണ്ടാകുന്നു.

അനേകം വ്യക്തികളിലും അനേകം സമൂഹങ്ങളിലും വളർന്നു വരുന്ന ഒരു ബോധമുണ്ട്. സാങ്കേതികവും ശാസ്ത്രീയവുമായ നാഗരികതയുടെ ദ്രുതഗതിയിലുള്ള പുരോഗതിയെല്ലാമുണ്ടെങ്കിലും, യഥാർത്ഥകീഴടക്കലുകൾ സാധിക്കുകയും ലക്ഷ്യങ്ങൾ നേടുകയും ചെയ്തിട്ടുണ്ടെങ്കിലും മനുഷ്യൻ ഭീഷണിക്കു വിധേയനായിരിക്കുന്നു- മനുഷ്യവംശം ഭീഷണിപ്പെടുത്തപ്പെടുന്നു- എന്നതാണ് ആ ബോധം. ഈ അപകടത്തിന്റെ മുമ്പിൽ യഥാർത്ഥത്തിൽ മനുഷ്യന്റെ ആധ്യാത്മികാധഃപതനമെന്ന ഭീകരയാഥാർത്ഥ്യം അനുഭവിച്ചു തുടങ്ങിയതുകൊണ്ട്, വ്യക്തികളും സമൂഹങ്ങൾ മുഴുവനും മനുഷ്യനെ വീണ്ടും ഉയർത്താനുള്ള ശക്തി അന്വേഷിക്കുകയാണ്. മനുഷ്യനെ അവനിൽനിന്നുതന്നെ രക്ഷിക്കാൻ, മനുഷ്യന്റെ വിജയങ്ങളെത്തന്നെ പലപ്പോഴും ദ്രോഹകരമാക്കുന്ന തന്റെ തെറ്റുകളിൽനിന്നും കുറ്റങ്ങളിൽനിന്നും രക്ഷിക്കാൻ, ശക്തി തേടുകയാണ്. വിശ്വാസത്തിന്റെ ആന്തരികബോധത്താൽ നയിക്കപ്പെട്ടിട്ട് എന്നപോലെ അവർ അപ്രകാരം ചെയ്യുന്നു. അങ്ങനെ, "നമ്മുടെ ദുർബലതയിൽ നമ്മെ സഹായിക്കുന്ന ആത്മാവ്" തന്നെത്തന്നെ വെളിപ്പെടുത്തുന്ന ഒന്നായ പ്രാർത്ഥന അവർ കണ്ടെത്തുകയാണ്. ഈ വിധത്തിൽ, നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടം പ്രാർത്ഥനയിലേക്കു തിരിച്ചുവരുന്ന അനേകം പേരിലേക്കു പരിശുദ്ധാത്മാവിനെ കുടുതൽ സമീപസ്ഥനാക്കുകയാണ്. എല്ലാവരും ഈ ചാക്രികലേഖനത്തിന്റെ പ്രബോധനത്തിൽ ആന്തരികജീവിതത്തിനുള്ള പോഷണം കണ്ടെത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. സഭയോടും അവളുടെ പ്രബോധനാധികാരത്തോടുമുള്ള ഐക്യത്തിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൻ കീഴിൽ പ്രാർത്ഥനയ്ക്കായുള്ള തങ്ങളുടെ സമർപ്പണത്തെ ശക്തിപ്പെടുത്തുന്നതിൽ വിജയിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

www.malankaralibrary.com

66. നമ്മുടെ കാലഘട്ടത്തിലെ പ്രശ്നങ്ങളുടെയിടയിൽ മോഹഭംഗങ്ങളുടെയും പ്രത്യാശകളുടെയുമിടയിൽ, പരിത്യജിക്കലുകളുടെയും തിരിച്ചുവരവുകളുടെയുമിടയിൽ, സഭ തന്റെ ജനനരഹസ്യത്തോടു വിശ്വസ്തതയുള്ളവളായി നിലകൊള്ളുന്നു. സഭ പന്തക്കുസ്താദിവസം സെഹിയോൻ ഊട്ടുശാലയിൽനിന്നു പുറപ്പെട്ടു എന്നതു ചരിത്രവസ്തുതയാണ്. അതേസമയം, ഒരർത്ഥത്തിൽ, സഭ അതിനെ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല എന്നു പറയാം. ആധ്യാത്മികമായി പന്തക്കുസ്താസംഭവം കഴിഞ്ഞ കാലത്തിന്റേതുമാത്രമല്ല. സഭ തന്റെ ഹൃദയത്തിൽ വഹിക്കുന്ന ഊട്ടുശാലയിലാണ് എപ്പോഴും. ക്രിസ്തുവിന്റെ അമ്മയായ മറിയത്തോടൊപ്പം ശ്ലീഹന്മാർ ചെയ്തതുപോലെ, സഭ പ്രാർത്ഥനയിൽ നിലനില്ക്കുന്നു. ക്രിസ്തീയസമൂഹത്തിന്റെ ആദ്യവിത്തായി ജറുസലെമിലുണ്ടായിരുന്നവരും പരിശുദ്ധാത്മാവിന്റെ വരവിനായി പ്രാർത്ഥനയിൽ കാത്തിരുന്നവരുമായ ആളുകളോടൊപ്പം അപ്രകാരം ചെയ്യുന്നു.

സഭ മറിയത്തോടൊപ്പം പ്രാർത്ഥനയിൽ നിലനില്ക്കുന്നു. ക്രിസ്തുവിന്റെ അമ്മയോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സഭയുടെ ഈ ഐക്യം, ആദിമുതൽ സഭാരഹസ്യത്തിന്റെ ഭാഗമാണ്: അവൾ തന്റെ പുത്രന്റെ രഹസ്യത്തിൽ സന്നിഹിതയായിരിക്കുന്നതുപോലെ ഈ രഹസ്യത്തിലും സന്നിഹിതയായിരിക്കുന്നതായി നാം കാണുന്നു. കൗൺസിലാണു നമ്മോട് ഇപ്രകാരം പറയുന്നത്: "കന്യകാമറിയം പരിശുദ്ധാത്മാവിന്റെ ആവാസം മൂലം പുത്രനെ പ്രസവിച്ചു. അനേകം സഹോദരങ്ങളുടെയിടയിൽ, അതായത് വിശ്വാസികളുടെയിടയിൽ ആദ്യജാതനായി ദൈവം അവിടുത്തെ പ്രതിഷ്ഠിച്ചു (റോമാ.8:29). "അവരുടെ ജനനത്തിലും വികസനത്തിലും അവൾ മാതൃസഹജമായ സ്നേഹത്തോടെ സഹകരിക്കുന്നു". അവൾ "അവിടുത്തെ അതുല്യകൃപകളും ധർമ്മങ്ങളും" വഴി സഭയോട് അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. "(അവൾ) സഭയുടെ മാതൃകയാണ്" (Dogmatic Constitution on the Church *Lumen Gentium*, 63.). "കൂടാതെ സഭ മറിയത്തിന്റെ നിഗൂഢാത്മകവിശുദ്ധിയെപ്പറ്റി ധ്യാനിച്ചും, അവളുടെ സ്നേഹത്തെ അനുഗമിച്ചും ഒരമ്മയായിത്തീരുന്നു". അവൾ തന്റെ മണവാളനോട് പ്രതിജ്ഞചെയ്ത വിശ്വസ്തത കാത്തുസൂക്ഷിക്കുന്ന ഒരു കന്യകയുമാണ്. കർത്താവിന്റെ അമ്മയെ അനുകരിച്ചുകൊണ്ട്, പരിശുദ്ധാത്മാവിന്റെ സഹായംകൊണ്ടും അവൾ, അവികലവിശ്വാസവും സുദൃഢപ്രത്യാശയും ആത്മാർത്ഥ സ്നേഹവും അനന്യസ്പർശമായ നിർമ്മലതയോടെ കാത്തുസൂക്ഷിക്കുന്നു" (Ibid., 64).

അങ്ങനെ, സഭ കന്യകാമാതാവിനോടുചേർന്ന് മണവാട്ടി തന്റെ ദൈവികമണവാളനോടെന്നപോലെ നിരന്തരം പ്രാർത്ഥിക്കുന്നതിന്റെ അഗാധമായ കാരണം നമുക്കു മനസ്സിലാക്കാം. കൗൺസിൽ ഉദ്ധരിക്കുന്ന വെളിപാടുപുസ്തകത്തിലെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നതുപോലെ തന്നെ: "ആത്മാവും മണവാട്ടിയും കർത്താവായ യേശുക്രിസ്തുവിനോടു പറയുന്നു: "വരുക" (Ibid., 4; cf. വെളി.22:17). സഭയുടെ പ്രാർത്ഥന എന്നത് നിരന്തരമായ ഈ

www.malankaralibrary.com

അപേക്ഷയാണ്. അതിൽ "ആത്മാവുതന്നെ നമുക്കായി മാധ്യസ്ഥ്യം വഹിക്കുന്നു". ഒരർത്ഥത്തിൽ സഭയോടുകൂടെയും സഭയിലും ആത്മാവുതന്നെ അത് ഉച്ചരിക്കുന്നു. എന്തെന്നാൽ ദൈവജനത്തിന്റെ മുഴുവൻ സമൂഹവും – അത് എത്രമാത്രം ചിതറിയതായാലും എത്ര വൈവിധ്യമുള്ളതായാലും – പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ പ്രത്യാശയിൽ പിടിച്ചു നില്ക്കാൻ വേണ്ടിയാണ് സഭയ്ക്ക് അവിടുത്തെ നല്കിയിട്ടുള്ളത്. ഏതു പ്രത്യാശയിൽ "നാം രക്ഷിക്കപ്പെട്ടിരിക്കുന്നുവോ" (cf. റോമ.8:24) ആ പ്രത്യാശയാണത്. ദൈവത്തിൽ സുനിശ്ചിതമായ സാക്ഷാത്കാരം നേടുന്നതിന്റെ പ്രത്യാശ; ത്രിത്വത്തിന്റെ ജീവനിലുള്ള ഭാഗഭാഗിത്വം വഴി സംഭവിക്കുന്ന ശാശ്വതരാജ്യത്തെക്കുറിച്ചുള്ള പ്രത്യാശതന്നെ. സഹായകനായി അപ്പസ്തോലന്മാർക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവ്, സഭയുടെ ഹൃദയത്തിലുള്ള ഈ പ്രത്യാശയുടെ കാവൽക്കാരനും ഉത്തേജകനുമാണ്.

ക്രിസ്തുവിനുശേഷമുള്ള മൂന്നാം സഹസ്രാബ്ദത്തിലേക്കു നീങ്ങുന്ന കാലഘട്ടത്തിൽ, കർത്താവായ ക്രിസ്തുവിനോട് ആത്മാവും മണവാട്ടിയും 'വരുക' എന്നു പറയുമ്പോൾ അവരുടെ ഈ പ്രാർത്ഥന എക്കാലത്തേതും എന്നപോലെ യുഗാന്ത്യപരമായ പ്രാധാന്യത്തോടുകൂടിയതാണ്. മഹാജൂബിലിയുടെ ആഘോഷത്തിനു അർത്ഥപൂർണത നല്കാനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണത്. ഭൂമിയിൽ മനുഷ്യചരിത്രത്തിലുടനീളം പരിശുദ്ധാത്മാവ് തന്റെ പ്രവർത്തനം വഴി മനുഷ്യഹൃദയങ്ങളെ ഏതു രക്ഷാകരഭാഗധേയങ്ങളിലേക്കു തുറക്കുന്നുവോ ആ ഭാഗധേയങ്ങളെ സംബന്ധിച്ചുള്ള പ്രാർത്ഥനയാണത്. അതേസമയം രണ്ടായിരം വർഷത്താൽ മുദ്രിതമായ സമയത്തികവിനെ ഉയർത്തിക്കാട്ടുന്ന ചരിത്രത്തിലെ കൃത്യമായ ഒരു നിമിഷത്തിലേക്കു ഈ പ്രാർത്ഥന നയിക്കപ്പെടുന്നു. ഈ ജൂബിലിക്ക് പരിശുദ്ധാത്മാവിൽ തയ്യാറാവാൻ സഭ ആഗ്രഹിക്കുന്നു. ആരിൽ വചനം മാംസമായിത്തീർന്നുവോ നസ്രസിലെ ആ കന്യക പരിശുദ്ധാത്മാവിനാൽ സജ്ജീകൃതയായതുപോലെതന്നെ.

www.malankaralibrary.com

# ഉപസംഹാരം

67. ഈ പരിചിന്തനങ്ങളെ സഭയുടെ ഹൃദയത്തിലും മനുഷ്യന്റെ ഹൃദയത്തിലും വച്ച് ഉപസംഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയുടെ മാർഗം മനുഷ്യന്റെ ഹൃദയത്തിലൂടെ കടന്നു പോകുന്നു. എന്തെന്നാൽ ഇവിടെയാണ് പരിശുദ്ധാത്മാവുമായുള്ള, മറഞ്ഞിരിക്കുന്ന ദൈവവുമായുള്ള, രക്ഷാകരമായ കണ്ടുമുട്ടലിന്റെ സ്ഥാനം. ഇവിടെ പരിശുദ്ധാത്മാവ് "നിത്യജീവനിലേക്കു നിർഗളിക്കുന്ന നീരുറവ" (cf. Jn 4:14; Dogmatic Constitution on the Church *Lumen Gentium*, 4.) യായിത്തീരുന്നു. അവിടുന്ന് അവിടെ, ക്രിസ്തുവിനാൽ വാഗ്ദാനം ചെയ്യപ്പെട്ടതുപോലെ, സത്യത്തിന്റെ ആത്മാവായും സഹായകനായും വരുന്നു. അവിടെ നിന്ന് അവിടുന്ന് ആശ്വാസദായകനും, മധ്യസ്ഥനും, സഹായകനുമായി പ്രവർത്തിക്കുന്നു. പ്രത്യേകിച്ച് മനുഷ്യൻ, മനുഷ്യവംശം, "കുറ്റാരോപണം നടത്തുന്നവന്റെ" ശിക്ഷാവിധിക്കു മുമ്പിൽ തങ്ങളെത്തന്നെ കണ്ടെത്തുമ്പോൾ അവിടുന്ന് അപ്രകാരം പ്രവർത്തിക്കുന്നു. ഈ കുറ്റാരോപണം നടത്തുന്നവനെപ്പറ്റിയാണ് വെളിപാടുപുസ്തകം ഇങ്ങനെ പറയുന്നത്: "അവൻ രാപകൽ നമ്മുടെ ദൈവത്തിന്റെ മുമ്പിൽ കുറ്റാരോപണം നടത്തുന്നു" (cf. വെളി.12:10). പരിശുദ്ധാത്മാവ് മനുഷ്യഹൃദയത്തിലെ പ്രത്യാശയുടെ കാവൽക്കാരനായിരിക്കുന്നതിൽനിന്നു വിരമിക്കുന്നില്ല. സകല മനുഷ്യരുടെയും പ്രത്യേകിച്ച് "ആത്മാവിന്റെ ആദ്യഫലങ്ങൾ ലഭിച്ചിരിക്കുന്നവരും" "തങ്ങളുടെ ശരീരങ്ങളുടെ വീണ്ടെടുപ്പിനായി കാത്തിരിക്കുന്നവരുമായ (cf. റോമ.8:23) ആളുകളുടെ പ്രത്യാശയാണ് ഇവിടെ സൂചിപ്പിച്ചത്.

പരിശുദ്ധാത്മാവാണ്, മനുഷ്യരക്ഷകനുമായുള്ള ദൈവികഐക്യത്തിന്റെ നിഗൂഢബന്ധത്തിൽ, അവിടുത്തെ ജോലിയുടെ തുടർച്ച സംഭവിപ്പിക്കുന്നത്. അവിടുന്നു ക്രിസ്തുവിൽനിന്ന് എടുക്കുകയും മനുഷ്യഹൃദയത്തിലൂടെ നിരന്തരം ലോകചരിത്രത്തിലേക്കു പ്രവേശിച്ച് എല്ലാവർക്കും കൈമാറുകയും ചെയ്യുന്നു. ഇവിടെ, പന്തക്കുസ്താഘോഷത്തിലുള്ള തുടർകീർത്തനത്തിൽ (sequence) ഉദ്ഘോഷിക്കുന്നതുപോലെ, അവിടുന്നു "ദരിദ്രരുടെ പിതാവും ദാനങ്ങളുടെ ദാതാവും ഹൃദയങ്ങളുടെ പ്രകാശവും" ആയിത്തീരുന്നു. അവിടുന്ന് ഓരോ മനുഷ്യജീവിയുടെയും ആന്തരികമായ ശ്രീകോവിലിന്റെ പടിവാതുക്കൽവച്ച് സഭ നിരന്തരം അഭിവാദനം ചെയ്യുന്ന

www.malankaralibrary.com

"ആത്മാവിന്റെ മധുരിപ്പിക്കുന്ന അതിഥി" ആയിത്തീരുന്നു. എന്തെന്നാൽ കഠിനാദ്ധ്വാനത്തിന്റെ മദ്ധ്യേ, മനുഷ്യകരങ്ങളുടെയും മനസുകളുടെയും അദ്ധ്വാനത്തിന്റെ മദ്ധ്യേ, അവിടുന്നു "വിശ്രമവും ആശ്വാസവും" കൊണ്ടുവന്നു തരുന്നു. പകൽസമയത്തെ ഉഷ്ണത്തിനിടയിൽ, ഓരോ യുഗത്തിലെയും ആകുലതകളുടെയും സമരങ്ങളുടെയും അപകടങ്ങളുടെയുമിടയിൽ, അവിടുന്ന് "വിശ്രമവും സുഗമതയും" എത്തിച്ചു തരുന്നു. മനുഷ്യഹൃദയം ദുഃഖിക്കുകയും അതു നിരാശപ്പെടാൻ പ്രലോഭിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ അവിടുന്നു "സമാശ്വാസം" കൊണ്ടുവന്നു തരുന്നു.

അതുകൊണ്ട് മുകളിൽ സൂചിപ്പിച്ച തുടർകീർത്തനം ഇങ്ങനെ ഉദ്ഘോഷിക്കുന്നു: "അങ്ങയുടെ സഹായമില്ലാതിരുന്നാൽ മനുഷ്യനിൽ ഒന്നുമുണ്ടായിരിക്കുകയില്ല". എന്തെന്നാൽ മനുഷ്യനിലും ലോകത്തിലും നന്മയായിട്ടുള്ളതു പുനഃസ്ഥാപിക്കാൻ "ഭൂമുഖം നവീകരിക്കാൻ", "പാപത്തെപ്പറ്റി" തിന്മയെപ്പറ്റി, "ബോധ്യപ്പെടുത്തുന്നതു" പരിശുദ്ധാത്മാവാണ്. അതുകൊണ്ട്, മനുഷ്യനെ വിരൂപമാക്കുന്ന എല്ലാറ്റിൽനിന്നും "അശുദ്ധമായതിൽനിന്നും" അവിടുന്നു ശുദ്ധീകരിക്കുന്നു. മനുഷ്യാസ്തിത്വത്തിലെ ഏറ്റവും ആഴമുള്ള മുറിവുകളെപ്പോലും അവിടുന്നു സുഖപ്പെടുത്തുന്നു. അവിടുന്ന് ആത്മാക്കളെ കൃപാവരത്തിന്റെയും വിശുദ്ധിയുടെയും ഫലപുഷ്ടിയുള്ള വയലുകളാക്കി മാറ്റിക്കൊണ്ട് അവയിലെ ആന്തരിക വരൾച്ചയെ മാറ്റുന്നു. അവിടുന്ന് കടുപ്പമുള്ളതിനെ മൃദുവാക്കുന്നു; തണുത്തുറച്ചതിനെ ചൂടുപിടിപ്പിക്കുന്നു; തന്നിഷ്ടപ്രകാരം പോകുന്നതിനെ രക്ഷയുടെ മാർഗത്തിൽ പുനഃസ്ഥാപിക്കുന്നു (cf. Sequence *Veni Sancte Spiritus*).

ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ട്, നമ്മുടെ സൃഷ്ടലോകത്തിൽ സൃഷ്ടിക്കപ്പെടാത്ത ദാനമായ ഒരു ആത്മാവുണ്ടെന്ന തന്റെ വിശ്വാസം സഭ നിരന്തരം ഏറ്റു പറയുന്നു. അവിടുന്നു പിതാവിന്റെയും പുത്രന്റെയും ആത്മാവാണ്: പിതാവിനെയും പുത്രനെയുംപോലെ അവിടുന്ന് സൃഷ്ടിക്കപ്പെടാത്തവനും സീമാതീതനും നിത്യനും സർവശക്തനും ദൈവവും കർത്താവുമാണ് (cf. Creed *Quicumque*: DS 75). ദൈവത്തിന്റെ ആത്മാവ് "പ്രപഞ്ചം നിറയ്ക്കുന്നു" സൃഷ്ടിക്കപ്പെടാത്തതെന്തും അവിടുന്നിൽ സ്വന്തം തനിമയുടെ ഉറവിടം കണ്ടെത്തുന്നു, അവിടുന്നിൽ സ്വന്തം സർവാതിശായിയായ പ്രകാശനം കണ്ടെത്തുന്നു. അവിടുന്നിലേക്കു തിരിയുകയും അവിടുത്തെ കാത്തിരിക്കുകയും ചെയ്യുന്നു, തന്റെ സത്തകൊണ്ടുതന്നെ അവിടുത്തെ വിളിച്ചപേക്ഷിക്കുന്നു. സത്യംകൊണ്ടും സ്നേഹംകൊണ്ടും ജീവിക്കുന്നവനും സത്യത്തിന്റെയും സ്നേഹത്തിന്റെയും ഉറവിടമില്ലാതെ ജീവിക്കാൻ കഴിയാത്തവനുമായ മനുഷ്യൻ സഹായകനിലേക്കെന്നപോലെ സത്യത്തിന്റെയും സ്നേഹത്തിന്റെയും ആത്മാവിലേക്ക് തിരിയുന്നു. മനുഷ്യവംശത്തിന്റെ ഹൃദയമാകുന്ന സഭ അവിടുന്നിലേക്കു തിരിയുന്നു. അവിടുന്നിലൂടെ "നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട" (cf. റോമ.5:5) സ്നേഹത്തിന്റെ ദാന

www.malankaralibrary.com

ങ്ങൾ എല്ലാവർക്കും ലഭിക്കാനും എല്ലാവരിലും വിതരണം ചെയ്യപ്പെടാനുമായി പ്രാർത്ഥിക്കാൻ വേണ്ടിത്തന്നെ. ഭൂമിയിൽ മനുഷ്യന്റെ തീർത്ഥാടനത്തിന്റെ സങ്കീർണമാർഗങ്ങളിൽ, സഭ അവിടുന്നിലേക്കു തിരിയുന്നു. ആത്മാവിന്റെ പ്രവൃത്തിയെന്ന നിലയിൽ മാനുഷികപ്രവൃത്തികളുടെ നേരിനുവേണ്ടി അവൾ പ്രാർത്ഥിക്കുന്നു. ജനതയുടെ ഹൃദയാന്തരങ്ങളിലേക്കു അവരോഹണം ചെയ്തുകൊണ്ട് അവിടുത്തേക്കു മാത്രം, യഥാർത്ഥസഹായകനു മാത്രം നല്കാൻ കഴിയുന്ന സന്തോഷത്തിനും ആശ്വാസത്തിനും വേണ്ടി അവൾ യാചിക്കുന്നു (One should mention here the important Apostolic Exhortation *Gaudete in Domino*, published by Pope Paul VI on 9 May in the Holy Year 1975; ever relevant is the invitation expressed there "to implore the gift of joy from the Holy Spirit" and likewise "to appreciate the properly spiritual joy, that is a fruit of the Holy Spirit": AAS 67 (1975), pp. 289; 302.). സ്വർഗീയ മഹത്വം ലഭിക്കാൻ യോഗ്യത നല്കുന്ന സദ്ഗുണങ്ങളുണ്ടാകാനുള്ള കൃപാവരത്തിനായി സഭ പ്രാർത്ഥിക്കുന്നു. പരിശുദ്ധത്രിത്വത്തിന്റെ ഛായയിലും സാദൃശ്യത്തിലും സ്നേഹത്തിലൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യജീവികൾക്ക് പിതാവു നിത്യകാലത്തു മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതും ദൈവികജീവന്റെ സമ്പൂർണ സംസർഗത്തിലുള്ളതുമായ ശാശ്വതരക്ഷയ്ക്കു വേണ്ടി അവൾ പ്രാർത്ഥിക്കുന്നു.

ദൈവത്തിൽമാത്രം സമ്പൂർണസാക്ഷാത്കാരം കണ്ടെത്തുന്ന ആ സന്തോഷം ലഭിക്കുവാൻ, സകലമനുഷ്യഹൃദയങ്ങളെയും ആശ്ലേഷിക്കുന്ന തന്റെ ഹൃദയത്തോടെ, സഭ പരിശുദ്ധാത്മാവിനോടു യാചിക്കുന്നു: "ആർക്കും എടുത്തുകളയാനാവാത്ത" (cf. യോഹ.16:22) ആ സന്തോഷം; സ്നേഹത്തിന്റെ ഫലമായിരിക്കുന്നതും തന്മൂലം സ്നേഹമാകുന്ന ദൈവത്തിന്റേതായിരിക്കുന്നതുമായ ആ സന്തോഷം ലഭിക്കുവാൻ തന്നെ. വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ "ദൈവരാജ്യമടങ്ങിയിരിക്കുന്ന നീതിയും സമാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും ലഭിക്കുവാൻ സഭ അപേക്ഷിക്കുന്നു" (cf. റോമ.14:17; ഗലാ.5:22).


സമാധാനവും സ്നേഹത്തിന്റെ ഫലമാണ്. ക്ഷീണിതനായ മനുഷ്യൻ തന്റെ ആന്തരികമായ സത്തയിൽ അന്വേഷിക്കുന്ന ആന്തരികസമാധാനം; മനുഷ്യവംശം രണ്ടാം ക്രൈസ്തവസഹസ്രാബ്ദത്തിൽനിന്നു മൂന്നാംസഹസ്രാബ്ദത്തിലേക്കുള്ള കടന്നുപോകലിന്റെ വീക്ഷണത്തിൽ ലഭിക്കുവാൻ മനുഷ്യവംശം, മനുഷ്യകുടുംബം, ജനതകൾ, രാഷ്ട്രങ്ങൾ, ഭൂഖണ്ഡങ്ങൾ ഉത്കണ്ഠയോടെ പ്രത്യാശിക്കുന്നതും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്നതുമായ ആ സമാധാനം തന്നെ. ആത്യന്തികമായ അപഗ്രഥനത്തിൽ, സമാധാനത്തിന്റെ വഴി സ്നേഹത്തിലൂടെ കടന്നുപോകുകയും സ്നേഹത്തിന്റെ സംസ്കാരത്തെ സൃഷ്ടിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. തന്മൂലം സഭ തന്റെ കണ്ണുകൾ പിതാവിന്റെയും പുത്രന്റെയും സ്നേഹമായിരിക്കുന്നവനിൽ ഉറപ്പിക്കുകയാണ്. അപകടങ്ങൾ വർദ്ധിച്ചു വരുകയാണെങ്കിലും ഭൂമി

www.malankaralibrary.com

യിൽ മനുഷ്യനു സമാധാനത്തിനുവേണ്ടി പ്രത്യാശിക്കുന്നതിൽനിന്ന് അവൾ പിന്മാറുന്നില്ല. സമാധാനത്തിനായി പ്രാർത്ഥിക്കുന്നതിൽനിന്ന്, അതിനു സേവനം ചെയ്യുന്നതിൽനിന്ന് വിരമിക്കുന്നില്ല. സ്നേഹത്തിന്റെ ആത്മാവായിരുന്നുകൊണ്ട് സമാധാനത്തിന്റെയും ആത്മാവായിരിക്കുകയും പ്രപഞ്ചത്തെ സ്നേഹംകൊണ്ടും സമാധാനംകൊണ്ടും നിറയ്ക്കുവാൻ നമ്മുടെ മാനുഷികലോകത്തിലും മനസ്സുകളുടെയും ഹൃദയങ്ങളുടെയും ചക്രവാളത്തിലും സന്നിഹിതനായിരിക്കുന്നതിൽ നിന്ന് വിരമിക്കാതിരിക്കുകയും ചെയ്യുന്ന ഒരാളിലാണ് സഭയുടെ വിശ്വാസപൂർവകമായ പ്രത്യാശ അടിയുറപ്പിച്ചിരിക്കുന്നത്.

ഈ പരിചിന്തനത്തിന്റെ അവസാനത്തിൽ ഞാൻ അവിടുത്തെ മുമ്പിൽ മുട്ടുകുത്തുന്നു. സഭയുടെ പുത്രീപുത്രന്മാർക്കും മുഴുവൻ മനുഷ്യകുടുംബത്തിനും കൈമാറപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്ന അനുഗ്രഹവും കൃപാവരവും നമുക്ക് എല്ലാവർക്കും നല്കുന്നതിന് പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ അവിടുത്തോട്, പിതാവിന്റെയും പുത്രന്റെയും ആത്മാവായിട്ടുള്ള അവിടുത്തോട്, ഞാൻ യാചിക്കുകയും ചെയ്യുന്നു.

റോമിൽ, സെന്റ്. പീറ്റേഴ്സ് ദേവാലയത്തിൽ, 1986 മെയ് 18-ാം തീയതി, പന്തക്കുസ്തയുടെ ആഘോഷദിവസം എന്റെ പരമാചാര്യത്വത്തിന്റെ എട്ടാം വർഷം നല്കപ്പെട്ടത്.



**ജോൺപോൾ രണ്ടാമൻ മാർപാപ്പ**

www.malankaralibrary.com

# കർത്താവും ജീവദാതാവും

## പോപ്പ് ജോൺ പോൾ II

**'Dominum et Vivificantem'** എന്ന ചാക്രിക ലേഖനത്തിന്റെ മലയാളം പരിഭാഷയാണ് 'കർത്താവും ജീവദാതാവും'. ഓരോ വിശ്വാസിയും അവശ്യം അറിഞ്ഞിരിക്കേണ്ട പ്രബോധനമാണിത്. മാത്രമല്ല, കരിസ്മാറ്റിക് നവീകരണത്തിൽ പ്രവർത്തിക്കുന്നവർ പ്രത്യേകിച്ച് പഠിക്കുകയും പഠിപ്പിക്കേണ്ടതുമായ ദൈവിക രഹസ്യങ്ങൾ, ദൈവജനത്തിനു പ്രാവർത്തികമാക്കി പക്വതയിലെത്താൻ എളുപ്പമാക്കിക്കൊണ്ടു പരിശുദ്ധാത്മാവു തന്നെ പരിശുദ്ധപിതാവിലൂടെ വിളമ്പിത്തന്നിരിക്കുന്നു. മനസ്സാക്ഷിയുടെ ശുദ്ധീകരണം, പരിശുദ്ധാത്മാവിനെതിരായ പാപം, ജഡമോഹങ്ങളെ നിഹനിക്കുന്നതെങ്ങനെ, ആന്തരികമനുഷ്യനെ ശക്തിപ്പെടുത്തുന്ന വിധം തുടങ്ങി നമുക്കു വ്യക്തിപരമായി അറിയേണ്ടതും മറ്റെങ്ങും ലഭിക്കാത്തതുമായ രഹസ്യങ്ങൾ വളരെയധികം ഇതിൽ വെളിപ്പെടുത്തിയിരിക്കുന്നു.

ആന്തരികശുദ്ധീകരണധ്യാനം ഈ പ്രബോധനത്തെ ആസ്പദമാക്കിയാണ്. മാത്രമല്ല, എന്റെ ആത്മീയ ജീവിതത്തെ ഉയർത്തിയത് ഇതുതന്നെയാണ്. 'കർത്താവും ജീവദാതാവും' ഓരോരുത്തരേയും നയിക്കട്ടെ. ''ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്'' *(റോമാ. 8:14)*

സസ്നേഹം,

**തോമസ് പോൾ**

THE Kingdom PUBLICATIONS
A-1/B Garden Court,
Opp. P.O.C, Palarivattom,
Edappally P.O, Kochi-682024, Kerala.
Phone: 0484-343633